ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

കുന്നത്തൂർ ഗ്രാമപഞ്ചായത്ത്

ഗ്രാമപഞ്ചായത്ത് വികസന സെമിനാർ

അധികാരം ജനങ്ങളിലേക്ക്

സമഗ്രവികസനരേഖ



"ഇന്ത്യയുടെ ആത്മാവ്
ഗ്രാമങ്ങളിലാണു വസിക്കുന്നത്"

: മഹാത്മാഗാന്ധി

പ്രിയ സുഹൃത്തേ

ചരിത്രം കാതോർക്കുന്ന ഒരു പുതുതൽ ആസൂത്രണ സംസ്കാരത്തിന്റെ തുടക്കം കുറിക്കുന്ന ചിരസ്മരണീയമായ മുഹൂർത്തമാണിത്. ഭാരതത്തിന്റെതന്നെ ഭാഗധേയം നിർണ്ണയിക്കുന്ന കർമ്മനിരതമായ ഒരു ചുമതല നാം ഒരുമിച്ച് ഏറ്റെടുക്കുകയാണ്. നാമിന്ന് ജനകീയ ആസൂത്രണത്തിന്റെ പഞ്ചിപ്പുരയിലാണ്. 9-ാം പഞ്ചവത്സര പദ്ധതിയുടെ നടത്തിപ്പുകൾക്കാവശ്യമായ 35-40 ശതമാനം വരുന്ന തുക നാം കയ്യേൽക്കുകയാണ്. നമ്മുടെ നാടിന്റെ സമ്പൂർണ്ണ വികസനത്തിന് ഈ തുക പര്യാപ്തമല്ല എന്നു നമുക്കറിയാം. പ്രാദേശിക വിഭവങ്ങളുടെ സമാഹരണം സമ്പൂർണ്ണമാക്കിക്കൊണ്ട് ഈ തുക ഈട്ടുറ്റ ഒരു വികസന സാഹചര്യത്തിനുവേണ്ടി വിനിയോഗിക്കുവാൻ നമുക്കു കഴിയും.

നമ്മുടെ പഞ്ചായത്തിലെ ജനകീയ ആസൂത്രണത്തിന് ഇതുവരെ താങ്കളിൽ നിന്നുണ്ടായ സഹകരണം വിലമതിക്കാനാവാത്തതാണ്. താങ്കളുടെ വിലയേറിയ നിർദ്ദേശങ്ങളും സഹകരണവും തുടർന്നും ഉണ്ടാകണം.

വിശ്വസ്തതയോടെ

ജി. പ്രിയദർശിനി
പ്രസിഡന്റ്
കുന്നത്തൂർ ഗ്രാമപഞ്ചായത്ത്

കുന്നത്തൂർ
19-12-96.

ഭരണസമിതി



D. അലക്സ് കുട്ടി
വൈസ്. പ്രസിഡന്റ്



കെ. വിജയൻ പിള്ള
സ്റ്റാന്റിംഗ് കമ്മിറ്റി
ചെയർമാൻ



K. തമ്പാൻ
മെമ്പർ

ജി. പ്രിയദർശിനി
പ്രസിഡന്റ്



ജി. നന്ദകുമാർ
മെമ്പർ

R. ചന്ദ്രശേഖരൻ പിള്ള
മെമ്പർ

P.K. ഓമന
മെമ്പർ



K. നാരായണൻ
മെമ്പർ

K. ശാന്തമ്മ
മെമ്പർ

K. സുധാമണി
മെമ്പർ

മുൻ പഞ്ചായത്ത് പ്രസിഡൻറുമാർ

എസ്. കെ. മാധവൻ പിള്ള

എസ്. രാമചന്ദ്രൻ നായർ

കുന്നത്തൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഇതര ജനപ്രതിനിധികൾ

പാർലമെൻറംഗം	:	ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ
നിയമസഭാംഗം	:	ശ്രീ. റ്റി. നാണുമാസ്റ്റർ
ജില്ലാ പഞ്ചായത്തംഗം	:	ശ്രീ. ഇ. കാസിം
ബ്ലോക്ക് പഞ്ചായത്തംഗം	:	ശ്രീ. ചോരുവഴി വാസുദേവൻ
	:	ശ്രീ. എസ്. രാമചന്ദ്രൻ നായർ.

കുന്നത്തൂർ ഗ്രാമപഞ്ചായത്തിലെ ജീവനക്കാർ

ജി. ചന്ദ്രശേഖരപിള്ള	:	(സെക്രട്ടറി)
എൻ. ശശിധരൻ	:	(ഹെഡ് ക്ലാർക്ക്)
ജി. സുമതിക്കുട്ടി അമ്മ	:	(യു.ഡി. ക്ലാർക്ക്)
എൻ. വാസുദേവൻ നായർ	:	(യു.ഡി. ക്ലാർക്ക്)
ബി. മുരളീധരൻ	:	(യു.ഡി. ക്ലാർക്ക്)
എസ്. ലീല	:	(എൽ.ഡി. ക്ലാർക്ക്)
എം. വിദ്യാധരൻ നായർ	:	(എൽ.ഡി. ക്ലാർക്ക്)
സി. ചെല്ലമ്മ	:	(പ്യൂൺ)
എൻ. വിജയമ്മ	:	(ഫുൾടൈം സ്വീപ്പർ)
എ. രാജൻ	:	(ഫുൾടൈം സ്വീപ്പർ)
ബി. ഗോപാലകൃഷ്ണപിള്ള	:	(ഫെറിമാൻ)
ആർ. ഭാസ്കരൻ പിള്ള	:	(ഫെറിമാൻ)

ഉള്ളടക്കം

I. ആമുഖം

II. പ്രാദേശിക ചരിത്രസംക്ഷിപ്തം

III. ഭൂപ്രകൃതിയും വിഭവങ്ങളും

IV. വികസന മേഖലകൾ

1. കൃഷി, മണ്ണു-ജല സരംക്ഷണം, ജലസേചനം

2. മൃഗസംരക്ഷണം, മത്സ്യവികസനം

3. വിദ്യാഭ്യാസം

4. ആരോഗ്യം, കുടിവെള്ളം

5. വ്യവാസായം

6. ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

7. സാമൂഹ്യക്ഷേമം, പാർപ്പിടം

8. സംസ്കാരം

9. വനിത

10. പട്ടികജാതി പട്ടികവർഗ്ഗ വികസനം

11. സഹകരണം

12. വിഭവസമാഹരണം







അവലംബം : വിദ്യാഭ്യാസം, സെന്സ്സ്


കൊല്ലം
ബ്ലോക്കുകൾ
0
10 കി.മി.
പത്തനാപുരം
വെട്ടിക്കവല (ഭാഗം)
ശാസ്താംകോട്ട
തൊടിന
കുന്നത്തൂർ
വെട്ടിക്കവല
അഞ്ചൽ
ചിറ്റുമല
ചവറ
കൊട്ടാരക്കര
ചടയമംഗലം
തെക്കുംഭാഗം
പവിത്രേശ്വരം
ഇത്തിക്കര


ശാസ്താംകോട്ട ബ്ലോക്ക്
കുന്നത്തൂർ താലൂക്ക്
0
2 കി.മി.
ശൂരനാട്ട് വടക്ക്
പോരുവഴി
ശൂരനാട്ട് തെക്ക്
കുന്നത്തൂർ
ശാസ്താംകോട്ട
പടിഞ്ഞാറെ കല്ലട
കല്ലട

എഡിറ്റർ
കെ. വി. രാമാനുജൻ തമ്പി

എഡിറ്റോറിയൽ ബോർഡ്
അൽത്താഫ് ഹൈദരി കെ. പ്രോജക്ട് സയന്റിസ്റ്റ്, സെസ്സ്, തിരുവനന്തപുരം
ജി. പ്രിയദർശിനി
ജി. ചന്ദ്രശേഖരൻപിള്ള
ശശികുമാർ
ദിവാകരൻ
ഗിരിജാകുമാരി
മധുസൂദനൻപിള്ള

ഡി.ടി.പി. & ലേ ഔട്ട്
ശ്രീസ് കമ്പ്യൂട്ടർ ഗ്രാഫിക്സ്, തിരുവനന്തപുരം 11

പ്രിന്റിംഗ്
സിഫ്റ്റ് ഓഫ്സെറ്റ് പ്രിന്റേഴ്സ്, തിരുവനന്തപുരം


കുന്നത്തൂർ പഞ്ചായത്ത്.
1 കി.മീ.
വടക്ക്
കടമ്പനാട് പഞ്ചായത്ത്.
(പന്തളം നിന്നു ദൂരം.)
പാണ്ടിവയൽ പഞ്ചായത്ത്.
ഏഴംകുളം പഞ്ചായത്ത്
പതിനേഴാം പഞ്ചായത്ത്.
വില്ലേജ് അതിർത്തി.
വാർഡ് അതിർത്തി.
റോഡുകൾ.
പഞ്ചായത്ത് ആഫീസ്.
SOURCE PRM PROGRAMME, CESS

പ്രാദേശിക ചരിത്രം

ആമുഖം

ജനാധിപത്യവും വികസനവും സമഭാവനയോടും സമവേഗത്തോടും ശക്തിപ്രാപിക്കുന്നതിന്റെ സൂചനകൾ ആദ്യഘട്ടത്തിൽ പ്രകടമായിരുന്നു. ഇത് ജനങ്ങളിൽ ശുഭാപ്തിവിശ്വാസത്തിന്റെ കരുത്ത് പകരുകയും ചെയ്തു. എന്നാൽ ക്രമേണ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളെ മാന്ദ്യവും മരവിപ്പും ബാധിക്കുന്ന നിരാശാജനകമായ ഒരു പ്രവണതയാണ് ഉരുത്തിരിഞ്ഞത്. വിഭവ ലഭ്യതയിലുണ്ടായ അപര്യാപ്തത ഈ സ്ഥാപനങ്ങളുടെ നിലനില്പിനെ അപകടപ്പെടുത്തുന്നവിധത്തിൽ രൂഢമായിരുന്നു. ഈ അവസ്ഥയിൽ ഉദ്യോഗസ്ഥമണ്ഡലം പഞ്ചായത്ത് രാജ് സ്ഥാപനങ്ങളെ മറികടന്നു പോകുവാനിടയായി. തുടർന്നു രൂപീകൃതമായ വികസനപരിപാടികൾ ജനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ പരിഗണനയിലെടുക്കാതെയുള്ളവയായിരുന്നു. പ്രാദേശികമായ ജനജീവിതത്തിന്റെ ഉൾതുടിപ്പുകൾ അവഗണിച്ചുകൊണ്ടുള്ള വികസന പദ്ധതികളിൽ ജനങ്ങൾക്ക് പ്രതിപത്തിയില്ലാതായി. ജനാധിപത്യവും വികസനവും വഴി പിരിയാനുള്ള സാഹചര്യം ഇങ്ങിനെയാണ് സംജാതമായത്. ഇന്ത്യയെപ്പോലൊരു സമ്പദ്ഘടനയ്ക്ക് ഈ വിയോജനം അപകടകരവുമായിരുന്നു.

നാലാം പഞ്ചവത്സരപദ്ധതി (1969-74) കാലം മുതൽ തുടങ്ങിവച്ച വികേന്ദ്രീകരണ പ്രവർത്തനങ്ങളുടെ പശ്ചാത്തലത്തിൽ 1988 ലാണ് വികേന്ദ്രീകരണത്തിനുവേണ്ടിയുള്ള നീക്കങ്ങൾ ശക്തി പ്രാപിച്ചത്. 1992 ഡിസംബറിൽ പഞ്ചായത്ത് സംവിധാനം ഭരണഘടനാനുസാരിയും സുശക്തവുമാക്കിക്കൊണ്ടുള്ള ഭരണഘടനാ ഭേദഗതി അംഗീകരിച്ചു.

പ്രദേശിക ജനസമൂഹങ്ങൾക്കാവശ്യമായ പദ്ധതികൾ രൂപപ്പെടുത്തി നടപ്പിലാക്കുന്നതിന് അവശ്യം ആവശ്യമായ സ്വാതന്ത്ര്യം ജനങ്ങൾക്കധികാരപ്പെട്ടതാണെന്നു വ്യവസ്ഥ ചെയ്യുന്ന 73-ാം ഭരണഘടനാ ഭേദഗതി പദ്ധതി ആസൂത്രണം മുതൽ പൂർത്തീകരണം വരെയുള്ള എല്ലാ ഘട്ടങ്ങളിലും ജനങ്ങളുടെ നേരിട്ടുള്ള പങ്കാളിത്തം അധികാരപ്പെടുത്തിക്കൊണ്ടുള്ളതാകയാൽ ജനാധിപത്യവും വികസനവും കൂടുതൽ ഐക്യരൂപ്യത്തോടെ മുന്നേറുമെന്നു പ്രത്യാശിക്കാം. ജനങ്ങൾ തങ്ങളുടെ അധിപതികളാണെന്ന രചനാത്മകമായ ബോധം കൂടുതൽ പ്രബലമാകുകയാണ്. ഈ സാഹചര്യത്തിൽ ജനക്ഷേമകരങ്ങളായ വികസന പരിപാടികൾക്ക് രൂപം കൊടുത്തു നടപ്പിലാക്കാൻ കഴിയുമെന്ന ശുഭാപ്തി വിശ്വാസം ശക്തമാകുന്ന ഈ അനുഭവം നമ്മുടെ ജനാധിപത്യത്തിന്റെ ആത്മാവു തന്നെയാണ്.

പ്രവർത്തനങ്ങളിലെ സുതാര്യതയും വർദ്ധിച്ച ജനപങ്കാളിത്തവും വൈകാരിക സമന്വയവും അടിസ്ഥാന സവിശേഷതകളായുള്ള ഒരു പുതിയ വികസന രംഗത്തേക്ക് നമുക്ക് കടക്കാം.

കുന്നത്തൂരിന്റെ പ്രാദേശി ചരിത്രവും ചില പൂർവ്വബന്ധ സങ്കല്പങ്ങളും

വേദവ്യാസന്റെ മഹാഭാരതം എന്ന ഇതിഹാസ കാവ്യത്തിലെ കഥാ സന്ദർഭങ്ങളിലേക്കും കേരള ചരിത്രത്തിന്റെ ദീപ്തമായ മുഹൂർത്തങ്ങളിലേക്കും സാമാന്യ മനുഷ്യന്റ മനനഗതികളെ നയിക്കുന്ന സാദൃശ്യങ്ങളും സമാനതകളും ഒരുപക്ഷേ ആരും അത്രകണ്ടു ശ്രദ്ധിക്കാത്ത ഈ കൊച്ചു ഗ്രാമത്തിനുണ്ട്. ഇത് ഒരു കല്പിത നിഗമനവുമാകാം. ഹസ്തനിപുരിയിലെ കൊട്ടാര മുറ്റങ്ങളിൽ വ്യവസ്ഥചെയ്ത ചെയ്യപ്പെട്ട വനവാസത്തിന്റെ പാലായനങ്ങൾക്കിടെ പഞ്ചപാണ്ഡവർ (ഐവർ) കണ്ടെത്തിയ ഒരു ദക്ഷിണാപഥ സങ്കേതികമായി ഐവർകാലാ എന്ന പ്രദേശം ചില ചരിത്രകുതുകികളെങ്കിലും ചിന്തിക്കുന്നു. കുന്നത്തൂർ പഞ്ചായത്തിലെ ഐവർകാലയ്ക്കു സമീപം വടക്കായി സ്ഥിതി ചെയ്യുന്ന പാണ്ഡവൻ മുകൾ എന്ന പ്രദേശം ഈ ചിന്തക്ക് പ്രബലനംപോലെ നിലനിൽക്കുന്നുണ്ട്. ഈ പഞ്ചായത്തിലെത്തന്നെ കീച്ചപ്പള്ളി എന്ന സ്ഥലം കീചകന്റെ സാന്നിദ്ധ്യത്തെകൂടി ചിന്തക്കു വിഷയീഭവിപ്പിക്കുന്നു. ഈ നിഗമനദിശക്കു ശക്തികൂട്ടുന്ന മറ്റൊരു വസ്തുതകൂടി നമുക്കുണ്ട്. വനവാസികളായ പാണ്ഡവരെ ഇനിയൊരു പതിനാലു സംവത്സരംകൂടി കൊട്ടാരപ്രവേശത്തിൽനിന്നും വിലക്കുവാൻ പിൻതുടർന്ന ദുര്യോധനൻ 2 കി. മീ. മാത്രം അകലെയുള്ള പോരുവഴി മലനടയിൽ എത്തിയെന്നുള്ള ഒരു സങ്കൽപമാണത്. അവിടെയാണല്ലൊ ഭാരതവർഷത്തിലെ പ്രബലമായ ദുര്യോധന പ്രതിഷ്ഠയുള്ളത്. ഇവിടെ നാം എത്തുന്നത് ഒരു പക്ഷേ യാതൃശ്ചികമായ ഒരു സാദ്ധ്യതയുടെ നിഗൂഢതയിലാണെങ്കിലും 'പറച്ചിലും പരമാർത്ഥമാകും' എന്ന ഒരു കേവലബോധം നമുക്കു സൂക്ഷിക്കാൻ ഗ്രഹിക്കാം. ഈ നിഗമനങ്ങളെ ശരിവയ്ക്കുന്ന ചിരിത്രപരമായ തെളിവുകൾ നാം തേടിയിട്ടില്ല.

ഭാരതം 1947-ൽ സ്വതന്ത്രയായതിനുശേഷം രണ്ടു വർഷക്കാലത്തോളം തിരുവിതാംകൂർ രാജഭരണത്തിൽകീഴിലായിരുന്നു. 1949 ജൂൺ മാസത്തിലാണ് രാജവാഴ്ച അവസാനിച്ചത്. അങ്ങനെ കേരളം ഒരു പ്രജാഭരണ സ്വാതന്ത്ര്യത്തിന്റെ ശുദ്ധശ്വാസം ഗ്രഹിച്ചത് 1949ലാണ്. രാജഭരണത്തിന്റെ കാലത്ത് കുന്നത്തൂർ ഉൾപ്പെട്ട പ്രദേശം കായംകുളം രാജാവിന്റെ രാജ്യപരിധിയിലായിരുന്നു. കല്ലടയാറ് അതിരിട്ട കുന്നത്തൂരിന്റെ കിഴക്കതിർത്തിയിൽ കോട്ടയുടെ പഴകിതുടങ്ങിയ ഭാഗങ്ങൾ ഇപ്പോഴും ഉണ്ട്. കല്ലടയാറ് കിഴക്കോട്ടൊഴുകുന്ന കൊക്കാം കാവ് ക്ഷേത്രത്തിനുചേർന്നുള്ള ഈ പ്രദേശം തിരുവിതാംകൂർ രാജാവിനധീനപ്പെട്ടു. റോഡു ഗതാഗതമില്ലാതിരുന്ന കുന്നത്തൂരിൽ എത്തുവാൻ കല്ലടയാറായിരുന്നു ഏകമാർഗ്ഗം. പേഷ്കാർ ഉയർന്ന മറ്റു സ്ഥാനാപതികൾ, രാജാവ് എന്നിവർ വള്ളത്തിൽ വന്നാണ് പ്രജകളെ ദർശിച്ചത്. അതിന്റെ സൗകര്യാർത്ഥമായിരുന്നു കുന്നത്തൂർ കടവ് ഇത്രകണ്ടു വിപുലമാക്കിയത്. വള്ളത്തിൽ രാജാവെത്തുമ്പോൾ രാത്രിയിൽ നടവഴിയിൽ അദ്ദേഹത്തിനു ചൂട്ടുവെട്ടം തെളിച്ചവർക്ക് അവകാശമായി (ചൂട്ടുവിരുത്തി) നിലവും പുരയിടവും നൽകിയിരുന്നു. മഹാരാജാവ് മേനാവിലേറി (പല്ലക്ക്) നാടുകാണും. പോണ്ടൻമാർ (പല്ലക്കു ചുമക്കുന്നവർ) മേനാവു ചുമക്കും. രാജാവിന്റെ വരവു കുന്നത്തൂർ കടവിലായിരുന്നു എന്നതുകൊണ്ടുതന്നെ കുന്നത്തൂർ വില്ലേജ് കച്ചേരി കടവിനോടു ചേർന്നായിരുന്നു അതു കച്ചേരി കടവായി. വില്ലേജിന്റെ ആസ്ഥാനം അന്ന് അവിടെയായിരുന്നു. ഇന്നവിടെ പാലമുണ്ട്. കല്ലടയാർ വഴി അഷ്ടമുടികായലിലൂടെ കന്നത്തൂരിലെ പ്രധാന കാർഷിക ഉത്പന്നമായ കുരുമുളക് ആലപ്പുഴയിലും മറ്റും കൊണ്ടുപോകുക പതിവായിരുന്നു. ഇതിനായി കോട്ടയുടെ സമീപത്ത് മുളകു സംഭരണം തുടങ്ങി. അങ്ങനെ ആ കോട്ട മുളകുകോട്ടയായി.

.കുന്നുകളാൽ സമൃദ്ധമായിരുന്ന പ്രദേശമായതിനാലാവണം ഈ സ്ഥലത്തിന് കുന്നത്തൂർ എന്ന പേരു വന്നത്. വില്ലേജ് അതിർത്തികളുടെ പുനർനിർണ്ണയം നടന്നതോടുകൂടി ഭൂരിഭാഗം കുന്നുകളും അയൽ വില്ലേജുകളുടെ ഭാഗമായി. കായംകുളം രാജാവിന്റെയും വേണാട്ടരചന്റെയും പടകൾ ഏറ്റുമുട്ടിയ പ്രധാന യുദ്ധഭൂമികളിലൊന്നായിരുന്നു ഇത്. കോട്ടയും കിടങ്ങുകളും ചേർന്ന സുരക്ഷിതമായ ഒരു കൊത്തളമായിരുന്നു ഈ പ്രദേശം. ആറിന്റെ പടിഞ്ഞാറെ കരയിൽ പട താവളമാക്കിയ സ്ഥലമായ് പടാരത്തിൽ. വേണാട്ടരചനെ രക്ഷിക്കാൻ പാലമിളക്കുകയും അദ്ദേഹത്തിന് ഒളിവിൽ പാർക്കാൻ സൗകര്യം നൽകുകയും ചെയ്തതിനു പ്രതിഫലമായി ഒട്ടനവധി അവകാശങ്ങളും അധികാരങ്ങളും അക്കാലത്ത് രാജാവിൽ നിന്നു സ്വീകരിച്ച ഒരു കുടുംബമാണ് കുന്നത്തൂരിലുള്ള വെളുത്തേരി കുടുംബം.

കുന്നത്തൂർ താലൂക്കിന്റെ ആസ്ഥാനം കച്ചേരിക്കടവിനും അല്പം വടക്കുമാറി ആലുംകടവിനു ചേർന്നായിരുന്നു. അന്നത്തെ താലൂക്കുകച്ചേരി പിൽക്കാലത്ത് പൊതുലേലത്തിൽ കയ്യൊഴിച്ചത് ഇന്നും നെടിയവിള ജംഗ്ഷനടുത്തുള്ള വലിയവിള കുടുംബം താമസത്തിനുപയോഗിക്കുന്നുണ്ട്.

രാജഭരണം അവസാനിക്കുന്ന കാലഘട്ടത്തിൽ സർ സ. പി. ദിവാനായി. അന്നു കുന്നത്തൂർ M. L. C. ആയിരുന്ന M. K. വേലുപിള്ള (അഭിഭാഷകൻ) യുടെ ശ്രമഫലമായിട്ടായിരുന്നു ചീക്കൽക്കടവ് ഏഴാംമൈൽ റോഡു നിർമ്മിച്ചത്. തുടർന്ന് ജനാധിപത്യ വ്യവസ്ഥിതികൾ ശക്തമായി വളരുകയും സാമൂഹ്യ സംവിധാനങ്ങളിലും ഭൂസംവിധാനങ്ങളിലും പുതിയവ്യതിയാനങ്ങൾ പ്രകടമാകുകയും ചെയ്തു. ഈ കാലഘട്ടത്തിൽ പഞ്ചായത്തിന്റെ മിക്കഭാഗങ്ങളും പത്തോളം കുടുംബങ്ങളുടെ അധീനതയിലായിരുന്നു. ആ കുടുംബങ്ങളിൽ കിഴക്കേ മരശ്ശേരി മഠം, ചെറുപോയ്ക മഠങ്ങൾ (ബ്രാഹ്മണ മഠങ്ങൾ) കോട്ടൂർ, കരുവാമല, കുരുമ്പേലെത്ത്, കൊപ്പാറ തുടങ്ങിയവയായിരുന്നു പ്രധാനം. സമ്പ്രദായങ്ങൾ മാറിവന്നതോടെ ഭൂമി വിഭജനത്തിനും വിതരണത്തിനും വിധേയമായി.

രാഷ്ട്രീയ പഞ്ചാത്തലം ട്രെഡു യൂണിയൻ പ്രസ്ഥാനങ്ങളുടെ ആവിർഭാവം

സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ കുന്നത്തൂർ രാഷ്ട്രീയ ധ്രുവീകരണത്തിനും തൊഴിൽവർഗ്ഗ സംഘാടനത്തിനും സജ്ജമായി. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ സംഘടിത മുന്നേറ്റത്തിൽ സ്വാതന്ത്ര്യലബ്ധിയോടെ ഒരുതരം ആവേശമാന്ദ്യമുണ്ടായതായി രാഷ്ട്രീയ ശാസ്ത്രത്തിന്റെ സ്പന്ദമാപിനികൾ രേഖപ്പെടുത്തിയിട്ടുണ്ട്. കമ്യൂണിസ്റ്റ് പ്രസ്താനം കേരളത്തിൽ രൂപപ്പെട്ടതിന്റെയും പശ്ചാത്തലം ഇവിടെ മുതൽ വളരെ പ്രകടമാവുന്നുണ്ട്. 1951ൽ കുന്നത്തൂരിൽ കമ്യൂണിസ്റ്റ് പ്രസ്താനം രൂപംകൊണ്ടു. E. C. ഗോവിന്ദൻ ആൻഡ് സൺസ് എന്ന കശുവണ്ടി ഫാക്ടറി അടച്ചുപൂട്ടിയപ്പോൾ തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികളെ സംഘടിപ്പിച്ചുകൊണ്ടായിരുന്നു ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങളുടെ ആദ്യത്തെ കൊടി ശ്രദ്ധേയമായി കുന്നത്തൂരിൽ ഉയർന്നത്. ഗ്രാമോദ്ധാരണ പ്രസ്ഥാനത്തിന്റെ ഈ കാലഘട്ടത്തിൽ കുന്നത്തൂരിലെ അസംഘടിത തൊഴിലാളിവർഗ്ഗത്തിന് കൂട്ടം ചേരുവാനും ആവശ്യങ്ങൾക്കുവേണ്ടി പോരാടുവാനും പ്രേരണ നൽകിക്കൊണ്ടുവന്നവരുടെ മുൻനിരയിൽ ശ്രീ. ഇ. വി. ഗോപാലപിള്ളയും മറ്റും ഉണ്ടായിരുന്നു. തുടർന്നു വന്ന കാലഘട്ടത്തിൽ രാഷ്ട്രീയമായ മാറ്റങ്ങൾ ഒട്ടനവധിയായിരുന്നു. 1964 –ൽ കമ്യൂണിസ്റ്റുപാർട്ടി പിളരുകയും അതനുസരിച്ചുള്ള മാറ്റങ്ങൾ കുന്നത്തൂരിലെ രാഷ്ട്രീയ കാലാവസ്ഥയിൽ പ്രതിഫലിക്കുകയും ചെയ്തു.

ഭരണചരിത്രം

കുന്നത്തൂർ പഞ്ചായത്ത് കടമ്പനാടിന്റെ ഭാഗമായിരുന്നു. പിന്നീട് അതിർത്തി പുനർ നിർണ്ണയം ചെയ്യുകയും ഇപ്പോഴത്തെപ്രദേശങ്ങൾ കുന്നത്തൂർ വില്ലേജിന്റെ പരിധിയിൽപെടുത്തുകയും ചെയ്തു. കുന്നത്തൂർ പഞ്ചായത്ത് 1962ലാണ് രൂപം കൊണ്ടത്. വാടകക്കെട്ടിടത്തിലായിരുന്നു ആദ്യകാല പ്രവർത്തനം. പഞ്ചായത്തിന്റെ ആദ്യത്തെ തിരെഞ്ഞെടുക്കപ്പെട്ട സമിതി 19–12–63 വ്യാഴാഴ്ച പകൽ 3.30ന്ശാസ്താംകോട്ട NES ബ്ലോക്കിലെ പഞ്ചായത്ത് എക്സ്റ്റൻഷൻ ആഫീസറുടെ അദ്ധ്യക്ഷതയിൽ കുന്നത്തൂർ പഞ്ചായത്തിൽ കൂടുകയും പ്രസിഡന്റിനെ തിരെഞ്ഞെടുക്കുകയും ചെയ്തു.

പഞ്ചായത്തിന്റെ ആദ്യത്തെ പ്രസിഡന്റ് ശ്രീ. എസ്. കെ. മാധവൻപിള്ളയായിരുന്നു. അന്നേദിവസം തന്നെ വൈകിട്ട് 5 മണിയ്ക്കു കൂടിയ പഞ്ചായത്തു സമിതി പ്രസിഡന്റിന്റെ കാസ്റ്റിംഗ് വോട്ടെടുകൂടി ശ്രീ. കെ. പരമുപണിക്കരെ വൈസ് പ്രസിഡന്റായി തിരെഞ്ഞെടുത്തു.

കുന്നത്തൂർ പഞ്ചായത്തിലെ ആദ്യത്തെ ഭരണസമിതി

ശ്രീ. എസ്. കെ. മാധവൻപിള്ള (പ്രസിഡന്റ്)
ശ്രീ. കെ. പരമുപണിക്കർ (വൈസ് പ്രസിഡന്റ്)
ശ്രീ. എം. കെ. പരമു (മെസർ)
ശ്രീ. എൻ. ഗോവിന്ദപിള്ള (")
ശ്രീ. കെ. കുഞ്ഞുകുഞ്ഞ് (")
ശ്രീ. എൻ. സോമശേഖരൻ നായർ (")
ശ്രീ. വി. വാസു (")
ശ്രീ. ആർ. ഗോപാലപിള്ള (")

പഞ്ചായത്തിന്റെ പേര്	:	കുന്നത്തൂർ
ഉൾപ്പെട്ടിട്ടുള്ള വില്ലേജ്	:	കുന്നത്തൂർ
ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ	:	ശാസ്താംകോട്ട
ബ്ലോക്ക് പഞ്ചായത്ത്	:	ശാസ്താംകോട്ട
താലൂക്ക്	:	കുന്നത്തൂർ
ജില്ല	:	കൊല്ലം
അസംബ്ലി മണ്ഡലം	:	കുന്നത്തൂർ
വിസ്തീർണ്ണം	:	21.44 ച.കി.മീ
ജനസംഖ്യ	:	22946
വാർഡുകളുടെ എണ്ണം	:	10
പ്രസിഡന്റ്	:	ശ്രീമതി ജി. പ്രിയദർശിനി
വൈസ് പ്രസിഡന്റ്	:	ശ്രീ.ഡി. അലക്സ്കുട്ടി
അംഗങ്ങൾ	:	കെ. നാരായണൻ
		കെ. തമ്പാൻ
		ജി. നന്ദകുമാർ
		കെ. സുധാമണി
		പി. കെ. ഓമന
		കെ. ശാന്തമ്മ
		കെ. വിജയൻ പിള്ള
		ശ്രീ. ചന്ദ്രശേഖരൻ നായർ

ഭൂപ്രകൃതി

ഒരു പ്രദേശത്തിന്റെ വികസന പ്രക്രിയകൾ ആസൂത്രണം ചെയ്യുമ്പോൾ അവിടത്തെ ഭൂപ്രകൃതി, മണ്ണ്, ജലം, കാലാവസ്ഥ, ജനസമ്പത്ത് ഇവയെ കണക്കിലെടുക്കേണ്ടത് അത്യാവശ്യമാണ്. ഇവയുടെ നിലവിലുള്ള അവസ്ഥ പരിഗണിച്ചുകൊണ്ടു മാത്രമേ സ്ഥായിയായ പദ്ധതി ആവിഷ്കരണം സാദ്ധ്യമാകുകയുള്ളൂ. ഇതിനായി പ്രസ്തുത പ്രദേശത്തിന്റെ ഭൂപ്രകൃതിയെക്കുറിച്ചും മറ്റുമൊക്കെയുള്ള വ്യക്തമായ അറിവ് അനിവാര്യമാണ്.

കൊല്ലം ജില്ലയിലെ കുന്നത്തൂർ താലൂക്കിലെ, ശാസ്താംകോട്ട ബ്ലോക്കിലെ ഒരു ഗ്രാമപഞ്ചായത്താണ് കുന്നത്തൂർ. കൊല്ലം ജില്ലയുടെ വടക്കുപടിഞ്ഞാറേ അതിർത്തിയിൽ വരുന്ന ഈ പഞ്ചായത്ത് കൊട്ടാർകര ടൗണിൽനിന്ന് ഏകദേശം 12 കി.മീറ്റർ വടക്കുപടിഞ്ഞാറ് മാറി സ്ഥിതിചെയ്യുന്നു. മൂന്നായി തരം തിരിച്ചിട്ടുള്ള കേരളത്തിന്റെ ഭൂപ്രകൃതിയനുസരിച്ച് കുന്നത്തൂർ ഇടനാട്ടിലാണ് ഉൾപ്പെടുന്നത് (ഭൂപടം – 1). കേരളത്തിലെ കാർഷിക കാലാവസ്ഥ മേഖലകളെക്കുറിച്ചും കൃഷിവിളകളുടെ രീതിയെക്കുറിച്ചും പഠിയ്ക്കുവാൻ 1974–ൽ രൂപികരിച്ച കമ്മിറ്റി കേരളത്തിനെ 13 കാർഷിക കാലാവസ്ഥ മേഖലകളായി തരം തിരിച്ചിട്ടുണ്ട്. ഇതനുസരിച്ച് "കുന്നത്തൂർ" പഞ്ചായത്ത് "തെക്കൻ ഇടനാട്" മേഖലയിൽ ഉൾപ്പെടുന്ന പഞ്ചായത്തുകളിൽ ഒന്നാണ്. (ഭൂപടം 2)

2144 ഹെക്ടർ (21.44 ച.കി.മീ.) വിസ്തീർണ്ണമുള്ള ഈ പഞ്ചായത്തിനെ 10 വാർഡുകളായി വിഭജിച്ചിരിയ്ക്കുന്നു. ഭൂമിശാസ്ത്രപരമായി കുന്നത്തൂർ പഞ്ചായത്ത് സ്ഥിതി ചെയ്യുന്നത് അക്ഷാംശം 9 ഡിഗ്രി 2' നും 9 ഡിഗ്രി 45' 11" വടക്കിനും മദ്ധ്യേയും രേഖാംശം 76 ഡിഗ്രി 39' 30" നും 76 ഡിഗ്രി 43' 40" കിഴക്കിനും മദ്ധ്യേയുമാണ്. പഞ്ചായത്തിന്റെ വടക്കേ അതിർത്തിയിൽ പത്തനംതിട്ട ജില്ലയിൽ ഉൾപ്പെടുന്ന കടമ്പനാട് പഞ്ചായത്തും, വടക്കുകിഴക്ക് കുളക്കട പഞ്ചായത്തും, കിഴക്ക് പവിത്രേശ്വരം പഞ്ചായത്തും, തെക്ക് ശാസ്താംകോട്ട പഞ്ചായത്തും പടിഞ്ഞാറ് പോരുവഴി പഞ്ചായത്തും അതിർത്തികളായി സ്ഥിതിചെയ്യുന്നു. പഞ്ചായത്തിന്റെ വടക്കുകിഴക്കും, കിഴക്കും തെക്കും ഭാഗങ്ങൾ 11.4 കി.മീറ്റർ നീളത്തിൽ കല്ലടയാറിനാൽ ചുറ്റപ്പെട്ടുകിടക്കുന്നു. (ഭൂപടം 3)

ഭൂപ്രകൃതി

"ഇടനാട്" മേഖലയിൽപ്പെടുന്ന കുന്നത്തൂർ ഗ്രാമപഞ്ചായത്തിന് വിശാലമായ താഴ്വരകളും, കുന്നിൻ പ്രദേശങ്ങളും, മിതമായി ചരിഞ്ഞ പ്രദേശങ്ങളുമടങ്ങുന്ന ഒരു ഭൂപ്രകൃതിയാണുള്ളത്. പഞ്ചായത്തിന് പൊതുവായ ഒരു ചരിവ് വടക്കുനിന്നും തെക്കോട്ട് കാണപ്പെടുന്നു. സമുദ്രനിരപ്പിൽ നിന്നുള്ള ഉയരം അനുസരിച്ച് പഞ്ചായത്തിനെ നാലു പ്രദേശങ്ങളായി തരം തിരിക്കാം. (ഭൂപടം 4)

സമുദ്രനിരപ്പിൽ നിന്നും

20 മീറ്ററിൽ താഴെയുള്ള പ്രദേശം
20 മീ. നും 40 മീ. നും ഇടയിൽ
40 മീ. നും 60 മീ. നും ഇടയിൽ
60 മീറ്ററിനും മുകളിൽ

20 മീറ്ററിൽ താഴെയുള്ള ഭാഗങ്ങളും 20 മീ. നും 40 മീ. നും ഇടയിലുള്ള ഭാഗങ്ങളുമാണ് കൂടുതലും (പട്ടിക – 1 കാണുക) പഞ്ചായത്തിന്റെ 94.04 ശതമാനവും ഈ രണ്ടു വിഭാഗവും കൂടി ഉൾപ്പെടുന്നു. മിക്കവാറും പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും വ്യാപിച്ചു കിടക്കുന്നെങ്കിലും കല്ലടയാറിനോട് ചേർന്നുള്ള പ്രദേശങ്ങളാണ് കൂടുതലും 20 മീറ്റർ താഴെയുള്ള വിഭാഗത്തിൽപ്പെടുന്നത്. വിസ്തീർണ്ണത്തിൽ ഏറ്റവും കുറഞ്ഞത് 60 മീറ്ററിനു മുകളിലുള്ള ഭാഗമാണ്. ഇത് പഞ്ചായത്തിന്റെ വടക്കു പടിഞ്ഞാറു ഭാഗത്ത് വരുന്ന പനംതോപ്പ് പ്രദേശമാണ്. ഇതു തന്നെയാണ് പഞ്ചായത്തിൽ ഏറ്റവും കൂടിയ ഉയരമുള്ള പ്രദേശം. 40 മീ. നും 60 മീ–നും ഇടയിൽ വരുന്ന പ്രദേശം 5.75 ശതമാനം മാത്രമേ വരുന്നുള്ളൂ. ഇത് ഐവർകല, കൊച്ചുകളിയ്ക്കൽ, പ്ലാമൂട് എന്നീ പ്രദേശങ്ങളിലായി വ്യാപിച്ചു കിടക്കുന്നു

പട്ടിക – 1

നിമ്നോന്നത മേഖലകൾ	വിസ്തീർണ്ണം ഹെക്ടറിൽ	ശതമാനം
1. 20 മീറ്ററിൽ താഴെ	1002.08	46.74
2. 20 മീ. നും 40 മീ. നും ഇടയിൽ	1014.00	47.30
3. 40 മീ. നും 60 മീ. നും ഇടയിൽ	123.24	5.75
4. 60 മീ. നും മുകളിൽ	4.68	0.46
ആകെ	2144.00	100.00

SOURCE PRM PROGRAMME – CESS

1 : 2,000,000.

ഭൂപ്രകൃതി വിഭാഗങ്ങൾ.



ഇടനാട്

കണ്ണനൂർ ചങ്ങാത്ത്.

ഭൂപടം - 1

ഭൂപ്രകൃതിയനുസരിച്ച് പഞ്ചായത്തിനെ 5 വിഭാഗങ്ങളായി വിഭജിക്കാവുന്നത്. (ഭൂപടം – 5)

1. കുന്നിൻപുറം
2. ഇടത്തരം ചരിവ്
3. ചെറു ചരിവ്
4. നദീ തിട്ട
5. താഴ്വര

കുന്നിൻപുറം ;–

മറ്റു വിഭാഗങ്ങളെ അപേക്ഷിച്ച് ഉയർന്ന പ്രദേശങ്ങളാണ് കുന്നിൻപുറങ്ങൾ. പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും ഇത് വ്യാപിച്ചു കിടക്കുന്നു. എന്നിരുന്നാലും ഉയരം താരതമ്യേന കൂടിയ കുന്നിൻ പ്രദേശങ്ങൾ പഞ്ചായത്തിന്റെ വടക്കു ഭാഗത്തും, തെക്കു പടിഞ്ഞാറു ഭാഗത്തും കാണപ്പെടുന്നു. ഇവ പിണയ്ക്കൽ കുന്നും പുറം, മണങ്കാട്ടു കുന്ന് തോട്ടത്തുമുറി എന്നിവയാണ്. മറ്റ് ഉയരം കൂടിയ കുന്നിൻ പ്രദേശങ്ങൾ പനംതോപ്പ്, നിലയ്ക്കൽ, ഐവർകാല, കൊച്ചു കളിയ്ക്കൽ പ്ലാമൂട് എന്നീ ഭാഗങ്ങളിലുമായി വ്യാപിച്ചു കിടക്കുന്നു. ഇതിൽ ഏറ്റവും ഉയരം കൂടിയ കുന്ന് പനംതോപ്പിൽ കാണപ്പെടുന്നു. ഇവിടെ സമുദ്രനിരപ്പിൽ നിന്നും 60 മീ. നു മുകളിൽ ഉയരം വരുന്നു. 40 മീ. നും 60 മീ. നും ഇടയിലുള്ള കുന്നിൻപുറങ്ങളാണ് ഭൂരിഭാഗവും 60 മീ. നു മുകളിലുള്ള കുന്ന് വെറും 3.12 ഹേക്ടർ പ്രദേശത്തു മാത്രമേ കാണപ്പെടുന്നുള്ളൂ.

ഇടത്തരം ചരിവ്:

പഞ്ചായത്തിൽ വളരെ കുറച്ചു വിസ്തീർണ്ണത്തിൽ മാത്രം കാണപ്പെടുന്ന വിഭാഗമാണ് ഇത്. ഭൂമിയിൽ 5 ഡിഗ്രിയ്ക്കും 10 ഡിഗ്രിയ്ക്കും ഇടയിൽ ചരിവുള്ള പ്രദേശങ്ങളെയാണ് ഈ വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വട്ടവിളപ്രദേശത്തുമാത്രമാണ് ഇങ്ങനെ ചരിഞ്ഞ പ്രദേശങ്ങൾ കാണപ്പെടുന്നത്. ഇത് വിസ്തൃതിയിൽ 1.45 ശതമാനം മാത്രമാണുള്ളത്.

ചെറുചരിവ്:–

മൊത്തം വിസ്തീർണ്ണത്തിന്റെ ഏറ്റവും കൂടുതൽ കൈയ്യടക്കിയിരിയ്ക്കുന്നത് ഈ വിഭാഗമാണ്. ഭൂമിയിൽ 0 ഡിഗ്രിയ്ക്കും 5 ഡിഗ്രിയ്ക്കും ഇടയിൽ ചരിവുള്ള പ്രദേശങ്ങളാണ് ഇത്. ഇവ കാണപ്പെടുന്ന പ്രദേശങ്ങൾ എടുത്തുപറയേണ്ടതില്ല കാരണം പഞ്ചായത്തിലെ എല്ലാ പ്രദേശങ്ങളിലും ഇവ കാണപ്പെടുന്നു. (ഭൂപടം–5) സമുദ്രനിരപ്പിൽ നിന്ന് 20മീനും 40 മീനും ഇടയിലാണ് ചെറു ചരിവിന്റെ സ്ഥാനം.

താഴ്വര

മറ്റുഭൂപ്രദേശങ്ങളിൽ നിന്നും താരതമ്യേന ഏറ്റവും താഴ്ന്നുകിടക്കുന്ന പ്രദേശങ്ങളാണ് താഴ്വരകൾ. ഭൂമിയിൽ 0 ഡിഗ്രിയ്ക്കും 1 ഡിഗ്രിയ്ക്കും ഇടയിലാണ് താഴ്വരകളുടെ ചരിവ്. വളരെ വിശാലമായ താഴ്വരകളാണ് കുന്നത്തൂരിൽ കാണപ്പെടുന്നത്. പ്രത്യേകിച്ച് കല്ലടയാറിന്റെ തീരത്താണ് ഇവ കൂടുതലും സ്ഥിതി ചെയ്യുന്നത്. താഴ്വരകൾ എല്ലാം തന്നെ സമുദ്രനിരപ്പിൽ നിന്നും 20 മീറ്ററിൽ താഴെയാണ് കാണുന്നത്. പഞ്ചായത്തിന്റെ മദ്ധ്യഭാഗത്തുകൂടി തെക്കുവടക്കായി കിടക്കുന്ന വിശാലമായ താഴ്വര ശ്രദ്ധേയമാണ്.

നദീതിട്ട:–

കല്ലടയാറിനോട് ചേർന്ന് ചിലഭാഗങ്ങളിൽ


കുന്നത്തൂർ പഞ്ചായത്ത്.
0 1 കി.മീ.
കടമ്പനാട് പഞ്ചായത്ത്.
(വന്നതിനു മുമ്പ്)
വടക്ക്
പോരുവഴി പഞ്ചായത്ത്.
കടപ്പക്കാട പഞ്ചായത്ത്
പവിത്രേശ്വരം പഞ്ചായത്ത്.
ശാസ്താംകോട്ട പഞ്ചായത്ത്
1
2
3
4
5
6
7
8
9
10
76° 40'
76° 43'
9° 5'
9° 2'
SOURCE PRM PROGRAMME - CESS.

പട്ടിക–2

.	ഭൂപ്രകൃതി വിഭാഗം	വിസ്തീർണ്ണം ഹെക്ടറിൽ	ശതമാനം
1.	കുന്നിൻ പുറം	269.88	12.59
2.	ഇടത്തരം ചരിവ്	31.12	1.45
3.	ചെറുചരിവ്	1339.32	62.46
4.	താഴ്വര	463.12	21.60
5.	നദി തിട്ട	18.72	0.87
6.	കായൽ	21.84	1.03
	ആകെ	2144.00	100.00

Source PRM Programme Cess

കാണുന്ന സമതലപ്രദേശങ്ങളാണ് നദിതിട്ട. കല്ലടയാറിൽ നിന്നും വളരെ ചെറുതായി ഉയർന്നു കാണുന്ന ഈ പ്രദേശത്ത് നല്ല മഴകാലത്ത് കല്ലടയാറിൽ നിന്നും വെള്ളം കയറുന്നത് സാധാരണമാണ്. ഇതിന്റെ ചരിവ് 0 ഡിഗ്രിയ്ക്കും 1 ഡിഗ്രിയ്ക്കും ഇടയിലാണ്. ഓരോ ഭൂപ്രകൃതി വിഭാഗത്തിന്റെയും വിസ്തീർണ്ണം പട്ടിക 2 ൽ കൊടുത്തിരിക്കുന്നു.

കുന്നിൻ പ്രദേശങ്ങളിൽ റബ്ബറും മിശ്രിതമരങ്ങളും ഇടത്തരം ചരിവുകളിൽ റബ്ബറും മിശ്രിതമരങ്ങളും ചെറുചരിവിൽ തെങ്ങ്, മരച്ചീനി തുടങ്ങിയ കൃഷിവിളകളും, മിശ്രിതമരങ്ങളും, താഴ്വരകളിൽ നെല്ല് കൂടുതലായും ചിലസ്ഥലങ്ങളിൽ തെങ്ങും പയറുവർഗ്ഗങ്ങളും കൃഷിചെയ്തിരിക്കുന്നു.

കാലാവസ്ഥ:

മഴയും മഞ്ഞും വെയിലുമൊക്കെ ഏതാണ്ട് ഒരേ അളവിൽ ഇട കലർന്ന് അനുഭവപ്പെടുന്ന ഒരു പ്രദേശമാണ് ഇത്. ജൂൺ, ജൂലൈ മാസങ്ങളിൽ കൂടുതൽ മഴയും മാർച്ച്, ഏപ്രിൽ മാസങ്ങളിൽ കൂടുതൽ താപനിലയും അനുഭവപ്പെടുന്നു. അപേക്ഷിക ആർദ്രത കൂടിയ അന്തരീക്ഷമാണ് ഈ പ്രദേശത്ത്. അന്തരീക്ഷ ഊഷ്മാവ് സാധാരണ 32°cനും 36°c നും മദ്ധ്യേ അനുഭവപ്പെടുന്നു.

വർഷത്തിൽ ശരാശരി 2564 മി.മീറ്റർ മഴ ലഭിയ്ക്കുന്നു. സാധാരണയായി രണ്ടു ഘട്ടങ്ങളിലായാണ് കൂടുതൽ മഴ ലഭിയ്ക്കുന്നത്. ഇത് ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളടങ്ങിയ തെക്ക് പടിഞ്ഞാറൻ മൺസൂൺ സമയങ്ങളിലും, സെപ്തംബർ, ഒക്ടോബർ, നവംബർ മാസങ്ങളടങ്ങിയ വടക്കു കിഴക്കൻ മൺസൂൺ സമയങ്ങളിലുമാണ്. സാധാരണയായി ഒരു വർഷത്തിൽ ഏറ്റവും കൂടുതൽ മഴ ലഭിയ്ക്കുന്നത് ജൂൺ, ജൂലൈ മാസങ്ങളിലാണ് (ചിത്രം 1) 1995 ജൂലൈ മാസത്തിൽ ലഭിച്ച മഴ 435.4 മി.മീറ്ററാണ്. 1991 മുതൽ '95 വരെ നമ്മുടെ പ്രദേശത്ത് ലഭിച്ച മഴയുടെ അളവ് പരിശോധിച്ചാൽ 91 ജൂൺ മാസത്തിലാണ് നമുക്ക് ഏറ്റവും കൂടുതൽ മഴ ലഭിച്ചിരിയ്ക്കുന്നത് എന്ന് കാണാം (ചിത്രം–2) പക്ഷേ ഒരു വർഷത്തിൽ ലഭിച്ചിരിയ്ക്കുന്ന മഴയുടെ ശരാശരി അളവ് നോക്കിയാൽ '92ലാണ് ഏറ്റവും കൂടുതൽ മഴ ലഭിച്ച വർഷം. 3223.4 മി.മീറ്ററാണ് പ്രസ്തുത വർഷത്തിൽ കിട്ടിയ മഴ. പിന്നീട് 1995 വരെയുള്ള വർഷങ്ങളിൽ മഴയുടെ വാർഷികശരാശരി കുറഞ്ഞാണ് വന്നിട്ടുള്ളത്. കേരളത്തിൽ ഒരു വർഷത്തിൽ ലഭിയ്ക്കുന്ന മഴയുടെ ശരാശരി അളവുമായി തട്ടിച്ചു നോക്കിയാൽ നമ്മുടെ പ്രദേശത്തെ മഴയുടെ അളവ് കുറവാണ്.

സാധാരണയായി അന്തരീക്ഷ ഊഷ്മാവ് കൂടുതലായി അനുഭവപ്പെടുന്നത് മാർച്ച്–ഏപ്രിൽ മാസങ്ങളിലാണ് ഈ സമയങ്ങളിൽ കൂടിയ താപനില 36°c നും 37°c നും മദ്ധ്യേയാണ്. കുറഞ്ഞതാപനില 24°c നും 25°c നും മദ്ധ്യേ ആയിരിയ്ക്കും. കുറഞ്ഞ ചൂട് അനുഭവപ്പെടുന്നത് ഡിസംബർ ജനുവരി മാസങ്ങളിലാണ് ഈ സമയത്തെ കൂടിയ താപനില 32°c നും 33°c നും മദ്ധ്യേയും കുറഞ്ഞതാപനില 19°c നും 20°c നും മദ്ധ്യേയും അനുഭപ്പെടുന്നു. വടക്കൻ കേരളത്തിനെ അപേക്ഷിച്ച് ചൂട് കുറഞ്ഞ പ്രദേശമാണ് ഇത്. ചിത്രം 3ൽ വിവിധ മാസങ്ങളിൽ അനുഭവപ്പെടുന്ന കൂടിയതും കുറഞ്ഞതുമായ

കാർഷിക കാലാവസ്ഥ മേഖല.



ദക്ഷിണ മധ്യ മേഖല.

പട്ടിക 3 1990 മുതൽ 94 വരെ അനുഭവപ്പെട്ട താപനില

Year	Max/Min.	Jan.	Feb.	Mar.	Apr.	May.	Jun.	Jul.	Aug.	Sep.	Oct.	Nov.	Dec.
1990	Maximum	32.2	35.4	36.5	36.7	32.5	31.1	30.1	30.8	32.9	32.6	32.3	33.1
	Minimum	19.8	22.8	23.3	25.9	23.3	24.2	23.6	23.3	23.6	24.2	21.8	20.2
1991	Maximum	34.0	36.1	36.6	36.4	35.8	29.7	30.4	30.2	33.7	30.8	32.4	32.9
	Minimum	N.A	N.A	N.A	N.A	N.A	N.A	N.A	N.A	N.A	N.A	N.A	20.5
1992	Maximum	33.7	36.4	38.5	37.5	33.6	30.5	29.7	30.1	31.3	31.7	31.5	32.5
	Minimum	19.8	21.4	21.6	24.2	23.8	23.3	22.5	22.9	22.8	22.5	22.1	20.6
1993	Maximum	33.9	35.8	36.6	36.7	33.9	30.7	29.4	30.6	32.1	31.3	31.5	31.6
	Minimum	19.6	20.4	22.0	23.7	23.7	23.4	22.3	23.1	22.9	23.8	22.5	21.6
1994	Maximum	34.0	35.9	37.1	35.4	33.6	30.7	30.3	30.6	32.7	31.9	32.4	34.2
	Minium	N.A	N.A	N.A	N.A	N.A	N.A	N.A	N.A	N.A	N.A	N.A	N.A

പട്ടിക-4 1990 മുതൽ 94 വരെ അനുഭവപ്പെട്ട ആപേക്ഷിക ആർദ്രത

Year	Timings	Jan.	Feb.	Mar.	Apr.	May	Jun.	Jul.	Aug.	Sep.	Oct.	Nov.	Dec.
1990	0830 IST	77	72	78	71	88	92	92	88	86	87	85	77
	1730 IST	44	41	41	54	75	78	77	76	70	74	70	55
1991	0830 IST	76	71	83	81	85	95	93	92	85	82	89	79
	1730 IST	50	37	53	63	65	89	80	75	61	80	71	59
1992	0830 IST	71	82	75	76	84	90	93	92	90	91	93	85
	1730 IST	39	48	45	51	68	79	81	77	76	78	81	61
1993	0830 IST	77	81	85	84	89	94	95	94	90	93	93	91
	1730 IST	44	43	49	62	72	77	82	75	72	79	75	71
1994	0830 IST	90	92	92	91	88	94	94	95	93	93	91	88
	1730 IST	60	61	57	69	70	79	82	78	69	82	71	59

അന്തരീക്ഷ ഊഷ്മാവിന്റെ വിശദവിവരങ്ങൾ കൊടുത്തിരിയ്ക്കുന്നു. 1990 മുതൽ '94വരെയുള്ള താപനില (പട്ടിക-3) പരിശോധിച്ചാൽ ഇത്രയും നാളുകൾക്കിടയിൽ 1991 മാർച്ച് മാസത്തിലാണ് ഏറ്റവും കൂടുതൽ അന്തരീക്ഷ ഊഷ്മാവ് (38.5°C) ഉണ്ടായിരിയ്ക്കുന്നത് എന്ന് കാണാം. അതുപോലെ കൂടിയ താപനില ഏറ്റവും കുറഞ്ഞിരിയ്ക്കുന്നത് 1993ലെ ജൂലൈ മാസത്തിലും ആണ്. (29.4°C)

അന്തരീക്ഷത്തിലുള്ള ബാഷ്പകണങ്ങളുടെ ശതമാനമാണ് അന്തരീക്ഷ ആപേക്ഷിക ആർദ്രത. ഇത് രാവിലെ സമയത്ത് കൂടിയും പിന്നീട് അന്തരീക്ഷ ഊഷ്മാവ് കൂടുന്നതനുസരിച്ച് കുറയുകയും ചെയ്യുന്നു. രാത്രി സമയത്ത് താപനില കുറയുന്നതിനാൽ ജലകണികകൾ ഒരുമിച്ചുകൂടി താഴോട്ടുപതിയ്ക്കുന്നു. ഈ പ്രവർത്തനം രാത്രി മുഴുവൻ നടക്കുന്നതിനാലാണ് രാവിലെ സമയത്ത് അപേക്ഷിക ആർദ്രത കൂടിയിരിയ്ക്കുന്നത്. പഞ്ചായത്തിലെ ശരാശരി അപേക്ഷിക ആർദ്രത രാവിലെ 8.30ന് 87 ശതമാനവും വൈകുന്നേരം 5.30ന് 75ശതമാനവും ആണ്. പഞ്ചായത്തിൽ അനുഭവപ്പെടുന്ന അപേക്ഷിക ആർദ്രതയുടെ വിശദാംശങ്ങൾ പട്ടിക 4 ലും ചിത്രം 4ലും കൊടുത്തിരിക്കുന്നു.

മൺതരം:-

പ്രധാനമായി രണ്ടുവിഭാഗത്തിൽപ്പെടുന്ന മൺതരങ്ങളാണ് കണ്ടുവരുന്നത്. ഒന്ന് ചരലുകലർന്ന ചെങ്കൽ മണ്ണും. മറ്റൊന്ന് എക്കൽ മണ്ണും. ഭൂരിഭാഗം പ്രദേശത്തും ചെങ്കൽ മണ്ണാണ് ഉള്ളത്. (ഭൂപടം - 6) (പട്ടികം - 5)

പട്ടിക - 5

മൺതരം	വിസ്തീർണ്ണം ഹെക്ടറിൽ	ശതമാനം
1. ചെങ്കൽ മണ്ണ്	1659.04	77.38
2 എക്കൽ മണ്ണ്	463.12	21.60

Source PRM programme - CESS

ചെങ്കൽ പൊടിഞ്ഞുണ്ടായ മണ്ണാണ് ചെങ്കൽ മണ്ണ്. ഇതിൽ മണലും ചരലും ധാരാളമായി കാണുന്നു. ചെളിയുടെ അളവ് കുറഞ്ഞും ഏതാണ്ട് ഇളം മഞ്ഞ നിറത്തിലുമാണ് ഇത് കാണാൻ കഴിയുക. നീർവാർച്ച കൂടുതലുള്ള ഈ മണ്ണിന് മണ്ണൊലിപ്പിനുള്ള സാദ്ധ്യത ഏറെയാണ്. സാമാന്യം നല്ല ഫലഭൂയിഷ്ടമായ ചെങ്കൽ മണ്ണ് ശരാശരി 150 സെ. മീ. കനത്തിൽ കാണപ്പെടുന്നു.

താഴ്വരകളിൽ മാത്രം കാണപ്പെടുന്ന എക്കൽ മണ്ണിൽ ചെളിയുടെ അളവ് കൂടുതലും ചരലും മണലും തീരെ കുറവുമാണ്. നീർവാർച്ച വളരെ കുറഞ്ഞതും കടുത്ത നിറത്തിലും കാണുന്ന എക്കൽ മണ്ണ് നല്ല ഫല പുഷ്ടിയുള്ളതാണ്.

ചെങ്കല്ലാണ് ഇവിടത്തെ പ്രധാന ശിലാരൂപം. താപത്തിന്റെയും മർദ്ദത്തിന്റെയും പ്രവർത്തനഫലമായി കരിങ്കൽ രൂപാന്തരം പ്രാപിച്ചുണ്ടാതയതാണ് ഇത്. മിക്കവാറും എല്ലാ ഭാഗങ്ങലിലും ചെങ്കൽ കിട്ടും. ശരാശരി 2 മീറ്റർ താഴ്ചയിലാണ് ഇവ കാണപ്പെടുന്നത്.

പനന്തോപ്പും അതിനു ചുറ്റുമുള്ള ഭാഗങ്ങളിലും പാറ കാണപ്പെടുന്നു. ഈ ഭാഗങ്ങളിൽ കരിങ്കൽ പൊട്ടിച്ചെടുക്കുന്ന സ്ഥലങ്ങൾ നിലവിലുണ്ട്. ഭൂഗർഭശാസ്ത്രത്തിൽ ഡോളിറൈറ്റ് എന്നു വിളിക്കുന്ന കൃഷ്ണശിലയും ചാർണൈക്കൈറ്റ് എന്ന് നാമകരണം ചെയ്തിട്ടുള്ള പാറയുമാണ് ഇവിടെ കണ്ടുവരുന്നത്. ഈ ഭാഗങ്ങളിൽ വ്യാവസായിക ആവശ്യങ്ങൾക്കുപയോഗിക്കാവുന്ന വെളുത്ത ചെളി ലഭിക്കും.

തുരുത്തിക്കര വാർഡിന്റെ ചില ഭാഗങ്ങളിൽ വൈഡൂര്യം കാണപ്പെടുന്നു. ഇത് ഇവിടെ ചെറിയ തോതിൽ ഖനനം ചെയ്യുന്നുണ്ട്. ഭൂഗർഭശാസ്ത്രത്തിൽ ഇത് ക്രൈസോബെറിൽ എന്നു അറിയപ്പെടുന്നു.

ജലലഭ്യത:-

കുളങ്ങലുടെ രൂപത്തിലുള്ള ജലസ്രോതസ്സുകളും, തോടുകളും, അനുഗൃഹീത കല്ലടയാറും, ചേലൂർ കായലും അടങ്ങിയതാണ് കുന്നത്തൂർ പഞ്ചായത്തിന്റെ ജലപ്രകൃതി. പ്രധാനമായും ജലം ലഭിയ്ക്കുന്നത് മഴയിൽ നിന്നു തന്നെയാണ്. ഈ പ്രദേശത്ത് ലഭിക്കുന്ന മഴയുടെ അളവിനെപ്പറ്റി നേരത്തേ പ്രതിപാദിച്ചുവല്ലോ. ശാസ്താംകോട്ട ബ്ലോക്കിൽ മൊത്തമായി കണക്കാക്കപ്പെട്ടിട്ടുള്ള ഒരു വർഷത്തിൽ ലഭിയ്ക്കുന്ന 'റീചാർജ്ജ്' 27.86 മില്യൺ ക്യൂബിക് മീറ്ററാണ്.

ജല സ്രോതസ്സുകളെ രണ്ടുവിഭാഗമായി തിരിച്ച് പരിശോധിയ്ക്കാവുന്നതാണ്.

1. ഉപരിതല ജലസ്രോതസ്സുകൾ - കായൽ, കുളങ്ങൾ, തോടുകൾ മുതലായവ

1995 ൽ ലഭിച്ച മഴ മി.മീറ്ററിൽ



ചിത്രം-1

1991 മുതൽ 95 വരെ ലഭിച്ച മഴ മി.മീറ്ററിൽ.



ചിത്രം-2.

2. ഭൂഗർഭജല സ്രോതസ്സുകൾ – കിണർ, കുഴൽകിണർ മുതലായവ

പഞ്ചായത്തിൽ ആകെ 25 കുളങ്ങളാണുള്ളത് ഇതിൽ ഭൂരിഭാഗം കുളങ്ങളും വേനൽക്കാലത്ത് വറ്റിപ്പോകുന്നവയാണ്. വാർഡുതോറുമുള്ള കുളങ്ങളുടെ വിതൃാസം ചിത്രം 5-ൽ കൊടുത്തിരിയ്ക്കുന്നു.

പ്രധാനമായും 9 തോടുകളാണ് പഞ്ചായത്തിൽ ഉള്ളത് (പട്ടിക 6) ഇതിൽ പടിഞ്ഞാറെ അതിർത്തിയിൽക്കൂടി ഒഴുകുകന്ന തൊളിയ്ക്കൽ തോടൊഴിച്ച് മറ്റുള്ള എല്ലാ തോടുകളും വേനൽക്കാലത്ത് വറ്റിപ്പോകുന്നു. തോടുകളുടെ മൊത്തം നീളം 19.25 കി.മീറ്ററാണ്. കരിമ്പിൽപുഴ തോട് പഞ്ചായത്തിനെ നെടുകെ രണ്ടായി മുറിച്ചകൊണ്ട് വടക്കുനിന്നും തെക്കോട്ടൊഴുകി കല്ലടയാറ്റിൽ ചേരുന്നു. തെളിയ്ക്കൽ തോടൊഴിച്ച് മറ്റെല്ലാ തോടുകളും ഒഴുകി കല്ലടയാറ്റിലാണ് ചേരുന്നത്. തൊളിയ്ക്കൽ തോട് ചേലൂർകായലിലും ചേരുന്നു.

പട്ടിക 6

	തോട്	വറ്റുന്നത്/ വറ്റാത്തത്
1.	മടത്തൂർ തോട്	വറ്റുന്നത്
2.	തൊളിയ്ക്കൽ തോട്	വറ്റാത്തത്
3.	കണ്ണാണിയിൻ അടിച്ചിറ തോട്	
4.	കരിമ്പിൻപുഴ തോട്	"
5.	ഉച്ചിക്കോട് ഏലാത്തോട്	"
6.	തമിഴംകുളം ഏലാത്തോട്	"
7.	പെരുംങ്കുളം ഏലാത്തോട്	"
8.	കല്ലേലി ഏലാത്തോട്	"
9.	ഐപ്പാടം പള്ളികുളം തോട്	"

പഞ്ചായത്തിനെ പ്രധാനമായും 6 നീർമറി പ്രദേശങ്ങളായി തിരിച്ചിരിയ്ക്കുന്നു. (ഭൂപടം 7) മേൽപ്പറഞ്ഞ തോടുകൾ എല്ലാം ഓരോ നീർമറി പ്രദേശത്ത് ഉൾപ്പെടുന്നവയാണ്. ഓരോ നീർമറി പ്രദേശത്തിന്റെ അതിർത്തിയിൽ വീഴുന്നജലം അതിൽ ഉൾപ്പെടുന്ന തോടുകളിൽ എത്തുകയും അവിടെ നിന്നും ഒഴുകി കല്ലടയാറ്റിൽ എത്തുകയും ചെയ്യുന്നു. പഞ്ചായത്തിൽ വീഴുന്ന മുഴുവൻ ജലവും കല്ലടയാറ്റിലാണ് എത്തുന്നതെന്ന് മനസ്സിലാക്കുവാൻ സാധിക്കും. ഓരോ നീർമറി പ്രദേശത്തിന്റെയും അവയിലുൾപ്പെടുന്ന ഭൂപ്രകൃതിയുടെയും വിസ്തീർണ്ണം പട്ടിക 7-ൽ കൊടുത്തിരിയ്ക്കുന്നു.

പഞ്ചായത്തിന്റെ പടിഞ്ഞാറെ അതിർത്തിയിൽ ചേലൂർ കായലിന്റെ കുറച്ചുഭാഗം ഉൾപ്പെടുന്നു. 21.84 ഹെ. ആണ് അതിർത്തിയ്ക്കുള്ളിൽ വരുന്ന കായലിന്റെ വിസ്തീർണ്ണം.

പഞ്ചായത്തിന്റെ മിക്കവാറും എല്ലാ വാർഡുകളിലും കല്ലട ജലസേചന പദ്ധതിയുടെ കനാലുകൾ എത്തിപ്പെട്ടിട്ടുണ്ട്. കനാലിന്റെ മൊത്തം നീളം 26.32 കി.മീ. ആണ്. കീച്ചപ്പള്ളി പ്രദേശത്താണ് ഏറ്റവും കൂടുതൽ നീളത്തിൽ കനാൽ കാണുന്നത്. ഈ ഭാഗത്ത് ഏതാണ്ട 10 കി.മീ. നീളത്തിൽ കനാൽ ഉണ്ട്.

1994-ൽ നിർമ്മിച്ച പഞ്ചായത്തിന്റെ വിഭവഭൂപടത്തിൽ നിന്നും മനസ്സിലാക്കുവാൻ സാധിയ്ക്കുന്നത് പഞ്ചായത്തിൽ ആകെ 2247 കിണറുകൾ ഉള്ളതായിട്ടാണ് ഇതിൽ 1647 ശതമാനത്തോളം വറ്റാത്ത കിണറുകളാണ്. താരതമ്യേന വറ്റാത്ത കിണറുകൾ ഉള്ളത് വാർഡ് 2-ലാണ്. ഇവിടെ 399 കിണറുകൾ ഉള്ളതിൽ 27 എണ്ണം മാത്രമാണ് വറ്റുന്നത്. പഞ്ചായത്തിന്റെ വടക്കു ഭാഗത്ത് ഐവർകാല, നിലയ്ക്കൽ, കൊച്ചകളിയ്ക്കൽ എന്നിവിടങ്ങളിൽ താരതമ്യേന വറ്റുന്ന കിണറുകളാണ് കൂടുതൽ. മൊത്തമായി നോക്കുമ്പോൾ വറ്റാത്ത കിണറുകളുടെ ശതമാനം വർദ്ധിച്ചിരിയ്ക്കുന്നുവെങ്കിലും, വേനൽക്കാ

പട്ടിക 7 .

	നീർമറി പ്രദേശം	ഉൾപ്പെടുന്ന ഭൂപ്രകൃതിയുടെ വിസ്തീർണ്ണം ഹെക്ടറിൽ						മൊത്തം വിസ്തീർണ്ണം	ശതമാനം
		താഴ്വര	ചെറു ചരിവ്	ഇടത്തരം	കുന്നിൻ പുറം	കായൽ	നദീതീരം		
1.	തൊളിയ്ക്കൽ നീർമറി	78.36	175.8	–	40.56	21.84	–	316.56	14.76
2.	മടത്തൂർ നീർമറി	88.04	160.92	–			9.36	350.36	16.34
3.	കരിമ്പിൽപുഴ നീർമറി	98.28	460.92	–				627.48	29.27
4.	തമിഴംകുളം "	47.12	270.16	5.28	35.88			358.44	16.73
5.	കളിക്കലഴകത്ത് "	110.76	111.32	6.68	22.22		9.36	260.34	12.14
6.	വള്ളിക്കുളം "	40.56	160.20	19.16	10.92			230.84	10.76

Source PRM Programme Cess


ശ്രേപങ്ങൾ
0
1 കി.മീ.
വടക്ക്
76°40'
76°43'
നാഴ്വര.
ചെറു ചരിവ്.
കുന്നിൻ പുറം.
ഇടത്തരം ചരിവ്
ഭൂ 2/50-5 SOURCE PRM PROGRAMME - CESS


1993-ൽ ലാൻഡ് ട്രിബ്യൂണൽ രാപിച്ചതായും
കാണാം രാപിക്കാനുള്ള
ചിത്രം - 3
40
30
20
10
0
J F M A M J J A S O N D

പട്ടിക 9

	ഭൂവിനിയോഗം	വിസ്തീർണ്ണം ഹെക്ടറിൽ	ശതമാനം
1.	നെൽകൃഷി രണ്ടുപൂ	342.00	15.57
2.	നെൽകൃഷി നികത്തിയത്	65.00	3.03
3.	മിശ്രിതകൃഷി	1007.00	46.96
4.	മിശ്രിത മരങ്ങൾ	284.00	13.24
5.	റബ്ബർ	368.16	17.17
6.	തെങ്ങ്	3.00	0.13
7.	വാഴ മുതലായവ	1.00	0.04
8.	തരിശുഭൂമി	47.00	2.19
9.	ചെളികുഴിച്ചെടുക്കുന്നത്	3.00	0.13
10.	ചതുപ്പ്	2.00	0.09
11.	കായൽ	21.84	1.01

ലത്ത് പറ്റാത്ത ഭൂരിഭാഗം കിണറുകളിലും അത്യാവശ്യം ജലം മാത്രമാണ് ലഭിയ്ക്കുന്നത്.

കിണറുകളിൽ ശരാശരി 5 മീറ്ററിനും 10 മീറ്ററിനും ഇടയിലാണ് ജലം കിട്ടുന്നത്. 30 മീറ്റർ ആഴത്തിൽ ജലം ലഭ്യമാകുന്ന കുന്നിൻപ്രദേശങ്ങളും ഉണ്ട്. കിണറുകളിൽ പെതുവെ ശരാശരി 2 മീ.നും 4 മീ.നും ഇടയിൽ കനത്തിൽ വെള്ളം കാണുന്നു. താഴ്വരയോടു ചേർന്നുള്ള ചില ഭാഗങ്ങളിൽ ഇത് 6 മീറ്ററിന് 7 മീ.ന് ഇടയിൽ കാണുന്നു. വാർഡുതോറുമുള്ള കിണറുകളുടെ വിന്യാസം ചിത്രം 6-ലും പട്ടിക 8-ലും കൊടുത്തിരിയ്ക്കുന്നു.

പട്ടിക 8

വാർഡ്	വറ്റാത്തത്	വറ്റുന്നത്	ആകെ
1	158	47	205
2	370	19	389
3	162	06	168
4	186	43	229
5	274	202	476
6	147	37	184
7	70	04	74
8	121	95	216
9	17	38	55
10	169	82	261

വാർഡ് 2-ൽ 1 കുഴൽ കിണറും വാർഡ് 4-ൽ 3 കുഴൽകിണറും ഉണ്ട്.

പഞ്ചായത്തിനെ പൊതവായി നോക്കുകയാണെങ്കിൽ കുന്നിൻപുറങ്ങളിൽ ജലലഭ്യത കുറവും (ഭൂപടം 8) താഴ്വരകളിൽ ജലലഭ്യത കൂടുതലുമാണ്. ചരിവിൻ പ്രദേശങ്ങളിൽ മിതമായ തോതിൽ ജലം ലഭ്യമാണ്. വാർഡ് 3, 5, 8, 10 എന്നീ വാർഡുകൾ കുടി വെള്ള ക്ഷാമം അനുഭവിയ്ക്കുന്നു. കല്ലടയാറിന്റെ തീരത്ത് മിക്ക ഭാഗങ്ങളും ജലക്ഷാമം രൂക്ഷമാണ്.

ഭൂവിനിയോഗം:

ഭൂപ്രകൃതിക്കനുസൃതമായി കൃഷി രീതികൾ നടത്തിവരുന്ന പഞ്ചായത്താണ് കുന്നത്തൂർ. താഴ്വരകളിൽ കൂടുതലായി നെൽകൃഷി നടത്തിവരുന്നു. കുന്നിൻ പ്രദേശങ്ങളിൽ റബ്ബറും മറ്റു മിശ്രിതകൃഷികളുമാണ്.

വിഭവം ഭൂപടം പരിശോധിച്ചാൽ ഭൂരിഭാഗം പ്രദേശത്തും മിശ്രിതകൃഷിയാണെന്ന് കാണുവാൻ കഴിയും. 1007 ഹെക്ടർ പ്രദേശത്ത് മിശ്രിത കൃഷിയാണ്. (ഭൂപടം 9) ഇത് പഞ്ചായത്തിന്റെ 46.96 ശതമാനം വരുന്നു. നെൽകൃഷി 2.42 ശതമാനം വിസ്തൃതിയിൽ മാത്രമാണ് ചെയ്തുവരുന്നത്. നെൽകൃഷി നികത്തി തെങ്ങും മറ്റു കൃഷികളും ചെയ്യുന്ന ഇടങ്ങൾ വർദ്ധിച്ചുവരുന്നു. ഏതാണ്ട 65 ഹെക്ടർ നെൽപ്പാടം നികത്തിയിരിയ്ക്കുന്നു. നാണ്യവിളയായ റബ്ബർ 94-ലെ കണക്കനുസരിച്ച് 368.16 ഹെ. പ്രദേശത്ത് കൃഷി ചെയ്യുന്നുണ്ട് മറ്റു ഭക്ഷ്യവിളകൾ മാറ്റി റബ്ബർ നടുവാനുള്ള പ്രവണത കൂടി വരുന്നതായി കാണാവുന്നതാണ്. പഞ്ചായത്തിനുള്ളിൽ വിവിധഭാഗങ്ങളിലായി 10 കാവുകൾ നിലവിലുണ്ട്. കല്ലടയാറ്റിന്റെ തീരത്ത് പലയിടങ്ങളിൽ ചെളി കുഴിച്ചെടുത്ത് അവിടെ തരിശായും വെള്ളക്കെട്ടായും കിടക്കുകയാണ്. പഞ്ചായത്തിലെ ഭൂവിനിയോഗത്തിന്റെ വിശദാംശങ്ങൾ പട്ടിക 9-ൽ കൊടുത്തിരിയ്ക്കുന്നു.

പരിസ്ഥിതി ബന്ധിത അവലോകനം

ഐവർകാല വട്ടവിള എന്നീ പ്രദേശങ്ങളിലെ കുന്നിൻ ചരിവുകളിൽ മണ്ണൊലിപ്പിനുള്ള സാദ്ധ്യത കൂടുതലാണ്. ഈ ഭാഗങ്ങളിൽ മരച്ചീനി പോലെയുള്ള കൃഷികൾ നടത്താതെ ദീർഘകാലവിളകൾ, കൈത, ഔഷധ സസ്യങ്ങൾ എന്നിവ കൃഷിചെയ്യാവുന്നതാണ്.

തുരുത്തിക്കര വാർഡിന്റെ, ഭാഗങ്ങളിലുള്ള വൈഡൂര്യത്തിന്റെ നിലവിലുള്ള അളവിനെപ്പറ്റി പഠനം നടത്തി ലാഭകരമായി ഖനനം ചെയ്യുവാനുള്ള പദ്ധതി സർക്കാർ തലത്തിൽ നടപ്പാക്കണം.

അനിയന്ത്രിതമായ മണൽവാരൽ മൂലം ജല ദൗർലഭ്യം, മണ്ണിടിച്ചിൽ തുടങ്ങിയ പരിസ്ഥിതി പ്രശ്നങ്ങൾ രൂക്ഷമാകുന്നു. അതിനാൽ ഇത് നിയന്ത്രിക്കേണ്ടതാണ്. അതുപോലെ തന്നെ കല്ലടയാറ്റിന്റെ തീരത്ത് മിക്കവാറും എല്ലാഭാഗങ്ങളിലും ചെളികുഴിച്ചെടുക്കുന്നുണ്ട്. ഒട്ടേറെ പരിസ്ഥിതി പ്രശ്നങ്ങൾ ഇതുമൂലമുണ്ടാവുന്നു. ഈ ഭാഗങ്ങളിലെ ജല ലഭ്യത കുറയുന്നതിന് ഇത് ഒരു കാരണമാവുന്നു. കല്ലടയാറ്റിന്റെ തീരങ്ങൾ നല്ല മഴക്കാലത്ത് പൊട്ടിയൊലിച്ച് വെള്ളം ഉള്ളിലേക്ക് കയറുവാനുള്ള സാദ്ധ്യതയും വർദ്ധിക്കുന്നു. ബോധവൽക്കരണം കൊണ്ട് ഇത് നിയന്ത്രിക്കേണ്ടതാണ്.

കുളങ്ങളേയും തോടുകളെയും സംരക്ഷിച്ച് വേണ്ടവിധത്തിൽ അറ്റകുറ്റപ്പണികൾ കാലാകാലങ്ങളിൽ ചെയ്താൽ ഒരു പരിധിവരെ ജലക്ഷാമം പരിഹരിക്കുവാനും ജലസേചനം നടത്തുവാനും സാധിക്കും. അതുപോലെ തന്നെ കല്ലട ജല സേചനപദ്ധതിയുടെ പ്രവർത്തനരഹിതമായി കിടക്കുന്ന കനാലുകൾ അറ്റകുറ്റപ്പണികൾ ചെയ്ത് വൃത്തിയാക്കി ജലസേചനം നടത്തിയാൽ രണ്ട് പൂ നെൽകൃഷി ചെയ്യുന്ന ഭാഗങ്ങളിൽ ഒരു പക്ഷേ 3 പൂവരെ കൃഷി ചെയ്യുവാൻ സാധിക്കും. കനാലിലെ ജലം മറ്റു കൃഷികൾക്കും പ്രയോജനപ്രദമാകും.



വികസനമേഖല

ഭൂപടം

ബ്ലോക്ക്

കാർഷിക മേഖല

കുന്നത്തൂർ പഞ്ചായത്തിന്റെ കാർഷിക ചരിത്രം അത്രകണ്ട് സംഭവബഹുലമല്ല. ശാന്തമായി പരിവർത്തനങ്ങൾക്ക് വിധേയമായ ഒരു കാർഷികമേഖലയാണത്. ഫ്യൂഡൽ സംവിധാനങ്ങളുടെയും ദേശീയപ്രസ്ഥാനങ്ങളുടെയും കാലഘട്ടങ്ങളിൽ പഞ്ചായത്തിന്റെ കാർഷികരംഗത്ത് വലിയ സമ്മർദ്ദങ്ങളൊന്നും ഉണ്ടായിരുന്നില്ല. മുൻകാലത്ത് നേരിയതോതിൽ നിലനിന്നിരുന്ന ജന്മി-കുടിയാൻ ബന്ധം തന്നെ പൊതുവേ സംഘർഷരഹിതമായിരുന്നു. സംഘടിത കർഷക - കർഷകതൊഴിലാളി മുന്നേറ്റങ്ങളുടെ ആവശ്യകത നാസ്തിയായിരുന്നു. കാലഘട്ടത്തിന്റെ പൊതുവായ നീക്കുപോക്കുകൾക്ക് കടുത്ത നിഷേധം പ്രകടിപ്പിക്കാതെ തയ്യാറായ ജന്മി സമൂഹമായിരുന്നു നമ്മുടെത് എന്നത് പ്രത്യേകം ശ്രദ്ധേയമാണ്. സ്വാതന്ത്ര്യലബ്ധിയുടെ കാലഘട്ടത്തിൽ തിരുവിതാംകൂർ രാജ്യത്തിന്റെ ഭാഗമായിരുന്നു ഈ പ്രദേശത്തെ ജനസംഖ്യ 9000 ൽ താഴെയായിരുന്നു. പൂർണ്ണ അർത്ഥത്തിൽ കുടിയാന്മാരുടെ നിർവ്വചനത്തിന്റെ പരിധിയിൽ വരുന്ന ആളുകൾ കുറവായിരുന്നു. ഭൂവുടമകളുടെ കൃഷിഭൂമികളിൽ പതിവായി പണിയെടുത്തിരുന്നു കുറെ കർഷക തൊഴിലാളികൾ ഉണ്ടായിരുന്നു. 1955-65 കാലയളവിൽ നാട്ടിൽ ഒറ്റി - പാട്ടം വ്യവസ്ഥകൾ നിലനിന്നിരുന്നു. തെങ്ങ്, നെല്ല്, മരച്ചീനി തുടങ്ങിയവിളകൾ ഈ വ്യവസ്ഥയിൽ കൃഷിചെയ്തിരുന്നു. തെങ്ങും നെല്ലും മരച്ചീനിയും പ്രധാനവിളകളായുള്ള ഒരു സന്തുലിത കാർഷികമേഖലയായിരുന്നു കുന്നത്തൂർ. 1970 വരെ മുക്കാൽ ഭാഗത്തോളം ഭൂമിയിൽ തെങ്ങും മരച്ചീനിയും കൃഷിചെയ്തുവന്നു. എന്നാൽ ഇന്ന് ആ വിളകൾ 40% സ്ഥലത്തേക്ക് ചുരുങ്ങി. ഉയർന്ന സമതലങ്ങളിലും കുന്നിൻ ചരിവുകളിലും ഉള്ള കൃഷിയിടങ്ങളിൽ നിന്ന് കുടിയിറങ്ങിയ വാഴ തീരസമതലങ്ങളിൽ വ്യാപിച്ചു. ഹ്രസ്വകാല വിളകളായി നാട്ടിലെമ്പാടും പയർ, മുതിര, നനകിഴങ്ങ് എന്നിവ മുറതെറ്റാതെ കൃഷിചെയ്തുകൊണ്ടിരുന്നു. കുമ്പളങ്ങ, ചുരയ്ക്ക, മത്തങ്ങ തുടങ്ങിയവ ഭക്ഷ്യോത്പന്നങ്ങളും സമൃദ്ധമായി ഉണ്ടായി. അത്തരം കാർഷികോത്പന്നങ്ങൾ ഇന്ന് പഞ്ചായത്തു പ്രദേശത്ത് വളരെ അപൂർവ്വമായിട്ടുണ്ട്. പരിമിതമായ ഭൗമ ദുർവിനിയോഗം, സ്ഥിരത പുലർത്തിയ കാലാവസ്ഥാ ഘടകങ്ങൾ, ആവശ്യാനുസരണം വിസ്താരമുള്ള കൃഷിയിടങ്ങൾ അതിലുപരി കൃഷിയുമായി അഭേദ്യമായ ആത്മബന്ധം പുലർത്തിയിരുന്ന കർഷകരും കർഷക കുടുംബങ്ങളും ഏതാണ്ട് രണ്ടു ദശാബ്ദങ്ങൾക്കു മുമ്പുവരെ കുന്നത്തൂരിന്റെ ഭക്ഷ്യ ആവശ്യങ്ങൾ നിറവേറ്റുന്നതിൽ ഗണ്യമായ പങ്കുവഹിച്ചിരുന്നു. 1970-75 കാലഘട്ടം നമ്മുടെ കാർഷികമേഖലയിൽ മനശാസ്ത്രപരമായ ഒരു വഴിത്തിരിവായിരുന്നു. വിദ്യാഭ്യാസത്തിലേക്ക് വ്യാപകമായി പൊതുതാല്പര്യം വേരുന്നിയതും തലമുറയിലേക്ക് കാർഷികമേഖലയുമായുള്ള മൗലികമായ ബന്ധം പകരുന്നതിൽ മുൻതലമുറയിലെ നല്ല ഒരു വിഭാഗം കർഷകർ ആവശ്യമായ ജാഗ്രത പ്രകടിപ്പിക്കാതിരുന്നതും ഏതാണ്ട് ഈ കാലത്താണെന്നു പറയാം. വിദ്യാഭ്യാസ മേഖലയിൽ നിന്നും പഞ്ചായത്തിലെ ബഹുഭൂരിപക്ഷം വരുന്ന കർഷകരിലും കർഷക തൊഴിലാളികളിലും സന്നിവേശിച്ച വളർച്ചയുടെയും പുരോഗതിയുടെയും തരംഗങ്ങൾ അത്യന്തികമായി നമ്മുടെ കാർഷിക മേഖലയെയും കാർഷികാടിത്തറകളെയും തളർത്തുന്നവിധം വ്യതിചലിച്ചു. ജനസംഖ്യാവർദ്ധനവ്, ഭൂമിയുടെ ജനസംഖ്യാനുപാതികമായ ശിഥിലീകരണം, പാരിസ്ഥിതിക പ്രശ്നങ്ങൾ, ഭൂവിഭവങ്ങളുടെ ശോഷണം, അശാസ്ത്രീയമായ ഭൂവിനിയോഗക്രമങ്ങൾ എന്നീ പ്രതികൂല ഘടകങ്ങൾ കാർഷികമേഖലയെ ബാധിച്ചുതുടങ്ങുകയും മാനവശേഷിയും ലക്ഷ്യപ്രാധാന്യവും അവലംബമാക്കാമെന്ന അവസ്ഥ സംജാതമാകുകയും ചെയ്ത ഒരു നിർണ്ണായക ഘട്ടത്തിലാണ് കർഷക തൊഴിലാളികളുടെ ലഭ്യതയിൽ നമുക്ക് അപ്രതീക്ഷിതവും അവിശ്വസനീയവുമായ ചോർച്ച ഉണ്ടായത്. ഇതിന്റെ ഫലമായിതന്നെയാണ് ഉത്പാദന ശോഷണവും വിലവർദ്ധനയും ചേർന്നു ഭൂതമാക്കിയ ഒരു വിഷമവൃത്തത്തിൽ നാം പെട്ടത്. വിദ്യാഭ്യാസ പുരോഗതിയും ശാസ്ത്രസാങ്കേതിക നേട്ടങ്ങളും കുന്നത്തൂരിന്റെ കാർഷികരംഗത്തുനിന്ന് ഊർജ്ജം ഉൾക്കൊണ്ടതല്ലാതെ ഗുണപരമായ സംഭാവനകളൊന്നും തന്നെ മടക്കി നൽകിയില്ല.

അഞ്ച് പതിറ്റാണ്ടുകൾക്കു മുമ്പ് പഞ്ചായത്തു പ്രദേശത്തിന്റെ പ്രതിശീർഷ ഭൂലഭ്യത 0.24 ഹെക്ടറായിരുന്നത് ഇപ്പോൾ 0.09 ഹെക്ടറായിരുന്നു. ഇവിടെ 63% കുറവാണ് പ്രതിശീർഷഭൂലഭ്യതയിൽ വന്നത്. ഈ പഞ്ചായത്തിൽ ഭൂവിനിയോഗ ക്രമത്തിലും അപകടകരമായ വ്യതിയാനങ്ങൾ സംഭവിച്ചു. ജനസംഖ്യാനുപാതികമായി വർദ്ധിച്ച വ്യാവസായികവും ഗതാഗതപരവും പാർപ്പിടപരവുമായ ആവശ്യങ്ങളാണ് ഭൂവിനിയോഗത്തിൽ തകിടം മറിച്ചിലുകൾ വരുത്തിയത്. കാർഷികേതര ആവ



ചിത്രം 5.0-6 SOURCE PRM PROGRAMME - CESS

ശ്യങ്ങൾക്കായി കൃഷിഭൂമിയുടെ ഗണ്യമായ ഒരു വിഹിതം മാറ്റിവച്ചപ്പോഴും ഉത്പാദനമോ ഉത്പാദക്ഷമതയോ വർദ്ധിപ്പിക്കുവാൻ വഴികൾ തേടാതിരുന്നത് കാർഷികമായി പഞ്ചായത്തുപ്രദേശത്ത് ജനജീവിതത്തിന്റെ വിവിധ രംഗങ്ങളിൽ പ്രകടമായി. ഉദ്പാദനത്തിന്റെ അളവും വൈവിധ്യവും നേർത്തുപോയപ്പോഴാണ് നമ്മുടെ ജനസമൂഹത്തിന് ബാഹ്യവിപണികളെയും ഇടനിലക്കാരെയും വ്യാപകമായി ആശ്രയിക്കേണ്ടി വന്നത്. ഈ പ്രവണത കുന്നത്തൂരിന്റെ കാർഷിക – സമ്പദ് മേഖലകളെ വല്ലാതെ നോവിക്കുകയാണ്. ഇതിന് സംഘടിതമായ ഒരു കാർഷിക മുന്നേറ്റം അനിവാര്യമായിരിക്കുന്നു.

കഴിഞ്ഞ ഒരു ദശാബ്ദത്തിനു മുമ്പാണ് പഞ്ചായത്തിലെ വിള വൈവിദ്ധ്യത്തിലും വിളസാന്ദ്രതയിലും വീണ്ടും മാറ്റങ്ങൾ ഉണ്ടായത്. ഈ മാറ്റം അസാധാരണ വേഗം കൈവരിക്കുകയും ചെയ്തു. റബറിന്റെ കടന്നു വരവായിരുന്നു ഇത്തരം ഒരു മാറ്റം ഉണ്ടാക്കിയത്. മലനാട്ടിൽ സാന്ദ്രത ഏകദേശം പൂർണ്ണമാക്കിയ റബറിന്റെ ഇടനാട്ടിലേക്കുള്ള വരവ് പഞ്ചായത്തിന്റെ വിശാലമായ കുന്നിൻ പുറങ്ങളിലും ചരിവുകളിലും നിന്ന് തെങ്ങിനെ തീരസമതലങ്ങളിലേക്ക് വ്യാപകമായി മാറ്റിക്കൊണ്ടു പോയി. മണ്ണിന്റെ ഉത്പാദനക്ഷമതയിൽ മങ്ങലുകൾ ഉണ്ടായതും തെങ്ങിനെ ഒട്ടേറെ രോഗങ്ങൾ ബാധിക്കാൻ തുടങ്ങിയതും റബറിന് തെങ്ങുകർഷകരുടെ മാനസിക ദൗർബല്യത്തെ എളുപ്പത്തിൽ ചൂഷണംചെയ്യാൻ സഹായകമായി. പത്തുവർഷത്തിനു മുമ്പുമാത്രം ഒരു പ്രധാന വിളയെന്ന ലക്ഷണത്തോടെ പഞ്ചായത്തിൽ പ്രത്യക്ഷപ്പെട്ട റബർ ഇന്ന് ഈ പ്രദേശത്തെ കൃഷിഭൂമിയുടെ 20% കൈവശപ്പെടുത്തിക്കഴിഞ്ഞു. റബർ നിരുത്സാഹപ്പെടുത്തേണ്ട വിള അല്ല. എങ്കിലും കേവലം 0.09 ഹെക്ടർ മാത്രം പ്രതിശീർഷ ഭൂലഭ്യത ഉള്ള ഒരു പഞ്ചായത്തെന്നുള്ള നിലയിൽ ഏതാണ്ട് 364 ഹെക്ടർ കൃഷിഭൂമി റബറിനു നീക്കിവച്ചത് ഒരു സാഹസമാണെന്ന് ആസന്നഭാവിയിൽ അനുഭവപ്പെട്ടു തുടങ്ങും. പ്രതിശീർഷ ഭൂവിസ്തൃതിയുടെ അടിസ്ഥാനത്തിൽ 4000 ആളുകളുടെ ഭൂവിഹിതമാണ് റബറിനായി നാം മാറ്റിവച്ചത്. ഇത്രയും ഭൂമി ശരാശരി ഏഴുവർഷം വരെ ഉത്പാദന പ്രക്രിയയിൽ നിന്ന് വിട്ടുനിൽക്കും. റബർ കൃഷി തെങ്ങുകൃഷിയെയും മരച്ചീനികൃഷിയെയും ആണ് ബാധിച്ചത്. ഈ സാഹചര്യത്തിൽ നമ്മുടെ പഞ്ചായത്തിന് റബർ കൃഷിയെ സംബന്ധിച്ച് ഭക്ഷ്യോത്പാദനശാസ്ത്രപരമായ ചില വീക്ഷണങ്ങൾ ഉണ്ടാകേണ്ടത് ആവശ്യമാണ്.

1980–81 കാലയളവിൽ കുന്നത്തൂർ പഞ്ചായത്തിലെ ഏതാണ്ട് 1200 ഹെക്ടർ ഭൂമിയിൽ തെങ്ങ് മുഖ്യ വിളയായിരുന്നു. നാടൻ ഇനത്തിൽപെട്ട തെങ്ങുകളായിരുന്നു അധികവും. സാമാന്യം നല്ല വിളവുലഭിക്കുകയുമുണ്ടായി. 1930 കളിലോ 40 കളിലോ നട്ടുവളർത്തിയ ആതെങ്ങുകളുടെ ആയുസ്സിന്റെ അവസാനഭാഗങ്ങളായിരുന്നു അത്. തുടർന്ന് അവയുടെ സ്ഥാനം അത്യുത്പാദനശേഷിയുള്ള സങ്കരയിനം തെങ്ങുകൾ കയ്യടക്കി. ഇത്തരം പുതിയ തെങ്ങുകളുടെ പാലനം, വിന്യാസം, വ്യാപനം എന്നീ നടപടികൾ ശാസ്ത്രീയമായി നടന്നില്ല. ഇതുകൊണ്ടുതന്നെ ഇനം തിരിഞ്ഞ തെങ്ങുകളുടെ സംഖ്യ പ്രദേശത്ത് വ്യാപിക്കുവാനും ഇടവന്നു. സമാനമായ ഒരു രോഗപ്രതിരോധ സ്വഭാവം പഞ്ചായത്തിലെ കേരവൃക്ഷസമൂഹത്തിൽ നിലനിന്നില്ല. ജൈവവളപ്രയോഗത്തിലെ സാധൂകരിക്കാനാവാത്ത കുറവും മണ്ണിലുണ്ടായ ഘടനാവ്യത്യാസങ്ങളും കൂടിചേർന്നപ്പോൾ കർഷകന് തെങ്ങിനെ ആശ്രയിക്കാമെന്നുള്ള ധാരണയിൽ വിള്ളലുകൾ വീണു. മരംകയറ്റ തൊഴിലാളികളുടെ സുവർണ്ണയുഗത്തിന് തിരശ്ശീല വീണുതുടങ്ങുകയും ചെയ്തു. 1970–71 കാലഘട്ടം മുതൽ തെങ്ങിന് ജൈവവളം നൽകുന്ന പ്രവണത നമ്മുടെ കർഷകർക്ക് അന്യമായി തുടങ്ങി. ഇന്ന് അതു പൂർണ്ണവുമായി. 75–76 കാലഘട്ടം വരെ കല്ലടയാറ്റിലൂടെ നാളീകേരമാലികളും തൊണ്ടുമാലികളും പോകുന്നത് സ്ഥിരം കാഴ്ചയായിരുന്നു. ലോറികളിലും കേരോത്പന്നങ്ങൾ വ്യാപകമായി പുറം നാടുകളിലേക്ക് കുന്നത്തൂർ പഞ്ചായത്തിൽ നിന്നും കൊണ്ടുപൊയ്ക്കൊണ്ടിരുന്നു. ഇന്നതൊക്കെ കഥകളായി നിലനിൽക്കുന്നു.

ഇന്ന് കുന്നത്തൂർ പഞ്ചായത്തിലെ 842 ഹെക്ടർ സ്ഥലത്തുമാത്രമാണ് തെങ്ങു വളരുന്നത്. കാറ്റുവീഴ്ച, നാമ്പുചീയൽ, വേരുചീയൽ, ഓലമഞ്ഞളിപ്പ് തുടങ്ങിയ ഒട്ടനവധി രോഗങ്ങൾക്ക് വിധേയമാണ് നമ്മുടെ കല്പവൃക്ഷങ്ങൾ – കേരവൃക്ഷങ്ങൾ. പഞ്ചായത്തിൽ ആകെ ഏതാണ്ട് 1,40,000 തെങ്ങുകൾ ഉണ്ട്. ഇവയിൽ ഏകദേശം 69,000 എണ്ണം കായ്ക്കുന്നതും 71,000 എണ്ണം കായ്ക്കാത്തതുമാണ്. ഇവയിൽ 42,000 തെങ്ങുകൾ വിവിധ രോഗങ്ങളുടെ പിടിയിലാണ്. 18,000 തെങ്ങുകളെ കാറ്റുരോഗമാണു ബാധിച്ചിരിക്കുന്നത്. കേടുവന്ന രോഗ സംക്രമണകാരികളായ തെങ്ങുകൾ മുറിച്ചു നശിപ്പിക്കേണ്ടത് ഈ മേഖലയുടെ ഒരടിയന്തിരാവശ്യമാണ്. ഉദ്പാദനശേഷിയുള്ള തെങ്ങുകളുടെ എണ്ണം കുറഞ്ഞതോടൊപ്പം ഭൂശിഥിലീകരണത്തിന്റെ തുടർച്ചയായി കൃഷിയിടങ്ങളിലെ അതിർത്തിയും അതിർത്തി വൃക്ഷങ്ങളും പെരുകിയതും കാർഷികവിളയെന്ന അർത്ഥത്തിൽ തെങ്ങിനേറ്റ കനത്ത പ്രഹരമായിരുന്നു. കേരഭൂമിയുടെ വിസ്തൃതി സംരക്ഷിക്കുകയും ഉദ്പാദന സാഹചര്യങ്ങൾ സൃഷ്ടിച്ച് പുലർത്തുകയും ചെയ്തുകൊണ്ടുള്ള ഒരു സമീപനം കേരകൃഷിയുടെ കാര്യത്തിൽ നമുക്ക് സ്വീകരിക്കണം. തെങ്ങോല, ചിരട്ട, ചകിരി എന്നീ ഉപോത്പന്നങ്ങൾ കരകൗശലരംഗത്ത് സാധ്യതകളുള്ള വിഭവങ്ങളായിരിക്കെ ആവഴിക്കുള്ള ആലോചനകളും സൃഷ്ടിപരമാണ്.

60 കളിലെ ഊർജ്ജിത നെൽകൃഷിവികസനപരിപാടികൾ കുന്നത്തൂർ പഞ്ചായത്തിലും ആശാവഹമായ ചലനങ്ങൾ സൃഷ്ടിച്ചു. എന്നാൽ ആ ചലനങ്ങൾ നിലനിന്നു പോന്നില്ല. വെള്ളപ്പൊക്കങ്ങളും രോഗബാ


76° 40'
76° 43'
നീരൊഴുക്ക്.
0
1 കി. മീ.
വടക്ക്
9° 5'
9° 2'
4
3
5
6
1
2
നീർമറി വിദ്യുതകം.
നീർമറി പ്രദേശം.
നദി/തോട്.
ചീപ്പ്
SOURCE PRM PROGRAMME - CESS.


I II III IV V VI VII VIII IX X
0 2 4 6 8
SOURCE PRM PROGRAMME CESS

ധകളും നെൽകൃഷിയ്ക്ക് തടസ്സങ്ങളായിരുന്നു. ജൈവ വളപ്രയോഗത്തിൽ വന്ന കുറവും നെല്ലിന്റെ സ്ഥായീ സ്വഭാവങ്ങളെ ചൂഷണംചെയ്യുന്നതിൽ വിഘാതമുണ്ടാക്കി. രണ്ടു ദശാബ്ധങ്ങൾക്കു മുമ്പ് പഞ്ചായത്തിലെ കൃഷിഭൂമിയുടെ ഏതാണ്ട് 22%-ത്തോളം ഭാഗത്ത് വ്യാപിച്ചിരുന്ന നെൽപ്പാടങ്ങൾ പൊതുവേ രണ്ടു പൂവ് കൃഷിക്ക് ഉപയോഗിച്ചിരുന്നു. മൂന്ന് പൂവ് വരെ കൃഷി ചെയ്ത ഭാഗങ്ങളും ഉണ്ടായിരുന്നു. 60-70 കാലയളവിൽ ആകെ നെൽകൃഷിയുടെ വിസ്തൃതി (മൂന്നു പൂവിലും കൂടി) ആയിരുന്നത് 800 ഹെക്ടർ ആയി ചുരുങ്ങിയിരിക്കുന്നു. ആകെ നെൽപാടങ്ങളുടെ ഏതാണ്ട് 14% വിവിധ ആവശ്യങ്ങൾക്കായി നികത്തിയിട്ടുണ്ട്. പുതിയ നെൽ വിത്തിനങ്ങളുടെ വരവു പ്രതീക്ഷകൾക്കു ഒപ്പം എത്താതെയും ആയി. ഇന്ന് പഞ്ചായത്തിലെ നെൽകൃഷി വളരെ ദയനീയമായ അവസ്ഥയിലാണ്. നെൽപാടങ്ങൾ എല്ലാം തന്നെ കൃഷിക്കുപയോഗിക്കുന്നില്ല എന്നു മാത്രമല്ല ഒരു പൂവിൽതന്നെ കൃഷി ഒതുക്കുകയുമാണ്. വൈക്കോൽത്തുറുവിന്റെ എണ്ണം അഭിമാനിയായ കർഷകന്റെ ആഢ്യതയായിക്കരുതിയിരുന്ന കാലം നമ്മുടെ പഞ്ചായത്തിലും പടിയിറങ്ങിപ്പോയി. പഞ്ചായത്തിന്റെ അരിയുടെ പ്രതിവർഷ ആവശ്യം ഏതാണ്ട് 3427 ടൺ ആണ്. എന്നാൽ 1700 ടണ്ണിനടുത്ത് മാത്രമാണ് നമ്മുടെ അരിയുത്പാദനം. ആവശ്യത്തിന്റെ ഏതാണ്ട് പകുതിയോളം അരിക്ക് നാം ബാഹ്യവിപണികളെ ആശ്രയിക്കുന്നു. ഉദ്ദേശം 3300-ൽ അധികം കുടുംബങ്ങൾ അരിയ്ക്കുവേണ്ടി വിപണിയെ സമീപിക്കുന്നു. ഇങ്ങനെ 172 ലക്ഷത്തോളം രൂപ പഞ്ചായത്തിന്റെ സമ്പത്ത് മേഖലയിൽ നിന്നും പ്രതിവർഷം ചോർന്നു പോകുന്നു. ഇതര ഘടകങ്ങൾ എല്ലാം തന്നെ ഉറപ്പുവരുത്തിയാൽ പോലും കർഷകത്തൊഴിലാളികളുടെ ദൗർലഭ്യം നമ്മുടെ പ്രദേശത്ത് നെൽകൃഷിയ്ക്ക് കടുത്ത പ്രതിസന്ധി സൃഷ്ടിക്കുന്നു. ഇഷ്ടിക വ്യവസായവും റോഡുനിർമ്മാണങ്ങളും പഞ്ചായത്തിലെ നെൽപാടങ്ങളെ സാരമായി ബാധിക്കുന്നുണ്ട്. ആകെ നെൽപാടത്തിന്റെ 4% (പതിനാലു ഹെക്ടർ) ചെളിയെടുപ്പുമൂലം ഉപയോഗ ശൂന്യമായിട്ടുണ്ട്. രചനാത്മകമായ സമീപനങ്ങളിലൂടെ ഈ പ്രവണത നിയന്ത്രിയ്ക്കണം. കൂലി വർദ്ധനവും വളത്തിന്റെ വിലയിലുണ്ടായ കുതിച്ചുചാട്ടവും നിയന്ത്രിയ്ക്കാൻ കഴിഞ്ഞെങ്കിൽ മാത്രമേ നെൽകൃഷിയെ രക്ഷിയ്ക്കാനുള്ള സാഹചര്യങ്ങൾ സംജാതമാകൂ.

അരിയുടെ ഉത്പാദനം ആശങ്കാജനകമായി കുറഞ്ഞിട്ടുള്ള സാഹചര്യത്തിൽ മരച്ചീനികൃഷി ഗൗരവമായി പരിഗണിയ്ക്കേണ്ടതുണ്ട്. 70-75 കാലയളവുവരെ 300 ഹെക്ടറോളം സ്ഥലത്ത് മരച്ചീനി കൃഷി വ്യാപിച്ചിരുന്നു. എലികളുടെ ശല്യം മാത്രമാണ് കർഷകരെ ഈ കൃഷിയിൽനിന്നും പിൻതിരിപ്പിച്ചത്. ഇന്ന് പഞ്ചായത്തിലെ മരച്ചീനി കൃഷിയുടെ വിസ്തൃതി കേവലം 18 ഹെക്ടർ മാത്രമാണ് അന്നജസമ്പൂർണ്ണമായ മരച്ചീനി ക്ഷാമകാലങ്ങളിൽ പാവപ്പെട്ടവരുടെ വിശപ്പുശമിപ്പിയ്ക്കാൻ ഉപയോഗിക്കപ്പെട്ടു എന്നത് സാംസ്കാരിക മുന്നേറ്റത്തിന്റെ തീൻമേശകളിൽ മരച്ചീനിക്ക് അയിത്തത്തിന്റെ നിയന്ത്രണം ഏർപ്പെടുത്തുവാൻ ഇടവന്നിട്ടുണ്ടോ എന്ന് സംശയിക്കണം. കാലറികമൂല്യമുള്ള മരച്ചീനിയെ പഞ്ചായത്തിന്റെ ഇന്നത്തെ ഉൽപ്പാദനപ്രതിസന്ധിയിൽ സമുദ്ധരിക്കേണ്ടതുണ്ട്. ഒരു മുഖ്യഭക്ഷ്യ വസ്തു എന്നതിനോടൊപ്പം 100 ൽ അധികം വിഭവങ്ങളുടെ നിർമ്മാണത്തിന് ഉപയോഗിക്കാവുന്ന കാർഷികോൽപ്പന്നം എന്ന നിലയിലും മരച്ചീനിക്ക് പഞ്ചായത്തിന്റെ കാർഷികമേഖലകളിൽ അർഹമായ സ്ഥാനം കണ്ടെത്തേണ്ടതായിട്ടുണ്ട്. സ്റ്റാർച്ച് ഉൽപ്പന്ന ഫാക്ടറികൾ പോലുള്ള വ്യവസായ സ്ഥാപനങ്ങളിലും ഒരു അസംസ്കൃത വസ്തു എന്ന നിലയിൽ മരച്ചീനിയുടെ പ്രസക്തി ശ്രദ്ധേയമാണ്.

അടുത്തകാലംവരെ നമ്മുടെ പഞ്ചായത്തിന്റെ കൃഷി ഭൂമികളിൽ ഹ്രസ്വകാലവിളമായി പയറുവർഗ്ഗവിളകൾ സ്ഥാനം പിടിച്ചിരുന്നു. മണ്ണിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് ഈവിളകൾ നമുക്ക് നൽകുന്ന പ്രയോജനങ്ങൾ മനസ്സിലാക്കിയിട്ടാവണം. പഞ്ചായത്തിലെ മുൻഗാമികളായ കർഷകർ കൃഷിയിടങ്ങളിൽ ഒരാചാരംപോലെ തന്നെ പയറ് വിളയിച്ചത്. ചെറുവയർ, വൻപയർ, മുതിര എന്നിവയായിരുന്നു പ്രധാനം. ഈ വിളകൾഎല്ലാം തന്നെ പഞ്ചായത്തിൽ അപ്രത്യക്ഷമായിതിക്കുകയാണ്. പഞ്ചായത്തിലെ ജനസമൂഹത്തിന് പ്രതിവർഷം ആവശ്യമുള്ള പയറ് ഉൽപ്പാദനം ഏതാണ്ട് 334 ടൺ ആണ് എന്നാൽ ഇപ്പോഴത്തെ ഉൽപ്പാദനം 6 ടണ്ണിൽ താഴെ മാത്രമേയുള്ളു. കാലറിക ആവശ്യങ്ങളെ തൃപ്തിപ്പെടുത്തുവാൻ അസാമാന്യമായ ശേഷിയുള്ള പയറിന്റെ ഉൽപ്പാദനതകർച്ച ഗൗരവകരങ്ങളായ പോഷകാഹാര പ്രശ്നങ്ങൾ സൃഷ്ടിക്കും. ഇതിന്റെ പോഷകപ്രാധാന്യം വേണ്ടത്ര മനസ്സിലാക്കാത്ത സാധാരണ ജനത. ഒരവശ്യ ഘടകമെന്നനിലയിൽ പയറിനുവേണ്ടി വിപണിയെ സമീപിക്കാനുള്ള സാധ്യതയും കുറവാണ്. പഞ്ചായത്തിന്റെ പയറ് കൃഷി പുനരുജ്ജീവിപ്പിക്കാനുള്ള നടപടികൾ ഇനിവൈകിച്ചുകൂടാ.

കിഴങ്ങു വർഗ്ഗവിളകളുടെ കാര്യത്തിലും തളർച്ചകൾ ബാധിച്ചു. ബാഹ്യവിപണികൾക്കു പോലും നൽകാൻ കഴിയുന്ന വിധത്തിൽ കിഴങ്ങുവർഗ്ഗ ഉൽപ്പാദനം കുന്നത്തൂർ പഞ്ചായത്തിലുണ്ടായിട്ടുണ്ട്. നമ്മുടെ പല ആചാരങ്ങളിലും ചേമ്പ്, കാച്ചിൽ തുടങ്ങിയ കിഴങ്ങിനങ്ങൾ തീയിൽ ചുട്ടും പാകം ചെയ്തും ഉപയോഗിച്ചത് പ്രബുദ്ധമായ ഒരു സംസ്കാരത്തിന്റെ ബോധ വ്യാപ്തിയെയാണ് സൂചിപ്പിക്കുന്നത് എന്ന് കാണാം. ഭക്ഷണം എന്ന നിലയിൽ കിഴങ്ങുകൾ സ്വാദിഷ്ടവും പോഷകസമൃദ്ധവുമാണ്. ഈ വിളകളുടെ തിരോധാനവും പഞ്ചായത്തിലെ കൃഷിഭൂമിയിൽ പ്രകടമാണ്. പഞ്ചായത്തിനാവശ്യമായ കിഴങ്ങുൽപ്പാദനം 400 ടൺ ആണ്. എന്നാൽ ഉൽപ്പാദനം 150 ടൺ മാത്രം. ഈ നിലയിലും മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്. പച്ചക്കറി കൃഷിക്ക്

അർഹമായ പരിഗണന നൽകിയിരുന്ന പഞ്ചായത്തിന്റെ കാർഷികരംഗം ഇന്ന് വ്യത്യസ്തമായ ഒരു നിലപാടിലാണ്. പച്ചക്കറികൾക്ക് ഏതാണ്ട് പൂർണ്ണമായും ബാഹ്യ വിപണിയെ ആശ്രയിക്കുന്നു. പഞ്ചായത്തിലെ 75% കുടു:ബങ്ങളിലും വിവിധയിനം പച്ചക്കറികൾ വിളയിച്ചിരുന്നു എങ്കിൽ ഇന്ന് 2% മാത്രം കുടു:ബങ്ങളാണ് ഈ കാര്യത്തിൽ സമാന്യമായ ശ്രദ്ധയെങ്കിലും വയ്ക്കുന്നത്. പറമ്പുകളിലെ വൃക്ഷങ്ങളിലും മേൽക്കൂരകളുടെ പുറത്തും സമൃദ്ധമായി കായ്ച്ചുകിടന്ന കുമ്പളം, ചുരക്ക, നിലത്ത് പടർന്നിരുന്ന മത്തൻ, വെള്ളരി, എന്നിവയുടെ സമൃദ്ധിയും ഓർമ്മകളിൽ ഒതുങ്ങുന്നു. പഞ്ചായത്തിനാവശ്യമായ 460 ടൺ പച്ചക്കറിയിൽ പ്രാദേശികമായി നമുക്ക് ഉൽപ്പാതിപ്പിക്കാൻ കഴിയുന്നത്. കേവലം 2 ടൺ ആണ്. 'രണ്ടായിരാമാണ്ടിൽ എല്ലാവർക്കും ആരോഗ്യം' എന്ന വീക്ഷണത്തിന്റെ സാഫല്യത്തിന് പച്ചക്കറി കൃഷിയുടെ വ്യാപനവും വികസനവും അത്യന്താപേക്ഷിതമാണ്.

കുന്നത്തൂർ പഞ്ചായത്ത് ഫലവൃക്ഷങ്ങളുടെയും ഔഷധസസ്യങ്ങളുടെയും സമൃദ്ധി ഒരു ദശാബ്ദത്തിനു മുമ്പുവരെ അനുഭവിച്ചിരുന്നു. ഈ രംഗം ഇപ്പോൾ ശ്രദ്ധിക്കപ്പെടാത്ത അവസ്ഥയിലാണ്. കുഞ്ഞുങ്ങളുടെയും ഗർഭിണികളുടെയും ശാരീരിക പ്രതിരോധ ശേഷിക്ക് ഈ വിളകളുടെ സംഭാവനകൾ വിവരണാതീതമാണ്. ഇതോടൊപ്പംതന്നെ പുഷ്പകൃഷിയും പ്രോത്സാഹിപ്പിക്കപ്പെടേണ്ടതായിരിക്കുന്നു. വനിതകൾക്കും കുട്ടികൾക്കും വളരെയേറെ തൊഴിൽ സാധ്യതകൾ ഈ വഴിക്ക് കണ്ടെത്തുവാൻ നമുക്ക് കഴിയും. കുരുമുളക് കൃഷിയിലും മറ്റ് സുഗന്ധ വിളയിലും നമ്മുടെ കർഷകരിൽ ആഭിമുഖ്യം വളർത്തുന്നതിലൂടെ പഞ്ചായത്തിന്റെ സമ്പത്ഘടനയിൽ ആശാവഹമായ ചലനങ്ങൾ സൃഷ്ടിക്കുവാൻ കഴിയും.

കാർഷികമേഖലയുടെ തളർച്ചക്ക് കൂടുതൽ വേഗം പകർന്നത് കീടരോഗബാധകളും തൊഴിലാളികളുടെ ദൗർലഭ്യവും വർദ്ധിതമായ ചിലവും ആണെന്ന് ഏകദേശമായി കണ്ടെത്താൻ കഴിയും. വളത്തിന്റെ വില വർദ്ധനവ് ഇവിടെ കൂടുതൽ പ്രസക്തമാണ്.

കൂലിസേവനവ്യവസ്ഥകൾ.

ഉത്പന്നങ്ങളുടെ ഒരു നിശ്ചിതഭാഗം കൂലിയായി അംഗീകരിച്ച സുദീർഘമായ ഒരു കാലഘട്ടം പഞ്ചായത്തിൽ ഉണ്ടായിരുന്നു. എന്നാൽ കഴിഞ്ഞ പത്തുവർഷക്കാലത്ത് കർഷക തൊഴിലാളികളുടെ ലഭ്യതയിൽ കുറവുവന്നതോടെ കൂലിനിരക്കുകളും ക്രമങ്ങളും സമൂലമായി മാറി. കഴിഞ്ഞ ദശാബ്ദത്തിനിടെ കൂലി നിരക്കുകളിൽ ശരാശരി 212.5 മുതൽ 312.5 വരെ ശതമാനം വർദ്ധനയാണ് ഉണ്ടായത്. പ്രദേശത്ത് പ്രത്യേക കാർഷികജോലിക്ക് പ്രത്യേകകൂലി ക്രമം എന്നരീതിയും കൂലിക്രമം നിർണ്ണയിക്കുന്നതിൽ കർഷകനോ സർക്കാരിനോ പങ്കും ഇല്ല എന്ന സമീപനവും ഈ രംഗത്ത് സാധൂകരിക്കാനാവാത്ത അസന്തുലനങ്ങൾ വരുത്തി. മുൻകാലത്ത് തൊഴിലുകൾ കുറവും തൊഴിലാളികൾ കൂടുതലും എന്ന വിധത്തിൽ നിലനിന്നിരുന്ന അനുപാതം, സാമൂഹ്യവും ശാസ്ത്രീയവുമായ കുതിച്ചു ചാട്ടത്തിന്റെ പ്രാദേശിക ചലന ഗതികളിൽ പൊടുന്നനെ വിപരീത ദിശയിലായി. തൊഴിലുകൾ കൂടുതലും തൊഴിലാളികൾ കുറവും എന്ന ആപേക്ഷിക അനുപാതത്തിന്റെ തണലിൽ കൂലി നിരക്കുകൾ എപ്പോഴും മാറാം എന്ന നിലയെത്തി. എന്നാൽ കുറഞ്ഞകൂലി നിരക്കിൽ തമിഴ്നാട്ടിൽ നിന്നുള്ള തൊഴിലാളികൾ നമ്മുടെ പ്രദേശങ്ങളിൽ പലതൊഴിലുകളും ചെയ്യുന്നുണ്ട്. ഇവിടെ സമീപിക്കാവുന്ന വിട്ടുവീഴ്ചയുടെ മേഖലകൾ തേടാൻ കഴിഞ്ഞേക്കും. കൂലിവർദ്ധനവ് ഉല്പന്ന വിലയുമായി സമീകരിക്കാൻ പ്രയാസപ്പെടുന്ന കർഷകൻ കാർഷികോത്പാദന രംഗത്ത് നിസ്സഹായനാവുകയാണ്. കൊയ്ത്തിന് 8 ൽ ഒന്ന് പതം കൂലിയായി വാങ്ങിയിരുന്ന കർഷകർ ഇന്ന് കൊയ്ത്തിന് (കൊയ്യുന്നതിനും കറ്റകെട്ടുന്നതിനും കറ്റചുമക്കുന്നതിനും മെതിക്കുന്നതിനും) പ്രത്യേക തരംതിരിവോടെ കൂലി ആവശ്യപ്പെട്ടതുതന്നെ നെൽകൃഷിയുടെ ആപത്കരമായ ഒരറുതിയിലേക്ക് നെല്ലുല്പാദകനെ ഉന്തിവിട്ടിരിക്കുന്നു. ഇത് ഒരു ഉദാഹരണം മാത്രമാണ്.

ഉത്പന്നങ്ങളുടെ വിലയും വിപണനവും

നെല്ല്, വാഴക്കുല, തേങ്ങ തുടങ്ങിയ പ്രധാനവിളകൾക്ക് നമ്മുടെ കർഷകന് ന്യായമായ വില കിട്ടുന്നില്ല. ഈ വിളകൾക്കെല്ലാം തന്നെ വ്യാപകമായി ഇൻഷൂറൻസ് സംരക്ഷണവും തറവിലയും ഉറപ്പുവരുത്തേണ്ടതുണ്ട്. ഉത്പാദന ചെലവിനോടു നീതി പുലർത്തുന്ന ഒരു വിലവ്യവസ്ഥ സംജാതമാക്കുന്നതിന് സഹകരണാടിസ്ഥാനത്തിലുന്നിയുള്ള ഉത്പാദനം, ഉത്പാദനശേഖരണം, ഉത്പന്ന വിതരണം എന്നീ സംവിധാനങ്ങൾ പ്രയോജനപ്പെടുത്തേണ്ടിയിരിക്കുന്നു. പ്രശ്ന ജഡിലമായ മേഖലകളിലൂടെ കടന്നെത്തുന്ന നമ്മുടെ കാർഷിക ഉത്പന്നങ്ങൾ വിറ്റഴിക്കുന്നതിനു പര്യാപ്തമായ കമ്പോളം ഇന്ന് പഞ്ചായത്തിലില്ല. പഞ്ചായത്തിലെ പ്രധാന കമ്പോളമായ പൂതക്കുഴി പബ്ലിക് മാർക്കറ്റ് വേണ്ടവിധത്തിൽ നമ്മുടെ കർഷകർക്ക് വിപണന സൗകര്യങ്ങൾ നൽകുന്നില്ല. ഇക്കാരണം കൊണ്ട് തൊട്ടടുത്തുള്ള ശാസ്താംകോട്ടയിലെയും കടമ്പനാട്ടെയും പുത്തൂരിലെയും കമ്പോളങ്ങളെ അവർ ശരണം പ്രാപിക്കുന്നു. അധിക വാഹന ചെലവും ഇതര ചെലവുകളും സഹിക്കുവാൻ കർഷകർ നിർബ്ബന്ധിതരാകുന്നു. ഉത്പന്ന വിപണന ശൃംഖലയിലെ ഒരു സുപ്രധാന കേന്ദ്രമാക്കി പൂതക്കുഴി പബ്ലിക് മാർക്കറ്റിനെ വികസിപ്പിക്കേണ്ടത് അടിയന്തിര പ്രാധാന്യമുള്ള കാര്യമാണ്. ഇതിന് ഉദ്പാദകരായ കർഷകരുടെ സഹകരണമാണ് പ്രധാനമായി വേണ്ടത്.

വളപ്രയോഗം.

ജൈവവളപ്രയോഗത്തിൽ തീരെ ശ്രദ്ധിക്കാത്ത


ഭൂഗർഭജല ലഭ്യതകൾ.
0
20 കി.മീ.
വലിയ വിസ്തൃതമുള്ള കിണർ കുഴിക്കുവാൻ പറ്റിയ സ്ഥലം.
സാധാരണ കിണർ കുഴിക്കുവാൻപറ്റിയസ്ഥലം
വലിയതോതിലുള്ള കുഴൽ കിണർ കുഴിക്കുവാൻ പറ്റിയ സ്ഥലം.
കുന്നത്തൂർ പഞ്ചായത്ത്.

ഭൂചാ 8-1

ഒരു കാർഷികസംസ്കാരം നമ്മുടെ പഞ്ചായത്തിൽ രൂഢമാകുന്നതായി കാണാം. ഇത് മണ്ണിന്റെ ഉദ്പാദന ശേഷിയെ സാരമായി പരിക്കേല്പിച്ചിരിക്കുകയാണ്. എന്നാൽ രാസവളത്തിന്റെ പ്രയോഗം വർദ്ധിച്ചുവരിക യുമാണ്. ഈ പ്രവണതയും മണ്ണിന്റെ ഗുണനിലവാര ത്തിന് ഹാനികരമാണ്. '93 മുതൽ 96 വരെയുള്ള കണ ക്കുകൾ ഈ വളക്രമത്തിന്റെ ഗതിവ്യക്തമാക്കുന്നു. ജൈവവളത്തിലൂന്നിയ വിളപോഷണ സ്വഭാവം വളർത്തിയെടുക്കണം. മണ്ണിരക്കമ്പോസ്റ്റ്, സാധാരണ കമ്പോസ്റ്റ്, ചാണകം, പച്ചിലവളങ്ങൾ എന്നീ ഉപാധികൾ സാർവ്വത്രികമാക്കേണ്ട ഒരു കാർഷിക ഘട്ടമായി നമുക്കീ സന്ദർഭത്തെ പരിഗണിക്കണം. കീടനാശിനി പ്രയോഗവും കൂടുതൽ ശാസ്ത്രീയവും നിയന്ത്രിതവും ആക്കേണ്ടതുണ്ട്.

വായ്പാസൗകര്യങ്ങൾ.

പതിനഞ്ചു വർഷത്തിനപ്പുറം പഞ്ചായത്തിലെ കർഷകർക്ക് കാർഷിക വ്യവസ്ഥാപിതമായി വായ്പകൾ ലഭ്യമാക്കുന്നതിന് വ്യക്തമായ സാഹചര്യങ്ങൾ ഒന്നും തന്നെ ഇല്ലായിരുന്നു. അന്ന് പ്രവർത്തിച്ചിരുന്ന ചില സഹകരണ സംഘങ്ങളും സമ്പന്നരും നേരിയ സഹായം കർഷകർക്ക് ലഭ്യമാക്കിയിരുന്നു എന്നത് വിസ്മരിക്കാനും കഴിയില്ല. എന്നാൽ ധനകാര്യ സ്ഥാപ നങ്ങൾ കാർഷികരംഗത്തെ പിൻതുണക്കുവാൻ എത്തി യതോടെ കാർഷികമേഖലയിൽ ചില ഉണർവ്വുകൾ ഉണ്ടായി. എന്നാൽ ഉത്പാദനക്കുറവ് വായ്പകൾ തിരി ച്ചടക്കുന്നതിന് കാലതാമസവും വിഘ്നവും വരുത്തി. "ഏരിയാ അപ്രോച്ച്" എന്ന് കാഴ്ചപ്പാട് ധനകാര്യ/ ബാങ്കിംഗ് സ്ഥാപനങ്ങളുടെ സഹായം കാർഷികമേഖ ലയ്ക്ക് സഹായകമാകുന്നതിന് ലക്ഷ്യമിട്ടുള്ളതായിരു ന്നുവെങ്കിലും പ്രതീക്ഷിച്ച തരത്തിലുള്ള സാമ്പത്തിക സഹായത്തോത് ഇപ്പോഴും സൃഷ്ടിക്കപ്പെട്ടിട്ടില്ല. നമ്മുടെ ഉദ്പാദന ക്ഷമത നിലനിർത്താനും പരിപോ ഷിപ്പിക്കാനും ശ്രദ്ധിക്കുന്നതിനുമുമ്പ് കൂടുതൽ വായ്പ കളിലേക്ക് കർഷകർ തിരിയുന്നത് അഭികാമ്യമായിരി ക്കുമോ എന്നത് സജീവ പര്യാലോചനക്ക് വിധേയമാ കണം. പഞ്ചായത്തിലെ കർഷകർക്ക് സഹായകമാക ത്തക്കവിധത്തിൽ മൂന്ന് സർവ്വീസ് സഹകരണസംഘ ങ്ങളും ഒരു ജില്ലാ സഹകരണ ബാങ്കും പഞ്ചായത്ത തിർത്തിക്കുള്ളിൽ പ്രവർത്തിക്കുന്നുണ്ട്. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ ഒരു ശാഖയും പഞ്ചായത്തി ലുണ്ട്. ഇവയെക്കൂടാതെ ശാസ്താംകോട്ട കാർഷിക ഭൂവികസന ബാങ്കിന്റെ പ്രവർത്തന മേഖലയിൽ കുന്ന ത്തൂർ പഞ്ചായത്തും ഉൾപ്പെടുന്നു.

നടപ്പു പദ്ധതികൾ – അവലോകനം.

A കാർഷിക വിള വികസനം I നെല്ല്. (a) ഗ്രൂപ്പ് ഫാമിംഗ്.

കുന്നത്തൂർ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തി ട്ടുള്ള 10 ഗ്രൂപ്പ് ഫാമിംഗ് സമിതികൾ ഉണ്ട്. നെല്ലുല്പാദ കരെ സംഘടിപ്പിച്ച് നെല്ലുത്പാദനം ശക്തിപ്പെടുത്താൻ ഈ സമിതികൾക്ക് കഴിഞ്ഞിട്ടില്ല. സമിതികളുടെ പ്രവർത്തനം ഊർജ്ജസ്വലമല്ല. ഈ പദ്ധതിയിൽ 318:34 ഹെക്ടർ പാടശേഖരവും 1232 കർഷകരും ഉൾപ്പെട്ടിരി ക്കുന്നു. വസ്തുനിഷ്ഠമായ സമീപനം കൈവരിക്കുന്ന തിനും നെൽകൃഷിയുടെ ഏകോപിത സ്വഭാവം വളർത്തിയെടുക്കുന്നതിനും ഗ്രൂപ്പ് ഫാമിംഗ് സമിതികൾ പരാജയപ്പെട്ടിരിക്കുകയാണ്.

b. ഒരു ലക്ഷം യുവാക്കൾക്ക് പ്രത്യേകതൊഴിൽ ദാന പദ്ധതി.

പദ്ധതിയുടെ അടിസ്ഥാന ലക്ഷ്യം നേടുന്നതിനു പര്യാപ്തമായ വിധത്തിൽ പ്രവർത്തനം നടക്കുന്നില്ല. ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പിലും ഗുണഭോക്താ ക്കളുടെ പദ്ധതിയോടുള്ള സമീപനത്തിലും ഗുണപര മായ മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്. ആവശ്യബോധ ത്തോട് ഗുണഭോക്താക്കൾ സത്യസന്ധത പുലർത്താ ത്തതും ലഭ്യമാക്കുന്ന ധനരാശിയുടെ തോത് കുറ ഞ്ഞതും പദ്ധതിയുടെ പരാജയത്തിനു കാരണമാ ണെന്നു കാണുന്നു.

c. കുരുമുളകു കൃഷി വികസനം.

യഥാർത്ഥ കുരുമുളകു കൃഷിക്കാരെ പദ്ധതി യുടെ പരിധിയിൽ കൊണ്ടുവരുവാൻ ഇനിയും കഴിഞ്ഞി ട്ടില്ല. ഇക്കാര്യത്തിൽ കൃഷി ഭവനുകൾ വ്യാപകമായ അന്വേഷണം നടത്തുകയും കുരുമുളകു കൃഷിക്കുള്ള ആനുകൂല്യങ്ങൾ ഏതാനും ചില പ്രദേശങ്ങളിലും കർഷ കരിലും മാത്രമായി കേന്ദ്രീകരിക്കാതിരിക്കുവാനുള്ള നട പടികൾ കൈക്കൊള്ളുകയും ചെയ്യാത്തത് പദ്ധതിയി ലേക്ക് കർഷകരെ ആകർഷിക്കുന്നതിൽ ദൗർബല്യം സൃഷ്ടിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ നൽകിവരുന്ന ആനു കൂല്യങ്ങൾ വളരെ പരിമിതമാണ്.

d. കശുമാവിന്റെ വികസനം രോഗനിയന്ത്രണം.

തോട്ടവിളയായി കശുമാവ് കൃഷിചെയ്യാത്ത പഞ്ചായത്തിൽ കശുമാവുകളുടെ എണ്ണം വളരെ കുറ വാണ്. നടപ്പിലാക്കിവരുന്ന പദ്ധതി പഞ്ചായത്തിനു യാതൊരു വിധത്തിലും ഗുണകരമായ രീതിയിലല്ല. ഇതി നായി ചെലവാക്കുന്ന പണം വാസ്തവത്തിൽ പാഴാ വുന്നതായാണ് കാണാൻ കഴിയുന്നത്.

e. ജൈവവളം.

പദ്ധതിക്ക് വേണ്ടത്ര പ്രചാരണം നൽകാൻ കഴി ഞ്ഞിട്ടില്ല. വളരെ പ്രധാനപ്പെട്ട ഈ പദ്ധതി കൂടുതൽ കാര്യക്ഷമമാക്കണം. എന്നാൽ നിലവിലുള്ള പ്രവർത്ത നങ്ങൾ തീരെ ദുർബ്ബലമാണ്.

f. വെറ്റില – ഇഞ്ചി – മഞ്ഞൾ കൃഷി.

വളരെ പരിമിതമായ ധനലഭ്യത ഇത്തരം കൃഷി കളുടെ വികസനം സാധ്യമാക്കാൻ പര്യാപ്തമല്ല. വള രെയധികം സാദ്ധ്യതകളുള്ള പ്രസ്തുത വിളകൾക്ക്


ഭൂവിനിയോഗം
76° 40'
76° 45'
വടക്ക്
0
1 കി.മി.
9° 5'
9° 2'
Mc
P
R
നെൽപ്പാടങ്ങൾ
റബ്ബർ
തിരിച്ചറിയാത്ത വിളകൾ.
SOURCE PRN PROGRAMME - CESS.

അർഹമായ പ്രാധാന്യം പദ്ധതിയിൽ പ്രകടമായിട്ടില്ല. പല കർഷകർക്കും പദ്ധതിയെക്കുറിച്ചുള്ള അറിവ് ഇല്ല.

g. ബയോഗ്യാസ് വികസനം.

പദ്ധതിയുടെ ഗുണഫലങ്ങളെകുറിച്ചോ കാലിക പ്രസക്തിയെക്കുറിച്ചോ കർഷകർക്ക് വേണ്ടത്ര ബോധ വൽക്കരണം നടത്താൻ കഴിഞ്ഞിട്ടില്ല എന്നത് പദ്ധതി യുടെ ഒരു പരാജയമായി കാണുന്നു. പദ്ധതിക്ക് ജന കീയ സ്വഭാവം നൽകിക്കൊണ്ടുള്ള പ്രചാരണം നൽകേ ണ്ടതുണ്ട്.

h. തെങ്ങുകൃഷി വികസനം / കണികജലസേചനം.

ഈ പദ്ധതികളിൽ കർഷകർക്ക് ഒട്ടേറെ അതൃ പ്തിഉണ്ട്. പഞ്ചായത്തിലെ തെങ്ങുകൃഷിക്കു മൊത്ത ത്തിൽ പദ്ധതിപ്രവർത്തനം ബാധകമാക്കുന്നതിനുള്ള സാമ്പത്തികവിഹിതം ലഭ്യമാകാത്തത് കൊണ്ടാണ് ഈ അവസ്ഥ ഉണ്ടായിട്ടുള്ളതെന്നു കാണാം. കേരവികസന സമിതികളുടെ പ്രവർത്തനം വളരെ വികലമായ നില യിലാണ്. കൂടുതൽ കർഷകരെ ബന്ധപ്പെടുത്തികൊ ണ്ടുള്ള പ്രവർത്തനം ഇനിയും ഉണ്ടാകേണ്ടതുണ്ട്.

I. പയർവർഗ്ഗ - കിഴങ്ങുവർഗ്ഗവിളകളുടെ വികസനം.

നാമമാത്രമായ സാമ്പത്തികാനുകൂല്യങ്ങൾ ഇത്തരം വിളകളുടെ വികസനത്തിനു പര്യാപ്തമല്ല. കൂടുതൽ പ്രോത്സാഹനം ഈ രംഗത്തുണ്ടാകണം. വിത്തിന്റെയും വളത്തിന്റെയും ലഭ്യത കൂടുതൽ വ്യാപ കമാക്കേണ്ടതിന്റെ ആവശ്യകതക്ക് പദ്ധതിയിൽ ഊന്ന ലില്ല.

j. പ്രത്യേകഘടക പദ്ധതി.

പട്ടികജാതി വിഭാഗത്തിൽപെട്ട കർഷകരുടെ കാർഷികാഭിവൃദ്ധിക്ക് ഈ പദ്ധതി പ്രയോജനപ്പെടേണ്ട താണ്. എന്നാൽ ഗുണഭോക്താക്കളുടെ വിമുഖതയും എത്തിക്കുന്ന സഹായങ്ങളുടെ അശാസ്ത്രീയതയും പദ്ധതിയുടെ ലക്ഷ്യപ്രാപ്തികളിൽ പ്രയാസകരമായ ഘടകങ്ങളായി അനുഭവപ്പെടുന്നു. ശരിയായ സ്ഥിതി വിവരങ്ങളും ആവശ്യസ്വഭാവങ്ങളും സജീവമായി പരി ഗണിക്കാതെയുള്ള പ്രവർത്തനങ്ങളാണ് ഈ രംഗത്ത് നടന്നുവരുന്നതെന്ന് കാണാം.

k. സസ്യസംരക്ഷണ പ്രവർത്തനങ്ങൾ.

പഞ്ചായത്തിലെ സസ്യസംരക്ഷണ പ്രവർത്തന ങ്ങളിൽ കൃഷിഭവനുകളുടെ ഐകരൂപ്യം ഇല്ലാത്ത പ്രവ ണത അസന്തുലനങ്ങൾക്കിടവരുത്തിയിട്ടുണ്ട്. വേണ്ടത്ര സസ്യസംരക്ഷണ ഉപകരണങ്ങൾ കേരസമിതികൾക്കോ ഗ്രൂപ്പ് ഫാമിംഗ് സമിതികൾക്കോ ലഭ്യമായിട്ടില്ല. ഈ രംഗത്ത് പൊതുധാരണകളില്ലാത്തതും ഈ രംഗത്തിന്റെ പരാജയത്തിനിടയായിട്ടുണ്ട്.

മണ്ണ്, ജലസംരക്ഷണം

അറുപതുകളുടെ അവസാനം വരെ നമ്മുടെ ഭൂസ മ്പത്ത് സമ്പുഷ്ടമായിരുന്നു. ഉൽപ്പാദനത്തിൽ ഇത് പ്രതി ഫലിക്കുകയും ചെയ്തിരുന്നു. തുടർന്നു വന്ന കാലഘ ട്ടത്തിൽ ഭൂമിയുടെ ശിഥിലീകരണവും വിനിയോഗവും സാരമായ മാറ്റങ്ങൾക്ക് വിധേയമായി. അശാസ്ത്രിയ മായ വിളമാറ്റങ്ങളും, ജൈവവളപ്രയോഗത്തിൽ പ്രകട മായ മാന്ദ്യവും നമ്മുടെ മണ്ണിന് ഘടനാപരമായ സ്ഥിര തനിലനിർത്താനുള്ള സാഹചര്യം നഷ്ടമാക്കി. തൃപ്തി കരമായ ഉൽപ്പാദനം നേടാൻ നമ്മുടെ പൂർവ്വ കർഷ കരെ സഹായിച്ച മണ്ണിന്, പുത്തൻ ശാസ്ത്രസാങ്കേത ങ്ങളെ ഉൾക്കൊള്ളുവാനുള്ള സാഹചര്യങ്ങൾ നില നിർത്തപ്പെട്ടില്ല. ആചാരംപോലെ തുടർന്നുപോന്ന ജൈവവളപ്രയോഗവും ആവരണവിള ക്രമങ്ങളും വിള പരിവൃത്തികളും ദുർബലമാകാൻ തുടങ്ങിയതോടെ മണ്ണിന്റെ പോഷകനിലവാരത്തിലും ജലാഗീരണ ശേഷി യിലും പൊരുത്തക്കേടുകൾ ഉണ്ടായി. ഇതോടൊപ്പം പഞ്ചായത്തിന്റെ 64% ത്തോളം വരുന്ന ചരിവ് പ്രതല ങ്ങളിൽ നിന്നും മഴവെള്ളത്തോടൊപ്പം മേൽമണ്ണ് ഒഴുകി പോകുന്ന പ്രവണത നിലനിൽക്കുന്നു. 800 ഹെക്ട റോളം സ്ഥലത്ത് സാമാന്യത്തിലതികം മണ്ണൊലിപ്പ് കാണപ്പെടുന്നു. മണ്ണൊലിപ്പിന്റെ പ്രഭാവം ഉൽപ്പാദനമേ ഖലയിൽ പ്രതിഫലിക്കുന്നതായി നാം തിരിച്ചറിഞ്ഞി ട്ടുണ്ട്. 463 ഹെക്ടറോളം വരുന്ന നമ്മുടെ താഴ് വരക ളിൽ 22000 മീറ്ററോളം വരുന്ന തോടുകൾ ഉണ്ടായിരുന്നു. ഇപ്പോൾ 19250 മീറ്റർ നീളം വരുന്ന 25 തോടുകൾ പഞ്ചാ യത്തിലുണ്ട്. ഇതിൽ 9 തോടുകൾ പ്രധാനപ്പെട്ടവയാണ്. എന്നാൽ നമ്മുടെ ഭൂമിയിലെ നീർവാർച്ചവ്യവസ്ഥകൾ ഇഴപിരിക്കുമ്പോൾ പഞ്ചായത്തിലെ ജല ബഹിർഗമന മുഖങ്ങളിൽ അവസാനിക്കുന്ന '6' നീർച്ചാൽ വ്യവസ്ഥ കൾ ആണ് ഉള്ളതെന്ന് കാണാം. പഞ്ചായത്ത് പ്രദേ ശത്ത് പ്രതിവർഷം ലഭിക്കുന്ന ഏകദേശം 45 ദശലക്ഷം ക്യൂബിക് മീറ്റർ മഴവെള്ളത്തിന്റെ സിംഹഭാഗവും മുക ളിൽ പ്രസ്ഥാവിച്ച '6' ചാൽ വ്യവസ്ഥകളിലൂടെ കല്ലട യാറ്റിൽ പതിക്കുകയാണ്. പഞ്ചായത്തിലെ ഓരോ നീർചാൽ വ്യവസ്ഥയും പ്രവർത്തിക്കുന്ന പ്രദേശങ്ങൾ ഓരോ നീർമറി (നീർതടം) പ്രദേശമാണ്. പഞ്ചായ ത്തിലെ '6' നീർത്തടങ്ങളിലും ഉയർന്ന ഭാഗം മുതൽ താഴ് വര വരെ ശാസ്ത്രീയമായി മണ്ണ് ജലസംരക്ഷണ പ്രവർത്തനങ്ങൾ നടത്തേണ്ടതിന്റെ ആവശ്യകത നമ്മുടെ കർഷകസമൂഹത്തിന് ബോധ്യപ്പെട്ടുതുടങ്ങിയി ട്ടുണ്ട്. 95-96 വർഷത്തിൽ പഞ്ചായത്തിന്റെ പടിഞ്ഞാറു ഭാഗത്തുള്ള നീർമറി പ്രദേശത്ത് സംരക്ഷണ പ്രവർത്ത നങ്ങൾ തുടങ്ങി കഴിഞ്ഞിട്ടുണ്ട്. 2,33,921 രൂപ ചിലവുവ രുന്ന സംരക്ഷണ പ്രവർത്തികൾ നടന്നു കഴിഞ്ഞു. കർഷകർക്ക് ഈ പദ്ധതിയോടുള്ള ആഭിമുഖ്യം ആശാ വഹമാണ്. പഞ്ചായത്ത് പ്രദേശത്ത് ചെറുതും വലുതു മായി 76,000 മീറ്റർ നീളത്തിൽ വ്യാപിച്ചു കിടക്കുന്ന

ചാൽജാലികയാണ് ഉള്ളത്. നീർചാലുകളുടെയും കൃഷി ഭൂമിയുടെയും ശാസ്ത്രീയമായ സംരക്ഷണ സംവിധാനങ്ങൾ നമ്മുടെ കാർഷികമേഖല പ്രാഥമികമായി ആവശ്യപ്പെടുകയാണ്.

ജലസേചനം.

മുൻകാലങ്ങളിൽ നീർത്തോടുകളുടെ ആരോഗ്യകരമായ പ്രവർത്തനം കൃഷിക്ക് കുറെയൊക്കെ ഉപയോഗിക്കുവാൻ കഴിഞ്ഞിരുന്നു. എന്നാൽ കൈയ്യേറ്റം മൂലവും നിലം നികത്തൽ മൂലവും പലതോടുകളും അടഞ്ഞു പോകുകയും എക്കൽ അടിഞ്ഞ് ചിലതോടുകൾ ഇടുങ്ങിപോകുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്തിന്റെ താഴ് വരകളിൽ 35 ൽ അധികം ഉറവകളും അവയിൽ നിന്നുള്ള തോടുകളും ആദ്യകാല നെൽകൃഷിക്ക് അനുപൂരകമായി പ്രവർത്തിച്ചിരുന്നു. എന്നാൽ ഇന്ന് കേവലം 15 ഓളം ഉറവകളാണ് ഭാഗികമായെങ്കിലും പ്രവർത്തന ക്ഷമമായിട്ടുള്ളത്. K.I.P കനാലുകൾ പഞ്ചായത്തിൽ മിക്കഭാഗങ്ങളിലൂടെയും കടന്നുപോകുന്നു. ഇതിനാകെ 26.32 കിലോമീറ്റർ നീളമുണ്ട്. എന്നാൽ കൃഷിക്ക് ആവശ്യാനുസരണം ഈ തോടുകൾ ഉപയോഗപ്പെടുന്നില്ല. മഴക്കാലത്ത് ഈ കനാലുകൾ പ്രളയകെടുതികൾവരെ ഉണ്ടാക്കുന്നു. അധിക ജലം സുരക്ഷിതമായി പുറംതള്ളാനോ സംഭരിക്കാനോ ഉള്ള അനുബന്ധ സംവിധാനങ്ങൾ ഇല്ലാ എന്നത് ഗുണത്തേക്കാൾ ഏറെ ദോഷം ചെയ്യുന്നു. കരകൃഷിക്ക് ഫലത്തിൽ ജലസേചന സൗകര്യങ്ങൾ ഒന്നും തന്നെയില്ല. ഇത് കാർഷിക മേഖലയുടെ ഉയിർത്തെഴുന്നേൽപ്പിന് പ്രതിബന്ധമാണ്. പഞ്ചായത്തിന്റെ ഭൂഗർഭ ജലവിതാനം താണു കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഉപരിതല ജലം സംഭരിച്ചു കൊണ്ടുള്ള ഒരു ജലസേചന സംസ്കാരം ഉരുത്തിരിയേണ്ടതുണ്ട്.



ചാർട്ട് iii



ചാർട്ട് iv

KUNNATHUR PANCHAYAT
WELL DATA DISTRIBUTION



Based on volunteers data

SOURCE PRM PROGRAMME-CESS

രാസവള – കീടനാശിനി വിപണനം 1993–94 മുതൽ 1995–96 വരെ.

ക്ര.നം.	സ്ഥാപനത്തിന്റെ സ്വഭാവം	1993–94			1994–95			1995–96		
		രാസവളം കി.ഗ്രാം	കീടനാശിനി		രാസവളം കി.ഗ്രാം	കീടനാശിനി		രാസവളം കി.ഗ്രാം	കീടനാശിനി	
			ഖരം കി.ഗ്രാം	ദ്രവം ലി.		ഖരം കി.ഗ്രാം	ദ്രവം ലി.		ഖരം കി.ഗ്രാം	ദ്രവം ലി.
(1)	(2)	(3)	(4)	(5)	(6)	(7)	(8)	(9)	(10)	(11)
01	സഹകരണം	65000	400	18	69000	450	20	553000	500	24
02	സ്വകാര്യം	1070000	505	260	130000	450	322	170000	750	460
	ആകെ.	172000	905	278	199000	900	342	723000	1250	484

ചാർട്ട് v

വിവിധ കൃഷിപ്പണികളുടെ കൂലിനിരക്ക് ഒരു താരതമ്യം.

ക്ര. നം.	കൃഷിപ്പണി	കൂലി '85		കൂലി '95		ശരാശരി വർദ്ധന %
		പുരു*	സ്ത്രീ*	പുരു*	സ്ത്രീ*	
01	പുരയിടം കിളയ്ക്കുവാൻ	45	–	125	–	312.5
02	നിലം കിളയ്ക്കുവാൻ	40	–	85	–	212.5
03	തെങ്ങിനു തടം തുറക്കുവാൻ	35	–	85		242.8
04	വാഴ തടം തുറന്ന് നടുവാൻ	40	–	100		250
05	ഉഴവിന്	75	–	200		266.7
06	കൊയ്തിന്	വിളയുടെ 1/8 പങ്ക്	വിളയുടെ 1/8 പങ്ക്	100	75	–
07	വരമ്പുപണി	40	–	100	–	250
08	കളയെടുപ്പ്	–	25	–	65	260
09	വളം ഉത്പന്നം ചുമടിന്	40	–	125	–	312.5
10	മറ്റുകൃഷിപ്പണികൾ	40	30	100	65	235.7

* പ്രതിദിന പ്രാദേശിക നിരക്ക്

ചാർട്ട് vii

ചില പ്രധാന വിളകളും കീടരോഗബാധകളും

ക്രമ നമ്പർ	വിള	രോഗം	കീടം
1	തെങ്ങ്	കാറ്റുവീഴ്ച ഓല ചീയൽ	കൊമ്പൻ ചെല്ലി ചെമ്പൻ ചെല്ലി
2	നെല്ല്	പോളകരിച്ചിൽ	ചാഴി
3	വാഴ	കുറുനാമ്പുരോഗം കൊക്കാൻ രോഗം	മാണവണ്ട്
4	കുരുമുളക്	ദ്രുതവാട്ടം	പൊള്ളുവണ്ട്
5	കവുങ്ങ്	മഹാളിരോഗം മഞ്ഞളിപ്പ്	-
6	മാവ്	ഡൈബാക്ക് (കമ്പുണക്കൽ)	പഴഈച്ച
7	കശുമാവ്	ഡൈബാക്ക്	തേയില കൊതുക് തണ്ടുതുരപ്പൻ
8	പച്ചക്കറികൾ	മൊസേക്ക് രോഗം വാട്ടരോഗം	പഴഈച്ച ഇലപ്പേൻ
9	റബർ	ഹങ്ക് ഡിസിസ് പൗഡറിമിൽഡ്യൂ പട്ട മരവിപ്പ്	മീലി ബഗ്ഗുകൾ
10	ഇഞ്ചി	മൂടുചീയൽ	തണ്ടുതുരപ്പൻ പുഴു
11	വെറ്റില	ഇലപ്പുള്ളിരോഗം	മീലിബഗ്ഗുകൾ

കേരവികസന സമിതികൾ

ക്രമ നമ്പർ	സമിതിയുടെ പേര്.
1	കേരവികസന സമിതി ഐവർകാല.
2	കേരവികസനസമിതി കുന്നത്തൂർ.

ഗ്രൂപ്പ് ഫാമിംഗ് സമിതികൾ

ക്രമ നമ്പർ	സമിതിയുടെ പേര്	പാടശേഖരത്തിന്റെ വിസ്തൃതി	കർഷകരുടെ എണ്ണം
1.	പെരുംകുളത്തിപാടശേഖരം	76 ഹെക്ടർ	206
2.	തമിഴം കുളം പാടശേഖരം	76 ഹെക്ടർ	229
3.	വളളിക്കുളം പാടശേഖരം	18 ഹെക്ടർ	76
4.	ഐപ്പാടം പാടശേഖരം	30 ഹെക്ടർ	145
5.	തൊളിക്കൽ പാടശേഖരം	21.77 ഹെക്ടർ	190
6.	കരിമ്പിൻപുഴ പാടശേഖരം	30.56 ഹെക്ടർ	130
7.	ഉച്ചിക്കോട് പാടശേഖരം	8.93 ഹെക്ടർ	45
8.	കണ്ണാണി പാടശേഖരം	24.12 ഹെക്ടർ	81
9.	മാണിക്കമംഗലം പാടശേഖരം	15.50 ഹെക്ടർ	65
10.	മാനാമ്പുഴ പാടശേഖരം	17.46 ഹെക്ടർ	65
		318. 34 ഹെക്ടർ	1232

പ്രശ്നങ്ങൾ

1. കുന്നിൻ മണ്ടകളിലും ചരിവുകളിലും മണ്ണൊലിപ്പ് അനുഭവപ്പെടുകയും മണ്ണിന്റെ ജലാഗിരണശേഷി നഷ്ടമാവുകയും ചെയ്യുന്നു.
2. മഴവെള്ളത്തിന്റെ ഭൂരിഭാഗവും (പ്രത്യേകിച്ച് ഇടവപ്പാതി മഴയുടെ) പ്രയോജനപ്പെടാതെ നഷ്ടപ്പെടുന്നു.
3. ചെളിയെടുപ്പ് നിലംനികത്തൽ എന്നീ പ്രവണതകൾ വർദ്ധിക്കുന്നു.
4. കയ്യേറ്റത്തിലൂടെയും ദുരുപയോഗത്തിലൂടെയും പഞ്ചായത്തിലെ ഉറവകളും തോടുകളും നശിക്കുന്നു.
5. ചേലൂർ പോള നെൽക്കൃഷിക്കു ഉപോയഗിക്കാൻ കഴിടുന്നില്ല.
6. പട്ടകശാല മുക്കുമുതൽ തൊളിക്കൽ ഏലാവരെയും കുന്നത്തൂർകിഴക്ക് കശുവണ്ടി ഫാക്ടറിക്കു സമീപം മുതൽ കരിമ്പിൻപുഴ ഏലാവരെയും ഉള്ള ചാലുകൾ ആഴമേറിയ അവനാളികകളായിരിക്കുന്നതിനാൽ അപകടകരമായ മണ്ണിടിച്ചിൽ ഭീഷണി അനുഭവപ്പെടുന്നു.
8. K.I.P. കനാലുകളിൽ നിന്നും ഉണക്കുകാലത്ത് വെള്ളം ലഭിക്കുന്നില്ല എന്നുമാത്രമല്ല മഴക്കാലത്ത് വെള്ളപ്പൊക്കവും വെള്ളക്കെട്ടും സൃഷ്ടിച്ച് നെൽപ്പാടങ്ങളിൽ തടസം സൃഷ്ടിക്കുന്നു.
9. പഞ്ചായത്തിലെ 15000 മീറ്ററോളം നീളമുള്ള ജലസേചന സാദ്ധ്യതയുള്ള തോടുകളുടെയും 12,000 മീറ്ററോളം നീളമുള്ള ചാലുകളുടെയും വശങ്ങൾ തകരുകയും ആഴം കുറയുകയും ചെയ്തിരിക്കുന്നത് സ്ഥല ജല പ്രശ്നങ്ങളെ ഗുരുതരമായി സങ്കീർണ്ണപ്പെടുത്തുന്നു.
10. കല്ലട ആറിനോടു ചേർന്നുള്ള കൃഷിഭൂമിയിൽ വ്യാപകമായി മണ്ണിടിച്ചിൽ നടക്കുന്നു.
11. ഏലാകളുടെ അന്തർഭാഗങ്ങളിലേക്ക് ഗതാഗത സൗകര്യങ്ങളില്ല.
12. ഏലാകളെ കേന്ദ്രീകരിച്ച് രാസവള കീടനാശിനി ഡിപ്പോകൾ ഇല്ല.
13. കൃഷിഭവനുകളുടെ പ്രവർത്തനം വളരെ മോശമായ നിലവാരത്തിലാണ്.
14. മഴക്കാലത്ത് മിക്ക ഏലാകളിലും വെള്ളപ്പൊക്കം ഉണ്ടാകുന്നു.
15. കരക്കൃഷിക്ക് കടുത്ത ജലക്ഷാമം അനുഭവപ്പെടുന്നു.
16. തെങ്ങുകളിൽ രോഗപകർച്ച വളരെ കൂടുതലായി കാണുന്നു.
17. ഉത്പന്നങ്ങൾക്ക് ഉചിതമായ വില ലഭിക്കുന്നില്ല.
18. വിപണന സൗകര്യങ്ങൾ വളരെ പരിചിതമാണ്.
19. കർഷക തൊഴിലാളികളെ കിട്ടാനില്ല.
20. കൂലിനിരക്ക് ക്രമാതീതമായി വർദ്ധിക്കുന്നു.
21. ഉത്പന്ന വിപണനത്തെ സഹായിക്കുന്ന റോഡുകളിൽ അപര്യാപ്തതയുണ്ട്.
22. കുളങ്ങളും കിണറുകളും വ്യാപകമായി IV, V, VI, VII, VIII വാർഡുകളിൽ വറ്റിപ്പോകുന്നു.
23. അനിയന്ത്രിതമായ മണലൂറ്റുമൂലം ആറ് കുഴിയുകയും ഭൂഗർഭജലനിരപ്പ് കുറയുകയും ചെയ്യുന്നു.
24. നല്ല അയൽ ബന്ധങ്ങളും സൗഹാർദ്ദവും ശ്രദ്ധിക്കപ്പെടാത്ത മേഖലകളാകയാൽ കരഭൂമികളിലെ ഏകതാനതയോടെയുള്ള കാർഷിക വൃത്തികളും വിളക്രമങ്ങളും ഏകോപിതമാകുന്നില്ല.
25. കാർഷിക മേഖലയെ അടിസ്ഥാനമാക്കി വ്യവസായങ്ങളൊന്നും തന്നെ സുകരമായി പ്രവർത്തിക്കുന്നില്ല.
26. നടീൽ വസ്തുക്കളുടെ സമയോചിതമായ വിതരണ സമ്പ്രദായങ്ങളില്ല.
27. ചെറുകിട പരിമിത കർഷകർ സ്വയം കൃഷിപ്പണികൾ ചെയ്യുവാൻ തയ്യാറാകുന്നില്ല.
28. വിളവൈവിദ്ധ്യം കുറഞ്ഞുവരുന്നു.
29. യന്ത്രവൽക്കൃത കൃഷിക്കുള്ള സാഹചര്യങ്ങളില്ല.
30. കരഭൂമിയിലും നെൽപ്പാടങ്ങളിലും ശാസ്ത്രീയമായ ജലസേചന സൗകര്യങ്ങളില്ല.
31. യുവാക്കളുടെ ശേഷി കാർഷിക മേഖലക്ക് ഒരു ശതമാനം പോലും ലഭിക്കുന്നില്ല.

സാദ്ധ്യതകൾ

I. മണ്ണ് ജലസംരക്ഷണം

*1. പഞ്ചായത്തിന്റെ ആറുനീർമറി പ്രശ്നങ്ങളിലും മണ്ണു-ജല സംരക്ഷണ പ്രവർത്തനങ്ങൾ നടത്താൻ കഴിയും. ഭൂവിഭവങ്ങളുടെ സംരക്ഷണത്തിന്റെ പ്രാധാന്യം കർഷക സമൂഹത്തിന് ബോധവൽക്കരണത്തിലൂടെ മനസിലാക്കികൊടുക്കാൻ നല്ല സാഹചര്യം നമുക്കുണ്ട്. പഞ്ചായത്തുകളിലെ പത്തുവാർഡുകളിലും നാലോ അഞ്ചോ ഫാമിലി ക്ലബ്ബുകൾ രൂപീകരിക്കണം. ഈ ക്ലബ്ബുകൾക്ക് മാസത്തിൽ ഒരു തവണയെങ്കിലും ആശയവിനിമയത്തിനുള്ള സാഹചര്യങ്ങൾ ഉണ്ടാക്കാൻ കഴിയും. ഇടവപ്പാതിക്കും തുലാവർഷത്തിനും മുമ്പ് പഞ്ചായത്തിലെ വാർഡുകൾ കേന്ദ്രീകരിച്ച് വിഭവാരാധനകളും റാലികളും തുടർന്ന് സംരക്ഷണ സെമിനാറുകളും യോഗങ്ങളും സംഘടിപ്പിച്ചുകൊണ്ട് കൂടുതൽ മനുഷ്യശ്രദ്ധയും ശേഷിയും ഈ മേഖലയിലേക്ക് ആകർഷിക്കുവാൻ കഴിയും. ഈ പൊതുപരിപാടികൾ



വിള വിസ്തൃതിയിലെ വ്യതിയാനം - തെങ്ങ്, റബ്ബർ.

ചാർട്ട് I



ക്ഷീര മേഖലയിലെ ഭൂവിനിയോഗം

ചാർട്ട് II

എല്ലാം തന്നെ വലിയ ചെലവില്ലാത്ത തരത്തിൽ ആഘോഷങ്ങളായി നടത്തുവാൻ പ്രദേശത്തെ യുവ ജന സമൂഹത്തിന്റെ സഹായം തേടാവുന്നതാണ്.ഒരു പുത്തൻ വിഭവസംരക്ഷണ സംസ്കാരത്തിന് ആ നട പടികൾ ഫലപ്രദമായിരിക്കും. ശാസ്ത്രീയമായ മണ്ണു-ജലസംരക്ഷണ പ്രവർത്തനങ്ങളിലൂടെ കിണറു കളും ഉറവകളും വറ്റുന്ന പ്രവണത വൻതോതിൽ നിയ ന്ത്രിക്കുവാൻ കഴിയും. കമ്പോസ്റ്റ് വളപ്രയോഗം പച്ചി ലവളപ്രയോഗം എന്നിവയ്ക്ക് വ്യാപകമായ പ്രോത്സാ ഹനം നൽകുകയും വേണം.

II. കൃഷി

A. നെല്ല്

1. നിലവിലുള്ള ഗ്രൂപ്പ് ഫാമിംഗ് സമിതികൾ കൂടു തൽ കാർഷികസ്വഭാവത്തോടെ വികസിപ്പിക്കുകയും പ്രവർത്തനങ്ങൾ കൂടുതൽ ജനകീയമാക്കാൻ കഴിയു കയും ചെയ്യും. ഓരോ പാടശേഖരങ്ങളെയും 25 മുതൽ 30 വരെ ഹെക്ടറുകളായിതിരിച്ചുകൊണ്ട് ഓരോ യൂണിറ്റിനും (നെൽപ്പാടകുടംബം) പ്രത്യേകം പ്രത്യേകം നെല്ലുല്പാദക സമിതികളെ രൂപീകരിക്കാം. കൃഷിക്കാ വശ്യ.മായ വിത്ത്, വളം, കീടനാശിനികൾ, നടീൽ വസ്തുക്കൾ, ഉപകരണങ്ങൾ എന്നിവ ആവശ്യാനുസ രണം ഓരോ യൂണിറ്റിനും ലഭ്യമാക്കത്തക്ക സംവിധാ നത്തോടെ യൂണിറ്റടിസ്ഥാനത്തിൽ സർവീസ് സെയിൽസ് സെന്ററുകൾ തുടങ്ങാം. അത്തരം സെന്റ റുകളുടെ ചുമതല ഓരോ യൂണിറ്റിലെയും നെല്ലുല്പാ ദക സമിതിക്കായിരിക്കണം. പഞ്ചായത്തിന്റെ ചുമതല യിൽ ഓരോ മാസത്തിലും സമിതികൾ പ്രത്യേകം പ്രത്യേകം യോഗം ചേർന്ന് അതാതു യൂണിറ്റിലെ പ്രവർത്തനങ്ങൾ വിലയിരുത്തണം. സെയിൽ സർവീസ് സെന്റർ വഴി വിതരണം ചെയ്യുന്ന എല്ലാ വസ്തുക്കളും മിതമായ നിരക്കിൽ ലഭ്യമാക്കണം. കഴിയുമെങ്കിൽ നേരിയ സബ്സിഡി ഏർപ്പെടുത്താൻ പഞ്ചായത്തിന് ശ്രമിക്കാവുന്നതാണ്. ഉത്പാദനത്തിൽ ഇത്തരം നെൽപ്പാട കൂടുംബങ്ങൾ തമ്മിൽ മത്സരം ഉണ്ടാകണം. ഏറ്റവും കൂടുതൽ ഉദ്പാദനം നേടുന്ന നെൽപ്പാട കൂടും ബത്തിന് അടുത്തവിളയിലേക്കുള്ള വളം സൗജന്യമായി നൽകുകയും കർഷകരെ ആദരിക്കുകയും വേണം. എല്ലാ നെൽപ്പാട കൂടുംബങ്ങൾക്കും വിളവെടുപ്പിനും വിള ശേഖരിച്ച് വാഹനങ്ങളിൽ കൊണ്ടുപോകുന്നതിനും പാതയും കളത്തറകളും നിർമ്മിക്കണം. ഓരോ കളത്ത റയിലും താത്കാലിക തണൽ പുര ഉണ്ടാക്കണം. ഇതി നുള്ള സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുവാൻ പ്രാദേ ശികമായി ഒരു വിദഗ്ദ സമിതിയും രൂപീകരിക്കാവുന്ന താണ്.

2. ഓരോ പാടശേഖരത്തിലെയും തലച്ചിറകൾ ആഴവും വിസ്താരവും കൂട്ടിയെടുക്കാവുന്നതാണ്. തല ച്ചിറകളിൽ നിന്നും മറ്റുറവകളിൽ നിന്നുമുള്ള വെള്ളം എല്ലാ നെൽപ്പാടകുടുംബത്തിനും പരസ്പര വിഘാത ങ്ങളുണ്ടാകാത്ത വിധത്തിൽ ലഭ്യമാകത്തക്ക വിധത്തിൽ ജലവിതരണ വ്യവസ്ഥകൾ സമിതികളുടെ സംയുക്താ ലോചനയിലൂടെ സംവിധാനം ചെയ്യണം. ഇതിനു നിർമ്മിക്കുന്ന തോടുകളുടെ വാർഷിക അറ്റകുറ്റപ്പണി കൾ പഞ്ചായത്ത് നടത്തിക്കൊടുക്കണം. ഓരോ നെൽപ്പാടകുടുംബത്തിലും പത്തടി വ്യാസമുള്ള ഓരോ കുളം ഉണ്ടാക്കാവുന്നതാണ്.

3. മഴക്കാലത്ത് വെള്ളപ്പൊക്കമുണ്ടാവുന്ന ഭാഗങ്ങ ളിൽ സ്ലൂയിസുകളും ചീപ്പുകളും സജ്ജീകരിക്കണം. ഇതിന്റെ പരിപാലനത്തിനുള്ള ചുമതല പാടശേഖര ത്തിന്റെ ഗ്രൂപ്പ് ഫാമിംഗ് സമിതിയുടെ നിർദ്ദേശമനുസ രിച്ചുള്ള രീതിയിൽ നിശ്ചയിക്കാം.

4. പഞ്ചായത്തിലെ തീരസമതലത്തിലെ കൃഷിഭൂ മികളുടെ സമീപത്തും നെൽപ്പാടങ്ങളിലുമുള്ള 15,000 മീറ്ററോളം നീളമുള്ള തോടുകളുടെ വശങ്ങൾ കെട്ടു കയും ആഴം കൂട്ടുകയും ഇടുക്കങ്ങൾ നീക്കം ചെയ്യു കയും വേണം. K.I.P. കനാലിൽ നിന്നും ഒഴുക്കിവിടുന്ന അധികജലം സംഭരിക്കത്തക്കവിധം ചിറകൾ നിർമ്മിക്കു കയും കരത്തോടു വഴി ആ ജലം വറുതിക്കാലത്ത് കൃഷിഭൂമിയിലേക്ക് ഉപയോഗപ്രദമായി ഒഴുക്കുവാൻ സംവിധാനങ്ങൾ ഉണ്ടാക്കുകയും വേണം.

5. വെള്ളകെട്ടായി കിടക്കുന്ന ചേലൂർ ഏല സമു ദ്ധരിക്കാൻ നടപടികളെടുക്കണം. മണ്ണു സംരക്ഷണ വകുപ്പിന്റെ പ്രാദേശിക ഓഫീസ് പ്രസ്തുത ഏലായുടെ പുനരുദ്ധാരമത്തിനുള്ള പദ്ധതി സർക്കാരിന് സമർപ്പി ച്ചിട്ടുണ്ട് എന്നു മനസ്സിലാക്കുന്നു. പദ്ധതി എത്രയും പെട്ടെന്ന് നടപ്പിൽ വരുത്താൻ പ്രയത്നിക്കണം. 500 ൽ അധികം കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കുന്ന ഒരു പദ്ധതിയാണിത്.

6. പൊതു ഉപയോഗത്തിൽ നിന്നും വിട്ടുപോയി ട്ടുള്ള ഉറവകളും കുളങ്ങളും വീണ്ടെടുത്ത് പുനരുദ്ധരി ക്കണം.

B. കരകൃഷികൾ

i. തെങ്ങ്

1. തെങ്ങുകൃഷി പുനരുദ്ധരിക്കുന്നതിനായി കേര വികസന സമിതികൾ ജനകീയമായി വിപുലീകരിക്കാം. വർദ്ധിച്ചുവരുന്ന രോഗ വ്യാപനത്തെ അടിയന്തിരമായി തടയുവാൻ പകർച്ച വ്യാധികൾ പിടിപെട്ട തെങ്ങുകൾ ഒരു സത്യസന്ധമായ സർവ്വേയിലൂടെ കണ്ടെത്തുകയും അവ മുറിച്ചു നശിപ്പിക്കുകയും വേണം. ഇങ്ങനെ മുറിച്ച തെങ്ങുകളുടെ അവശിഷ്ടങ്ങൾ പൂർണ്ണമായി നശിപ്പി ക്കപ്പെടുന്നു എന്ന് കർശനമായി പരിശോധിക്കാൻ വ്യവ സ്ഥയുണ്ടാക്കാൻ കഴിയണം. ഈ പരിശോധനയിൽ ഒരു വീട്ടുവീഴ്ചയും ഉണ്ടാകാതിരിക്കണം. മുറിച്ചുമാറ്റുന്ന തെങ്ങുകൽക്ക് പകരം പണം നൽകാതെ പുതിയ തെങ്ങുകൾ നട്ടുകൊടുക്കുകയും അവയ്ക്കാവശ്യമായ

വളവും മറ്റും നൽകുകയാണ് അഭികാമ്യം. ഇക്കാര്യത്തിൽ ബോധവത്ക്കരണത്തിലൂടെ കർഷകരെ തയ്യാറാക്കാൻ കഴിയും.

2. നാളികേര ഉത്പാദനത്തിൽ പഞ്ചായത്തിനടിസ്ഥാനത്തിൽ മത്സരം സംഘടിപ്പിക്കാവുന്നതാണ്. ഓരോ വാർഡിലും വർദ്ധിച്ച ഉത്പാദനത്തോത് കൈവരിക്കുന്ന കർഷകന് തക്കതായ സമ്മാനം നൽകി ആദരിക്കാം. ഇത്തരം ചടങ്ങുകൾ പൊതുയോഗങ്ങളും സംഘടിപ്പിച്ചുവേണം നടത്തുവാൻ.

ii. മരച്ചീനി

1. എലിശല്യം എന്ന ഒറ്റക്കാരണം കൊണ്ട് പഞ്ചായത്തിലെ കർഷകർ ഉപേക്ഷിച്ച മരച്ചീനികൃഷി പ്രോത്സാഹിപ്പിക്കാൻ കഴിയും. ഇതിനായി ഓരോ വാർഡിൽനിന്നും അമ്പതു കർഷകരുടെ ഒരു തുടർച്ചയായ ഭൂപ്രദേശം തെരഞ്ഞെടുക്കണം. ഇത്തരത്തിൽ ഓരോ വാർഡിലും ഒന്നോ രണ്ടോ കൃഷിപ്പരപ്പുകൾ കണ്ടെത്താം. നെല്ലിന്റെ കുറവ് നികത്തുന്നതിൽ മരച്ചീനിക്കുള്ള പ്രസക്തി കർഷകർക്ക് ബോദ്ധ്യപ്പെടുത്തുവാൻ ചർച്ചകൾ നടത്തണം.

2. എലികളെ നശിപ്പിക്കുവാൻ വിവിധ എലിനശീകരണ ഉപാധികൾ വ്യാപകമാക്കണം. മരച്ചീനി പാകമായി വരുന്നതിന് മുമ്പുള്ള കാലഘട്ടത്തിൽ വ്യപകമായ എലി നശീകരണ കാമ്പയിൻ സംഘടിപ്പിക്കണം.

iii. മറ്റുവിളകൾ

കാച്ചിൽ, ചെന, ചേമ്പ്, പയർ തുടങ്ങിയ വിളകൾക്ക് എല്ലാ വാർഡിലും അമ്പതു മുതൽ നൂറുവരെ കർഷകരെ കണ്ടെത്തണം. ഈ വിളകളുടെ കൃഷിക്ക് ആവശ്യമായ പ്രോത്സാഹനം നൽകുന്നതിന് പ്രചാരണ പരിപാടികൾ സംഘടിപ്പിക്കാം.

III. കർഷക തൊഴിലാളികളുടെ ക്ഷാമവും കൂലിവർദ്ധനയും

തൊഴിൽകൂലി വല്ലാതെ വർദ്ധിച്ചിട്ടുണ്ടെന്നതിൽ ആർക്കും സംശയമില്ലാത്ത നിലക്ക് ഇതിനൊരു പരിഹാരം എവിടെ നിന്നെങ്കിലും പ്രതീക്ഷിക്കാമെന്ന വിശ്വാസം ഒരിക്കലും നമ്മെ രക്ഷിക്കുകയില്ല. നമ്മുടെ ഭൂവിസ്തൃതിയുടെ 93.5% കൃഷിക്കു വേണ്ടി മാറ്റി വച്ചിരിക്കുന്ന സാഹചര്യത്തിൽ അത്രയും ഭൂമിയിൽ നിന്നും ആവശ്യമായ ഭക്ഷ്യ-ഉത്പന്നങ്ങൾ നേടാൻ കഴിയാത്ത അവസ്ഥക്ക് ഉത്തരവാദികൾ നാം തന്നെയാണ് എന്നു പറയാതെ വയ്യ. സർക്കാർ തൊഴിലുകൾ പ്രതീക്ഷിക്കുന്നവരും ഉപരി വിദ്യാഭ്യാസമോ സാങ്കേതിക/തൊഴിൽ വിദ്യഭ്യാസമോ നേടിയിട്ടില്ലാത്തവരുമുൾപ്പെട്ട യുവ ശക്തി നമ്മുടെ പഞ്ചായത്ത് പ്രദേശത്ത് അവരുടെ മാനവശേഷി പാഴാക്കുന്നുണ്ട്. ഇതേ മാനവ ശേഷിയുടെ അഭാവത്താലാണ് പ്രധാനമായും നമ്മുടെ 93.5% ഭൂമിയിൽ ഉത്പാദന പ്രതിസന്ധി ഉണ്ടായിരിക്കുന്നുവെന്ന ബോധവം നമ്മുടെ യുവാക്കളുടെ മനഃസാക്ഷിയെ ഇതു വരെയും സ്പർശിച്ചിട്ടില്ല. ഈ അവസ്ഥ കർശനമായ നിബന്ധനകൾക്ക് വിധേയമാക്കാൻ ശ്രമം തുടങ്ങേണ്ടതാണ്. വാർഡ് അടിസ്ഥാനത്തിൽ രണ്ടോ മൂന്നോ ശ്രമദാന സമിതികൾ രൂപീകരിക്കണം. ഓരോ സമിതിയിലും 15നും 20നും ഇടയ്ക്കുള്ള അംഗസംഖ്യ ഉണ്ടാകണം. ഇത്തരം സമിതികൾ രാഷ്ട്രീയമായും സാമൂഹികമായും സംഘടിപ്പിക്കാനുള്ള സാഹചര്യങ്ങൾ പഞ്ചായത്തിൽ നിലനിൽക്കുന്നുണ്ട്.

ഈ സമിതികൾ ഭക്ഷണവും നേരിയ പ്രോത്സാഹന തുകയും സ്വീകരിച്ചുകൊണ്ട് കാർഷിക മേഖലയിലെ ദുരിത പൂർണ്ണമായ അവസ്ഥ നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള കാർഷിക തൊഴിലുകൾ ചെയ്യണം. നമ്മുടെ ഗ്രാമത്തിന്റെ വയറുകൾക്ക് വിശപ്പടക്കാനുള്ള സാഹചര്യങ്ങൾ ഉണ്ടാക്കുന്ന ദേശസ്നേഹപരമായ ഒരു പ്രവർത്തനമായി ഇതിനെ കണക്കാക്കുവാൻ യുവാക്കളെ പ്രേരിപ്പിക്കണം. ഒരു വർഷത്തേക്ക് ഇത് തുടർന്നാൽ ഫലങ്ങൾ-കാർഷിക സാമ്പത്തിക രംഗങ്ങളിൽ പ്രകടമാകും. സഹകരണ മനോഭാവവും അർപ്പണബോധവും യുവതലമുറയിൽ വളർത്തിയെടുക്കുവാനും ഇങ്ങനെ നമുക്ക് കഴിയും. രാഷ്ട്രീയ പ്രസ്ഥാനങ്ങളും, സാമൂഹിക പ്രവർത്തകരും പഞ്ചായത്തും കർഷകതോഴിലാളികളും കൂടി ആലോചിച്ച് ഒരു പ്രാദേശിക കൂലിനയം രൂപീകരിക്കാൻ ശ്രമിക്കണം.

കാർഷികാനുബന്ധ വ്യവസായങ്ങൾ

മാങ്ങ, ചക്ക, കൈതച്ചക്ക, ഹോമക്ക, വാഴപ്പഴം എന്നീ പഴവർഗ്ഗങ്ങളുടെ ഉത്പാദനത്തിന് നല്ല സാധ്യത നിലനിൽക്കുന്നു. ഏതാണ്ട് 65 ഹെക്ടർ സ്ഥലത്ത് പ്ലാവും 45 ഹെക്ടർ സ്ഥലത്ത് മാവും ഉണ്ട്. ഈ വൃക്ഷങ്ങളിലെ ഉത്പന്നങ്ങൾ ശേഖരിക്കാൻ സംവിധാനങ്ങൾ ഉണ്ടാകണം. ചെറിയ മാതൃകാ തോട്ടങ്ങളായും കൃഷിഭൂമികളിൽ അങ്ങിങ്ങായും കൈതകൃഷി പ്രോത്സാഹിപ്പിച്ചാൽത്തന്നെ കാർഷിക ഭൂവിനിയോഗത്തിൽ കാര്യമായ ഒരു മാറ്റവും വരുത്താതെ തന്നെ 100 ഹെക്ടർ സ്ഥലത്ത് നമുക്ക് കൈതച്ചക്ക ഉത്പാദിപ്പിക്കാം.. ഈ കൈതച്ചക്കയും ഒരു പൊതു ശ്രൃംഖല വഴി പഞ്ചായത്തിൽ സ്വരൂപിക്കാം. ഏത്തവാഴയും മറ്റ് നാടൻ വാഴകളും ധാരാളമായി വ്യാപിപ്പിക്കാനുള്ള സാഹചര്യങ്ങൾ കൂടി ചൂഷണം ചെയ്താൽ നല്ല ഒരു പഴയ സമ്പത്ത് പഞ്ചായത്തിൽ ഉത്പാദിപ്പിക്കാം. പിക്കിൾ ജാം, ജെല്ലി, ചിപ്സ്, ജൂസ്, അച്ചാറുകൾ എന്നീ ഉത്പന്നങ്ങളെ ആധാരമാക്കി പഞ്ചായത്തിൽ അഞ്ചോളം യൂണിറ്റുകൾ തുടങ്ങാനും ഇത് സഹായകമാകും. വനിതകൾക്ക് പ്രവർത്തിക്കാനുള്ള ഒരു പ്രധാന മേഖല അങ്ങനെ സജ്ജമാകും. 250 വനിതകൾക്കെങ്കിലും ഇത്തരത്തിൽ പ്രത്യക്ഷമായും പരോക്ഷമായും തൊഴിൽ ലഭിക്കും. ഉൽപന്നങ്ങൽ വിപണനം ചെയ്യുന്നതിന് വർഷത്തിൽ മൂന്നോ നാലോ മേളകൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ സംഘടിപ്പിക്കണം.

മൃഗസംരക്ഷണം
മത്സ്യവികസനം

മൃഗസംരക്ഷണം

പ്രതിശീർഷ ഭൂവിസ്തൃതിയിലും സസ്യസമ്പത്തിലും അസാധാരണമായ ആസ്തികൾ വച്ചനുഭവിച്ച ഒരു സമൂഹമെന്ന നിലയിൽ നമ്മുടെ ജീവിതത്തിലുടനീളം നാൽക്കാലികളുടെ സാന്നിദ്ധ്യം പ്രകടമായിരുന്നു. വളർത്തുപക്ഷികളും വളർത്തുമൃഗങ്ങളും നമ്മുടെ പരിസ്ഥിതി മണ്ഡലത്തിൽ ചൈതന്യത്തിന്റെ നാദ സംയോജനങ്ങൾ പ്രതിധ്വനിപ്പിച്ചിരുന്നു. ഒറ്റക്കും പറ്റമായും മേഞ്ഞുനടക്കുന്ന പശുക്കളും ആടുകളും ഗ്രാമത്തിൽ ധന്യമായ ഒരു സംസ്കാരത്തിന്റെ പ്രകടമായ സൂചനകളായി കാണപ്പെട്ടു. മനുഷ്യന്റെ ആരോഗ്യത്തിനും മണ്ണിന്റെ പുഷ്ടിപാലനത്തിനും സുശക്തമായ ഒരു പരിസ്ഥിതി ചൈതന്യത്തിനും ഈ വളർത്തി പക്ഷികളുടെയും വളർത്തുമൃഗങ്ങളുടെയും സാന്നിദ്ധ്യം നമുക്കനുഗ്രഹമായിരുന്നു. നിരത്തുകളിലൂടെ ആട്ടിൻ പറ്റങ്ങളും കാലിക്കൂട്ടങ്ങളും കടന്നുപോകുന്നത് പതിവു കാഴ്ചയായിരുന്നു. വിശാലമായ പുൽമേടുകളും വൈവിധ്യമാർന്ന പുൽസമ്പത്തുകൊണ്ടും ധന്യമായ കൃഷിഭൂമികളും ഈ പക്ഷിമൃഗ സമ്പത്തുകൾക്ക് അനുപൂരകമായ ജീവിത സാഹചര്യങ്ങൾ ഒരുക്കി. ഹൈന്ദവാചാര പ്രകാരം ദൈവീകമായ മുഹൂർത്തങ്ങളേയും പൂജാസ്ഥാനങ്ങളെയും ശുദ്ധീകരിക്കുന്നതിന് ചാണകവെള്ളം തളിയ്ക്കുന്ന പാരമ്പര്യം ഇന്നും നമുക്കു കാണാൻ കഴിയും. പൂജാ ദ്രവ്യങ്ങളിൽ ഗോമൂത്രത്തിന്റെ സ്ഥാനവും ശ്രദ്ധിക്കുക. പശുക്കളെ ദേവതകളായി പരിഗണിക്കപ്പെടുന്ന ആചാരക്രമത്തിലെ സാരവും മാനവ സംസ്കാരത്തിൽ പശുക്കൾ ചെലുത്തിയിരുന്ന സ്വാധീനത്തിന്റെ പ്രസക്തി വ്യക്തമാക്കുന്നതാണ്. ആധുനിക മനുഷ്യൻ ഈ ഉദാഹരണങ്ങളിൽ അന്തർലീനമായിരിക്കുന്ന ജീവിത പാരസ്പര്യത്തിന്റെ തത്വസംഹിതകളെ എത്ര കണ്ട് തിരിച്ചറിയുന്നു എന്ന് വ്യക്തമല്ല.

പണ്ട് കാലത്ത് കൃഷിയിടങ്ങളിൽ വിളവെടുപ്പിനു ശേഷമോ വിളയിറക്കുന്നതിനു മുമ്പോ ആട്ടിൻ പറ്റങ്ങളെയും കാലിക്കൂട്ടങ്ങളെയും തമ്പടിപ്പിക്കാറുണ്ട്. ചാണകം, കാലിമൂത്രം എന്നിവ കൊണ്ട് ജൈവസമൃദ്ധമായ മണ്ണ് സ്വന്തമാക്കുന്നതിനുള്ള ഒരു നടപടിയായിരുന്നു ഇത്. മാലിന്യങ്ങളില്ലാത്ത മുട്ടയും പാലും മാംസവുമൊക്കെ സുലഭമായിരുന്ന അന്ന് ആരോഗ്യ സമ്പുഷ്ടമായ മനുഷ്യ സമൂഹവും പഞ്ചായത്തിലുണ്ടായിരുന്നു.

ഇന്ന് പഞ്ചായത്തിന്റെ കൃഷി മാന്ദ്യവും കുറഞ്ഞ പ്രതിശീർഷ ഭൂലഭ്യതയും ഈ പ്രദേശത്തിന്റെ പക്ഷിമൃഗ സമ്പത്തിനു ഭീഷണിയുയർത്തുകയാണ്. പുൽമേടുകളുടെ തിരോധാനം പുൽകൃഷിയുടെ അഭാവം എന്നിവ ഈ പ്രതിസന്ധിയെ കൂടുതൽ ഗുരുതരമാക്കുന്നു. പോഷകഗുണമുള്ള പകരം തീറ്റ ലഭ്യമാക്കാത്തത് ഈ രംഗത്തുയർന്നു വരുന്ന ഒരു ദീർഘകാല പ്രശ്നമാണ്.

കുന്നത്തൂർ പഞ്ചായത്തിൽ ഇപ്പോൾ ആകെ 2606 പശുക്കളാണുള്ളത്. ഇതിൽ 1211 സങ്കരയിനങ്ങളും 695 എണ്ണം നാടൻ ഇനങ്ങളുമാണ്. എന്നാൽ നാടൻ ഇനങ്ങളെ കർഷകർ കൈയ്യൊഴിഞ്ഞുവരികയാണ്. എന്നാൽ ഇപ്പോഴുള്ള നാടൻ ഇനങ്ങളിൽ സങ്കരയിനങ്ങളിൽ എന്ന പോലെ സങ്കരയിനങ്ങളുടെ ബീജമാണ് പ്രജനനത്തിന് ഉപയോഗിക്കുന്നത്. നാടൻ പശുക്കളും സങ്കരയിനങ്ങളും തമ്മിലുള്ള അനുപാതം 1:2.74 ആണ്. പഞ്ചായത്തിലുള്ള കാളകൾ 351 ും പോത്തുകൾ 406 ും ആണ്. ഇതിൽ ഉഴവിനും വണ്ടിവലിക്കുന്നതിനുമായി 80 കാളകളെയും 40 പോത്തുകളെയും ആണ് പ്രധാനമായി ഉപയോഗപ്പെടുത്തുന്നത്. പഞ്ചായത്ത് പ്രദേശത്തു ആകെ 16 എരുമകളും 5280 ആടുകളും ഉണ്ട്. കോഴികളുടെ എണ്ണം ഏതാണ്ട് 14,330 ആണ്. ഇതിൽ 1424 പൂവനും 12,906 പിടകളും ഉണ്ട്. 1185 താറാവുകളെ പഞ്ചായത്തു പ്രദേശത്ത് വളർത്തുന്നു. ഇതിൽ ഒറ്റപ്പെട്ട് നിലയിൽ വളർത്തുന്ന താറാവുകളും ഉൾപ്പെട്ടിരിക്കുന്നു. ഈ പ്രദേശത്തുള്ള നായ്ക്കളുടെ എണ്ണം 2653 ആണ്. കൂടാതെ തെരുവുനായ്ക്കളും കാണപ്പെടുന്നു. പൂച്ച, തുടങ്ങിയ മറ്റു മൃഗങ്ങളും വിവധഭാഗങ്ങളിൽ ഉണ്ട്.

ബീജ സങ്കലനത്തിൽ ചില കാര്യമായ സാങ്കേതിക പരാജയങ്ങൾ കാണപ്പെടുന്നുണ്ട്. 95-96 വർഷത്തിൽ ബീജസങ്കലനം നടത്തിയ പശുക്കളിൽ 1248 എണ്ണത്തിന് ആവർത്തന ബീജസങ്കലനം നടത്തേണ്ടിവന്നു. പഞ്ചായത്തിൽ 95-96 വർഷത്തിൽ 142 നായ്ക്കൾക്ക് പേവിഷബാധയ്ക്കെതിരെ കുത്തിവയ്പ്പു നടത്തി. കന്നുകാലികളിലും കോഴികളിലും വിവിധതരം രോഗങ്ങൾ കാണപ്പെടുന്നുണ്ട്. ഈ കഴിഞ്ഞ വർഷം പേയ് നായ്ക്കളുടെ കടിയേറ്റ 40 പശുക്കളും 36 ആടുകളും 28 നായ്ക്കളും ചികിത്സിക്കപ്പെട്ടു.

പഞ്ചായത്തിൽ 60കളിൽ പ്രവർത്തനം ആരംഭിച്ച ബീജസങ്കലനകേന്ദ്രം 1991 ലാണ് ഒരു മൃഗാശുപത്രി

യായി ഉയർത്തിയത്. ഐവർകാലായിൽ ഒരു ഊർജ്ജിത കാലിവികസന സെന്ററും പ്രവർത്തിക്കുന്നു. ഈ കേന്ദ്രങ്ങളിൽ ആവശ്യത്തിന് വേണ്ട ഉപകരണങ്ങളോ വാർത്താ വിനിമയ സംവിധാനങ്ങളോ ഇല്ല.

പാൽ ഉത്പന്ന വിതരണ മേഖലയിൽ 4 ക്ഷീരോത്പാദക സഹകരണ സംഘങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഈ സംഘങ്ങളിലൂടെ 95-96 ൽ വിതരണം ചെയ്യപ്പെട്ടത് 1022 ടൺ പാലാണ്. ഉത്പാദകൻ 255.5 ടൺ പാൽ സ്വന്തമായി ഉപയോഗിക്കുകയും 1277.5 ടൺ പാൽ ഇതര ഉപഭോക്താക്കൾക്ക് നേരിട്ടി വിതരണം ചെയ്യുകയും ഉണ്ടായി. ലഭ്യമായ കണക്കനുസരിച്ച് പഞ്ചായത്തിൽ പാലിന്റെ ഉത്പാദനം 2555 ടൺ ആണ്. ഒറ്റപ്പെട്ട നിലയിൽ 500 ടണ്ണിലധികം പാൽ ഉത്പാദിപ്പിക്കപ്പെട്ടിട്ടുണ്ടെന്ന നിഗമനമാണുള്ളത്. അങ്ങിനെ പഞ്ചായത്തിന്റെ ആകെ പാൽ ഉത്പാദനം 3055 ടൺ ആണ്. ഇതിന്റെ വില ഏതാണ്ട് 3.36 കോടി രൂപയാണ്. സഹകരണ സംഘങ്ങൾ വഴി 2000 ടണ്ണിലധികം പാൽ പുറത്തുപോകുന്നു എന്നത് തൊഴിൽ സാദ്ധ്യതകളിൽ കടുത്തക്ഷാമം അനുഭവപ്പെടുന്ന പഞ്ചായത്തിന് തൊഴിലവസരം സൃഷ്ടിക്കുന്നതിനു വേണ്ടി വിനിയോഗിക്കുവാൻ കഴിയണം.

1995-96 ൽ പഞ്ചായത്തിൽ ഉത്പാദിപ്പിച്ച മൃഗമാംസത്തിന്റെ അളവ് 52,500 കിലോഗ്രാമാണ്. ഇതിന് ഏതാണ്ട് 25.75 ലക്ഷം രൂപ വില വരും. പുറത്തുനിന്നുള്ള മാംസവും പഞ്ചായത്തിൽ വിറ്റഴിഞ്ഞിട്ടുണ്ട്. അറവുശാലകൾ പഞ്ചായത്തിലില്ലാത്തത് പാരിസ്ഥിതികമായ ഒട്ടനവധി പ്രശ്നങ്ങൾക്ക് കാരണമാകുന്നുണ്ട്. പഞ്ചായത്തിന്റെ പ്രതിവർഷ ശരാശരി മുട്ട ഉത്പാദനം 11.5 ലക്ഷമാണ്. ഇതിന് ഏതാണ്ട് 11.5 ലക്ഷം രൂപാ വില വരും. പുറത്തുനിന്നുള്ള മുട്ടയും വ്യപകമായ തോതിലാണ് ഇവടെ വിറ്റഴിയുന്നത്. ഇതുകൂടാതെ 15 ടൺ കോഴിമാംസം ഉപയോഗിക്കപ്പെട്ടെങ്കിലും ഇതിൽ 10 ടൺ മാംസവും പുറത്തുനിന്നുമാണ് കണ്ടെത്തിയത്.

മേൽപ്പറഞ്ഞ കണ്ക്കുകളിൽ നിന്നും പഞ്ചായത്തിന്റെ സമ്പദ്ഘടനയിൽ പക്ഷിമൃഗസമ്പത്ത് ചെലുത്തുന്ന ശക്തമായ സ്വാധീനം വ്യക്തമാണ്. തൊഴിൽ പരമായി വളരെ സാദ്ധ്യതകൾ ഈ രംഗത്ത് സൃഷ്ടിക്കുവാൻ ശാസ്ത്രീയമായ ഒരു സമീപനത്തിലൂടെ വളരെ വേഗം ബാധിയ്ക്കും. യന്ത്രവൽകൃത കൃഷിയ്ക്ക് സാദ്ധ്യതകൾ പരിമിതമായ ഈ പഞ്ചായത്തിൽ ഉഴവുമാടുകളുടെ പരിപാലനത്തിനുള്ള പ്രസക്തി വളരെയാണ്. ആടുകൃഷി ദുർബലമായിരിക്കുന്ന സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിനു കഴിയുമെന്നത് പ്രത്യേകം. മെച്ചപ്പെടുത്തുന്നതിലൂടെ സ്ത്രീകൾക്കും കുട്ടികൾക്കും തൊഴിലവസരങ്ങൾ പ്രസ്താവ്യമാണ്.

നടപ്പുപദ്ധതികളുടെ അവലോകനം

1. പേവിഷ നിർമ്മാർജ്ജന പരിപാടികളുടെ ഭാഗമായി അലഞ്ഞുതിരിഞ്ഞു നടന്നിരുന്ന ഒട്ടേറെ നായ്ക്കളെ നശിപ്പിക്കുകയും വളർത്തുനായ്ക്കൾക്ക് പ്രതിരോധ കുത്തിവയ്പ് നടത്തുകയും ചെയ്തു. നായ്ക്കളെ വളർത്തുന്ന ആളുകളുടെ നിസ്സഹകരണം ഈ നടപടിയിൽ തടസ്സമായിരുന്നു.

2. പഞ്ചായത്തിലെ വിവിധ വിഭാഗത്തിൽപ്പെട്ട കർഷകർക്കായി ആയിരത്തോളം ആടുകളെ വിതരണം ചെയ്തു. അനുവദിക്കപ്പെട്ട സാമ്പത്തിക വിഹിതം അപര്യാപ്തമായിരുന്നതുകൊണ്ട് ഈ രംഗത്തുള്ള കർഷകരുടെ ആവശ്യത്തിനൊത്ത് വിതരണം വ്യാപകമാക്കുവാൻ കഴിഞ്ഞില്ല.

3. പട്ടികജാതി-പട്ടിക വർഗ്ഗ വിഭാഗത്തിനു മാത്രമായി നൂറോളം ആടുകളെ വിതരണം നടത്തി. ഇവിടെ സാമ്പത്തിക അപര്യാപ്തത അനുഭവപ്പെട്ടു.

4. പഞ്ചായത്തിൽ 5 മിനി ഡയറി യൂണിറ്റുകൾ സ്ഥാപിച്ചു. സാദ്ധ്യതകൾ പൂർണ്ണമായി ചൂഷണം ചെയ്യാൻ കഴിഞ്ഞില്ല.

5. പതിനഞ്ചു വന്ധ്യതാ നിവാരണ ക്യാമ്പുകൾ സംഘടിപ്പിച്ചു. പ്രാതിനിധ്യം വേണ്ടത്ര ഉണ്ടായില്ല.

6. സീറോ ഫുട് ആന്റ് മൗത്ത് ഡിസീസ് പ്രോഗ്രാം അനുസരിച്ച് പഞ്ചായത്തിലെ 1300 പശുക്കൾക്ക് പ്രതിരോധ കുത്തിവയ്പു നടത്തി. പകുതിയിലധികം പശുക്കൾക്ക് ഇനിയും കുത്തിവയ്പ് നടത്താനുണ്ട്. കർഷകരുടെ സഹകരണം വേണ്ടത്ര ലഭിച്ചില്ല.

7. കോഴികൾക്ക് പ്രതിരോധ കുത്തിവയ്പിന് സൗകര്യങ്ങളുണ്ടാക്കി എങ്കിലും പങ്കാളിത്തം വളരെ കുറവായിരുന്നു.

പ്രശ്നങ്ങൾ

1. പക്ഷി മൃഗപാലകരായ കർഷകർ സംഘടിതരല്ല.

2. ഉത്പന്നങ്ങൾക്ക് ന്യായമായ വില കിട്ടുന്നില്ല.

3. കാലിതീറ്റകളും തീറ്റപുല്ലിനും കടുത്ത ക്ഷാമം അനുഭവപ്പെടുന്നു.

4. പഞ്ചായത്തിന്റെ മൃഗസംരക്ഷണ മേഖല തൊഴിലവസരങ്ങളുടെ സൃഷ്ടിക്കുവേണ്ടി ശാസ്ത്രീയമായി ഉപയോഗപ്പെടുത്തുന്നില്ല.

5. ഉത്പന്ന വിതരണത്തിന് പര്യാപ്തമായ സംവിധാനങ്ങൾ കുറവാണ്.

6. രോഗങ്ങളുടെ വ്യാപ്തം വന്ധ്യത എന്നിവ കൂടു

തലാണ്. ചികിത്സാചെലവ് വർദ്ധിക്കുന്നു.

7. വായ്പാ സൗകര്യങ്ങളിൽ അപര്യാപ്തത ഉണ്ട്.

8. ഇൻഷ്വറൻസ് സൗകര്യങ്ങൾ അപര്യാപ്തമാണ്.

9. നല്ല ഇനം വളർത്തു പക്ഷികളുടെയും വളർത്തു മൃഗങ്ങളുടെയും ലഭ്യത ഉറപ്പാക്കുന്നതിനുള്ള സംവിധാനങ്ങളില്ല.

10. വനിതാ പങ്കാളിത്തം വേണ്ടത്രയില്ല.

11. അപര്യാപ്തമായ ചികിത്സാ സൗകര്യങ്ങൾ

നിർദ്ദേശങ്ങൾ/സാദ്ധ്യതകൾ

1. മൃഗസംരക്ഷണ മേഖലയെ സംഘടിപ്പിക്കുന്ന വിധത്തിൽ മൃഗസംരക്ഷണ സമിതികൾ രൂപീകരിക്കണം.

2. ഉത്പന്നങ്ങളുടെ വില സ്ഥിരപ്പെടുത്തുകയും കാലാകാലങ്ങളിൽ പുതുക്കി നിശ്ചയിക്കുകയും വേണം.

3. പഞ്ചായത്തിൽ ഒരു പുൽകൃഷി വിപ്ലവം സംഘടിപ്പിക്കണം. പഞ്ചായത്തിന്റെ പടിഞ്ഞാറൻ കിഴക്കൻ മേഖലകൾ കേന്ദ്രീകരിച്ച് രണ്ടു കാലിത്തീറ്റ ഫാക്ടറി തുടങ്ങണം. വാഴമാണം അസംസ്കൃത വസ്തുവായി ഉപയോഗിക്കാനുള്ള സാദ്ധ്യതകൾ ഏറെയാണ്.

4. പശു, ആട്, കോഴി, എന്നീ വിഭാഗങ്ങൾക്ക് പ്രത്യേകം കർഷക സമിതികൾ രൂപീകരിക്കണം. കമ്മ്യൂണിറ്റി പൗണ്ടുകൾ നിർമ്മിച്ച് സഹകരണാടിസ്ഥാനത്തിൽ ഈ മേഖല പുന:സംഘടിപ്പിക്കണം.

5. II-ാം വാർഡിൽ ഒരു ക്ഷീര സഹകരണ സംഘം ആരംഭിക്കണം.

6. മാസത്തിൽ ഒന്നുവച്ച് ഓരോ വാർഡിലും ഒരു രോഗ നിർണ്ണയ/ചികിത്സാ ക്യമ്പ് നടത്തണം.

7. വായ്പാ സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് ധനകാര്യ സ്ഥാപനങ്ങളെ സജ്ജമാക്കണം.

8. പഞ്ചായത്തിലെ എല്ലാ വളർത്തു മൃഗങ്ങൾക്കും പക്ഷികൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പു വരുത്തണം.

9. അത്യുത്പാദനശേഷിയുള്ള വളർത്തു പക്ഷികളെയും മൃഗങ്ങളെയും വിതരണം ചെയ്യണം

10. മൃഗസംരക്ഷണരംഗത്ത് വനിതകൾക്ക് സംഘടിക്കുവാനുള്ള അവസരം ഉണ്ടാക്കണം ആടു കൃഷി കോഴികൃഷി എന്നീ രംഗത്ത് സ്ത്രീകൾക്ക് മുൻഗണനയും കൂടുതൽ പ്രോൽത്സാഹനവും നൽക്കണം

11. പഞ്ചായത്തിന്റെ കിഴക്കൻ മേഖലയിലുള്ള ICDP സെന്റർ ആശുപത്രിയായി ഉയർത്തുകയും കീച്ചപ്പള്ളി ഭാഗത്ത് ICDPസെന്റർ പ്രവർത്തിപ്പിക്കുകയും വേണം

12. മുട്ട, പാൽ, മാംസം സംസ്കരണയൂണിറ്റുകൾ സ്ഥാപിച്ച് തൊഴിലവസരങ്ങൾ സൃഷ്ടിക്കണം

13. പഞ്ചായത്തിൽ രണ്ട് അറവുശാലകൾ ഉണ്ടാക്കണം

14. പ്രതിവർഷം ഒരു മൃഗറാലി സംഘടിപ്പിക്കുകയും മികച്ച് മൃഗസംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്ന കർഷകനെ ആദരിക്കുകയും വേണം

15. കർഷിക മേഖലയിൽ കഴിയുന്നത്ര മൃഗശേഷി ഉപയോഗപ്പെടുത്തണം

മത്സ്യവികസനം

ഉൾനാടൻ മത്സ്യകൃഷിക്കുള്ള സാദ്ധ്യതകൾ ഇതുവരെ പഞ്ചായത്ത് കാർഷികാടിസ്ഥാനത്തിൽ ഉപയോഗപ്പെടുത്തിയിട്ടില്ല. പഞ്ചായത്തിന്റെ താഴ്വരകളിൽ പത്ത് സ്ഥാനങ്ങളിലെങ്കിലും മത്സ്യകൃഷിക്ക് അനുയോജ്യമായ സാഹചര്യങ്ങളുണ്ട്. വർദ്ധിച്ച തോതിൽ പഞ്ചായത്തിൽ മത്സ്യം വിറ്റഴിയുന്നുണ്ട്. പുറം നാടുകളിൽ നിന്നും തലച്ചുമടായും സൈക്കിളിലും എത്തിക്കുന്ന മത്സ്യമാണ് ഭക്ഷ്യാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത്. ഈ രംഗത്ത് നിലവിലുള്ള ഭൗതിക സാദ്ധ്യതകൾ ഇനിയും കണ്ടെത്തി വികസിപ്പിക്കേണ്ടിയിരിക്കുന്നു.

പ്രശ്നങ്ങൾ

1. കർഷകർക്ക് മത്സ്യ കൃഷിയിൽ വേണ്ടത്ര പരിജ്ഞാനമില്ല.

2. ഈ മേഖലയിൽ കർഷകർ സംഘടിതമായി ആകൃഷ്ടരല്ല

സാദ്ധ്യതകൾ

1. പഞ്ചായത്തിലെ സാഹചര്യങ്ങൾ അനുയോജ്യമായ എല്ലാ കുളങ്ങളിലും മത്സ്യകൃഷി വ്യാപിപ്പിക്കണം

വിദ്യാഭ്യാസം

വിദ്യാഭ്യാസം

സജീവമായി വിദ്യാഭ്യാസ പ്രകിയയിൽ സഹകരിക്കുന്ന ഒരു മേഖലയാണ് കുന്നത്തൂർ. വളരെക്കാലം മുമ്പുതന്നെ സാമാന്യ വിദ്യാഭ്യാസത്തിൽ ശ്രദ്ധ ചെലുത്തിയ ജനസമൂഹമാണ് ഇവിടെയുള്ളത്. എന്നാൽ സാർവത്രിക വിദ്യാഭ്യാസരംഗത്തേക്ക് കുന്നത്തൂർ മേഖല വ്യാപകമായി ആകർഷിക്കപ്പെട്ടത് നാൽപതു വർഷങ്ങളുടെ ഇക്കഴിഞ്ഞ കാലത്താണ്. പ്രദേശത്ത് അങ്ങിങ്ങായി പ്രവർത്തിച്ചിരുന്ന കുടിപ്പള്ളിക്കൂടങ്ങൾ ഗുരു ശിഷ്യ ബന്ധത്തിന്റെ നൈർമ്മല്യം പ്രകടിപ്പിക്കുന്നവയായിരുന്നു. സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിന്റെ ആരംഭ ദശയിൽ കുന്നത്തൂർ പഞ്ചായത്തു പ്രദേശത്ത് ഏഴോളം കുടിപ്പള്ളിക്കൂടങ്ങൾ ഉണ്ടായിരുന്നു. നിലത്തെഴുത്താശാന്മാരുടെ നിയന്ത്രണത്തിലായിരുന്നു ഈ സ്ഥാപനങ്ങൾ പ്രവർത്തിച്ചിരുന്നത്. ശരാശരി അൻപതു കുട്ടികൾ വീതം ഓരോ കുടിപ്പള്ളിക്കുടത്തിലും ഉണ്ടായിരുന്നു. പെൺകുട്ടികളുടെ കുറവ് അന്നു മുതൽ തന്നെ ഈ രംഗത്ത് ശ്രദ്ധയിൽപ്പെട്ടു. പനയോലകൾ ചീകിവൃത്തിയാക്കി ഓലത്താളിന്റെ ഒരറ്റം ഭംഗിയായി ഒതുക്കി മടക്കിയതിനുശേഷം ഹരീ: ശ്രീ: യിൽ തുടങ്ങി മലയാള അക്ഷരമാലയിലെ ലിപികൾ നാരായം കൊണ്ട് ഓലയിൽ എഴുതി കുട്ടികൾക്ക് നിലത്തെഴുത്താശന്മാർ കൊടുത്തു. നാരായം പിടിച്ച് എഴുതുന്നതിന് അതിശയിപ്പിക്കുന്ന പ്രാവീണ്യം വടിവൊത്ത അക്ഷരങ്ങളും നിലത്തെഴുത്ത് ആശാന്മാരുടെ പ്രത്യേക ശേഷിയായി പരിഗണിക്കപ്പെട്ടിരുന്നു. നിലത്തു വിരിച്ച മണ്ണിൽ വിരലുകൾ കൊണ്ട് ആശാനെഴുതുന്ന അക്ഷരത്തിനു മീതെ കുട്ടികൾ എഴുതി ശീലിക്കും. ആശാൻ ഉച്ചത്തിൽ വായിക്കുന്ന അക്ഷരങ്ങൾ കുട്ടികൾ ഒറ്റയ്ക്കും കൂട്ടമായും ആവർത്തിക്കും. അക്ഷരാവൃത്തികളുടെ മാറ്റൊലി കൊണ്ടു ധന്യമായിരുന്ന ആ കാലഘട്ടത്തിന് വിരാമമായി. ആധുനിക ബോധനോപാധികളും പഠനോപകരണങ്ങളും പരിഷ്കരിച്ച വിദ്യാഭ്യാസ പ്രക്രിയകളും നിർമ്മലമായ ആ പഠന സാഹചര്യങ്ങളെയും പഠനശൈലികളെയും ചരിത്രത്തിന്റെ ഭാഗങ്ങളാക്കി.

പ്രൈമറി വിദ്യാലയങ്ങൾ മാത്രമേ തുടർന്ന് വന്ന കാലത്ത് ഒരാവശ്യമെന്ന നിലയിൽ രൂപപ്പെട്ടുള്ളൂ. പഞ്ചായത്തിലെ ഗതാഗത സൗകര്യങ്ങളും ആവശ്യാനുസരമുള്ള സെക്കന്ററി സ്ഥാപനങ്ങളുടെ അഭാവവും നിമിത്തം പ്രൈമറി നിലവാരത്തിലുള്ള പഠനം കൊണ്ട് പ്രദ്ദേശത്തെ ഭൂരിപക്ഷം കുട്ടികൾക്ക് തൃപ്തിപ്പെടേണ്ടി വന്നു. സെക്കന്ററി വിദ്യാഭ്യാസത്തോട് ആഭിമുഖ്യം തോന്നിയ വളരെ കുറച്ചു രക്ഷകർത്താക്കൾ തങ്ങളുടെ കുട്ടികളെ തൊട്ടടുത്ത കടമ്പനാട്, പാങ്ങോട് എന്നീ സ്ഥപങ്ങളിലുള്ള ഹൈസ്ക്കൂളിലേയ്ക്കയച്ചു. നാലുമുതൽ അഞ്ചുവരെ കിലോമീറ്റർ ദൂരം കാൽ നടയായി പോയി വരുന്നത് കുഞ്ഞുങ്ങൾക്ക് നന്നേ ബുദ്ധിമുട്ടുണ്ടാക്കിയിരുന്നു. എങ്കിൽ തന്നെ ഈ സാഹസത്തിന് പ്രയാസം പരിഹരിക്കുന്നതരത്തിൽ നല്ല ജ്ഞാനവും പരീക്ഷാവിജയവും കുട്ടികൾ നേടിയിരുന്നു. പഴയകാലവിദ്യാഭ്യാസം കൂടുതൽ ലളിതവും ഫലപ്രദവുമായിരുന്നു എന്നത് ഈ കാലഘട്ടത്തിൽ ശ്രദ്ധിക്കപ്പെടേണ്ട യാഥാർത്ഥ്യമാണ്. കേളേജ് വിദ്യാഭ്യാസത്തിനായി പന്തളം കൊല്ലം തുടങ്ങിയ വിദൂര സ്ഥലങ്ങളിലേക്ക് വളരെ അപൂർവ്വം കുട്ടികളെ പോയിരുന്നുള്ളൂ.

ഇരുപത്തി അഞ്ചു വർഷങ്ങൾക്കുമുമ്പ് തന്നെ പഞ്ചായത്തിൽ 12 പ്രൈമറി വിദ്യാലയങ്ങൾ ഉണ്ടായിരുന്നു. 1964 ലാണ് കുന്നത്തൂർ പഞ്ചായത്തിലെ ആദ്യത്തെ ഹൈസ്ക്കൂൾ സ്ഥാപിതമായത്. വെണ്മണി ഗ്രാമസേവാസമിതി അവർക്ക് നെടിയവിളയിൽ ഉണ്ടായിരുന്ന സ്ഥലത്താണ് ഈ സ്വകാര്യ വിദ്യാലയം ആരംഭിച്ചത്. സെക്കന്ററി വിദ്യാഭ്യാസരംഗത്ത് ഈ പഞ്ചായത്തിൽ കൂടുതൽ ഉണർവ് പകരാൻ ഈ സ്ഥാപനത്തിന്റെ തുടക്കം സഹായകമായി. എങ്കിലും പഞ്ചായത്തിന്റെ കിഴക്കൻ മേഖലയിലുള്ള വർക്ക് ഈ സ്ക്കൂൾ കാര്യമായി പ്രയോജനപ്പെട്ടില്ല. അവിടത്തുകാർക്ക് ഈ അടുത്ത് കാലം വരെ കടമ്പനാടുള്ള ഹൈസ്ക്കുളുകൾ തന്നെ ആയിരുന്നു ആശ്രയം 199..ൽ കിഴക്കൻ മേഖലയിൽ കരുവാമല ഹൈസ്ക്കുൾ തുടങ്ങിയതോടെ പഞ്ചായത്തിന്റെ സെക്കന്ററി വിദ്യാഭ്യാസ മേഖല ഏതാണ്ട് സന്തുലിതമായി. കരുവാമല ഹൈസ്ക്കുളും സ്വകാര്യ മേഖലയിലാണ്. സർക്കാർ മേഖലയിൽ സെക്കന്ററി സ്ക്കൂളുകൾ പഞ്ചായത്തിൽ ഇനിയും ആരംഭിച്ചിട്ടില്ല. ഏറ്റവും അടുത്ത സർക്കാർ ഹൈസ്ക്കുൾ 5 കിലോമീറ്ററോളം അകലെയുള്ള പുത്തൂർ ഗവ: ഹൈസ്ക്കുളും 9 കിലോ മീറ്ററോളം അകലെയുള്ള ശാസ്താംകോട്ട ഗവ:ഹൈസ്ക്കുളുമാണ്. വളരെ പഴക്കമുള്ളപയാണെങ്കിലും പ്രസ്തുത വിദ്യാവലയങ്ങൾ കുന്നത്തൂരിന്റെ വിദ്യാഭ്യാസപ്രവണതകളെ സ്വാധീനിച്ചിട്ടില്ല. കുന്നത്തൂർ പഞ്ചായത്തിൽ സാങ്കേതിക വിദ്യാഭ്യാസത്തിൽ വാസ

നയും താത്പര്യമുള്ള നല്ല ഒരു വിഭാഗം വിദ്യാർത്ഥികൾ ഉണ്ടെങ്കിലും അതിനുള്ള പ്രാദേശിക സാഹചര്യങ്ങൾ ഇനിയും ഉണ്ടായിട്ടില്ല.

മിക്ക സ്ഥലങ്ങളിലും കാണപ്പെടുന്നതുപോലെ വിദ്യാർത്ഥി രാഷ്ട്രീയവും വിദ്യാർത്ഥിസമരങ്ങളും നമ്മുടെ വിദ്യാഭ്യാസരംഗത്തും കാണാൻ കഴിയും. വിദ്യാർത്ഥിസമരങ്ങളും വിദ്യർത്ഥിരാഷ്ട്രീയവും ആയി ബന്ധപ്പെട്ട് സംഘർഷങ്ങൾ പഞ്ചായത്തിൽ ഉണ്ടായിട്ടില്ല. എങ്കിലും മുൻകാലങ്ങളിലെ പോലെ ഒരു അർപ്പണമനോഭാവം ഇന്ന് നമ്മുടെ വിദ്യഭ്യാസമേഖലയിൽ അപൂർവ്വമായിട്ടുണ്ട്. ഇപ്പോൾ പഞ്ചായത്തിൽ 9 ലോവർ പ്രൈമറി സ്കൂളുകളും മൂന്ന് അപ്പർ പ്രൈമറി സ്ക്കുളുകളും 2 ഹൈസ്ക്കുളുകളുമണുള്ളത്. എൽ. പി. സ്ക്കുളുകൾ എല്ലാം തന്നെ സർക്കാർ മേഖലയിലാണ്. യു.പി. സ്ക്കുളുകളിൽ 2 എണ്ണം പ്രൈവറ്റ് മേഖലയിലും. 1എണ്ണം സർക്കാർ മേഖലയിലുമാണ്. ഹൈസ്ക്കുളുകൾ രണ്ടും പ്രൈവറ്റ് മേഖലയിൽ തന്നെയാണ്. നമ്മുടെ പഞ്ചായത്തിലെ കുട്ടികൾ ഉന്നതവിദ്യാഭ്യാസത്തിനായി ശാസ്താംകോട്ട, അടൂർ, കൊട്ടാരക്കര എന്നിവിടങ്ങളിലെ സ്ഥാപനങ്ങളെയാണ് ആശ്രയിക്കുന്നത്.

പഞ്ചായത്തിലെ സ്കൂളുകളിൽ പഠിക്കുന്ന ആകെ കുട്ടികൾ 3815 (LP 1713, U.P. 1032, H. S. 1070) ഇതിൽ 2010 ആൺകുട്ടികളും 1805 പെൺകുട്ടികളുമാണ്. പട്ടികജാതിവിദ്യാർത്ഥികൾ 1048 ആണ്. ഈ വിഭാഗത്തിൽ 555 ആൺകുട്ടികളും 493 പെൺകുട്ടികളുമാണ്. വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് വളരെ കുറച്ചു മാത്രമാണ്. ഒരുവർഷത്തെ കണക്കുകൾ കാണിക്കുന്നത്. 40 കുട്ടികളിൽതാഴെ മാത്രമാണ് കൊഴിഞ്ഞുപോയിട്ടുള്ളത് എന്നാണ്. ഇതിൽതന്നെ പട്ടികജാതി വിഭാഗത്തിൽ പെട്ട കുട്ടികൾ മറ്റുവിഭാഗവുമായി തട്ടിച്ചുനോക്കുമ്പോൾ കൂടുതലാണെന്ന് കാണാം. ഹൈസ്കൂൾതലത്തിലാണ് കൊഴിഞ്ഞുപോക്ക് കൂടുതലായിട്ടുള്ളത്. പഞ്ചായത്തിൽ നിന്നും ധാരാളം കുട്ടികൾ മറ്റു പഞ്ചായത്തുകളിലെ സ്കൂളുകളിൽ പഠിക്കുന്നുണ്ട്. മറ്റ് പഞ്ചായത്തുകളിൽനിന്നുള്ള കുട്ടികൾ നമ്മുടെ പഞ്ചായത്തിലെ സ്കൂളുകളിലും പഠിക്കുന്നുണ്ട്. എന്നാൽ ഇതിന്റെ അനുപാതം പരിശോധിച്ചാൽ മറ്റു പഞ്ചായത്തുകളിലേക്ക് പോകുന്ന കുട്ടികളുടെ എണ്ണം വളരെ കൂടുതലാണ്.

പഞ്ചായത്തിലെ സ്കൂളുകളിലെ ആകെ അദ്ധ്യാപകരുടെ എണ്ണം 133 ആണ്. ഇതിൽ 61 പേർ സർക്കാർ സ്കൂളുകളിലും 72 പേർ സ്വകാര്യസ്കൂളുകളിലുമാണ്. ഇവരിൽ 82 വനിതകളും 551പേർ പുരുഷുന്മാരുമാണ്. പഞ്ചായത്തിൽ 7 പാരലൽകോളേജുകളും 4 ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളുമുണ്ട്. 3 നേഴ്സറിസ്കൂളുകൾ നിലവിലുണ്ട്. ഇതിൽ 2 എണ്ണത്തിലും ബോധന മാധ്യമ മലയാളമാണ്. 11 അംഗനവാടികളാണുള്ളത്. പഞ്ചായത്തിലെ S.S.L.C. വിജയം 50%താഴെ മാത്രമാണ്.

പ്രധാന പ്രശ്നങ്ങൾ

എല്ലാ സ്കൂളുകളിലും വേണ്ടത്ര ഭൗതികസാഹചര്യങ്ങൾ ഇല്ല. കെട്ടിടങ്ങളുടെ കുറവ്, വേർതിരിക്കാത്ത ക്ലാസ് മുറികൾ, പ്രാഥമികാവശ്യങ്ങൾ നടത്തുന്നതിനുള്ള സൗകര്യങ്ങളുടെ കുറവ്, ഉപകരണങ്ങളുടെ അഭാവം, പഠനോപകരണങ്ങളുടെ കുറവ്, എന്നിവ ബോധനനിലവാരത്തെ ബാധിക്കുന്നുണ്ട്.

കുട്ടികളുടെ എണ്ണത്തിലുണ്ടാകുന്ന കുറവ് എല്ലാ സ്കൂളുകളേയും ബാധിക്കുന്നുണ്ട്. വിദ്യാഭ്യാസകച്ചവടവൽക്കരണത്തിന്റെയും ഇംഗ്ലീഷ് മീഡിയം സ്കൂളുകളോടുള്ള അമിതമായ താല്പര്യത്തിന്റെയും ഫലമായി മിക്കസ്കൂളുകളും ഭീഷണി നേരിടുന്നു.

P.T.A. കൾ നിലവിലുണ്ടെങ്കിലും പലസ്കൂളുകളിലും പ്രവർത്തനങ്ങൾ ഇല്ല. പ്രത്യേകിച്ചും ഹൈസ്കൂളുകളിൽ.

ചില ഭാഗങ്ങളിൽ പ്രൈമറിവിദ്യാർത്ഥികൾ 2 km-ൽ അധികം നടന്ന് സ്കൂളുകളിൽ പോകേണ്ടിവരുന്നുണ്ട്.

പാഠ്യേതര പ്രവർത്തനങ്ങൾ തൃപ്തികരമല്ല.

ഉപരിപഠനത്തിനും തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിനുമുള്ള യാതൊരു സൗകര്യവും പഞ്ചായത്തിൽ നിലവിലില്ല.

വൈദ്യുതീകരിച്ചിട്ടുള്ള സ്കൂളുകൾ വളരെ പരിമിതമാണ്. ഹൈസ്കൂളുകളിൽപോലും കളിസ്ഥലമില്ലായെന്നുള്ള കായിക വിദ്യാഭ്യാസത്തിന് തടസ്സം നിൽക്കുന്നു.

നിർദ്ദേശങ്ങൾ

1. മൂത്രപ്പുര, കക്കൂസ് എന്നിവ ഇല്ലാത്ത സ്കൂളുകളിൽ അവ ഉടൻ സ്ഥാപിക്കുക.
2. എല്ലാ സ്കൂളുകളും വൈദ്യുതീകരിക്കുക
3. ചുറ്റുമതിൽ കെട്ടിയിട്ടിയിട്ടില്ലാത്ത സ്കൂളുകൾ ചുറ്റുമതിൽ നിർമ്മിക്കുക.
4. ആവശ്യമായ പഠനോപകരണങ്ങൾ ലഭ്യമാക്കുക.
5. കൊഴിഞ്ഞുപോകുന്ന കുട്ടികളെ കണ്ടെത്തി അവരെ വീണ്ടും സ്കൂളുകളിൽ എത്തിക്കുക.
6. ഉച്ചകഞ്ഞി സമ്പ്രദായം കൂടുതൽ വ്യാപിപ്പിക്കുക.
7. എല്ലാ എൽ. പി. സ്കൂളുകളോടും ചേർന്ന് പ്രിപ്രൈമറിസ്കൂളുകൾ ആരംഭിക്കുക.
8. പഞ്ചായത്തിലെ പ്രൈമറിസ്കൂൾ ഇല്ലാത്ത ഏക വാർഡായ VII വാർഡിൽ ഹരിജൻ കോളനിക്ക് സമീപമായി പ്രൈമറിസ്കൂൾ ആരംഭിക്കുക.

9. പഞ്ചായത്തിലെ 2 ഹൈസ്കൂളുകളോടും ചേർന്ന് V.H.C. ആരംഭിക്കുക.

10. നെടിയവിള കേന്ദ്രമാക്കിയും കളിക്കലഴികത്ത് ജംഗ്ഷൻ കേന്ദ്രമാക്കിയും ഓരോ ഐ.ടി. ഐ കൾ സ്ഥാപിക്കണം.

11. ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തിയും ബോധനസമ്പ്രദായം ആകർഷികമാക്കിയും നമ്മുടെ പഞ്ചായത്തിലെ കുട്ടികളെ പഞ്ചായത്തി നുള്ളിലെ സ്കൂളുകളിൽ തന്നെ നിലനിർത്തുക

12. പ്രൈമറിസ്കൂളുകളിലെ ഹെഡ്മാസ്റ്റർമാർക്ക് നൽകിയിട്ടുള്ള ക്ലാസ് ചമതല ഒഴിവാക്കി ഒരു അദ്ധ്യാപകനെകൂടി നിയമിക്കുക.

13. സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന കുട്ടി കളെ കണ്ടെത്തി ആവശ്യമായ സഹായങ്ങൾ നല്കുക.

14. ആവശ്യപഠന നിലവാരപദ്ധതി എല്ലാ സ്കൂളുക ളിലും വ്യാപിപ്പിക്കുക.

15. S.S.L.C. വിജയം 90% ആക്കുക എന്ന ലക്ഷ്യം മുൻനിർത്തി ആവശ്യമായ ക്രമീകരണങ്ങൾ പ്രൈമറിതലം മുതൽ ആവിഷ്കരിക്കുക.

16. സ്കൂൾ കോംപ്ലക്സിന്റെ പ്രവർത്തനം സജീവ മാക്കുക.

17. പഞ്ചായത്ത് തലത്തിൽ ഒരു അക്കാഡമിക് കമ്മിറ്റി രൂപീകരിക്കുകയും ഈ കമ്മിറ്റി പഠന നിലവാരം പരിശോധിക്കുകയും ചെയ്യുക.

18. ഈ അക്കാഡമിക് കമ്മിറ്റിയുടെ വിലയിരുത്ത ലിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിലെ ഏറ്റവും നല്ല അദ്ധ്യാപകനേയും സ്കൂളിനേയും തിരെഞ്ഞെടുത്ത് ആദരിക്കുകയും അവാർഡ് നല്കുകയും ചെയ്യുക.

19. PTA യുടെ പ്രവർത്തനം കൂടുതൽ സജീവമാ ക്കുക.

20. ക്ലാസ് അടിസ്ഥാനത്തിൽ മാതൃകാസമിതികൾ രൂപീകരിക്കുകയും അവ മാസത്തിൽ ഒരു പ്രാവശ്യം യോഗം ചേരുകയും ചെയ്യുക.

21. പഞ്ചായത്ത് അംഗങ്ങൾ, സാമൂഹ്യ പ്രവർത്തകർ, രക്ഷിതാക്കൾ, അദ്ധ്യാപകർ, സംഘടനാ പ്രതി നിധികൾ എന്നിവരെ ഉൾപ്പെടുത്തി വാർഡുതല വിദ്യാഭ്യാസ വികസനസമിതികൾ രൂപീകരി ക്കുക.

22. അംഗൻവാടിയില്ലാത്ത ഏക വാർഡായ 8-ാം വാർഡിൽ അംഗൻവാടി സ്ഥാപിക്കുക.

23. സ്കൂൾ കായികമേളകൾ, കലോത്സവങ്ങൾ, പ്രവൃത്തിപരിചയമേള സ്കോളർഷിപ് പരീക്ഷ കൾ, വിജ്ഞാനോത്സവങ്ങൾ എന്നിവയിൽ കുട്ടി കൾക്ക് പരിശീലനവും മാർഗ്ഗനിർദ്ദേശങ്ങലും നൽകുക.

24. മന്ദബുദ്ധികൾക്കും വികലാംഗർക്കും പ്രയോജ നപ്രദമായ രീതിയിൽ പഞ്ചായത്ത് കേന്ദ്രീകരിച്ച് അത്തരക്കാർക്കായി ഒരു വിദ്യാലയം ആരംഭി ക്കുക.

25. പഠിത്തത്തിൽ പിന്നോക്കം നില്ക്കുന്ന വിദ്യാർത്ഥികൾക്കായി അദ്ധ്യാപകരക്ഷാകർത്തൃ സമിതി, മാതൃസമിതി എന്നിവയുടെ നേതൃത്വ ത്തിൽ പ്രത്യേകം ക്ലാസുകൾ നടത്തുക.

വിദ്യാലയ സൗകര്യങ്ങൾ സംബന്ധിച്ച വിവരം

ക്രമ നമ്പർ	സ്കൂളിന്റെ പേര്	ഓഫീസ് മുറി	സ്റ്റാഫ് മുറി	ലബോറട്ടറി	ലൈബ്രറി	മൂത്രപ്പുര	കക്കൂസ്	പാചകശാല	വൈദ്യുതി	കളിസ്ഥലം	കിണർ	P.T.A	മാതൃസമിതി
1.	തുരുത്തിക്കര എൽ. പി. എസ്.	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
2.	കരിമ്പിൻപുഴ എൽ.പി.എസ്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്
3..	നെയിടവിള എൽ. പി. എസ്	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
4.	പെരുവിഞ്ചാ ശിവഗിരി എൽ.പി.എസ്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
5.	മാനാമ്പുഴ എൽ.പിഎസ്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്
6.	നിലയ്ക്കൽ എൽ.പി.എസ്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്
7.	ഐർകാല ഡബ്ല്യൂ എൽ.പി.എസ്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്
8.	ഐവർകാല എൽ.പി.എസ്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്
9.	ഐവർകാല ഡി.വഎൽ പി.എസ്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
10.	എസ്. എൻ.വി.ജി.യു.പി. എസ് ഐവർകാല	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
11.	എം.ടി യു.പി.എസ് തുരുത്തിക്കര	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
12.	ഡി.വി.എൻ. എസ്.എസ് യു.പി. എസ് ഐവർകാല കിഴക്ക്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്
13.	വി.ജി.എസ്.എ.എച്ച്.എസ് നെടിയവിള	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല
14.	കരുവാമല എച്ച്.എസ് ഐവർകാല നടുവിൻ	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല

വിദ്യാലയ വിവരങ്ങൾ

ക്രമ നമ്പർ	സ്കൂളിന്റെ പേര്	മാനേജ്മെന്റ്	കുട്ടികളുടെ എണ്ണം			അദ്ധ്യാപകരുടെ എണ്ണം			പരിശീലനം	
			ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	Bed	TTC
1	തുരുത്തിക്കര L.P.S	ഗവർമെന്റ്	117	100	217	4	3	7	1	6
2.	കരിമ്പിൻകുഴ L.P.S	ഗവർമെന്റ്	57	48	105	1	3	4		4
3.	നെടിയവിള L.P.S	ഗവർമെന്റ്	203	179	382	5	6	11	1	10
4.	പെരുമ്പിള്ളി ശിവഗിരി L.P.S	ഗവർമെന്റ്	151	139	290	1	7	8		8
5.	മാനമ്പുഴ W.L.P.S.	ഗവർമെന്റ്	53	47	100		4	4		4
6.	നിലയ്ക്കൽ L.P.S	ഗവർമെന്റ്	51	54	105	1	3	4		4
7.	ഐവർകാല W.L.P.S	ഗവർമെന്റ്	61	40	101	3	2	5		5
8.	ഐവർകാല G.L.P.S	ഗവർമെന്റ്	55	68	123	2	2	4	1	3
9.	ഐവർകാല D.V.L.P.S	ഗവർമെന്റ്	76	66	142	2	3	5		5
10.	S.N.V.G.U.P.S ഐവർകാല	ഗവർമെന്റ്	181	125	306	4	5	9		8
11.	M.T.U.P.S തുരുത്തിക്കര	മാനേജ്മെന്റ്	98	90	188			9		9
12.	D.V.N.S.S. U.P.S. ഐവർകാല	മാനേജ്മെന്റ്	145	125	270	5	6	11		9
13.	V.G.S.S.A.H.S. നെടിയപുരം	മാനേജ്മെന്റ്	473	467	940			38		
14.	കരുവച്ചല H.S.	മാനേജ്മെന്റ്	287	257	544	7	19	26		26

4 കുടിവെള്ളം ആരോഗ്യം

കുടിവെള്ളം

പഞ്ചായത്തു രൂപീകരണത്തിനു ശേഷം 34 വർഷങ്ങളോളം പിന്നിട്ടുവെങ്കിലും പഞ്ചായത്തിന്റേതായ ഒരു കുടിവെള്ള വിതരണ വ്യവസ്ഥ ഇതുവരെ ഉണ്ടായിട്ടില്ല. പണ്ടുമുതൽ ആശ്രയിക്കുന്ന കിണറുകൾ തന്നെയാണ് ഇപ്പോഴും കുടിവെള്ളത്തിനായി ജനങ്ങളുടെ ആശ്രയം. വേനൽക്കാലത്ത് 25% കിണറുകൾ വറ്റിപ്പോകുന്നുണ്ട്. ജീവിത സൗകര്യങ്ങളിൽ പ്രകടമായ മാറ്റങ്ങൾ വന്നിട്ടുള്ള ഈ കാലഘട്ടത്തിൽ നിന്നു വ്യത്യസ്ഥമായ രീതിയിലായിരുന്നു വളരെയധികം ആളുകൾ കുടിവെള്ളം ശേഖരിച്ചിരുന്നത്.

200 മീറ്ററിലധികം ദൂരം നടന്ന് പാത്രങ്ങളിൽ ചുമന്ന് എത്തിക്കേണ്ട കുടിവെള്ളം കയറും പാളകോട്ടിയതോ തൊട്ടിയൊ ഉപയോഗിച്ച് വളരെ ആഴത്തിൽ നിന്ന് കോരി എടുക്കേണ്ടിയിരുന്നു. പ്രദേശത്തുള്ള സാധാരണ സ്ത്രീ സമൂഹമായിരുന്നു ദുഷ്കരമായ ഈ ജോലി നിർവ്വഹിച്ചിരുന്നത്. കിണറുകൾ വിരളമായിരുന്നതുകൊണ്ടായിരുന്നു ഈ പ്രയാസമേറിയ ദൗത്യം ഒഴിവാക്കാൻ കഴിയാതിരുന്നത്. കൂടാതെ താഴ്വരകളോടു ചേർന്നുള്ള കുടുംബങ്ങളിൽ ഉറവകളിലെ വെള്ളവും കുടിയ്ക്കാൻ ഉപയോഗിച്ചിരുന്നു. തെങ്ങുകളുടെ തടിയിൽ ചുവടിനോടു ചേർന്ന് സൗകര്യപ്രദമായ ഭാഗത്ത് ഓലത്തുമ്പ് പിണച്ചുകെട്ടി കുടങ്ങളിലും കലങ്ങളിലും മഴവെള്ളം ശേഖരിച്ചുപയോഗിച്ചിരുന്ന സാഹചര്യങ്ങളും അടുത്ത് കിണറില്ലാത്ത സാധുകുടുംബങ്ങളിൽ നിലനിന്നിരുന്നു.

ഇന്ന് പഞ്ചായത്തിൽ വ്യാപകമായി കിണറുകൾ വന്നു. ഏതാണ്ട് 2400 ൽ അധികം കിണറുകൾ പ്രദേശത്തുണ്ടെന്നു കണക്കാക്കപ്പെടുന്നു. രണ്ടു വീടുകൾക്ക് ഒരു കിണർ എന്ന തോതിൽ കിണറുകളുടെ ലഭ്യത പഞ്ചായത്തിനുണ്ട്. കിണറുകൾ അല്ലാതെ കുടിവെള്ളത്തിന് മറ്റൊരു മാർഗ്ഗവും പഞ്ചായത്തു നിവാസികൾക്ക് ഇപ്പോൾ ലഭ്യമല്ല. ഉറവകളുടെ നാശനവും, വരൾച്ചയുടെ ആവർത്തന സ്വഭാവവും പഞ്ചായത്തിന്റെ ജല ക്ഷാമം രൂക്ഷമാക്കിയിരിക്കുകയാണ്. പഞ്ചായത്തുപ്രദേശത്ത് കുടിവെള്ളമെത്തിക്കാനുള്ള പദ്ധതി അതിവേഗം പുരോഗമിച്ചുവരുന്നു. പുതുവർഷത്തിന്റെ തുടക്കത്തിൽ പദ്ധതി കമ്മീഷൻ ചെയ്യാൻ കഴിയും. പഞ്ചായത്തിലെ 10% കിണറുകളിൽ ഇലക്ട്രിക് മോട്ടോർ വച്ച് വെള്ളം പമ്പുചെയ്തെടുക്കുന്നുണ്ട്.

സമീപസ്ഥങ്ങളായ പദ്ധതികളിൽ നിന്നും വ്യാപിപ്പിച്ചിട്ടുള്ള ജലവിതരണ പൈപ്പുകളിൽ 21 പൊതു ടാപ്പുകൾ സജ്ജീകരിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ ഉയർന്ന ഭാഗങ്ങൾ ഉൾപ്പെട്ട IV, VI, VII വാർഡുകളിലാണ് ഈ ടാപ്പുകൾ. ഭൂമിയുടെ ഉന്നതികാരണം പലപ്പോഴും വെള്ളം കിട്ടാറില്ല. പഞ്ചായത്തു പ്രദേശങ്ങളിൽ 6 പൊതു കുഴൽകിണറുകളും 50 പൊതു കിണറുകളും ഉണ്ടെങ്കിൽ തന്നെയും കുടിവെള്ള ക്ഷാമം സാമാന്യജനജീവിതം ദുസ്സഹമാക്കുന്നവിധത്തിൽ രൂക്ഷമാണ്.

കല്ലട ആറ്റിലെ മണലൂറ്റ് പ്രദേശത്തിന്റെ ഭൂഗർഭ ജല വിതാനം താഴുന്നതിനിടയാക്കിയിട്ടുണ്ട്. ഈ പ്രവണത തുടരുന്നത് പഞ്ചായത്തിന്റെ കുടിവെള്ള സാദ്ധ്യതകൾക്ക് തടസ്സമായേക്കും.

പ്രശ്നങ്ങൾ

1 കിണറുകൾ വ്യാപകമായി വേനൽക്കാലത്ത് വറ്റിപ്പോകുന്നു.

2 നല്ല റീ ചാർജ്ജിംഗ് ശേഷിയുള്ള പല പഴയ കിണറുകളും വശങ്ങളിടിഞ്ഞും നികന്നും നശിക്കുന്നു.

3 നെടിയവിള ജംഗ്ഷനിലെ പൊതുക്കിണർ ഉപയോഗ ശൂന്യമായി കിടക്കുകയാണ്.

4 കുടിവെള്ള വിതരണം ഉറപ്പു വരുത്താൻ ഇതുവരെ കഴിഞ്ഞിട്ടില്ല.

5 ഭൂഗർഭ ജലവിതാനം താഴ്ന്നു പോകുന്നു.

സാദ്ധ്യതകൾ

1 ഉപരിതല ജലം ഭൗമാന്തർ മേഖലയിലേക്ക് കടക്കാനുപയുക്തമായ വിധത്തിൽ ഉപരിതല ജലസംരക്ഷണ പ്രവർത്തനങ്ങൾ നടത്തുക.

2 നശിക്കുന്ന കിണറുകൾ കണ്ടെത്തി നവീകരിക്കണം.

3 നെടിയവിള ജംഗ്ഷനിലെ പൊതുകിണർ ഉപയോഗയോഗ്യമാക്കണം.

4 ചെല്യൂർപോള ജലവിതരണ പദ്ധതി എത്രയും പെട്ടെന്നു കമ്മീഷൻ ചെയ്യുകയും കുടിവെള്ള വിതരണത്തിന് വീട്ടുകണക്ഷനുകൾ നൽകുകയും വേണം.

5 കല്ലടയാറ്റിൽ കുറഞ്ഞ പക്ഷം രണ്ടുതടയണകൾ (പിന്നാട്ടുകടവിനു സമീപത്തും ആലുംകടവിനു സമീപത്തും) നിർമ്മിക്കാനുള്ള നടപടികൾ കൈക്കൊള്ളണം.

പൊതുജനാരോഗ്യം

പണ്ടുമുതൽ കുന്നത്തൂർ ഗ്രാമവാസികൾ രോഗ ചികിത്സാർത്ഥം ഔഷധ സസ്യങ്ങളെ ആയിരുന്നു അവ ലംബിച്ചു വന്നത്. പാരമ്പര്യ വൈദ്യന്മാരും നാട്ടുവൈ ദ്യന്മാരും നാടോടി വൈദ്യന്മാരും ആരോഗ്യ രംഗത്ത് പ്രവർത്തിച്ചിരുന്നു. പ്രസവ സംബന്ധമായ ശുശ്രൂഷാ വിധികൾ വിദഗ്ധമായി നടപ്പിലാക്കിയിരുന്നത് ഗ്രാമപ്ര ദേശങ്ങളിലുള്ള ചില സ്ത്രീകളായിരുന്നു. പ്രസവാന ന്തര ശുശ്രൂഷകളും അവർ വിധിപ്രകാരം നടത്തിവന്നു. എല്ലാവിധത്തിലുമുള്ള രോഗങ്ങൾക്കും നാട്ടുചികിത്സ ഏറെക്കുറെ ഫലപ്രദമായിരുന്നു. വിഷജന്തു ദംശന ത്തിന് പരമ്പരാഗതമായി ചികിത്സാവിധികൾ പരിശീലിച്ച പത്തോളം അംഗങ്ങൾ നമ്മുടെ ഗ്രാമത്തിലുണ്ടായിരു ന്നു. തുടർന്ന് ആയുർവേദത്തിൽ വേണ്ടത്ര അറിവുസ മ്പാദിച്ച ആളുകൾ ആയുർവേദാശുപത്രികൾ തുടങ്ങി. ഇപ്പോഴും ഗ്രാമത്തിലെ നല്ല ഒരു വിഭാഗം ആളുകൾ ആയുർവേദ ചികിത്സ തെരഞ്ഞെടുക്കുന്നതായി കാണാം.

എന്നാൽ വൈദ്യശാസ്ത്ര രംഗത്തെ നൂതന സങ്കേ തങ്ങൾ ഒന്നും തന്നെ പ്രദേശവാസികൾക്ക് അടുത്ത കാലം വരെ ലഭ്യമായിരുന്നില്ല. 1967 വരെ കുന്നത്തൂ റിന്റെ ആരോഗ്യപരിപാലന രംഗം അനാഥമായിരുന്നു. 1967 ജനവരിയിൽ പഞ്ചായത്തിന്റെ പത്താം വാർഡിൽ ആരംഭിച്ച സർക്കാർ ആയുർവേദ ആശുപത്രിയാണ് ഈ രംഗത്ത് പഞ്ചായത്തിനു ലഭിച്ച വ്യവസ്ഥാപിതമായ ആരോഗ്യകേന്ദ്രം. സർക്കാർ തലത്തിൽ അലോപ്പതി ചികിത്സക്കായി പഞ്ചായത്തിൽ ഒരു പ്രാഥമികാരോഗ്യ കേന്ദ്രം തുടങ്ങിയത് 1990 ലാണ്. ഈ രണ്ട് ആശുപത്രി കളും പഞ്ചായത്തിന്റെ കിഴക്കൻമേഖലകൾക്കും വട ക്കുകിഴക്കൻ മേഖലകൾക്കുമാണ് കൂടുതൽ പ്രയോജ നപ്പെടുന്നത്.

ഇന്ന് പഞ്ചായത്തിനുള്ളിൽ സർക്കാർ തലത്തിൽ ഒരു ആയുർവേദ ആശുപത്രി ഒരു പ്രാഥമിക ആരോ ഗ്യകേന്ദ്രം (അലോപ്പതി), സ്വകാര്യമേഖലയിൽ മൂന്ന് അലോപ്പതി ചികിത്സാകേന്ദ്രങ്ങൾ ഒരു ഹോമിയോ ചികി ത്സാകേന്ദ്രം എന്നിവയാണുള്ളത്. രണ്ടു പാരമ്പര്യ വൈദ്യശാലകളും ഉണ്ട്. പഞ്ചായത്തിൽ സർക്കാർ തല ത്തിലുള്ള ആശുപത്രകൾ വരുന്നതുവരെ ഈ പ്രദേശ ത്തിന് വളരെ പ്രയോജനപ്പെട്ടത് കടമ്പനാട് വില്ലേജിലെ നിലയ്ക്കമുകൾ എന്ന സ്ഥലത്തുള്ള സർക്കാർ പ്രാഥ മിക ആരോഗ്യകേന്ദ്രവും ശാസ്താംകോട്ടയിലെ സർക്കാർ ആശുപത്രിയുമായിരുന്നു. ഇപ്പോൾ പഞ്ചാ യത്തിലുള്ള സർക്കാർ ആശുപത്രികളിലേക്ക് ഗതാഗത സൗകര്യം കുറവാണ്. കൂടാതെ പഞ്ചായത്തിലെ പ്രാഥ മികാരോഗ്യകേന്ദ്രത്തിന് സ്വന്തമായി സ്ഥലമില്ല എന്നു മാത്രമല്ല രണ്ട് സർക്കാർ ആശുപത്രികളിലും വേണ്ടത്ര ജീവനക്കാരോ ഉപകരണങ്ങളോ ഇല്ലാത്ത ദുസ്ഥിതിയാ ണുള്ളത്. പ്രാഥമികാവശ്യങ്ങൾക്കുള്ള സൗകര്യങ്ങളും കുടിവെള്ള വിതരണ സൗകര്യങ്ങളും ഇല്ലാത്ത ഈ ആശുപത്രികൾ ശിലായുഗസ്മരണകളുണർത്തുന്ന അവസ്ഥയിലാണ്.

പഞ്ചായത്തിൽ പൊതുവേ പകർച്ച വ്യാധികൾ കുറ വാണ്. പഞ്ചായത്തിലുള്ള ആശുപത്രികളിൽ 1995-96 വർഷത്തിൽ അലോപ്പതി ചികിത്സയ്ക്കെത്തിയവർ 13,000 – ത്തിൽ പരവും ആയുർവേദ ചികിത്സയ്ക്കെ ത്തിയവർ 39,000 – ത്തിൽ പരവും ആണ് സർക്കാർ അലോപ്പതി ആശുപത്രിയിലെ കണക്കനുസരിച്ച് രക്ത സമ്മർദ്ദം, പ്രമേഹം, കാൻസർ, കുഷ്ഠം, ക്ഷയം, ഹൃദ്രോഗം തുടങ്ങി സ്ഥായിയായ രോഗമുള്ളവർ 231 പേരാണ്.

ജനിതക എഞ്ചിനീയറിംഗിന്റെ തലംവരെ വൈദ്യ ശാസ്ത്രം എത്തിയിട്ടും ഈ പ്രദേശത്തെ ജനങ്ങൾക്ക് വിദഗ്ധ ചികിത്സകൾ ലഭിക്കുന്നതിന് 30 കിലോമീറ്റ റെങ്കിലും സഞ്ചരിച്ച് അയൽനാടുകളിൽ പോകേണ്ട അവ സ്ഥയാണുള്ളത്. ഈ പരിതാപകരമായ അവസ്ഥാവി ശേഷം പരിഹരിക്കേണ്ടത് നമ്മെ സംബന്ധിച്ച് അതിപ്ര ധാനമായ ആവശ്യമാണ്.

പ്രശ്നങ്ങൾ

1 പഞ്ചായത്തിലെ ആശുപത്രികൾ തന്നെ രോഗാതു രങ്ങളാണ്. വേണ്ടത്ര ജീവനക്കാർ, ഫർണിച്ചർ, സുരക്ഷിതത്വം, കുടിവെള്ള വിതരണ സംവിധാനം, വാർത്താവിനിമയ സൗകര്യം എന്നിവയൊന്നും ഇല്ല.

2 ആശ്രയിക്കാൻ കഴിയുന്ന വിദഗ്ധ ചികിത്സാകേ ന്ദ്രങ്ങൾ പഞ്ചായത്തിലില്ല.

3 നിലവിലുള്ള ആശുപ്ത്രികളിൽ വേണ്ടത്ര മരുന്നു കൾ ഇല്ല.

4 ഡോക്ടറന്മാരുടെ സേവനം എപ്പോഴും ലഭ്യമല്ല.

നിർദ്ദേശങ്ങൾ

1 ഇപ്പോഴുള്ള ആശുപ്ത്രികളിൽ രണ്ടു ഡോക്ടറ ന്മാരെ വീതം നിയമിക്കുകയും വേണ്ടത്ര ചികിത്സാ ഉപകരണങ്ങളും ഫർണിച്ചറും ലഭ്യമാക്കുകയും വേണം.

2 ആയുർവ്വേദാശുപത്രിക്ക് സ്വന്തമായി സ്ഥലം കണ്ടെത്തി സ്വന്തം കെട്ടിടം നിർമ്മിക്കണം.

3 ആശുപത്രികളിൽ ആവശ്യമായത്ര മരുന്നുകൾ

എത്തിക്കുകയും കുടിവെള്ള ശുചിത്വ നടപടികൾ കൈക്കൊള്ളുകയും വേണം.

4 പഞ്ചായത്ത് ആസ്ഥാനമായ നെടിയവിളയ്ക്കു സമീപം വിദഗ്ധചികിത്സ ലഭ്യമാകുന്ന വിധത്തിൽ സഹകരണ മേഖലയിൽ ഒരു സ്പെഷ്യാലിറ്റി ആശുപത്രി സ്ഥാപിക്കണം.

5 വാർഡുകൾ കേന്ദ്രീകരിച്ച് പരിശോധനാ ക്യാമ്പുകൾ സംഘടിപ്പിക്കണം.

5 വ്യവസായം

വ്യവസായം

ദുർബലമായ ഒരു വ്യവസായ പശ്ചാത്തലമാണ് കുന്നത്തൂർ പഞ്ചായത്തിന് തുടക്കം മുതൽ ഉള്ളത്. ഇ. സി. ഗോവിന്ദനാശാൻ ആൻഡ് സൺസ് എന്ന കശുവണ്ടി ഫാക്ടറിയായിരുന്നു എടുത്തു പറയത്തക്ക വ്യവസായ സ്ഥാപനം. കശുവണ്ടി രംഗത്തെ പ്രതിസന്ധികൾ നിമിത്തം പ്രസ്തുത കമ്പനി 1951-ൽ അടച്ചുപൂട്ടി. തൊഴിലാളികൾക്ക് ലഭിക്കേണ്ടിയിരുന്ന 16 ലക്ഷത്തോളം രൂപ അവർക്ക് കൊടുക്കാതെയായിരുന്നു ഫാക്ടറി പ്രവർത്തനം നിർത്തി ഉടമമടങ്ങിയത്. കാഷ്യൂ ട്രേയിഡ് കോർപ്പറേഷൻ രൂപീകരിച്ച് ഇത്തരത്തിലുള്ള പീഡിത വ്യവസായങ്ങൾ ഏറ്റെടുക്കണമെന്ന മുദ്രാവാക്യം പ്രസ്തുത ഫാക്ടറിയിലെ തൊഴിലാളികളാണ് ആദ്യം ഉന്നയിച്ചത്. തിരുകൊച്ചി കശുവണ്ടി തൊഴിലാളി കൗൺസിൽ ഈ പ്രശ്നങ്ങൾ ഉന്നയിച്ച് സമരം നടത്തിയെങ്കിലും വ്യവസായഫലമൊന്നും അതുകൊണ്ടുണ്ടായില്ല. തുടർന്നുവന്ന കാലഘട്ടത്തിൽ തൊഴിൽ രംഗത്ത് അനിശ്ചിതത്വം കാണപ്പെട്ടു. വളരെ ശേഷമാണ് 30-ാം നമ്പരായി കുന്നത്തൂർ ഫാക്ടറി കെ. എസ്. സി. ഡി. സി. ഏറ്റെടുത്തത്. കാലഘട്ടത്തിൽ കുന്നത്തൂർ പഞ്ചായത്ത് കടമ്പാട് വില്ലേജിന്റെ ഭാഗമായിരുന്നു. അന്ന് ഏഴാം മൈൽ കേന്ദ്രമാക്കിയുള്ളതും കുന്നത്തൂർ കിഴക്ക് കേന്ദ്രീകരിച്ചതും ആയ രണ്ടു കശുവണ്ടി ഫാക്ടറികളായിരുന്നു. കുന്നത്തൂരിന്റെ സ്ത്രീ തൊഴിലാളിക്കും മുഖ്യമായും തൊഴിൽ നല്കിയിരുന്ന പ്രമുഖ വ്യവസായ സ്ഥാപനങ്ങൾ കൂടാതെ ശാസ്താംകോട്ട പഞ്ചായത്തിലുള്ള പുന്നമൂട്, ഭരണിക്കാവ് കശുവണ്ടി ഫാക്ടറികളിലും പവിത്രേശ്വരം പഞ്ചായത്തിലുള്ള ആറ്റുകടവ് കശുവണ്ടി ഫാക്ടറികളിലും കുന്നത്തൂരിലെ സ്ത്രീ തൊഴിലാളികൾക്ക് തൊഴിൽ ലഭിച്ചിരുന്നു. ഇവ കൂടാതെ തൊഴിൽ സാദ്ധ്യതകൾ ഉണ്ടാക്കിയ വ്യവസായ സ്ഥാപനങ്ങൾ പഞ്ചായത്തിൽ ഉണ്ടായിരുന്നില്ല. നേരിയതോതിൽ കുടിൽ വ്യവസായ സ്വഭാവത്തോടെ കയർ പിരിക്കൽ, തഴപ്പായ് നെയ്ത്ത് എന്നീ തൊഴിലുകളും നടന്നിരുന്നു. കുന്നത്തൂരിലെ നെടിയവിള കേന്ദ്രമാക്കി 15-ഓളം സാംബവ കുടുംബങ്ങൾക്ക് തൊഴിൽ ലഭിക്കത്തക്ക വിധം ഒരു ഈറ നെയ്ത്ത് സ്ഥാപനവും സ്വകാര്യമേഖലയിൽ പ്രവർത്തിച്ചിരുന്നു. 70, 71 വർഷത്തിൽ ഈ വ്യവസായം തൊഴിലുടമയുടെ അസൗകര്യത്താൽ നിർത്തലാക്കപ്പെട്ടു. അത് 50-ഓളം വരുന്ന ഈറ തൊഴിലാളികളുടെ തൊഴിൽ ശേഷി വിഘടിക്കുന്നതിനിടവരുത്തി. തുടർന്നു ഈ തൊഴിലാളി കുടുംബങ്ങൾ സ്വന്തം നിലയിൽ ഏകീകൃതമായ സ്വഭാവം ഇല്ലാതെ പ്രസ്തുത തൊഴിൽ തുടരുവാൻ ശ്രമിച്ചു. ആ ശ്രമം ഇപ്പോഴും തുടരുകയാണ്. നിക്ഷേപ മൂലധനത്തിന്റെ കുറവും ഈറ ലഭിക്കുന്നതിനുള്ള ലാഭകരമായ മാർഗ്ഗങ്ങൾ ഇല്ലാതെ വന്നതും ഈ തൊഴിലാളികളെ വളരെ വിഷമിപ്പിക്കുകയാണ്. ഇത്ര പ്രയാസപ്പെട്ട് ഈ തൊഴിലാളികൾ നിർമ്മിക്കുന്ന ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിൽ വാഹനങ്ങളുടെ ദുർലഭ്യം ഉൾപ്പെടെ നിരവധി തടസ്സങ്ങളുണ്ട്. മുറുക്കാൻ പീടികകളോട് അനുബന്ധിച്ച് നടന്നിരുന്ന ബീഡി വ്യവസായവുമായി ബന്ധപ്പെട്ടും വളരെയധികം ആളുകൾക്ക് തൊഴിൽ ലഭിച്ചിരുന്നു. ഇന്ന് ഈ തൊഴിൽ മേഖല വിഘടിതമായിട്ടുണ്ടെങ്കിലും ഒരു കുടിൽ വ്യവസായത്തിന്റെ സ്വഭാവത്തോടെ നേരിയതോതിൽ സ്ത്രീകൾ ഉൾപ്പെടെ ഒരു സ്വയം തൊഴിൽ മേഖലയായി തുടരുന്നുണ്ട്. എന്നാൽ ഇന്ന് പഞ്ചായത്തിൽ ആകെ 5 കശുവണ്ടി ഫാക്ടറികളുണ്ട്. ഇതിൽ 4 എണ്ണവും സ്വകാര്യമേഖലയിലാണ്.

അടുത്ത കാലത്തായി കുന്നത്തൂരിന്റെ വ്യാവസായിക രംഗത്തു പാറവ്യവസായം, ഇഷ്ടിക വ്യവസായം എന്നിവ കടന്നുവന്നു. ഒട്ടനവധി പാരിസ്ഥിതിക പ്രശ്നങ്ങൾ ഈ വ്യവസായ രംഗങ്ങളുമായി ബന്ധപ്പെട്ട് കാണപ്പെടുന്നുണ്ടെങ്കിലും വളരെയേറെ തൊഴിൽ സാധ്യതകൾക്ക് ഇവ വഴി വച്ചിട്ടുണ്ട്. സ്ത്രീകൾക്കും പുരുഷന്മാർക്കും ഒരുപോലെ തൊഴിൽ സാധ്യത ഈ വ്യവസായത്തിൽ ലഭ്യമാണ്. ഇഷ്ടികവ്യവസായത്തെ സംബന്ധിച്ചിടത്തോളം തൊഴിൽ ലഭ്യതയുടെ തോത് ഗണ്യമായി ഉയർന്നതാണെങ്കിലും നെല്ലുൽപ്പാദനത്തിൽ ക്ഷീണം അനുഭവപ്പെടുന്നതും, ഒരു ചെറിയ അളവിലെങ്കിലും ഇഷ്ടിക വ്യവസായത്തിന്റെ പാർശ്വഫലമാണ് കൂടാതെ സുഗമമായ ജല ബഹിർഗമനം തടസ്സപ്പെടുന്നമൂലം വെള്ളക്കെട്ടും നിലംക്രമാതീതമായി കുഴിയുന്നതുമൂലം ഭൂഗർഭജലനിരപ്പ് താഴുന്നതും ഇഷ്ടികവ്യവസായത്തിന്റെ സൃഷ്ടികളാണെന്നു ചൂണ്ടികാണിക്കപ്പെടുന്നു. പാറവ്യവസായമേഖലയിലും, ഇഷ്ടിക വ്യവസായ മേഖലയിലും തൊഴിലവസരങ്ങൾ കൂടുതലാണെങ്കിലും കൂലി നിരക്ക് താരതമ്യേനകുറവാണ്.

മേൽപ്പറഞ്ഞ വ്യവസായരംഗങ്ങൾ ശാശ്വതമായ തൊഴിൽ ലഭ്യതകൾക്ക് വേണ്ടത്ര പരിരക്ഷനല്കുന്നവയല്ല. ഈ സാഹചര്യത്തിൽ ഇതര വ്യവസായങ്ങളുടെ സാധ്യതകൾ തേടേണ്ടതായി വന്നിരുന്നു. പഞ്ചായത്തിലെ മനുഷ്യശേഷിയുടെ ഗണ്യമായ ഭാഗം തൊഴി

ലില്ലായ്മമൂലം പാഴാകുന്നുണ്ട്. ഈ മനുഷ്യശേഷി സമാഹരിച്ചു ഉൽപ്പാദനപരമായി വിനിയോഗിക്കത്തക്ക വിധത്തിലും നമ്മുടെ പരിസ്ഥിതികൾക്ക് അനുയോജ്യമായ വിധത്തിലും വ്യവസായ സംരഭങ്ങൾ തുടങ്ങേണ്ടതുണ്ട്.

പ്രശ്നങ്ങൾ

1 ദീർഘകാലാടിസ്ഥാനത്തിൽ തൊഴിൽ ലഭ്യമാകുവാൻ ഇപ്പോൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കശുവണ്ടി ഫാക്ടറികൾക്കു കഴിയുന്നില്ല. ഈ വ്യവസായ സ്ഥാപനങ്ങളിൽ പലതിലും മേൽപ്പറഞ്ഞ സാഹചര്യം ഉപയോഗിച്ചു കൊണ്ട് തൊഴിലാളികളുടെ അദ്ധ്വാനംമൂല്യം തിട്ടപ്പെടുത്തുന്നതിലും വേതനം നൽകുന്നതിലും വ്യാപകമായ തകരാറുകൾ ഉണ്ടെന്നു സംശയിക്കുന്നു.

2 ഭാരിച്ച മൂലധനനിക്ഷേപം ആവിശ്യമില്ലാത്തതും ചെറുകിട സ്വഭാവത്തോടെ നടത്താവുന്നതുമായ തഴപ്പായ്നെയ്ത്ത്, കയർപിരിക്കൽ, ഈറ്റപ്പണി എന്നീ വ്യവസായങ്ങൾക്ക് ആവശ്യമായ അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം അനുഭവപ്പെടുന്നു.

3 നമ്മുടെ കൃഷി ഭൂമിയുടെ 18% വരുന്ന സ്ഥലത്തു വ്യാപിച്ചു കഴിഞ്ഞിരിക്കുന്ന റബ്ബർ വിളയെ അടിസ്ഥാനമാക്കി വ്യവസായങ്ങളില്ല.

4 സഹകരണാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന വ്യവസായ യൂണിറ്റുകൾ പരിമിതങ്ങളും അഭികാമ്യമായ തോതിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് അപര്യാപ്തങ്ങളുമാണ്.

5 സംഘടിത യുവശക്തി ഉല്പാദന മേഖലകളിൽ പ്രയോജനപ്പെടത്തക്ക സംവിധാനമില്ല.

നിർദ്ദേശങ്ങൾ / സാധ്യതകൾ

1 കശുവണ്ടി ഫാക്ടറികളുടെ പ്രവർത്തനത്തിനാവശ്യമായ തോതിൽ കശുവണ്ടി ലഭ്യമാകാൻ നടപടികൾ ഉണ്ടാകണം. കൂടാതെ തൊഴിലാളികളുടെ അദ്ധ്വാനംമൂല്യം തിട്ടപ്പെടുത്തുന്നതിൽ അപാകതകളുണ്ടോ എന്ന് പരിശോധിക്കുവാൻ ജനകീയ സമിതികൾ ഉണ്ടാകണം.

2 തഴപ്പായനിർമാണത്തിനും ഈറപ്പണികൾക്കും കയർ പിരിക്കലിനും താത്പര്യമുള്ള കുടുംബങ്ങളെ സത്യസന്ധമായ ഒരു സർവ്വേയിലൂടെ കണ്ടെത്തുകയും അവർക്ക് ആവശ്യമായ അസംസ്കൃത പദാർത്ഥങ്ങൾ യഥാസമയം ലഭ്യമാക്കാനുള്ള നടപടികൾ ഉണ്ടാക്കുകയും വേണം. അതിനായി സാമ്പത്തിക സഹായവും പരിശോധന സംവിധാനവും പഞ്ചായത്തിൽ നിന്ന് ഏർപ്പെടുത്തണം സഹകരണ സമീപനം അഭികാമ്യമാണ്.

3 റബ്ബർ ഉപയോഗിച്ച് പാദരക്ഷകൾ, കൈയുറകൾ, റബർ ബാൻഡുകൾ, കളിപ്പാട്ടഭാഗങ്ങൾ, പന്തുകൾ എന്നിവ നിർമിക്കുന്നതിനുള്ള ഒരു വ്യവസായ യൂണിറ്റ് തുടങ്ങണം.

4 സഹകരണാടിസ്ഥാനത്തിൽ റെഡിമെയ്ഡ് നിർമാണ യൂണിറ്റുകൾ തുടങ്ങാം. മൂലധന നിക്ഷേപത്തിന്റെ ഒരു ഭാഗം സഹകാരികളിൽ നിന്നോ തൊഴിലാളികളിൽ നിന്നോ സ്വീകരിച്ചുകൊണ്ടുള്ള പ്രവർത്തനം യൂണിറ്റിന്റെ നിലനില്പിനു സഹായകമാകും.

5 യുവാക്കൾക്കും യുവതികൾക്കും ഇലക്ട്രോണിക് -ഇല്ക്ട്രിക് മേഖലയിൽ കിട്ടിയിട്ടുള്ള പരിജ്ഞാനം തിട്ടപ്പെടുത്തികൊണ്ട് ഇലക്ട്രിക് - ഇലക്ട്രോണിക് ഉപകരണങ്ങളുടെ ഒരു അസംബ്ലിംഗ് യൂണിറ്റ് ആരംഭിക്കുകയും, പ്രസ്തുത ഉപകരണങ്ങൾ വിപണനം ചെയ്യുന്നതിനുള്ള മാർക്കറ്റിംഗ് ശൃംഖല രൂപകല്പന ചെയ്യുകയുമാകാം. സമീപപ്രദേശങ്ങളിലെ ഡീലറന്മാരുമായി ഉണ്ടാകുന്ന ഒരു ധാരണയിലൂടെ ഇതിനുള്ള സാധ്യതകൾ ഉറപ്പാക്കാൻ കഴിയും. ഉപകരണങ്ങളുടെ ഗുണനിലവാരവും സുരക്ഷിതത്വ സംവിധാനവും യോഗ്യതയുള്ള സാങ്കേതിക വിദഗ്ധരെ കൊണ്ട് ഉറപ്പു വരുത്തിക്കുകയും വേണം.

6 അസംഘടിതരും അശരണരുമായ മൺപാത്ര നിർമാണതൊഴിലാളികൾ പഞ്ചായത്തിന്റെ ചിലഭാഗങ്ങളിൽ അധിവസിക്കുന്നു എന്നത് കണക്കിലെടുത്ത് അവരുടെ ജീവസന്ധാരണം സുഗമമാകുന്നതിനുള്ള സാങ്കേതിക സാമ്പത്തിക സഹായങ്ങളും ഉപദേശങ്ങളും നൽകണം.

6 ഗതാഗതം ഊർജ്ജം മാർക്കറ്റ്

ഗതാഗതം

കുന്നത്തൂർ പഞ്ചായത്തിന്റെ ഗതാഗത സാഹചര്യങ്ങളിൽ കഴിഞ്ഞ 10 വർഷത്തിനുള്ളിൽ അസാധാരണമായ പുരോഗതിയാണ് ഉണ്ടായത്. സ്വാതന്ത്ര്യലബ്ധിക്കുശേഷം കാൽ നൂറ്റാണ്ടുകാലത്തോളം സഞ്ചാരയോഗ്യമായ റോഡുകൾതന്നെ പഞ്ചായത്തിൽ ഉണ്ടായിരുന്നില്ല. കരുനാഗപ്പള്ളി-കൊട്ടാരക്കര റോഡിന്റെ പഞ്ചായത്തിലൂടെ കടന്നു പോകുന്ന രണ്ടര കി. മീ. നീളത്തിലുള്ള ഭാഗമായിരുന്നു പഞ്ചായത്തിലെ പ്രധാന നിരത്ത്. ഈ റോഡുതന്നെ വളരെ ദുർഘടമായിരുന്നു. കാളവണ്ടിയും സൈക്കിളും മാത്രമായിരുന്നു അന്നത്തെ സമൂഹത്തിനു ആശ്രയിക്കാൻ കഴിയുമായിരുന്ന വിപണനസഞ്ചാര ഉപാധികൾ. സർവ്വീസുബസ്സുകൾ രണ്ടെണ്ണം മാത്രമായിരുന്നു പഞ്ചായത്തിന്റെ പ്രധാന നിരത്തിലൂടെ ഉണ്ടായിരുന്ന വാഹനങ്ങൾ. ഈ വാഹനങ്ങൾ സ്വകാര്യ ഉടമസ്ഥതയിലുള്ളതായിരുന്നു. പഞ്ചായത്തിലെ ഗതാഗത സാഹചര്യങ്ങൾ അന്നു മെച്ചപ്പെടാൻ സാധ്യതകൾ നന്നെ കുറവായിരുന്നു. കല്ലടയാർ കടന്നെങ്കിൽ മാത്രമേ കിഴക്കൻ മേഖലകളുമായി ബന്ധപ്പെടാൻ കഴിഞ്ഞിരുന്നുള്ളൂ. ഈ ആവശ്യത്തിനായി ഒരു കടത്തു ചങ്ങാടം ഉണ്ടായിരുന്നു. തുടർന്നു കുന്നത്തൂർ പാലത്തിന്റെ നിർമാണം പൂർത്തിയായതോടുകൂടി (1964) പഞ്ചായത്തിലെ ഗതാഗതമേഖലയ്ക്കു അസാധാരണമായ ഉണർവ്വു കൈവന്നു. അന്നത്തെ പഞ്ചായത്തു പ്രദേശം ഉൾപ്പെട്ടിരുന്ന താലൂക്കിന്റെ ആസ്ഥാനം അടൂരായിരുന്നു. 12 കി.മീറ്ററിലധികം അകലെയുള്ള ഈ ആസ്ഥാനവുമായി ബന്ധപ്പെടുന്നതു കുന്നത്തൂർ നിവാസികൾക്ക് വളരെ ക്ലേശകരമായിരുന്നു. കാൽനടയായി പോകുവാനേ നിർവ്വാഹമുണ്ടായിരുന്നുള്ളൂ. പഞ്ചായത്തിന്റെ തെക്കൻ അതിർത്തിക്കു സമീപമുള്ള ചീക്കൽ കടവിൽ നിന്നും വടക്കൻ അതിർത്തിയായ ഏഴാം മൈൽ വരെയുള്ള പൊതുവഴി സഞ്ചാരയോഗ്യമായിരുന്നില്ല. ഈ നിരത്തുകളിൽ ഒന്നുംതന്നെ വൈദ്യുതീകരണം ഇല്ലായിരുന്നു എന്നുള്ളതു ശ്രദ്ധേയമാണ്. അടിയന്തിര ഘട്ടങ്ങളിൽ ആശ്രയിക്കുന്നതിനു സമീപത്തെങ്ങും തന്നെ ടാക്സിയോ ഓട്ടോറിക്ഷയോ ഉണ്ടായിരുന്നില്ല. ഗുരുതരാവസ്ഥയിലുള്ള രോഗികളെ ചികിത്സാകേന്ദ്രങ്ങളിൽ ഏത്തിക്കുന്നതിനു കാളവണ്ടികളെപ്പോലും ആശ്രയിച്ചിരുന്നു.

ഏഴാം മൈൽ ചീക്കൽ കടവു റോഡിന്റെ പുനരുദ്ധാരണവും നെടിയവിള-വേമ്പനാട്ടേത്ത് മുക്കുറോഡിന്റെ നിർമാണവും മേൽപറഞ്ഞ പ്രശ്നങ്ങൾക്ക് വളരെ ആശ്വാസം പകർന്നു.

മേൽ പ്രസ്താവിച്ച റോഡുകൾ കൂടാതെ പഞ്ചായത്തിന്റെ കിഴക്കൻ മേഖലകളിൽ 10 കി.മീ. നീളത്തിൽ വീണ്ടും പുതിയ റോഡുകളുണ്ടായി. ഇങ്ങനെ പഞ്ചായത്തിന്റെ ഏറെക്കുറെ എല്ലാ പ്രദേശങ്ങളിലും റോഡുകൾ ലഭ്യമായി. എന്നാൽ, ഈ റോഡുകളിൽ ഒന്നും തന്നെ യഥാസമയത്തുള്ള അറ്റകുറ്റപ്പണികൾ നടന്നിരുന്നില്ല. ഇത്രയും റോഡുകൾ ഉണ്ടായതിനുശേഷവും 6 മുതൽ 10 വരെ വാർഡുകളിലുള്ള ജനങ്ങൾക്ക് പര്യാപ്തമായ വിധത്തിലുള്ള യാത്രാസൗകര്യങ്ങൾ ഒന്നുംതന്നെ അടുത്തകാലം വരെ ലഭ്യമായിരുന്നില്ല.

ഇന്നു പഞ്ചായത്തിൽ വളരെ അധികം ഗതാഗത തിരക്ക് അനുഭവപ്പെടുന്നതു 3 കി:മീ: മാത്രം. നീളമുള്ള പ്രധാന റോഡിലാണ് പുറം പ്രദേശങ്ങളുമായി ബന്ധപ്പെടുന്നതിന് പഞ്ചായത്തിന്റെ ഏതാണ്ടു തെക്കു-പടിഞ്ഞാറായി കാണപ്പെടുന്ന നെടിയവിള ജംഗ്ഷനിൽ ഭൂരിഭാഗം ജനങ്ങൾക്കും എത്തേണ്ടിയിരിക്കുന്നു. ഇതിനുള്ള യാത്രാ സൗകര്യങ്ങൾ കിഴക്കൻ മേഖലയിലെ ജനങ്ങൾക്കു ഇപ്പോഴും ഇല്ല. അഞ്ചോളം സ്വകാര്യ ബസ്സുകൾ പഞ്ചായത്തിന്റെ കിഴക്കൻ മേഖലയെ പ്രധാന നിത്തുമായി ബന്ധപ്പെടുന്ന വിധത്തിൽ സർവ്വീസു നടത്തുന്നുണ്ട്. സർക്കാർ ബസ്സുകളുടെ സേവനം പ്രസ്തുത മേഖലയിലെ ജനങ്ങൾക്കുപോലും ലഭിക്കുന്നില്ല. കുന്നത്തൂർ പഞ്ചായത്തിലെ പ്രധാന നിരത്തുകളിലൂടെ 43-ഓളം ബസ്സ്സർവ്വീസുകൾ അനുവദിക്കപ്പെട്ടിരുന്നു. ഇതിൽ 14 എണ്ണം കെ.എസ്സ്.ആർ.ടി. ബസ്സുകളും 29 എണ്ണം സ്വകാര്യ ബസ്സുകളും ആയിരുന്നു. നല്ല ലാഭത്തോടെ സർവ്വീസു നടത്തിയിരുന്ന 10 കെ. എസ്സ്.ആർ.ടി. ബസ്സുകൾ നിർത്തലാക്കിയിരിക്കുകയാണ്. ഈ നടപടിയുടെ മനശ്ശാസ്ത്രം പഞ്ചായത്തിലെ സാധാരണക്കാരായ ആളുകൾക്ക് മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല. നെടിയവിള കേന്ദ്രമാക്കി 12 ടൂറിസ്റ്റു ടാക്സി കാറുകളും 26 ഓട്ടോറിക്ഷകളും 19 ടെമ്പോ-മിനിലോറി, ലോറി എന്നീ വാഹനങ്ങളും പൊതുജന സേവനം നടത്തുന്നുണ്ട്. 2 പെട്ടി-ഓട്ടോകളും ഓടുന്നു. ഇടനാടിന്റെ കിഴക്കൻ ഭാഗങ്ങളിൽ നിന്നും മലനാട്ടിൽനിന്നും ഉള്ള പാറ, മണൽ, തടി, മണ്ണ് തുടങ്ങിയ വിഭവങ്ങൾ പടിഞ്ഞാറൻ നാടുകളിലേക്കു വഹിച്ചുകൊണ്ടുപോകുന്ന 100 - ലധികം ലോറികൾ മിനിട്ടുകളുടെ ഇടവേളയിൽ പ്രധാന നിരത്തിലൂടെ ക്രമാതീതമായ തോതിൽ ഓടുന്നുണ്ട്. പഞ്ചായത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും

വിവിധ ആവശ്യങ്ങൾക്കായി എത്തിച്ചേരുന്ന ആളുകളും മേൽപ്പറഞ്ഞ തോതിൽ ഓടുന്ന വാഹനങ്ങളും നെടിയ വിള ജംഗ്ഷനിൽ അപകടകരമായ അന്തരീക്ഷം സൃഷ്ടിക്കുന്നുണ്ട്. ശരാശരി പ്രതിദിനം 1500-ൽപ്പരം ആളുകൾ വന്നുപോകുന്നതും ശരാശരി 175 - ൽപ്പരം വാഹനങ്ങൾ നിരന്തരം കടന്നുപോകുന്നതുമായ നെടിയവിള ജംഗ്ഷന്റെ വിസ്തൃതി ഏതാണ്. 160 ച: അടി മാത്രമാണ്. ഈ ജംഗ്ഷനോടു ചേർന്ന് 50-ലധികം കടകൾ, ബാങ്ക്, 2 സ്കൂളുകൾ, തടിമില്ല്, സിനിമാ തിയേറ്റർ, റൈസ്മില്ല, ക്ഷേത്രം, ടെലഫോൺ എക്സ്ചേഞ്ച് തുടങ്ങിയ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

പഞ്ചായത്തിൽ നാഷണൽ ഹൈവേ സ്റ്റേറ്റ് ഹൈവേ വിഭാഗങ്ങളിൽപ്പെട്ട റോഡുകളും റെയിൽവേ ലൈനുകളും ഇല്ല. പഞ്ചായത്തിലെ റോഡുകളിൽ അപകടകരമായ പാർശ്വമേഖലകളും കാണുവാൻ കഴിയും. പഞ്ചായത്തിൽ ആകെയുള്ള പി.ഡബ്ലിയു.ഡി റോഡുകളുടെ നീളം 25 കി.മീറ്ററും അതിന്റെ പ്രതിശീർഷ നീളം 1 കി.മീറ്ററുമാണ്. പഞ്ചായത്ത് അധീനതയിലുള്ള മൺറോഡുകൾക്ക് 117.76 കി.മീറ്ററും മെറ്റൽ റോഡുകൾക്ക് 9.5 കി.മീറ്ററുമാണ് നീളം. ഈ വിഭാഗത്തിൽ പ്രതിശീർഷ വിഹിതം 5.5 കി.മീറ്ററാണ്. പഞ്ചായത്തിലുള്ള ആകെ റോഡുകളുടെ നീളം 152.26 കി.മീറ്ററാണ്. 1 ച.കി.മീറ്ററിനു 7.1 കി.മീറ്റർ എന്ന തോതിൽ പഞ്ചായത്ത് പ്രദേശത്ത് റോഡുകൾ ഉണ്ട്. ഈ സാഹചര്യത്തിലും പഞ്ചായത്തിന്റെ കിഴക്കൻ മേഖലകളിൽ വേണ്ടത്ര വാഹന ലഭ്യത ഇല്ല.

പ്രശ്നങ്ങൾ

1 പഞ്ചായത്തിന്റെ തെക്കൻ മേഖലകളിലുള്ള കർഷകർക്ക് കൃഷി സാധനങ്ങൾ വാങ്ങുന്നതിനും കാർഷികോല്പന്നങ്ങൾ വിപണനം നടത്തുന്നതിനും വിദ്യാർത്ഥികൾക്കും, ഉദ്യോഗസ്ഥർക്കും എന്നല്ല സമസ്ഥ ജനവിഭാഗങ്ങൾക്കും താലൂക്ക് ആസ്ഥാനമെന്ന നിലയിലും ഒരു പ്രധാന മാർക്കറ്റു സ്ഥിതിചെയ്യുന്ന സ്ഥലമെന്ന നിലയിലും ശാസ്താംകോട്ടയുമായി ബന്ധപ്പെടുന്നതിനു നെടിയവിള വഴി ചുറ്റിപ്പോകേണ്ട അവസ്ഥയാണ് നിലവിലുള്ളത്. കൂടാതെ, കുന്നത്തൂർ താലൂക്കിലെ ഏക ഉപരിവിദ്യാഭ്യാസ സ്ഥാപനമായ ദേവസ്വം ബോർഡ് കോളേജും ശാസ്താംകോട്ടയിലാണ് പ്രവർത്തിക്കുന്നത്. ഇതു പ്രസ്തുത മേഖലയിലെ ജനജീവിതത്തിന്റെ സമസ്ഥ രംഗങ്ങളിലും പ്രശ്നമായി അവശേഷിക്കുന്നു.

2 പഞ്ചായത്തിന്റെ കിഴക്കൻ മേഖലയിലുള്ള മിക്ക റോഡുകളും സഞ്ചാരയോഗ്യമല്ല.

3 പഞ്ചായത്തിന്റെ കിഴക്കൻ മേഖല കേന്ദ്രീകരിച്ചു ടാക്സി, ലോറി, ടെമ്പോ സ്റ്റാന്റുകളില്ല.

4 പഞ്ചായത്തു ആസ്ഥാനത്തിനടുത്തുള്ള നെടിയവിള ജംഗ്ഷനിൽ ജനബാഹുല്യവും, വാഹനതിരക്കും അപകരടകരമായ അന്തരീക്ഷം സൃഷ്ടിക്കുന്നു.

5 നെടിയവിള കിഴക്കേ ജംഗ്ഷനും പടിഞ്ഞാറെ ജംഗ്ഷനും തമ്മിലുള്ള ഫെയർ സ്റ്റേജ് അന്തരം കിഴക്കൻ മേഖലകളിലേക്കു ബസ്സ് യാത്ര നടത്തുന്ന പഞ്ചായത്തിലെ സാധാരണ ജനങ്ങൾക്ക് സാമ്പത്തിക ബുദ്ധിമുട്ടും ക്ലേശങ്ങളും ഉണ്ടാക്കുന്നു.

6 പഞ്ചായത്ത് അധീനതയിലുള്ള റോഡുകൾ പലതും മഴക്കാലത്ത് സഞ്ചാരയോഗ്യമല്ലാതാകുന്നു. കൂടാതെ, ഈ റോഡുകളുടെ അറ്റകുറ്റപ്പണിക്ക് വർഷാവർഷം ലക്ഷക്കണക്കിനുരൂപാ പഞ്ചായത്തു ബജറ്റിൽ നിന്നും ഉല്പാദന പരമല്ലാതെ ചിലവാകുന്നു.

7 പഞ്ചായത്തിന്റെ കിഴക്കൻ മേഖലയിലെ ജനങ്ങൾക്ക് ഒരു പ്രധാന ഗതാഗത-വിപണന കേന്ദ്രമായ പുത്തൂരുമായി ബന്ധപ്പെടാൻ 15 കി.മീറ്ററോളം അപൂർവ്വമായ ബസ്സ് സർവ്വീസുകളെ ആശ്രയിച്ച് യാത്ര ചെയ്യേണ്ടതായി വന്നിരിക്കുന്നു.

8 പഞ്ചായത്ത് ആസ്ഥാനവും കിഴക്കൻ മേഖലകളുമായി ബന്ധപ്പെടുവാനുള്ള റോഡിലെ കരിമ്പിൻ പുഴ പാലം വളരെ പഴക്കമുള്ളതും ദുർബലവുമാണ്.

9 പ്രധാന നിരത്തുകളിലെ വശങ്ങളിൽ നിന്നും മണ്ണ് ഒഴുകി നഷ്ടപ്പെട്ടതിന്റെ ഫലമായി സൈക്കിൾ യാത്രക്കാരും കാൽനടയാത്രക്കാരും അപകടത്തിൽപ്പെടുന്നു.

സാധ്യതകൾ / നിർദ്ദേശങ്ങൾ

1 തുരുത്തിക്കര പ്രദേശത്തെയും, മുതുവിലാക്കാടു പ്രദേശത്തെയും ബന്ധിപ്പിക്കുന്നതിനായി ഒരു റോഡു നിർമിക്കുന്നതിനായി തദ്ദേശവാസികൾ സമാഹരിച്ച ഏതാണ്ടു മുപ്പതിനായിരം രൂപയ്ക്കുള്ള ഭൂമി വിലയ്ക്കുവാങ്ങിയിട്ടുണ്ട്. ഈ റോഡിന്റെ നിർമാണം സമയബന്ധിതമായി പൂർത്തിയാക്കണം.

2 പഞ്ചായത്തിന്റെ കിഴക്കൻ മേഖലയിൽ വളരെ ആവശ്യമുള്ള റോഡുകൾ നിർമിക്കുകയും ഇപ്പോഴുള്ള റോഡുകൾ സഞ്ചാരയോഗ്യമാക്കുകയും വേണം.

3 നെടിയവിള ജംഗ്ഷനിൽ വാഹനങ്ങൾക്ക് സുഗമമായി തിരിഞ്ഞുപോകുന്നതിനും ആളുകൾക്ക് അപകടരഹിതമായി വന്നു പോകുന്നതിനും പര്യാപ്തമായ വിധത്തിൽ ജംഗ്ഷനോടു ചേർന്നുള്ള പുറമ്പോക്കു സ്ഥലം കൂടി ഉപയോഗപ്പെടുത്തി ജംഗ്ഷൻ വിസ്തൃതമാക്കണം. ഇപ്പോൾ വളരെ

അസൗകര്യമായി നാട്ടിയിട്ടുള്ള വൈദ്യുതി പോസ്റ്റ് തൽസ്ഥാനത്തു നിന്നും മാറ്റി സുരക്ഷിതമായ സ്ഥാനത്തു നാട്ടണം. നെടിയവിള ജംഗ്ഷനിലുള്ള വിവിധയിനം വാഹനങ്ങൾക്ക് പാർക്ക് ചെയ്യുവാനുള്ള സ്ഥലം ഉണ്ടാക്കണം.

4 നെടിയവിള കിഴക്കേ ജംഗ്ഷനും പടിഞ്ഞാറേ ജംഗ്ഷനുമായുള്ള ഫെയർ സ്റ്റേജ് ഏകീകരണം നടത്തണം.

5 പഞ്ചായത്ത് റോഡുകളെല്ലാം ടാർ ചെയ്യണം.

6 ഞാങ്കടവു പാലത്തിന്റെ പണി എത്രയും പെട്ടെന്നു നിർവ്വഹിക്കണം.

7 കരമ്പിൻപുഴ പാലത്തിന്റെ സ്ഥാനത്തു ചീപ്പു സംവിധാനത്തോടു കൂടിയ ഒരു പുതിയ പാലം നിർമ്മിക്കണം.

8 പ്രധാന റോഡുകളുടെ വശങ്ങളിൽ സ്ലാബുകൊണ്ട് അടയ്ക്കത്തക്ക ഓടകൾ നിർമ്മിക്കണം.

9 വേലം മൂഴികടവിലും മുന്നാം കിഴക്കതിൽ കടവിലും പുതിയവളളങ്ങൾ ഏർപ്പെടുത്തി കടത്ത് സജീവമാക്കണം.

10 പോരുവഴി പഞ്ചായത്തിലെ ചാങ്ങയിൽ കാവിനു തെക്ക് പരിയാരമുക്കും ഭാഗത്തുനിന്ന് കുന്നത്തൂർ പഞ്ചായത്തുമായി ജനങ്ങൾക്ക് ബന്ധപ്പെടുന്നതിന് ഒരു റോഡു നിർമ്മിക്കണം.

11 നിർത്തലാക്കിയ കെ.എസ്.ആർ.ടി.സി ബസ് സർവ്വീസുകൾ പുനരാംരംഭിക്കണം.

ഊർജ്ജം

പഞ്ചായത്തിൽ ആദ്യകാലം മുതൽ തന്നെ നല്ല തോതിൽ ഊർജ്ജസ്രോതസ്സുകൾ ചൂഷണം ചെയ്തു വരുന്നുണ്ട്. ഇതിൽ മണ്ണെണ്ണയും, വിറകുമായിരുന്നു. തുടക്കത്തിൽ പ്രധാനമായും ആശ്രയിക്കപ്പെട്ട ഇന്ധനങ്ങൾ, 60 കളുടെ തുടക്കത്തിൽ ആയിരുന്നു പ്രധാന ഊർജ്ജരൂപമായി വൈദ്യുതി പഞ്ചായത്തിനു ലഭ്യമായി തുടങ്ങിയത്. വെളിച്ചം കാണുന്നതിനുള്ള ഏക ഉപാധിയായി മണ്ണെണ്ണ വിളക്കുകൾ വ്യാപകമായി ഉപയോഗിക്കപ്പെട്ടിരുന്ന ആദ്യഘട്ടങ്ങളിൽ വൈദ്യുത വിളക്കുകളുടെ പ്രകാശം ഒരു ആഡംബരത്തിന്റെ ഭാവം തന്നെ കൈവരിച്ചിരുന്നു. തുടർന്ന് വൈദ്യുതി ഉപഭോക്താക്കളുടെ എണ്ണം ക്രമേണ വർധിക്കുകയും വൈദ്യുതി പഞ്ചായത്തിലെ ജനജീവിതത്തിന്റെ അവിഭാജ്യ ശക്തിയായി പരിണയിക്കുകയും ചെയ്തു. വെളിച്ചത്തിനു വേണ്ടി എന്നുള്ള നിലവിട്ട്, വ്യാവസായിക ആവശ്യങ്ങൾക്കും ഗാർഹികമായ വൈദ്യുത ഉപകരണങ്ങളുടെ ഉപയോഗത്തിനു വേണ്ടിയും വർധിച്ച തോതിൽ വൈദ്യുതി ഉപയോഗിക്കാനുള്ള പ്രവണത പഞ്ചായത്തിൽ വർധിച്ചുവന്നു. ജനസംഖ്യാപെരുപ്പവും വൈവിധ്യമാർന്ന ജീവിത മേഖലകളിലുണ്ടായ വികാസവും വൈദ്യുതിയുടെ ഉപഭോഗത്തെ കൂടുതൽ ശക്തമാക്കി. വ്യവസായശാലകളും, വ്യാപാര സ്ഥാപനങ്ങളും വൻതോതിൽ വൈദ്യുതിയുടെ ഉപഭോക്തൃ മേഖലകളായി തീർന്നു.

ഇന്ന് 3015 കുടുംബങ്ങൾ വൈദ്യുതിയുടെ ഉപഭോഗം നടത്തുന്നു. വ്യാപാരസ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, വിദ്യാലയങ്ങൾ തുടങ്ങിയ വിഭാഗങ്ങളിൽ 208 വൈദ്യുതോപഭോക്താക്കളാണ് പഞ്ചായത്തിലുള്ളത്. കൂടാതെ 27 വ്യവസായ സ്ഥാപനങ്ങളിലും വൈദ്യുതി പ്രധാന ഊർജ്ജമായി ഉപയോഗിക്കുന്നു. ആദ്യഘട്ടത്തിൽ അടൂരിൽ ആയിരുന്നു കുന്നത്തൂർ മേഖലയുടെ വൈദ്യുത സേവന കാര്യാലയം. എന്നാൽ, ഇന്ന് പ്രധാന വൈദ്യുതകാര്യാലയങ്ങൾ പഞ്ചായത്തതിർത്തിയിൽ നിന്ന് 3 കി.മീ. അകലെയുള്ള കടമ്പനാട് എന്ന സ്ഥലത്തും 5 കി.മീ. അകലെയുള്ള പുത്തൂർ എന്ന സ്ഥലത്തുമാണ് പ്രവർത്തിക്കുന്നത്. പഞ്ചായത്തിലെ ഉപഭോക്താക്കളുടെ സൗകര്യാർത്ഥം നെടിയവിളയ്ക്ക് സമീപം വിദ്യുച്ഛക്തി ബോർഡിന്റെ ഒരു ഓവർസീയർ ഓഫീസ്സ് കഴിഞ്ഞ 2 വർഷത്തോളമായി പ്രവർത്തിച്ചു വരുന്നു.

കാർഷിക മേഖലയായ ഈ പഞ്ചായത്തിൽ കാർഷികാവശ്യങ്ങൾക്കു വേണ്ടി 43 വൈദ്യുത കണക്ഷനുകളാണ് നല്കിയിട്ടുള്ളത്. വൈദ്യുത കണക്ഷനു വേണ്ടി ഏതാണ്ട് 433 അപേക്ഷകർ കാത്തിരിക്കുന്നുണ്ട്. പഞ്ചായത്തിലെ 112 പട്ടികജാതി കുടുംബങ്ങൾക്ക് വൈദ്യുതി കണക്ഷൻ നല്കിയിട്ടുണ്ട്. ഈ വിഭാഗത്തിൽപ്പെട്ട ധാരാളം കുടുംബങ്ങൾക്ക് വൈദ്യുതി കണക്ഷൻ ഇതുവരെയും ലഭ്യമായിട്ടില്ല. ഈ പ്രദേശത്തെ ബഹുഭൂരിപക്ഷം കുടുംബങ്ങളിലും വൈദ്യുതി എത്തിച്ചേർന്നതിന്റെ പശ്ചാതലത്തിൽ ശേഷിക്കുന്ന കുടുംബങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കേണ്ടത് വളരെ അടിയന്തിരമാണ്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട 67 പേർ സൗജന്യസ്സാബിൽ വൈദ്യുതി ഉപയോഗിക്കുന്നവരാണ്. 45 പേർ പണം നൽകി വൈദ്യുതപയോഗം നടത്തുന്നു. പഞ്ചായത്തിലെ നിരത്തുവക്കുകളിലും പൊതുസ്ഥലങ്ങളിലുമായി 607 ബൾബ് പോയിന്റുകളും 40 ട്യൂബ് പോയിന്റുകളും ഉണ്ട്. പഞ്ചായത്ത് പ്രദേശത്ത് ആകെ സ്ഥാപിച്ചിട്ടുള്ള ട്രാൻസ് ഫോർമറുകളുടെ എണ്ണം 17 ആണ്.

എന്നാൽ, വോൾട്ടേജ് ക്ഷാമം നമ്മുടെ പഞ്ചായത്തിലെ എല്ലാ ജീവിതരംഗങ്ങളിലും കടുത്ത പ്രതിസന്ധികൾ സൃഷ്ടിച്ചു തുടങ്ങിയിരിക്കയാണ്. ഈ രംഗത്ത് വളരെ അവധാനതയോടെയുള്ള സമീപനങ്ങൾ ആവശ്യമായി വന്നിരിക്കുന്നു. രണ്ടു ഇലക്ട്രിക്കൽ സെക്ഷൻ ആഫീസുകളുടെ പരിധിയിൽപ്പെട്ട കുന്നത്തൂർ പഞ്ചായത്തിന്റെ വൈദ്യുതി പ്രശ്നങ്ങൾ പരിഹരിക്കാനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തേണ്ടതാണ്.

മണ്ണെണ്ണയുടെ പ്രതിശീർഷ ഉപഭോഗ തോത് മുൻകാലങ്ങളെ അപേക്ഷിച്ചു കുറഞ്ഞിട്ടുണ്ടാവാമെങ്കിലും മണ്ണെണ്ണയുടെ ദൗർലഭ്യം അനുഭവപ്പെടുന്നുണ്ട്. പഞ്ചായത്തിലെ പൊതു വിതരണ സ്ഥാപനങ്ങളിലൂടെ 95-96 വർഷത്തിൽ 1 ലക്ഷത്തിൽ അധികം ലിറ്റർ മണ്ണെണ്ണ വിതരണം ചെയ്തിട്ടുണ്ട്. പഞ്ചായത്തിൽ ആകെയുള്ളത് 2500-ൽപ്പരം കാർഡുടമകളാണ്. ഇതിൽ 1400 ഓളം കാർഡുടമകളുടെ വീടുകൾ വൈദ്യുതീകരിച്ചതല്ല. മണ്ണെണ്ണയുടെ പൊതുവിതരണം വൈദ്യുതി ക്ഷാമം അനുഭവപ്പെടുന്ന ഈ ഘട്ടത്തിൽ പര്യാപ്തമല്ല എന്നു കാണാം.

പഞ്ചായത്തിലെ കൂടുതൽ കുടുംബങ്ങളും പാചകാവശ്യത്തിന് വിറകിനെയാണ് ആശ്രയിക്കുന്നത്. ഭൂമിയുടെ ശിഥിലീകരണവും വൃക്ഷവൈവിധ്യത്തിൽ വന്നിട്ടുള്ള വ്യത്യാസങ്ങളും വിറകിന്റെ ലഭ്യതയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിലാണ് കുറഞ്ഞ തോതിൽ നമ്മുടെ ജനങ്ങൾ അറക്കപ്പൊടി ഇന്ധനമായി ഉപയോഗിക്കാൻ തുടങ്ങിയിട്ടുള്ളത്. ഹോട്ടലുകളിലും, ചായപീടികകളിലുമാണ് ഈ പ്രവണത കണ്ടു തുടങ്ങിയിട്ടുള്ളത്. ബയോഗ്യാസ് പ്ലാന്റുകളും അപൂർവ്വം ചില വീടുകളിൽ അവലംബമാക്കാനുള്ള മനോഭാവം പുലർത്തുകയും ചെയ്യുന്നുണ്ട്. വളരെ സമീപ കാലത്ത് പഞ്ചായത്തിലുള്ള ഏതാണ്ടു 200 നടുത്തു വരുന്ന വീടുകളിൽ പാചകവാതകവും ഉപയോഗിച്ചു തുടങ്ങിയിട്ടുണ്ട്.

പ്രശ്നങ്ങൾ

1 പഞ്ചായത്തിന്റെ സാമാന്യ ജനജീവിത മേഖലകളെയും വ്യാപാര-വ്യവസായ-ഉൽപ്പാദന മേഖലകളെയും തളർത്തുന്ന വിധത്തിലുള്ള വൈദ്യുതി ക്ഷാമം അനുഭവപ്പെടുന്നു.

2 സ്ലാബു സമ്പ്രദായം പലപ്പോഴും വൈദ്യുതിയുടെ അനാവശ്യ ഉപയോഗത്തിനു പ്രേരണയാകുന്നുണ്ട്.

3 നിരത്തുകളിലെ പ്രധാനഭാഗങ്ങളിലും വിജനമായ ഭാഗങ്ങളിലും ട്യൂബുലൈറ്റുകളില്ല. (ബൾബുകൾപോലും ഇല്ലാതെയും ഉണ്ട്).

4 പഞ്ചായത്തിന്റെ പൊതുസ്ഥലങ്ങൾ ആശാസ്യമല്ലാത്ത പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കത്തക്കവിധം ഇരുട്ടിലാണ്.

5 പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലുമുള്ള ഉപഭോക്താക്കൾക്ക് സൗകര്യപ്രദമായി എത്തിച്ചേരത്തക്കവിധം വിദ്യുച്ഛക്തി ഓഫീസുകൾ ഇല്ല.

6 അരയാലുംതറ ജംഗ്ഷൻ മുതൽ (വാർഡ് - 3) പഞ്ചായത്തതിർത്തിവരെയുള്ള റോഡിന്റെ വശങ്ങളിൽ വൈദ്യുതി ലൈൻ സജ്ജീകരിച്ചിട്ടില്ല.

7 ബയോഗ്യാസ് ഉപയോഗം വർധിപ്പിക്കാനുള്ള നടപടികൾ ഉണ്ടായിട്ടില്ല.

സാധ്യതകൾ

1 വോൾട്ടേജ് ക്ഷാമം രൂക്ഷമായുള്ള പ്രദേശങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും വൈദ്യുതി സർവ്വീസിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുകയും വേണം. വൈദ്യുതി ഉപഭോഗത്തിലെ അശാസ്ത്രീയതകളും ധൂർത്തും പരിമിതപ്പെടുത്തുവാൻ ബോധവൽക്കരണം നടത്തണം. പവർകട്ട് ഒഴിവാക്കാൻ കഴിയുന്നത്ര ശ്രമങ്ങൾ ഉണ്ടാകണം.

2 സ്ലാബ് സമ്പ്രദായം നിർത്തലാക്കി സെൽഫ്-റീഡിംഗ് സംവിധാനം ഏർപ്പെടുത്തണം.

3 പഞ്ചായത്തിലെ പൊതുനിരത്തുകളുടെ പാർശ്വങ്ങളിൽ പൂർണ്ണമായും വൈദ്യുതലൈൻ സജ്ജീവമാക്കുകയും എല്ലാ ഭാഗങ്ങളിലും സ്ഥിരമായി ബൾബുകൾ കത്തിക്കുകയും വേണം.

4 നെടിയവീള ക്ഷേത്രമൈതാനം, പുത്തനമ്പലം, കീച്ചപ്പള്ളി, പൂതക്കുഴി പബ്ലിക് മാർക്കറ്റ് തുടങ്ങിയ സ്ഥലങ്ങളിൽ മെർകൂറി ലൈറ്റോ സോഡിയം വേപ്പർ ലാമ്പോ സ്ഥാപിക്കണം.

5 6 മുതൽ 10 വരെ വാർഡിലുള്ള ജനങ്ങൾക്ക് സൗകര്യപ്രദമായ സ്ഥലത്ത് ഒരു ഇലക്ട്രിക്കൽ ഓവർ സിയർ ഓഫീസുകൂടി തുടങ്ങണം.

6 മൂന്നാം വാർഡിലെ അരയാലും തറ ജംഗ്ഷൻ മുതൽ 200 മീറ്ററോളം അകലെയുള്ള പഞ്ചായത്തതിർത്തിവരെ ഒന്നോരണ്ടോ പോസ്റ്റുകൾ നാട്ടി ലൈൻ നീട്ടുകയും ബൾബുകൾ കത്തിക്കുകയും വേണം.

7 രണ്ടോ അതിലധികമോ പശുക്കളുള്ള വീടുകളിൽ മിനി ബയോഗ്യാസ് പ്ലാന്റുകൾ സൗജന്യമായി സ്ഥാപിച്ചുകൊടുക്കണം. ഒരു നിശ്ചിത വ്യാപ്തിയിൽ കൂടുതൽ വരുന്ന പ്ലാന്റുകളുടെ ചെലവിൽ ഒരു വിഹിതം ഗുണഭോക്താവിനു വഹിക്കാൻ കഴിയണം. ഇന്ധനങ്ങളിലുണ്ടായിക്കൊണ്ടിരിക്കുന്ന കുറവ് അതിജീവിക്കുവാനുള്ള ഒരു ശ്രമത്തിന്റെ ഭാഗമായി ഇതിനെ പൊതുജന ശ്രദ്ധയിൽ കൊണ്ടു വരണം.

8 വൈദ്യുതിക്കായി കാത്തിരിക്കുന്ന എല്ലാ അപേക്ഷകർക്കും ഉടൻ തന്നെ സർവ്വീസ് കണക്ഷൻ നൽകണം. പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങളിൽ അടിയന്തിരമായി വൈദ്യുതി എത്തിക്കണം.

മാർക്കറ്റ്

കുന്നത്തൂർ പഞ്ചായത്തിൽ വളരെക്കാലം മുമ്പ് പ്രവർത്തനമാരംഭിച്ച മാർക്കറ്റാണ് പൂതക്കുഴി പബ്ലിക് മാർക്കറ്റ് 65 കൊല്ലത്തിലേറെ പഴക്കം പ്രസ്തുത മാർക്കറ്റിനുണ്ടെന്നു പറയപ്പെടുന്നു. അന്തിച്ചന്തയായി തുടങ്ങി

ആഴ്ചചന്തയായി മാറുകയും പ്രവർത്തനത്തിൽ ഇടക്കിടെ ഇടവേളകളനുഭപ്പെടുകയും ചെയ്തിട്ടുള്ള പ്രസ്തുത മാർക്കറ്റ് പഞ്ചായത്തിന്റെ ക്രയവിക്രയ താത്പര്യങ്ങളെ ഒരിക്കലും പൂർണ്ണമായി സംരക്ഷിച്ചിട്ടില്ല. ഇപ്പോൾ മാർക്കറ്റ് പ്രവർത്തിക്കുന്നത് കുന്നത്തൂർ പഞ്ചായത്തിന്റെ തെക്കുപടിഞ്ഞാറെ അതിർത്തിയോടു ചേർന്നാണ്. മൂന്നാം വാർഡിലാണ് മാർക്കറ്റിന്റെ സ്ഥാനം. തുടക്കത്തിൽ പ്രസ്തുതമാർക്കറ്റ് ഇപ്പോൾ സ്ഥിതിചെയ്യുന്ന ഭാഗത്തുനിന്നും 250 മീറ്റർ കിഴക്കുമാറി ഒരു സ്വകാര്യഭൂമിയിലായിരുന്നു. കുറെകൂടി സ്ഥലസൗകര്യമുണ്ടായിരുന്ന സ്ഥലം കണ്ടെത്തിയതോടെയാണ് ഇപ്പോഴത്തെ സ്ഥാനത്തേക്ക് മാർക്കറ്റ് മാറിപ്രവർത്തിച്ചു തുടങ്ങിയത്. ചെറിയ തോതിലായിരുന്നെങ്കിലും കാർഷികവിഭവങ്ങൾ, മത്സ്യങ്ങൾ, ഗൃഹോപയോഗത്തിനുള്ള കുട്ട, വട്ടി, മുറം, കലം തുടങ്ങിയ ഒട്ടേറെ സാധനങ്ങൾ അവിടെ ലഭ്യമായിരുന്നു. ധാരാളം വച്ചുവാണിഭക്കാരും സ്ഥിരമായി മാർക്കറ്റിൽ എത്തുമായിരുന്നു. എന്നാൽതന്നെയും ഒരു പ്രധാനപ്പെട്ട ക്രയവിക്രയസ്ഥാനമായി വിപുലമാകാൻ മാർക്കറ്റിനിന്നുവരെ കഴിഞ്ഞിട്ടില്ല. ചന്തയുടെ സ്ഥലത്ത് അതിർത്തിതർക്കങ്ങളും കയ്യേറ്റപ്രശ്നങ്ങളും ഉണ്ടായിട്ടുണ്ട്. കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ രണ്ടു പ്രാവശ്യം മാർക്കറ്റിനെ സജീവമാക്കാനുള്ള ശ്രമങ്ങൾ ദേശവാസികളിൽ നിന്നും ഉണ്ടായി എങ്കിലും അതൊന്നും ഫലപ്രദമായില്ല. കാർഷികോത്പന്നങ്ങളുടെ വിപണനത്തിൽ ദുഷ്ടലാക്കോടുകൂടി പുറത്തുനിന്നും ഇടനിലക്കാർ ഇടപെട്ടതാണ് മാർക്കറ്റിന്റെ സുഗമമായ പ്രവർത്തനത്തിൽ പ്രധാന തടസ്സമായത്. കുന്നത്തൂർ പഞ്ചായത്തിന്റെ കിഴക്കൻ മേഖലകളിലുള്ള ആളുകൾക്ക് പഞ്ചായത്തിന്റെ പബ്ലിക് മാർക്കറ്റിലെത്തുവാൻ എട്ടുകിലോമീറ്റർ വരെ യാത്ര ചെയ്യണമെന്നുള്ളത് മാർക്കറ്റിലേക്കുള്ള ഉത്പന്നങ്ങളുടെ വരവിന് പ്രതികൂലഘടകമായി നിലനിൽക്കുകയാണ്. പഞ്ചായത്തു ഖജനാവിലേക്കുള്ള വരുമാനങ്ങൾ പൊതുവേ കുറവാണെങ്കിലും മാർക്കറ്റിൽ നിന്നുള്ള വരുമാനം ആപേക്ഷികമായി വർദ്ധിപ്പിക്കാനുള്ള സാഹചര്യങ്ങൾ വികസിപ്പിച്ചെടുക്കുവാൻ കഴിഞ്ഞിട്ടില്ല.

ഇപ്പോഴത്തെ മാർക്കറ്റിൽ ഭൗതിക സാഹചര്യങ്ങൾ വളരെ പരിമിതമാണ്. ഈ സാഹചര്യത്തിന്റെ ഗുണങ്ങൾ സമീപപഞ്ചായത്തുകളിലുള്ള കടമ്പനാട് പബ്ലിക് മാർക്കറ്റിനും പുത്തൂർ ശാസ്താംകോട്ട മാർക്കറ്റുകൾക്കുമാണ് കിട്ടുന്നത്. പഞ്ചായത്തിന്റെ ഉത്പന്ന കൈമാറ്റങ്ങൾക്കും ജീവിതാവശ്യങ്ങളുമായി ബന്ധപ്പെട്ട വാങ്ങലുകൾക്കും സൗകര്യപ്രദമായിരിക്കേണ്ട ഈ മാർക്കറ്റ് തിങ്കൾ, വ്യാഴം ദിവസങ്ങളിൽ നാമമാത്രമായി പ്രവർത്തിക്കുകയാണ്. ഒരന്തിച്ചന്തയുടെ നിലവാരത്തിൽ മാത്രമാണ് 65 വർഷം പഴക്കമുള്ള പഞ്ചായത്ത് മാർക്കറ്റ് ഇപ്പോഴും നടക്കുന്നത്. കേവലം ഒരു മത്സ്യച്ചന്തയായി മാർക്കറ്റ് തരം താണിട്ടുണ്ടെന്ന് കാണുവാൻ കഴിയും.

പ്രശ്നങ്ങൾ

1 ഉത്പന്നങ്ങൾ കേടാകാതെയും ആകർഷകമായും വയ്ക്കുന്നതിനുള്ള സൗകര്യം ഇല്ല.

2 ചന്തയുടെ ഭൂമിക്ക് സ്ഥിരമായ അതിരുകളില്ല.

3 മാർക്കറ്റ്ഭൂമി മണ്ണൊലിച്ച് ചാലുകളായി തീർന്നുകൊണ്ടിരിക്കുന്നു.

4 വിഭവങ്ങൾ സൂക്ഷിച്ചുവക്കുന്നതിനോ ഉത്പാദകനും ഉപഭോക്താവിനും, വ്യാപാരികൾക്കും സൗകര്യപ്രദമായി ക്രയവിക്രയം നടത്തുന്നതിനോ ഉള്ള ഭൗതിക സൗകര്യങ്ങളില്ല.

5 പ്രാഥമികാവശ്യങ്ങൾക്കുള്ള സൗകര്യങ്ങളില്ല.

6 പഞ്ചായത്തിലെ കാർഷിക-കാർഷികേതര ഉത്പന്നങ്ങളും വിഭവങ്ങളും മാർക്കറ്റിലേക്കാകർഷിക്കപ്പെടുന്നതിനുള്ള സാഹചര്യങ്ങളില്ല.

സാധ്യതകൾ / നിർദ്ദേശങ്ങൾ

1 ഉത്പന്ന പ്രദർശനത്തിന് (പച്ചക്കറി, പഴവർഗ്ഗങ്ങൾ തുടങ്ങിയവ) 50 അടി നീളവും 10 അടി വീതിയുമുള്ള ഒരു ആസ്ബസ്റ്റോസ് ഷെഡ് നിർമിക്കണം.

2 150 അടി നീളത്തിൽ കടമുറികളുടെ സൗകര്യങ്ങൾ ഉൾക്കൊള്ളുന്ന ഒരു ഷോപ്പിംഗ് കോപ്ലക്സ് നിർമ്മിക്കണം.

3 മാർക്കറ്റിന്റെ അതിരുകളിൽ കൽമതിൽ നിർമിക്കണം.

4 മാർക്കറ്റിന്റെ ഭൂമി നിരപ്പാക്കണം

5 മാർക്കറ്റിൽ സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേകം പ്രത്യേകം കക്കൂസ്-കുളിമുറി സൗകര്യങ്ങൾ ഉണ്ടാക്കണം. ചെറിയ തോതിലുള്ള ടോൾ പിരിക്കാവുന്നതുമാണ്.

6 ഉത്പന്നങ്ങൾ മാർക്കറ്റിലേക്ക് എത്തിച്ചേരുന്നതിനായി വാർഡടിസ്ഥാനത്തിൽ മാർക്കറ്റ് സംരക്ഷണസമിതി രൂപീകരിച്ച് പ്രചാരണം നടത്തണം.

7 പുലർച്ചെ 4 മണിക്ക് മാർക്കറ്റിലെത്തത്തക്ക വിധത്തിൽ കൊട്ടാരക്കര കരുനാഗപ്പള്ളി റൂട്ടിലും കടമ്പനാട് തുരുത്തിക്കര റൂട്ടിലും ബസ് സർവീസുകൾ ആരംഭിക്കണം.

8 പഞ്ചായത്തിന്റെ കിഴക്കൻ മേഖല കേന്ദ്രീകരിച്ച് കൊമ്പിപ്പള്ളി മുക്കിനു സമീപം ഒരന്തിച്ചന്ത തുടങ്ങണം.

7 പാർപ്പിടം സാമൂഹ്യക്ഷേമം

പാർപ്പിടം

കുന്നത്തൂർ ഗ്രാമത്തിൽ കൂട്ടുകുടുംബ വ്യവസ്ഥിതി നിലനിന്നിരുന്ന കാലഘട്ടത്തിൽ തന്നെ പിന്നോക്കാവസ്ഥയിൽ കഴിഞ്ഞിരുന്ന ജനവിഭാഗങ്ങൾക്ക് ഒരു പേടിസ്വപ്നമായിരുന്നു പാർപ്പിടത്തിന്റെ സൗകര്യങ്ങൾ. സ്ഥലലഭ്യത, സമ്പത്ത് എന്നിവയുടെ കേന്ദ്രീകൃത വ്യവസ്ഥിതികൾ ഇതിനു പ്രധാന കാരണങ്ങളായിരുന്നു. മരുമക്കത്തായ കൂട്ടുകുടുംബ വ്യവസ്ഥിതികൾ പരിവർത്തന വിധേയമായതോടെ വാസസാഹചര്യങ്ങളിൽ ഒരു ക്രമീകരണത്തിനുള്ള സാവകാശം ഇല്ലാതിരുന്നതും തുടർന്നു വന്ന ജനസംഖ്യ വർദ്ധനവും വർദ്ധിതമായ ഭൂവിനിയോഗ പ്രവണതകളും കുന്നത്തൂരിന്റെ പാർപ്പിട സംബന്ധിയായ പ്രശ്നങ്ങളെ എന്നും വളർത്തിക്കൊണ്ടിരുന്നു.

ഇന്ന് കുന്നത്തൂർ ഗ്രാമത്തിലെ ജനസാന്ദ്രത 1070 ച. കി. മി. ആണ്. പ്രതിശീർഷ ഭൂലഭ്യത കേവലം 0.09 ഹെക്ടറും. ഈ സാഹചര്യത്തിൽ പാർപ്പിട സൗകര്യങ്ങൾ ഒരുക്കുന്നതിൽ സ്ഥലപരിമിതി എത്ര കണ്ടു വിഘാതം വരുത്തുന്നു എന്ന് കാണാൻ കഴിയും. സാമ്പത്തിക ബുദ്ധിമുട്ടുകൾ പാർപ്പിടനിർമാണത്തിൽ ഒട്ടും കുറയാത്ത തോതിലുള്ള ഒരു പ്രതിബന്ധമായി നിലനിൽക്കുന്നു. ഈ രംഗത്ത് ആസൂത്രണത്തിന്റെ തത്വശാസ്ത്രങ്ങളും പ്രയോഗ ശാസ്ത്രങ്ങളും അതിവിദഗ്ധമായി സമന്വയിപ്പിച്ചെങ്കിലേ നമ്മുടെ ഗ്രാമത്തിന്റെ പാർപ്പിട പ്രതിസന്ധി തരണം ചെയ്യാനാവൂ.

കഴിഞ്ഞ അഞ്ചുവർഷങ്ങളിലായി പ്രതിവർഷം ശരാശരി 115 കെട്ടിടങ്ങൾക്കുവീതം പഞ്ചായത്ത് ഉടമസ്ഥത സാക്ഷ്യപ്പെടുത്തിവരുന്നു. ഇപ്പോൾ പഞ്ചായത്തിൽ വാസമുള്ള ആകെ കെട്ടിടങ്ങൾ 5941 ആണ്. എന്നാൽ ആകെയുള്ള കെട്ടിടങ്ങൾ 6878 ആണ്. വാസമുള്ള കെട്ടിടങ്ങളിൽ 778 എണ്ണം കോൺക്രീറ്റ് മേൽപുരയും 3312 എണ്ണം ഓട്മേൽപുരയും 1851 എണ്ണം ഓല മേൽപുരയുള്ളതുമാണ്. ഈ കെട്ടിടങ്ങളിൽ 327 എണ്ണം വിവിധ ഭവന നിർമാണ പദ്ധതികൾ പ്രകാരം നിർമിച്ചിട്ടുള്ളതാണ്. ഇത്തരം വീടുകളുടെ യഥാസമയത്തുള്ള അറ്റകുറ്റപ്പണികൾ നടത്തുന്നതിൽ തന്നെ ഗുണഭോക്താക്കൾക്ക് സാമ്പത്തിക പ്രയാസം അനുഭവപ്പെടുന്നു. ഈ വീടുകളുടെ കൂട്ടത്തിൽ ഐ. ആർ. ഡി. പി. പദ്ധതി അനുസരിച്ച് നിർമിച്ച വീടുകളുടെ എണ്ണം 51 ആണ്. ഐ. ആർ. ഡി. പി. പദ്ധതിയിൽ അനുവദിച്ച ആകെ വീടുകളിൽ 664 എണ്ണം ഇനിയും പൂർത്തിയായിട്ടില്ല.

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിലും ഇതര വിഭാഗങ്ങളിലും സ്ഥലമില്ലാത്തവർക്ക് സ്ഥലം കണ്ടെത്തുകയും ഭവന നിർമാണത്തിനുള്ള സാമ്പത്തിക സാങ്കേതിക സഹായങ്ങൾ നൽകുകയും ചെയ്തുകൊണ്ട് ഈ മേഖലയിലെ പ്രശ്നങ്ങൾ ഉടനടി പരിഹരിക്കേണ്ടതുണ്ട്.

പ്രശ്നങ്ങൾ

1 ഭവന നിർമാണത്തിനാവശ്യമായ സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള സൗകര്യങ്ങൾ പഞ്ചായത്തിലില്ല.

2 സ്ഥല ദൗർലഭ്യം പാർപ്പിട നിർമാണത്തിന് തടസ്സമാകുന്നു.

3 കെട്ടിട നിർമാണ സാമഗ്രികളുടെ വർധിച്ച വിലയും നിർമാണ തൊഴിലാളികളുടെ വർദ്ധിച്ച കൂലിയും പാർപ്പിട നിർമാണം സാധാരണക്കാർക്ക് താങ്ങാനാവാത്ത വിധം ചെലവേറിയാതാകുന്നു.

4 ചെലവു കുറഞ്ഞ സാങ്കേതിക വിദ്യ ഈ രംഗത്ത് വ്യാപകമാകുന്നില്ല.

5 നിർമാണ തൊഴിലുകൾ പരിശീലിക്കുവാൻ വ്യവസ്ഥാപിതമായ സംവിധാനങ്ങളില്ല.

നിർദേശങ്ങൾ

1 പഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരു ഭവനവായ്പാ സഹകരണ സംഘം സ്ഥാപിക്കണം.

2 സ്ഥല ദൗർലഭ്യം പരിഹരിക്കാനാവാത്ത സാഹചര്യത്തിൽ ഫ്ളാറ്റ് സമ്പ്രദായം നടപ്പിലാക്കാൻ ശ്രമിക്കണം.

3 കെട്ടിട നിർമാണ സാമഗ്രികൾ ചെലവു കുറഞ്ഞ രീതിയിൽ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുവാനും യഥാസമയം കുറഞ്ഞ ചെലവിൽ വീടുകളുടെ അറ്റകുറ്റപ്പണി നടത്തുവാനും സഹകരണ സംഘങ്ങൾ സ്ഥാപിക്കുകയും അവയ്ക്ക് സമ്പത്ത് സമാഹരിക്കുകയും ചെയ്യണം.

4 ചെലവു കുറഞ്ഞ് / പരമ്പരാഗത വാസ്തുനിർമാണ പ്രവർത്തനങ്ങളിൽ ബോധവൽക്കരണം നടത്തണം.

5 നിർമാണ ജോലികൾ പരിശീലിക്കുവാൻ പരിശീലന കേന്ദ്രങ്ങൾ തുടങ്ങണം.

6 വാർഡടിസ്ഥാനത്തിൽ ചെറിയ ഹൗസിംഗ് കോളനികൾ തുടങ്ങുന്നതിനുള്ള സാധ്യതകൾ ആരായണം.

സാമൂഹ്യക്ഷേമം

വ്യാപകമായും വിപുലമായും സാമൂഹ്യക്ഷേമം നടപ്പിൽ വരുത്താനുള്ള ഒരു കാഴ്ചപ്പാടാണ് നമുക്ക് അഭികാമ്യം. ഒരു പ്രത്യേക വിഭാഗത്തെ നിശ്ചലമാക്കിക്കൊണ്ട് മറ്റൊരു വിഭാഗത്തിനെ സമുദ്ധരിക്കാനുള്ള ശ്രമങ്ങൾ കാലാനുഗതമായ നിരവധി കാരണങ്ങളാൽ സാധ്യമല്ല എന്ന് ഇതുവരെയുള്ള അനുഭവങ്ങളിൽ നിന്ന് മനസിലാക്കേണ്ടിയിരിക്കുന്നു. ഇത് ദാരിദ്ര്യരേഖയ്ക്ക വളരെ സമീപത്തുള്ള കുടുംബങ്ങളുടെ ഗതി ഏതാണ്ട് ഒരേ തോതിൽ വ്യത്യസ്ഥ ദിശകളിലേക്ക് ഉണ്ടാകും എന്ന നിഗമനത്തെ ശരിവയ്ക്കുന്ന അനുഭവവുമാകുന്നു. ഈ രംഗത്തെ കാഴ്ചപ്പാടുകൾ ഭേദഗതി ചെയ്യേണ്ടതുണ്ടോ എന്ന് പരിശോധിക്കണം.

ഐ. ആർ. ഡി. പി. സർവ്വേ പ്രകാരം കുന്നത്തൂർ ഗ്രാമത്തിൽ 2413 കുടുംബങ്ങളാണ് ദാരിദ്ര്യരേഖക്ക് താഴെയുള്ളത്. ഇതിൽ 294 കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം നൽകിക്കഴിഞ്ഞു. അക്കൂട്ടത്തിൽ 262 പേർ മാത്രം ദാരിദ്ര്യരേഖ കടന്നിട്ടുണ്ട്. ശേഷിക്കുന്ന 32 കുടുംബങ്ങൾ പഴയ അവസ്ഥയിൽ തുടരുകയാണ്. അങ്ങനെ പഞ്ചായത്തിലെ 2151 കുടുംബങ്ങൾ ഇപ്പോഴും ദാരിദ്ര്യരേഖക്ക് താഴെ തന്നെയാണ്. ഈ ഗണിത പ്രകൃതം മാറ്റേണ്ടതുണ്ട്. പ്രതിവർഷം ശരാശരി 100 കുടുംബങ്ങളാണ് ഐ. ആർ. ഡി. പി. പദ്ധതിയിൽ ഗുണഭോക്താക്കളാകുന്നത്. ട്രൈസം പരിശീലനം, ഡി. ഡബ്ലിയു. സി. ആർ. എ. പദ്ധതികൾ പഞ്ചായത്തിൽ അത്രകണ്ട് ഫലപ്രദമായിട്ടില്ല. ട്രൈസം പദ്ധതിയിൽ നമ്മുടെ പ്രദേശത്തുള്ള കേവലം 35 യുവാക്കൾക്കാണ് പരിശീലനം നൽകാൻ കഴിഞ്ഞിട്ടുള്ളത്. ഇക്കൂട്ടരിൽ സ്വയം തൊഴിൽ കണ്ടെത്തിയവർ 20% മാത്രം. അതായത് കേവലം 7 പേർ.

ഡി. ഡബ്ലിയു. സി. ആർ. എ. പദ്ധതി പ്രകാരം പഞ്ചായത്തിൽ ആരംഭിച്ചത് രണ്ടുയൂണിറ്റുകൾ മാത്രമാണ്. ഇതിൽ ഒന്ന് 10 അംഗബലത്തോടുകൂടി 1-ാം വാർഡിൽ കൈരളി ചിപ്സ് എന്ന പേരിലും 11 അംഗബലത്തോടുകൂടി 10-ാം വാർഡിലും പ്രവർത്തിക്കുന്നു. 10-ാം വാർഡിലേത് പശുവളർത്തൽ യൂണിറ്റാണ്. ഐ. ആർ. ഡി. പി. സർവ്വേയിൽ ഗ്രാമത്തിലെ ഗ്രാമീണ കൈതൊഴിലുകാരുടെ എണ്ണം 149 ആണ്. ഇവരിൽ 4 പേർക്ക് മാത്രമാണ് ഉപകരണങ്ങൾ വിതരണം ചെയ്തിട്ടുള്ളത്.

സമൂഹത്തിലെ സാമാന്യ ദുർബ്ബല ജനവിഭാഗങ്ങളെ (ജാതി വിഭാഗീയതകൾക്കതീതമായി) കണ്ടെത്തുകയും മറ്റു പരിഗണനകൾ നാളിതുവരെ കിട്ടിയിട്ടില്ലാത്തവരെന്ന പരിഗണനയിൽ അവർക്കായി ഒരു പുനരധിവാസ/പുനരുദ്ധാരണ പദ്ധതിക്കു രൂപം കൊടുക്കുകയും ചെയ്യേണ്ടത്. കാലഘട്ടത്തിന്റെ ആവശ്യകതയായി കാണണം.

പ്രശ്നങ്ങൾ

1 അർഹതയുള്ളവരുടെ പ്രസിദ്ധപ്പെടുത്തിയ പട്ടിക യഥാർത്ഥത്തിൽ ഇനിയും അർഹതയുള്ളവരെ കണ്ടെത്തി വിപുലമാക്കുകയും സാമ്പത്തിക സഹായ വിതരണത്തിൽ ധനകാര്യ സ്ഥാപനങ്ങൾ പ്രകടിപ്പിക്കുന്ന വിമുഖത ഇല്ലാതാക്കുകയും വേണം.

2 അനുവദിക്കപ്പെടുന്ന സാമ്പത്തിക സഹായം നിർദ്ദിഷ്ഠ സംരംഭങ്ങളുടെ പൂർത്തീകരണത്തിനു പര്യാപ്തമല്ല.

3 സാമ്പത്തിക സഹായത്തോടനുബന്ധിച്ചുള്ള നടപടിക്രമങ്ങൾ സങ്കീർണമാണ്.

4 ഇടത്തട്ടുകാർ ഗുണഭോക്താക്കളെ ചൂഷണത്തിന് വിധേയരാക്കുന്നു.

5 പദ്ധതികളെക്കുറിച്ചുള്ള പ്രചാരണം അപര്യാപ്തമാണ്.

6 ആനുകൂല്യങ്ങൾ യഥാസമയം ലഭ്യമാകുന്നില്ല.

7 സമൂഹത്തിലെ ഇതരദുർബ്ബലവിഭാഗങ്ങൾ എല്ലാഭാഗത്തുനിന്നുമുള്ള അവഗണനയ്ക്ക് വിധേയരാകുന്നു.

സാധ്യതകൾ / നിർദ്ദേശങ്ങൾ

1 ഐ. ആർ. ഡി. പി. പ്രകാരമുള്ള കുടുംബങ്ങളുടെ പട്ടിക അടിയന്തിരമായി പുതുക്കണം.

2 ധനകാര്യസ്ഥാപനങ്ങളെ വായ്പാവിതരണത്തിൽ ആഭിമുഖ്യമുള്ളവയാക്കണം. വായ്പകളുടെ എണ്ണം വർദ്ധിപ്പിക്കണം.

3 സഹായധനം ലഭ്യമാക്കുന്ന സ്ഥാപനത്തിന്റെ നേരിട്ടുള്ള അന്വേഷണത്തിനു വിധേയമായി ധനസഹായം ലഭ്യമാക്കണം.

4 വിവാഹം, വിദ്യാഭ്യാസം, ചികിത്സ തുടങ്ങിയ ഇതര ആവശ്യങ്ങൾക്കുകൂടി സഹായധനം ലഭ്യമാക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കണം.

5 ഓരോ വാർഡും കേന്ദ്രീകരിച്ച് 2 ഡി. ഡബ്ലിയു. സി. ആർ. എ. യൂണിറ്റുകൾ വീതം ആരംഭിക്കണം.

6 ട്രൈസം പരിശീലനം ലഭിച്ചവർക്ക് തൊഴിലവസരം സൃഷ്ടിക്കുന്ന വ്യവസായ സംരഭങ്ങൾ തുടങ്ങണം.

7 പദ്ധതി സംബന്ധമായ പ്രചാരണവും ബോധവൽക്കരണവും വിശദീകരണയോഗങ്ങളും മുൻകൂട്ടി നടത്തണം.

8 തൊഴിൽ പരിശീലനത്തിനു സാഹചര്യം സൃഷ്ടിക്കത്തക്ക വിധം ഓരോ വാർഡിലും മഹിളാ സമാജങ്ങൾ ആരംഭിക്കണം.

9 അംഗൻവാടികളിലും ബാലവാടികളിലും പഠനോപകരണങ്ങൾ ലഭ്യമാക്കണം.

10 സമൂഹത്തിലെ ഇതര ദുർബ്ബലവിഭാഗങ്ങളെ കണ്ടെത്തുന്നതിനു സർവ്വേ നടത്തുകയും അങ്ങിനെ കണ്ടെത്തുന്ന കുടുംബങ്ങൾക്ക് ഒരു പ്രത്യേക ക്ഷേമ പദ്ധതി പഞ്ചായത്തടിസ്ഥാനത്തിൽ രൂപപ്പെടുത്തുകയും വേണം.

8 സംസ്ക്കാരം

സംസ്കാരം

ദേശീയമായും പ്രാദേശികമായും വാഴ്ത്തപ്പെട്ട സാംസ്കാരിക വിപ്ലവത്തിന്റെ കഥകളൊന്നും കുന്നത്തൂരിന് പറയാനില്ലെങ്കിലും കാലത്തിന്റെ ഗതിവിഗതികളിൽ മനുഷ്യന്റെ വാസനകളേയും സർഗ്ഗചിന്തകളെയും സ്പർശിച്ചുയർത്തിയ ഒരു സാമൂഹ്യ സംസ്കൃതി ഇവിടെയും ഉണ്ടായിരുന്നു. ജീവിതത്തിന്റെ കാലൂഷ്യങ്ങളിൽ സാമാന്യം അസ്വസ്ഥമായിരുന്ന നമ്മുടെ സമൂഹത്തിന് സാംസ്കാരികവികാസത്തെ പരിപോഷിപ്പിക്കുവാനുള്ള സാവകാശങ്ങൾ ഉണ്ടായില്ല എന്നതാണ് പ്രാദേശികമായ ഒരു സാംസ്കാരികത്തനിമ ഉരുത്തിരിയാതിരുന്നതിന് ഹേതുവെന്ന് അനുമാനിക്കാം. എങ്കിലും സുകുമാരകലകളിൽ പ്രകടമായ പ്രതിപത്തി പ്രകടിപ്പിച്ചിരുന്ന ഒരു സമൂഹമായിരുന്നു നമ്മുടേത്. നാടൻ കലാരൂപങ്ങളും നൃത്തവകഭേദങ്ങളും പരിപോഷിപ്പിക്കുന്നതിൽ കിട്ടിയ അവസരങ്ങളാകെ നമ്മുടെ മുൻഗാമികൾ കൈയേറ്റിരുന്നു. സദാരാമ രാമായണം അനാർക്കലി എന്നീ കഥകൾ നാടക രൂപത്തിൽ അവതിപ്പിച്ച കലാകാരൻമാർ ഈ നാട്ടിൽ ഉണ്ടായിരുന്നു. 1934-ൽ ഐവർകാല കേന്ദ്രമാക്കി പ്രവർത്തനം ആരംഭിച്ച ചങ്ങനാശ്ശേരി. സ്മാരക ഗ്രന്ഥശാല കുന്നത്തൂരിന്റെ സാംസ്കാരിക ചരിത്രത്തിൽ ഒരു നാഴിക കല്ലാണ്. സർദാർ കെ.എം. പണിക്കരായിരുന്നു ഇതിന്റെ ആദ്യത്തെ രക്ഷാധികാരി. മഹാകവി വള്ളത്തോൾ ഈ വായനശാല സന്ദർശിക്കുകയും പുസ്തകങ്ങൾ സംഭാവന ചെയ്യുകയും ചെയ്തിട്ടിട്ടുണ്ട്. തിരുവിതാംകൂറിലെ മൂന്നാമത്തെ ഗ്രന്ഥശാലയായിരുന്നു അത്. ഈ വായനശാല വിപുലമായ രീതിയിൽ നവരാത്രി ആഘോഷങ്ങളും സംഘടിപ്പിച്ചിരുന്നു.

കേരളത്തിന്റെ തനതു കലാരൂപമായ കഥകളി ഈ നാട്ടിലെ ആളുകൾ എന്നും ആസ്വദിച്ചിരുന്നു. ഈ കലാരൂപത്തോട് കൊട്ടാരക്കര തമ്പുരാനുണ്ടായിരുന്ന പ്രതിപത്തിയും മാനസിക ബന്ധവും തൊട്ടടുത്ത പക്കമായ കുന്നത്തൂർ പ്രദേശത്തും കഥകളി ആസ്വാദനത്തിനുള്ള പ്രചോദനം നല്കിയിരുന്നുവെന്നതിൽ സംശയത്തിനിടയില്ല. ഓട്ടൻതുള്ളൽ, വില്പാട്ട് സീതകളി കാലൻതുള്ളൽ, പറയൻതുള്ളൽ എന്നിവ നമ്മുടെ പഞ്ചായത്തു പ്രദേശത്തു നിലനിന്നിരുന്ന ഇതര കലാരൂപങ്ങളാണ് ഐവർകാല കേന്ദ്രീകരിച്ച് ഒരു കഥകളി പരിശീലന കേന്ദ്രവും ഉണ്ടായിരുന്നു. ശിൽപശാലകളും കാളത്തല എഴുത്തും നെടിയവിള കേന്ദ്രീകരിച്ച് പഠിപ്പിക്കുന്നതിന് സൗകര്യങ്ങളും നിലനിന്നിരുന്നു.

തുടക്കം മുതൽ തന്നെ ഹിന്ദുക്കളും കൃസ്ത്യാനികളും പരസ്പര സ്നേഹത്തോടും ഇടകലർന്നും ജീവിച്ചിരുന്നു. ആചാര ശൈലികളും പരസ്പര പൂരകങ്ങളും ആരോഗ്യകാരവുമായിരുന്നു. പള്ളികളും അമ്പലങ്ങളും പഞ്ചായത്തിൽ പ്രധാന മതവിഭാഗങ്ങളുടെ ആരാധനാവശ്യങ്ങൾക്കനുസൃതമായി ഉണ്ടായിരുന്നു. ക്രിസ്തീയ മേഖലകളിൽ കൺവൻഷനുകളും പ്രാർത്ഥനാ റാലികളും നടത്തപ്പെട്ടിരുന്നു. ഹൈന്ദവ ദേവാലയങ്ങളിൽ വളരെആഡംബരത്തോടെ ഉത്സവങ്ങൾ നടത്തപ്പെട്ടിരുന്നു. കീച്ചള്ളി, തെടിയവിള വിളയശ്ശേരിൽ കൊക്കംകാവ് എന്നീ ക്ഷേത്രങ്ങളിലെ ഉത്സവങ്ങൾക്ക് വലിയ ജനത്തിരക്കും കെട്ടുകാഴ്ചകളും ഉണ്ടായിരുന്നു. കൊക്കം കാവ് ക്ഷേത്രത്തിനു സമീപമുള്ള ആറ്റുമണൽ പരപ്പിൽ ആലുവാ ശിവരാത്രിയെ അനുസ്മരിപ്പിക്കുന്ന വിധത്തിൽ ശിവരാത്രി ഉത്സവം നടത്തുക പതിവായിരുന്നു. 18 കരക്കാർ ചേർന്നു നടത്തിയ ഈ ആഘോഷങ്ങളിൽ ദിവാൻ, ഉയർന്ന ഉദ്യോഗസ്ഥർ, പണ്ഡിതൻമാർ, കവികൾ തുടങ്ങിയവർ സജീവമായി പങ്കെടുത്തിരുന്നു. ഈ ക്ഷേത്രത്തിൽ മാർത്താണ്ഡവർമ്മ യാഗങ്ങളും നടത്തുമായിരുന്നു. സാഹിത്യരംഗവുമായി നമ്മുടെ പഞ്ചായത്ത് പ്രദേശത്തിന് അഗാധമായ ബന്ധമാണുള്ളത്. ഹാസ്യസാഹിത്യ സമ്രാട്ടായിരുന്ന ശ്രീമാൻ ഈ. വി. കൃഷ്ണപിള്ളയുടെ ജന്മം കൊണ്ടനുഗ്രഹീതമായ നാടാണിത്. നെടിയവിളയിലായിരുന്നു ആ പുണ്യാത്മാവിന്റെ ജന്മം. പ്രദേശത്തു ജീവിച്ചിരുന്ന പ്രധാമന സംസ്കൃത പണ്ഡിതന്മാരും സാഹിത്യോപസന്മാരുമായിരുന്നു ശ്രീമംഗലത് ശ്രീ.റ്റി.പി. ഗോപാലപിള്ള, മറവൂർ ശ്രീ. ഭാസ്കരാനന്ദജി, അന്തിപ്പുഴയ്ക്കൽ ശ്രീ.കെ.എസ്. നായർ എന്നിവർ.

ഇന്നു പഞ്ചായത്തിന്റെ കലാസാംസ്കാരിക വീക്ഷണത്തിൽ ചില മാറ്റങ്ങൾ കാണാം. നാടൻ കലാരൂപങ്ങൾ ഏതാണ്ട് തിരോഭവിക്കുന്ന ഘട്ടത്തിലാണ് തോറ്റം പാട്ടു നടത്തുന്ന ഏതാനും ചില കലാകാരന്മാർ ഇപ്പോഴും ഉണ്ട്. കലാസാംസ്കാരിക പ്രവർത്തനങ്ങളിൽ പഞ്ചായത്തിൽ ഏറ്റവും ശ്രദ്ധിക്കപ്പെടുന്നത് നെടിയവിള ക്ഷേത്രത്തോടനുബന്ധിച്ചുള്ള സി.ബി. സ്മാരക നവരാത്രി മഹോത്സവമാണ്. ഓണക്കാലത്ത് താത്കാലികമായി രൂപം കൊള്ളുന്ന യുവജന പ്രസ്ഥാനങ്ങൾ (ആർട്സ് സ്പോർട്സ് ക്ലബുകൾ) ഓണം കഴിയുന്നതോടെ അപ്രത്യക്ഷമാകും. ഈ ക്ലബുകളുടെ

പ്രവർത്തനം കലാ സാംസ്കാരിക രംഗത്ത് ശാശ്വതമായ മുതൽക്കൂട്ടുകളോ പഞ്ചായത്തിന്റെ ഉത്പാദന രംഗത്തിന് എന്തെങ്കിലും സംഭാവനകളോ നൽകത്തക്ക പ്രവർത്തന സ്വഭാവമുള്ളവയായി അനുഭവപ്പെടാറില്ല.

പഞ്ചായത്തിൽ ആറ് ഗ്രന്ഥശാലകൾ പ്രവർത്തിക്കുന്നു. ഇവയുടെ പ്രവർത്തനത്തിൽ കുറെക്കൂടി ഊർജ്ജസ്വലത പ്രകടമാക്കേണ്ടതുണ്ട്. ഗ്രന്ഥശാലകളിൽ പലതിനും കടുത്ത സാമ്പത്തിക പരാധീനതകൾ അനുഭവപ്പെടുന്നു. കലാകായിക രംഗങ്ങളിൽ ആശാവഹമായ ചലനങ്ങൾ ഉണ്ടാകേണ്ടതുണ്ട്.

പഞ്ചായത്ത് ആസ്ഥാനമായി 1995 ൽ പ്രവർത്തനം ആരംഭിച്ചിട്ടുള്ള കുന്നത്തൂർ താലൂക്ക് ജവഹർ ബാലഭവൻ ആൻഡ് ചിൽഡ്രൻസ് ലൈബ്രറി എന്ന സ്ഥാപനം വളരെ സാദ്ധ്യതകൾ ഉള്ളതാണ്. 14 വയസ്സ് വരെ പ്രായമുള്ള കുട്ടികൾക്ക് നൃത്തം, സംഗീതം, മൃദംഗം, വയലിൻ, ഗിറ്റാർ, ചിത്രരചന, പെയിന്റിംഗ്, ക്ലേ മോഡലിംഗ്, ശില്പകല എന്നീ രംഗങ്ങളിൽ ശാസ്ത്രീയമായ പരിശീലനം നൽകുന്നതിനും കുട്ടികളിൽ കാണപ്പെടുന്ന ഛിദ്രത കുറ്റവാസന നിഷ്ക്രിയത്വം എന്നീ പ്രവണതകൾ ഉന്മൂലനം ചെയ്യുന്നതിനുള്ള കൗൺസലിംഗ് നടത്തുന്നതിനും കുട്ടികളിൽ പരിസ്ഥിതി അവബോധം വായനാശീലം എന്നിവ വളർത്തുന്നതിനും ലക്ഷ്യമിട്ടിട്ടുള്ള പ്രസ്തുത താലൂക്ക് ബാലഭവൻ കൊല്ലം ജവഹർ ബാലഭവൻആന്റ് ചിൽഡ്രൻസ് ലൈബ്രറിയുടെ ഒരു ഉപസ്ഥാപനമായിട്ടാണ് പ്രവർത്തിക്കുന്നത്. 1996 ഏപ്രിൽ 14-ാം തീയതി മുതൽ മേൽ സൂചിപ്പിച്ച സുകുമാര കലകളിലും വാദ്യോപകരണങ്ങളിലും കുട്ടികൾക്കു വേണ്ടി പരിശീലനം നൽകിവരുന്നു. സാമ്പത്തിക പരാധീനതയും പ്രചാരണമില്ലായ്മയും സ്ഥലപരിമിതിയും പരിഹരിച്ചാൽ പഞ്ചായത്ത് ഉൾപ്പെടുന്ന താലൂക്കിലേയും, പ്രത്യേകിച്ച് നമ്മുടെ പഞ്ചായത്തിലെയും കലാ സാംസ്കാരിക മേഖലയ്ക്ക് ഈ സ്ഥാപനം ഒരു മുതൽകൂട്ടായിരിക്കും.

പ്രാദേശിക ഉത്സവങ്ങളോടനുബന്ധിച്ച് നടന്നുവരുന്ന കായിക വിനോദ പരിപാടികൾ.പഞ്ചായത്തിൽ സൗകര്യമായി കളിസ്ഥലങ്ങൾ ഇല്ലാത്തത് കുന്നത്തൂരിന്റെ കായിക പ്രതിഭകളെ കണ്ടെത്തുന്നതിൽ അക്ഷന്തവ്യമായ വീഴ്ചകൾക്കിടവരുത്തുന്നു.

നാലാം വാർഡ് കേന്ദ്രീകരിച്ച് പ്രവർത്തിച്ചു വരുന്ന നെഹ്രുയുത്ത് ക്ലബ് ഈ രംഗത്ത് ആശാവഹമായ ഒരു യുവജന പ്രസ്ഥാനമാണ്. പ്രവർത്തനം അത്രകണ്ട് സംയുക്തവും നിയതവും അല്ലെങ്കിൽത്തന്നെയും പാക്കനാർകളി, ചെണ്ടമേളം മയൂരനൃത്തം കോൽകളി, കോലംതുള്ളൽ എന്നീ കലാരൂപങ്ങളെ പുനർജീവിപ്പിക്കാനുള്ള ശ്രമം പ്രസ്തുത സംഘടന എളിയ തോതിൽ നടത്തിവരുന്നു.

മനുഷ്യാവകാശ സംഘടനയായ വിളയിൽ ഇന്ത്യാ മുമെന്റിന്റെ പ്രാദേശിക യൂണിറ്റ് പേട്രിയാറ്റ്സ് ഡിബേറ്റിംഗ് സൊസൈറ്റി മാതൃഭൂമി സ്റ്റഡി സർക്കിൾ ഉപഭോക്തൃ സംരക്ഷണ സംഘടന എന്നീ സാമൂഹ്യ സാംസ്കാരിക സംഘടനകളും അരാമ, പ്രതിഭ, തൂലിക തുടങ്ങിയ 15-ഓളം കലാ കായിക സംഘടനകളും പ്രദേശത്ത് ശ്രദ്ധിക്കപ്പെടുന്നവയാണ് ഇവയിൽ പലതിന്റെയും പ്രവർത്തനം ഇന്ന് സജീവമല്ല. ചുരുക്കത്തിൽ പ്രദേശത്തെ കലാസ്വാദകരുടേയും യുവജനങ്ങളുടേയും പൂർണ്ണമായ ശക്തി പഞ്ചായത്തിന്റെ കലാ കായിക സാംസ്കാരിക മേഖലയ്ക്ക് അർഹമായ കരുത്ത് പകരാൻ വേണ്ടി ഉപയോഗിക്കപ്പെടുന്നില്ല.

പ്രശ്നങ്ങൾ

1. സമ്പുഷ്ടമായ ഒരു കലാ സാംസ്കാരിക വികാസത്തിന് ഉപയോഗപ്പെടാൻ സാദ്ധ്യതകളുള്ള കുന്നത്തൂർ താലൂക്ക് ജവഹർ ബാലഭവൻ ആൻഡ് ചിൽഡ്രൻസ് ലൈബ്രറിക്ക് പ്രവർത്തിക്കാനാവശ്യമായ ഭൗതിക സാമ്പത്തിക സാഹചര്യങ്ങൾ ഇല്ല.
2. വനിതകൾക്കു പ്രയോജനപ്പെടുന്ന വിധത്തിലുള്ള ഗ്രന്ഥശാല സംവിധാനങ്ങളില്ല.
3. പഞ്ചായത്തിലെ മിക്ക വായനശാല / ഗ്രന്ഥശാലകളിലും ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെയുള്ള ജ്ഞാന പ്രാപ്തിക്ക് വേണ്ട സൗകര്യങ്ങളില്ല.
4. മിക്ക ഗ്രന്ഥശാലകളുടെയും സാമ്പത്തിക സ്ഥിതി ദയനീയമാണ്.
5. ദീർഘ കാലാടിസ്ഥാനത്തിൽ കലാ - കായിക - സാംസ്കാരിക പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയുണ്ടായി. ഇതര വികസന മേഖലകളോടു പ്രതിബന്ധം പുലർത്തുന്ന യുവജന സംഘടനകൾ ഇല്ല.
6. ഗ്രന്ഥശാലകളിൽ റഫറൻസ് ഗ്രന്ഥങ്ങളുടെ അപര്യാപ്തത നിലനിൽക്കുന്നു.

സാദ്ധ്യതകൾ/നിർദ്ദേശങ്ങൾ

1. കുന്നത്തൂർ താലൂക്ക് ജവഹർ ബാലഭവൻ ആന്റ് ചിൽഡ്രൻസ് ലൈബ്രറിക്ക് നെടിയ വിളയിൽ ഉള്ള പുറമ്പോക്ക് സ്ഥലത്ത് 30 സെന്റ് സ്ഥലം ലഭ്യമാകുകയും വിപുലമായ ജനപങ്കാളിത്തത്തോടെ സമ്പത്തു സമാഹരിച്ച് ഒരു കെട്ടിടം ഉണ്ടാക്കുകയും ചെയ്യണം. ചെലവാകുന്ന തുകയുടെ നിശ്ചിത വിഹിതം താലൂക്കിലെ എല്ലാ പഞ്ചായത്തുകളിൽ നിന്നും നൽകണം. ആവശ്യമായ വാദ്യോപകരണങ്ങൾ ലഭ്യമാക്കണം.
2. വനിതകൾക്ക് മാത്രമായി പഞ്ചായത്തിൽ മൂന്നു വായനശാലകൾ സ്ഥാപിക്കണം.
3. എല്ലാ ഗ്രന്ഥശാലകളിലും ടെലിവിഷൻ സെറ്റ് സ്ഥാപിക്കണം.
4. ഗ്രന്ഥശാലകളുടെ ഗ്രാന്റ് വർദ്ധിപ്പിക്കുകയും യഥാസ്ഥലത്ത് വിതരണം ചെയ്യുകയും വേണം.

5. പ്രദേശത്ത് പുതുതായി യുവജന കലാ സാംസ്കാരിക സംഘടനകൾ രജിസ്റ്റർ ചെയ്യുമ്പോൾ പഞ്ചായത്തിന്റെ കാർഷിക മേഖലയിൽ കുറഞ്ഞ തോതിലെങ്കിലും ശ്രമദാനമായി യുവജനശേഷി വിനിയോഗിക്കുന്നതിനുള്ള സന്നദ്ധത ഉറപ്പുവരുത്തികൊണ്ടുള്ള നിയമാവലി നിഷ്കർഷിക്കുകയും പ്രസ്തുത രീതിയിൽ രജിസ്റ്റർ ചെയ്യുന്നതിന് പഞ്ചായത്തിന്റെ അനുമതി നിർബന്ധമാക്കുകയും ചെയ്യണം.

6. എല്ലാ ഗ്രന്ഥശാലകളിലും റഫറൻസ് ഗ്രന്ഥങ്ങൾ ലഭ്യമാക്കണം.

7. നിലവിലുള്ള ഗ്രന്ഥശാലകൾ വിപുലീകരിക്കുകയും അവയോടു ചേർന്ന് റീഡിംഗ് റൂമുകൾ സ്ഥാപിക്കുകയും വേണം.

8. പഞ്ചായത്തിന്റെ ഗ്രന്ഥശാലകൾക്ക് അടിയന്തിരമായി ഗ്രാന്റ് നൽകണം.

9. ഗ്രന്ഥശാലകൾ നിലവിലില്ലാത്തവാർഡുകളിൽ ഗ്രന്ഥശാലകൾ ആരംഭിക്കണം.

10. ഗ്രന്ഥശാലകളോടു ചേർന്ന് വനിതാ വേദിയും ബാലവേദിയും രൂപീകരിച്ച് വായനാശീലം വളർത്തുന്നതിന് ആവശ്യമായ പ്രവർത്തനം ഉണ്ടാകണം.

11. ഗ്രന്ഥശാലകളേയും മറ്റ് സാംസ്കാരിക സംഘടനകളേയും ചേർത്ത് പഞ്ചായത്ത് തലത്തിൽ ഒരു കമ്മിറ്റി രൂപികരിക്കണം.

12. ഈ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ എല്ലാ വർഷവും സാംസ്കാരികോത്സവം സംഘടിപ്പിക്കണം. ഈ മേളയിൽ നാടൻ കലാരൂപങ്ങൾക്കും പ്രാദേശിക കലാരൂപങ്ങൾക്കും പ്രാധാന്യം നൽകുകയും വേണം.

13. പഞ്ചായത്തിൽ ഒരു നാടൻ കലാ കേന്ദ്രം ആരംഭിക്കണം. മൺമറഞ്ഞുകൊണ്ടിരിക്കുന്ന തനതു കലാരൂപങ്ങളുടെ പ്രോത്സാഹനമായിരിക്കണം ഇതിന്റെ ലക്ഷ്യം.

14. ഐവർകാല നടുവിലുള്ള പഞ്ചായത്ത് കളി സ്ഥലം കൂടുതൽ വിപുലപ്പെടുത്തി ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുകയും കായിക പരിശീലനത്തിനാവശ്യമായ ഉപകരണങ്ങൾ ലഭ്യമാകുകയും ചെയ്യുക.

14. നെടിയവിള കേന്ദ്രീകരിച്ച് കളി സ്ഥലം നിർമ്മിക്കുക.

15. പഞ്ചായത്തിലെ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് കലാ കായിക പരിശീലനം നൽകുന്നതിന് പഞ്ചായത്ത് തലത്തിൽ ആവശ്യമായ സംവിധാനങ്ങൾ ഉണ്ടാക്കുക.

16. സാംസ്കാരിക സംഘടനകൾ നടത്തിവരുന്ന ഓണാഘോഷങ്ങളിലും, വാർഷികങ്ങളിലും, സാംസ്കാരിക പരിപാടികൾക്ക് പ്രാധാന്യം നൽകുക.

17. പഞ്ചായത്തിൽ ഒരു നീന്തൽകുളം നിർമ്മിച്ച് കുട്ടികൾക്ക് പരിശീലനം നൽകുക.

18. ഒരു മാസത്തിൽ ഒരു വാർഡിൽ എന്ന ക്രമത്തിൽ എല്ലാ വാർഡുകളിലും സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കണം.

ഗ്രന്ഥശാലകൾ സംബന്ധിച്ചുള്ള വിവരം

ക്രമ നമ്പർ	ഗ്രന്ഥശാലയുടെ പേര്	വാർഡ് നമ്പർ	സ്ഥാപിച്ച വർഷം	പുസ്തകങ്ങളുടെ എണ്ണം	അംഗങ്ങളുടെ എണ്ണം
1.	ചങ്ങനാശ്ശേരി സ്മാരക ഗ്രന്ഥശാല	IX	1934	5025	966
2.	മഹാത്മഗാന്ധി സ്മാരക ഗ്രന്ഥശാല	IV	1940	8470	899
3.	ദേശാഭിമാനി ഗ്രന്ഥശാല	I	1955	5889	868
4.	ഭഗവതിവാലം ഗ്രന്ഥശാല	VI	1951	5000	750
5.	മഹാത്മാഗാന്ധി സ്മാരക ഗ്രന്ഥശാല	X		4000	475
6.	പഞ്ചായത്ത് ലൈബ്രറി	III	1991	2061	365

9 വനിതാക്ഷേമം

വനിതാക്ഷേമം

കുന്നത്തൂരിന്റെ സാമൂഹ്യരാഷ്ട്രീയ രംഗത്തിന്റെ കാലാവസ്ഥാ ഉപയോഗപ്പെടുത്തുന്നതിൽ എന്നും വനിതകൾ പിന്നോക്കമായിരുന്നു. ഈ രംഗങ്ങളിൽ പ്രവർത്തിക്കുന്നതിന് സ്ത്രീകൾക്ക് സാമൂഹ്യമായ പ്രതിബന്ധങ്ങൾ ഉണ്ടായിരുന്നതായി കാണാൻ കഴിഞ്ഞിട്ടില്ല. പൊതുവെ ടെലിക്കമ്മ്യൂണിക്കേഷൻ ഗതാഗതം എന്നീ മേഖലകളുടെ പഴയ കാല അവസ്ഥകൾ പൊതു പ്രവർത്തനത്തിൽ സ്ത്രീകൾക്ക് സജീവമായി പങ്കെടുക്കുന്നതിൽ സഹായകരമായ വിധത്തിലായിരുന്നില്ല. പഞ്ചായത്തിലെ സ്ത്രീ ജനസംഘ്യ വളരെ കാലം കൊണ്ട് പുരുഷന്മാരുടെ ജനസംഖ്യയേക്കാൾ കൂടുതൽ തന്നെ ആയിരുന്നു. വിദ്യാഭ്യാസരംഗത്തും സ്ത്രീകൾ പിന്നിലായിരുന്നു. സാർവ്വത്രിക വിദ്യാഭ്യാസത്തിന്റെ മുഖ്യധാരയിലും സ്ത്രീകൾ കടന്നു വരുന്നത് വികസന പ്രക്രിയയിലേക്കുള്ള പഞ്ചായത്തിലെ സ്ത്രീ സമൂഹത്തിന്റെ പ്രകടമായ ആദ്യത്തെ ചുവടു വയ്പായിരുന്നു. എന്നാൽ അവിടെയും അവർ പുരുഷന്മാർക്ക് പലകാതം പിന്നിൽ തന്നെയായിരുന്നു. ആദ്യകാലഘട്ടങ്ങളിൽ സമ്പന്ന കുടുംബങ്ങളിലെ സ്ത്രീകൾ അടുക്കള ജോലികളിൽ മാത്രം വ്യാപൃതരായിരുന്നു. സാമ്പത്തിക പ്രയാസങ്ങളിൽ പെട്ടിരുന്ന കുടുംബങ്ങളിലെ സ്ത്രീകൾ സമ്പന്ന കുടുംബങ്ങളിൽ വീട്ടുജോലികൾ ചെയ്തും പറമ്പിലും പാടത്തിലും ഉള്ള ജോലികൾ ചെയ്തും കാലക്ഷേപം നടത്തി. എന്നാൽ വിദ്യാഭ്യാസത്തിലൂടെ സ്ത്രീസമൂഹത്തിന്റെ മനസ്സ് സ്വാശ്രയത്തിന്റെ പ്രാധാന്യം മനസ്സിലാക്കിയതോടു കൂടി വീട്ടുജോലികളിൽ സഹായികളാകുന്ന പ്രവണത സാമാന്യം വേഗത്തിൽ തന്നെ ഉപേക്ഷിക്കുകയായിരുന്നു. കൃഷിപ്പണികളിലും, കശുവണ്ടി ഫാക്ടറികളിലും സ്വന്തം ഗൃഹജോലികളുമായി അവരുടെ ശ്രദ്ധ. എന്നാൽ ഈ വ്യതിയാനത്തിന്റെ മനസ്സൊരുക്കം സാമൂഹ്യരംഗഹങ്ങളിൽ പാദമൂന്നുന്നതിൽ അവർക്ക് സഹായകരമായില്ല. എങ്കിൽ തന്നെയും ഏതാനും മഹിളാ സമാജങ്ങൾ രൂപീകരിക്കുന്നതിനും അതിനു നേതൃത്വം കൊടുക്കുന്നതിനും ഒരു ചെറിയ സമൂഹം മുമ്പോട്ടു വന്നു. എന്നാൽ അത്തരം മഹിളാ സമാജങ്ങൾക്ക് പ്രവർത്തന പരമായി വികസിക്കുവാനോ വ്യാപിക്കുവാനോ കഴിഞ്ഞില്ല. 60 കളിൽ കുന്നത്തൂർ പഞ്ചായത്തിൽ ഏതാണ്ട് പത്തിൽ പരം മഹിളാ സമാജങ്ങൾ ഉണ്ടായിരുന്നു. എന്നാൽ ആ ദശകത്തിൽ തന്നെ അവയിൽ പലതിന്റെയും പ്രവർത്തനം അവസാനിച്ചു.

ഇന്നു പഞ്ചായത്തിലെ ജനസംഖ്യയുടെ 50.89 ശതമാനം സ്ത്രീകളാണ് നമ്മുടെ ജനസംഖ്യ 11679 ആണ്. എന്നാൽ സ്ത്രീകളുടെ ശേഷി പഞ്ചായത്തിന്റെ വികസനരംഗത്ത് വേണ്ട വിധത്തിൽ ലഭ്യമാകുന്നില്ല എന്നതാണ് വസ്തുത. പതിറ്റാണ്ടുകൾക്ക് പിന്നിലെന്ന പോലെ തൊഴിൽ മേഖലകളിലാണ് ഇപ്പോഴും പഞ്ചായത്തിലെ സ്ത്രീകളിൽ ചെറിയ ഒരു വിഭാഗം കടന്നു നിൽക്കുന്നത്. കൂടിൽ വ്യവസായം / കശുവണ്ടി വ്യവസായം എന്നീ രംഗങ്ങളിൽ ഉള്ള തൊഴിലാളികളുടെ 70% സ്ത്രീകൾ പ്രയോജനപ്പെടുത്തുന്നു. കാർഷിക തൊഴിലാളികളിൽ 30% സ്ത്രീകൾക്ക് പങ്കെടുക്കാനുള്ള സാദ്ധ്യത നിലവിൽ ഉണ്ടെങ്കിലും പുരുഷതൊഴിലാളികളുടെ ലഭ്യത ആ മേഖലയിൽ നന്നേ കുറഞ്ഞു പോയതു കൊണ്ട് 10% ൽ താഴെ മാത്രമാണ്. സ്ത്രീകൾക്ക് കിട്ടുന്ന അവസരം മൃഗസംരങ്ങണ മേഖലയിൽതൊഴിലാളികളിലും 10% സ്ത്രീകൾക്ക് ലഭ്യമാക്കാൻ കഴിയും. മൃഗസംരക്ഷണ രംഗത്ത്6% പങ്കാളിത്തമേ സ്ത്രീകൾ പ്രയോജനപ്പെടുത്തുന്നുള്ളു. കെട്ടിട നിർമ്മാണ രംഗത്ത് 3% വും വ്യവസായ രംഗത്ത് 2% വും ആണ് സ്ത്രീകളുടെ പ്രാതിനിധ്യം. മൊത്തത്തിൽ ഇപ്പോളത്തെ സാഹചര്യങ്ങളിൽ ആകെയുള്ള തൊഴിലവസരങ്ങളിൽ തന്നെ സ്ത്രീകളുടെ പങ്കാളിത്തം 16 ശതമാനത്തോളം മാത്രമാണ്. ഇത് 30 ശതമാനമായി ഉയർത്താൻ സ്ത്രീകൾ ഇതരമേഖലയിൽ തൊഴിലവസരങ്ങൾ കണ്ടെത്തണം. സാമൂഹ്യസേവന സന്നദ്ധ പ്രവർത്തന രംതങ്ങളിൽ സ്ത്രീകൾ ഇനിയും ശ്രദ്ധവച്ചു തുടങ്ങിയിട്ടില്ല. നാമ മാത്രമായി പ്രവർത്തിക്കുന്ന ഒന്നോ രണ്ടോ മഹിളാ സമാജങ്ങളും സഹകരണ പ്രസ്ഥാനങ്ങളുമായി സ്ത്രീ പങ്കാളിത്തം ഒതുങ്ങി നിൽക്കുകയാണ്. ഈ അവസ്ഥ മാറ്റിയെടുക്കേണ്ടതാണ്.

പഞ്ചായത്തിലെ 118 സ്ത്രീകൾ വിധവാ പെൻഷൻ ലഭിക്കുന്നവരാണ്. ഇവരുടെ സുഖകരമായ ജീവിതത്തിന് ഫലപ്രദമായ ഒരു പദ്ധതിയും രൂപം കൊണ്ടിട്ടില്ല. 40 വൃദ്ധകൾ പഞ്ചായത്തിൽ വാർദ്ധക്യകാല പെൻഷൻ വാങ്ങുന്നുണ്ട്. ക്ഷയരോഗ പെൻഷൻ വാങ്ങുന്നത് 60 സ്ത്രീകളും ക്യാൻസർ പെൻഷൻ വാങ്ങുന്നത് ഒരു സ്ത്രീയുമാണ്.

കുന്നത്തൂർ പഞ്ചായത്തിൽ 850 കുടുംബങ്ങൾ സ്ത്രീകൾ നേതൃത്വം കൊടുക്കുന്നവയാണ്. ഇത് പരി

ശോച്ചാൽ ആകെ കുടുംബങ്ങളുടെ 16% കുടുംബങ്ങളിലാണ് സ്ത്രീകളുടെ നേതൃത്വം. സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തത്തിന്റെ കണക്കുകൾ പരിശോധിച്ചാൽ കുടുംബ ചുമതലയുള്ള സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തമെന്നു കാണാം. പ്രായോഗികമായി ഈ തരത്തിലുള്ള ഒരു അന്തിമ നിഗമനം ശരിയാവണമെന്നില്ല. എങ്കിലും രസകരമായ ഒരു സമാനതയാണിത്. പഞ്ചായത്തിലെ സ്ത്രീ ജനസംഖ്യയുടെ 20% പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽ പെട്ടവരാണ്.

പഞ്ചായത്തിലെ 30% എങ്കിലും സ്ത്രീകളുടെ പങ്കാളിത്തം നമ്മുടെ ഉത്പാദന രംഗത്ത് പ്രയോജനപ്പെടുത്താൻ കഴിയും. സ്ത്രീകളുടെ നല്ല ഒരു വിഭാഗത്തിനും പരിസര ശുചികരണത്തിലും ശിശുപരിപാലന/കുട്ടികളുടെ സ്വഭാവ രൂപീകരണ പരിപാടികളിലും വേണ്ടത്ര പരിജ്ഞാനം ഇനിയും ലഭിച്ചിട്ടില്ല. ഈ സാഹചര്യങ്ങളിൽ പഞ്ചായത്തിലെ സ്ത്രീ ജനസംഖ്യയുടെ സംഘടിതവും വ്യാപകവുമായ സാന്നിദ്ധ്യവും ശേഷിയും വേണ്ട വിധം ഉപയോഗപ്പെടുത്തിയാൽ നമ്മുടെ ശോച്യാവസ്ഥകൾ നല്ല ഒരളവുവരെ പരിഹരിക്കാൻ കഴിയും. ഈ വഴിക്കുള്ള പ്രവർത്തനം പ്രദേശത്തിന്റെ സാമൂഹ്യവും സാംസ്കാരികവുമായ സ്ഫുടികരണത്തിന് സഹായകവുമായിരിക്കും. "ഒരു സ്ത്രീയെ പഠിപ്പിച്ചാൽ ഒരു കുടുംബത്തെ പഠിപ്പിച്ചതിന് സമാനമാണ്" എന്ന പ്രസ്താവം നമുക്ക് കൂടുതൽ പ്രസക്തവുമാകും.

പ്രശ്നങ്ങൾ

1. സ്ത്രീ ശേഷി വേണ്ട വിധം ഉപയോഗപ്പെടുത്തുന്ന വ്യവസായങ്ങളില്ല.
2. സ്ത്രീകളെ സംഘടിപ്പിക്കുന്നതിനുള്ള പര്യാപ്തമായ സാഹചര്യങ്ങളില്ല.
3. കുടുംബ നേതൃത്വം ഏറ്റെടുത്തിട്ടുള്ള സ്ത്രീകൾക്ക് പര്യാപ്തമായ ജീവനോപാധികളും ലഭ്യമല്ല.
4. മദ്യപാനം സ്ത്രീകളുടെ സൈര്യമായ ജീവിതത്തിൽ പ്രയാസങ്ങളുണ്ടാക്കുന്നു.
5. സ്ത്രീകൾക്കായി സ്വയം തൊഴിൽ യൂണിറ്റുകൾ വേണ്ടത്രയില്ല.
6. സ്ത്രീകളുടെ ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കത്തക്കവിധം ഗൈനക്കോളജി സേവനം പ്രാദേശിക ആശുപത്രികളിൽ ലഭ്യമല്ല.
7. വിധവകളുടെ സാമ്പത്തിക പ്രശ്നങ്ങൾ നേരിടാനുള്ള പദ്ധതികളില്ല.
8. പൊതു സ്ഥലങ്ങളിൽ സ്ത്രീകൾക്ക് പ്രാധമികാവശ്യങ്ങൾക്കുള്ള സൗകര്യങ്ങളില്ല.
9. കുടിവെള്ള ക്ഷാമം സ്ത്രീകൾക്ക് ജോലി ഭാരം വർദ്ധിപ്പിക്കുന്നു.

സാദ്ധ്യതകൾ

കൃഷി

1. കൃഷി അടിസ്ഥാനമായുള്ള പഴവർഗ്ഗ സംസ്കരണ യൂണിറ്റുകൾ തുടങ്ങുന്നത് സ്ത്രീകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കും.
2. പച്ചക്കറി കൃഷിയുടെ വ്യാപനം സ്ത്രീകളുടെ ശേഷി ഉപയോഗിച്ച് വളരെ ഫലപ്രദമാക്കാനും പച്ചക്കറി ഉത്പാദനം വർദ്ധിപ്പിക്കാനും കഴിയും. പച്ചക്കറി കൃഷിയുടെ പ്രധാന ചുമതല സ്ത്രീകൾക്ക് ഏറ്റെടുക്കാൻ കഴിയും.
3. അംഗൻവാടികളുടെ പ്രവർത്തനം സജീവമാകുന്നതിനും ഓരോ അംഗൻവാടിയുമായും ബന്ധപ്പെട്ട് ഒരു മാതൃവേദി രൂപീകരിക്കുന്നതും നന്നായിരിക്കും. ശുചിത്വ ശിശുപാലന രംഗങ്ങളിൽ വ്യാപകമായ ബോധവൽക്കരണം സാദ്ധ്യമാകുന്നതിന് ഇത്തരം വേദികൾ ഉപയോഗപ്പെടുത്താം.
4. വേണ്ടത്ര ധനസഹായം നൽകികൊണ്ട് ഒന്നോ രണ്ടോ റെഡി മെയ്ഡ്/ എംബ്രോയിഡറി യൂണിറ്റുകൾ തുടങ്ങാം.
5. തീപ്പെട്ടി, മെഴുകുതിരി, ചന്ദനത്തിരി, പ്ലാസ്റ്റിക്ക് ഉപകരണങ്ങൾ, കളിപ്പാട്ടങ്ങൾ, പ്രൈമറി സ്കൂളിലേക്ക് ആവശ്യമായ പഠനോപകരണങ്ങൾ എന്നിവ നിർമ്മിക്കുന്നതിനുള്ള ചെറിയ യൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്.
6. സ്ത്രീകളടങ്ങിയ പ്രചാരണ/സന്നദ്ധ സംഘങ്ങൾ രൂപീകരിക്കുന്നതിലൂടെ പഞ്ചായത്തടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച് ബന്ധപ്പെട്ട കുടുംബങ്ങൾ സന്ദർശിച്ച് വേണ്ടത്ര പ്രചാരണം നടത്തുന്നതിന് (ഇത് പദ്ധതികളുമായി ബന്ധപ്പെട്ടു നില നിൽക്കുന്ന 70% വരുന്ന പ്രചാരണ വിടവ് നികത്താൻ സഹായകരമാണ്) സ്ഥിതിവിവര സർവ്വേ, പരിസര ശുചീകരണ ബോധവ്യാപനം, സമ്പത് സമാഹരണം എന്നീ പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തുന്നതിനും സഹായകരമാകും.
7. പഞ്ചായത്തിൽ ആഴ്ചയിൽ രണ്ടു ദിവസമെങ്കിലും വാർഡ് അടിസ്ഥാനത്തിൽ ഗൈനക്കോളജിസ്റ്റുകളുടെ സേവനം ലഭ്യമാക്കണം.
8. പൊതുസ്ഥലങ്ങളിൽ സ്ത്രീകൾക്ക് പ്രാധമികാവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള സൗകര്യങ്ങൾ ലളിതമായെങ്കിലും ഏർപ്പെടുത്തണം.
9. സ്ത്രീകൾക്ക് മാത്രമായി പഞ്ചായത്തിൽ മൂന്നു വായനശാലകൾ സ്ഥാപിക്കണം.
10. പുഷ്പകൃഷിയിലും പുഷ്പ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിലും സ്ത്രീകളുടെ നൈസർഗ്ഗികമായ താത്പര്യം ചൂഷണം ചെയ്യത്തക്കവിധത്തിലുള്ള നഴ്സറികളും പൂക്കടകളും ആരംഭിക്കണം.

11. വൃദ്ധകളും അനാഥരുമായ സ്ത്രീകൾക്ക് കഴിയുവാൻ വൃദ്ധമന്ദിരം സ്ഥാപിക്കുന്നത് അഭികാമ്യമാണ്.

12. വികലാംഗരായ വനിതകൾക്ക് സ്വയം തൊഴിലിനുള്ള സാമ്പത്തിക സാമ്പത്തികേതര സഹായങ്ങൾ നൽകണം.

13. മദ്യനിരോധനം കൂടുതൽ കർക്കശമാക്കണം.

10 പട്ടികജാതി / പട്ടികവർഗ്ഗ വികസനം

പട്ടിക ജാതി പട്ടിക വർഗ്ഗ വികസനം

കുന്നത്തൂർ പഞ്ചായത്തിന്റെ മാവനശേഷിയുടെ കുത്തക കഴിഞ്ഞ പതിനഞ്ചു വർഷം മുമ്പു വരെ പ്രദേശത്തെ പട്ടിക ജാതിയിൽപ്പെട്ട ജനവിഭാഗങ്ങൾക്കായിരുന്നു. സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ നമ്മുടെ പഞ്ചായത്തിലെ കാർഷിക മേഖലയിൽ നിന്ന് അടർത്തിയെടുക്കുവാൻ കഴിയാത്ത ആത്മബന്ധം അവർ പുലർത്തിയിരുന്നു. വിഭവശേഷി വിനിയോഗത്തിന്റെ മേഖലയിൽ കൃത്യനിഷ്ഠയും അർപ്പണബോധവും പ്രകടിപ്പിച്ചു. ആ വിഭാഗം പെട്ടെന്നായിരുന്നു ഒരുതരം അന്യതാബോധത്തിന്റെ നിശ്ചലതയ്ക്ക് വിധേയമായത്. പഞ്ചായത്തിന്റെ മണ്ണിൽ പൊന്നുവിളയിച്ച പ്രസ്തുത സമൂഹം ഭൂശൈഥില്യത്തിന്റെ അസന്തുലനങ്ങൾക്ക് പൊടുന്നനെ വിധേയമായി എന്നു പറയാം. വിത്തു മുതൽ വിത്തു വരെ നെൽപ്പാടത്തെ ചൂടും വെയിലും, മഴയും, തണുപ്പും ജീവിതത്തിന്റെ കരുത്തായി കണക്കാക്കി കൊണ്ട് നെൽപ്പാടങ്ങളിൽ അധ്വാനിച്ച ആ ജനവിഭാഗം ഇന്ന് ഒട്ടേറെ കഷ്ടതകളിലൂടെ കടന്നു പോകുകയാണ്. ഇക്കൂട്ടർ സംഘങ്ങളായി പാർക്കുന്നതിന് വയലേലകളുടെ സമിപസ്ഥാനങ്ങൾ തിരഞ്ഞെടുക്കുന്നതിന് ഇടയാക്കിയത്. സാമൂഹ്യസംഘടനകളിൽ പുരോഗമനപരമായ ഉടച്ചുവാർക്കലുകളും നമ്മുടെ വിദ്യാഭ്യാസത്തിന്റെ സ്വായർജ്ജിതമായ ശൈലി. വൈകല്യങ്ങളും ഈ ജനസമൂഹത്തിന്റെ അടിസ്ഥാന ജീവിത പ്രേരണകളെ അവ്യക്തതയുടെയും അനിശ്ചിതത്വത്തിന്റെയും മേച്ചിൽപുറങ്ങളിലെത്തിയ്ക്കുവാൻ കാരണങ്ങളായോ എന്ന് പരിശോധിക്കേണ്ടതുണ്ട്. ഇന്നത്തെ സ്ഥിതി വിലയിരുത്തിയാൽ കാർഷിക മേഖലയോട് പ്രതിബദ്ധത പുലർത്തിയിരുന്ന ഒരു നല്ല വിഭാഗം പട്ടിക ജാതി സമൂഹം ഇന്ന് ആ മേഖലയിൽ നിന്നും വിട്ടുനിൽക്കുമെന്ന് കാണാം.

കുന്നത്തൂർ പഞ്ചായത്തിലെ ആ പട്ടികജാതി പട്ടികവർഗ്ഗ ജനസംഖ്യ 4650 ആണ്. ഇത് പഞ്ചായത്ത് ജനസംഖ്യയുടെ 20.26 ശതമാനം ആണ്. പട്ടികജാതി ജനസംഖ്യ 4625 ഉം പട്ടികവർഗ്ഗ ജനസംഖ്യ 25 ഉം ആണ്. ഈ വിഭാഗങ്ങളിൽപ്പെട്ട ജനങ്ങൾ കൂട്ടം ചേർന്ന് കോളനികളായും ചിതറിയ അവസ്ഥയിൽ ഒറ്റപ്പെട്ടും വസിക്കുന്നു. പഞ്ചായത്തിലെ ആകെ പട്ടിക ജാതി കുടുംബങ്ങളുടെ എണ്ണം ഉം പട്ടികവർഗ്ഗ കുടുംബങ്ങളുടെ എണ്ണം ഉം ആണ്. പട്ടിക ജാതി വിഭാഗത്തിലെ സ്ത്രീകൾ കൂടുതലും കശുവണ്ടി മേഖലയിൽ പണിയെടുക്കുന്നു. ഒരു ചെറിയ വിഭാഗം കൃഷിപ്പണികളിൽ ഏർപ്പെടുന്നുണ്ട്. പുരുഷ വിഭാഗത്തിലെ ഭൂരിഭാഗവും കാർഷികേതര രംഗങ്ങളിലെ തൊഴിലുകളിൽ ഏർപ്പെടുന്നു. ഇവിടെയും കാർഷിക മേഖലയിലെ പങ്കാളിത്തം പുരുഷ വിഭാഗത്തിൽ കുറവാണ്. പട്ടിക വർഗ്ഗ ജനവിഭാഗം പഞ്ചായത്തിന്റെ തനത് ഉത്പാദനരംഗങ്ങളുമായി ബന്ധപ്പെടുന്നില്ല എന്നു വേണം പറയാൻ. സാംബവ വിഭാഗത്തിന്റെ മുഖ്യ ഉപജീവനം ഈറ്റ തൊഴിലുകളാണ്.

പഞ്ചായത്തിലെ പട്ടികജാതി സമൂഹത്തിൽ ജനസംഖ്യാ പരമായി പുലയ, കുറവ, സാംബവ, തണ്ടാർ, മണ്ണാൻ മുൻഗണനാക്രമമാണ് നിലനിൽക്കുന്നത്. പട്ടിക ജാതി വിഭാഗത്തിലും സ്ത്രീജനസംഖ്യയാണ് മുന്നിൽ. എന്നാൽ പട്ടിക വർഗ്ഗ വിഭാഗത്തിൽ സ്ത്രീകൾ കുറവാണ്. സ്ത്രീപുരുഷാനുപാതം 1000:1500 ആണ്. പട്ടികവർഗ്ഗത്തിൽ ഉള്ളാടകർ (കാണി) എന്ന കൂട്ടരാണുള്ളത്.

വിവിധ സർക്കാർ ഏജൻസികൾ നടപ്പിലാക്കുന്ന വികസന പരിപാടികളുടെ യഥാർത്ഥ പ്രയോജനം പഞ്ചായത്തിലെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽ ആവശ്യാനുസരണം എത്തിച്ചേർത്തിട്ടില്ല. സർക്കാർ ഖജനാവിൽ നിന്നും പ്രസ്തുത ജനവിഭാഗങ്ങളുടെ സമുദ്ധാരണത്തിനു വേണ്ടി നൽകുന്ന സമ്പത്തിന്റെ സാമൂഹ്യ ഉൽപ്പാദനപരമായ മൂല്യത്തെകുറിച്ച് ഈ വിഭാഗത്തിലെ വളരെ പേർ ബോധവാന്മാരാകുന്നില്ല എന്നതും വികസന പദ്ധതികൾ പലതും യഥാർത്ഥ സ്ഥിതി വിവരങ്ങളേയോ പരിഗണിക്കാതെ ആസൂത്രണം ചെയ്തവയാണെന്നുള്ള ഗുരുതരമായ അസന്തുലനങ്ങൾ ഈ മേഖലയിൽ വരുത്തി. പാർപ്പിട സൗകര്യങ്ങൾ, ശുചിത്വപാലന സംവിധാനങ്ങൾ, തൊഴിൽ ഭദ്രത, വൈദ്യുതി, വിദ്യാഭ്യാസം എന്നീ രംഗങ്ങളിൽ സമൂലമായ സമീപന ഭേദഗതികൾ അനിവാര്യമാണെന്നു കാണുന്നു.

പഞ്ചായത്തിലുള്ള ആകെ 700 – ൽ പരം പട്ടിക ജാതി പട്ടികവർഗ്ഗ കുടുംബങ്ങളിൽ 112 കുടുംബങ്ങൾക്ക് മാത്രമാണ് വൈദ്യുതി ലഭിച്ചിട്ടുള്ളത്. പാർപ്പിട രംഗത്തും വലിയ അന്തരം നിലനിൽക്കുന്നു. ജനകീയാസൂത്രണം നമ്മുടെ പഞ്ചായത്തിന്റെ ഈ മേഖലയിലും ആശാവഹമായ മാറ്റങ്ങൾക്കു പ്രയോജനപ്പെടും എന്നതിൽ സംശയമില്ല. സ്വന്തമായി ഭൂമിയില്ലാത്ത ആളുകളുടെ പ്രശ്നങ്ങൾ അടിയന്തിരമായി പരിഹരിക്കപ്പെടേ

ണ്ടതുണ്ട്. കുന്നത്തൂർ പഞ്ചായത്തിൽ അംബേദ്കർ ഗ്രാമങ്ങളുടെ പട്ടികയിൽ പെട്ട പട്ടികജാതി പട്ടികവർഗ്ഗ കോളനികളില്ല. 91-92 വർഷത്തിൽ രണ്ടും 93-94 വർഷത്തിൽ ഒന്നും കോളനികളെയാണ് സമഗ്രസങ്കേത വികസന പദ്ധതികളിൽ ഉൽപ്പെടുത്തിയിട്ടുള്ളത്. ഈ പദ്ധതികളുടെ പൂർണ്ണ പ്രയോജനം നിർദ്ധിഷ്ഠ ജനവിഭാഗത്തിന് ലഭ്യമായിട്ടില്ല. ഐ. ആർ. ഡി. പി. സർവ്വേ പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങളുടെ എണ്ണം 498 ആണ്. ഇതിൽ 115 കുടുംബങ്ങൾക്കു മാത്രമാണ് സാമൂഹ്യക്ഷേമ വകുപ്പിൽ നിന്ന് സാമ്പത്തിക സഹായം ലഭ്യമാക്കിയിട്ടുള്ളത്. ഈ സഹായം തന്നെ പര്യാപ്തമായിരുന്നില്ല എന്നു മാത്രമല്ല അതുകൊണ്ടുണ്ടായ സാമൂഹ്യമാറ്റങ്ങൾ എത്ര കണ്ടാണന്നോ അഥവാ മാറ്റങ്ങൾ ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടില്ലെങ്കിൽ അതിനാസ്പദമായ ഘടകങ്ങളെന്തൊക്കെയാണന്നോ യാതൊരു വിലയിരുത്തലും നടന്നിട്ടില്ല. ശേഷിക്കുന്ന കുടുംബങ്ങൾക്ക് സാമ്പത്തിക ആനുകൂല്യങ്ങൾ എത്തിയ്ക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ പല പട്ടികജാതി പട്ടികവർഗ്ഗ വാസസങ്കേതങ്ങളും ഇനിയും അംഗീകരിക്കാത്തതുകൊണ്ട് വികസന പദ്ധതികളുടെ പരിധിയിൽ നല്ല ഒരു വിഭാഗം പട്ടികജാതി പട്ടികവർഗ്ഗക്കാർ പെടുന്നില്ല. ഇങ്ങനെയുള്ള ആളുകൾ വികസനധാരയിൽ നിന്നും ഒറ്റപ്പെടുന്നു. ഇങ്ങനെയുള്ള ഏതാണ്ട് 28 സങ്കേതങ്ങൾ പഞ്ചായത്തിൽ ഉണ്ട് എന്നു കണക്കാക്കപ്പെടുന്നു.
2. ഐ. ആർ. ഡി. പി. കോളനികളിലെ പദ്ധതി പ്രവർത്തനങ്ങൾ പൂർണ്ണമല്ല.
3. സ്വന്തമായി ഭൂമിയില്ലാത്ത പട്ടികജാതി പട്ടികവർഗ്ഗ ജനവിഭാഗം ജീവിതത്തിന്റെ സ്വതന്ത്രഗുണങ്ങളൊന്നും ഉപയോഗപ്പെടുത്താനും ജീവിതം തന്നെ കരുപ്പിടിപ്പിക്കുവാനും കഴിയാത്ത അവസ്ഥയിലാണ്.
4. മിക്ക പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾക്കും വീട്, കക്കൂസ്, വൈദ്യുതി, കുടിവെള്ള വിതരണം എന്നീ സൗകര്യങ്ങൾ ഇല്ല.
5. പഞ്ചായത്തിലെ പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങളുടെ സാംസ്കാരിക ഉന്നമനത്തിനും മാനസികോല്ലാസത്തിനും ആവശ്യമായ സാഹചര്യങ്ങൾ ലഭ്യമല്ല.
6. മിക്ക പട്ടികജാതി പട്ടികവർഗ്ഗ വാസ സ്ഥലങ്ങളിലേക്കും ഉള്ള റോഡുകൾ പലതും സഞ്ചാരയോഗ്യമല്ലാത്തതും അത്തരം പ്രദേശങ്ങളിലേയ്ക്കുള്ള വികസന പ്രവർത്തനങ്ങളുടെ വ്യാപനം തടയുന്ന ഘടകങ്ങളായി നിലനിൽക്കുന്നതുമാണ്.
7. തൊഴിൽ അവസരങ്ങൾ ലഭ്യമാക്കത്തക്കവിധത്തിലുള്ള ചെറുകിട ഇടത്തരം വ്യവസായ യൂണിറ്റുകളുടെ അഭാവം വളരെ രൂക്ഷമാണ്.
8. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഭൂമി കൃത്യമായി അളന്നു തിരിയ്ക്കപെടാത്തതും പട്ടയം സംബന്ധമായ നടപടികളിൽ കാലതാമസം വരുന്നതും ഭൂമി സംബന്ധമായ വ്യവഹാരങ്ങൾ സമയബന്ധിതമായി തീർപ്പാക്കാത്തതും വളരെ പ്രയാസങ്ങൾക്കിട വരുത്തുന്നു.
9. പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസം വേണ്ടത്ര ഫലപ്രദമല്ല.
10. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് തുല്യമായി തന്നെ കഷ്ടപ്പെടുന്ന ജനവിഭാഗമാണ് പരിവർത്തിത കൃസ്ത്യൻ. ഇവർക്കായി പ്രത്യേകം പദ്ധതികളോ, പദ്ധതിവിഹിതങ്ങളോ ലഭിയ്ക്കുന്നില്ല.
11. പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തിൽ പഞ്ചായത്ത് പിന്നിലാണ്.
12. പഞ്ചായത്തടിസ്ഥാനത്തിൽ ഒരുപട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ ഓഫീസ് ഇല്ലാ എന്നത് പരിഗണിയ്ക്കപ്പെടുന്നില്ല.
13. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ കാലാവസനയുള്ള യുവതീ യുവാക്കൾക്ക് പ്രവർത്തിക്കാനുള്ള സാഹചര്യങ്ങളില്ല.
14. മത്സര പരീക്ഷകൾക്കായി പട്ടികജാതി പട്ടികവർഗ്ഗം കുട്ടികളെ തയ്യാറാക്കുന്നതിന് പര്യാപ്തമായ സംവിധാനങ്ങളില്ല.
15. ഈ വിഭാഗത്തിൽപെട്ട ആളുകൾക്ക് പല സർക്കാർ സഹായങ്ങൾക്കും ഏർപ്പെടുത്തിയിരിക്കുന്ന വരുമാന പരിധി 1500 രൂപയാണ്. ഇത് ദോഷകരമായി കാണുന്നു.
16. പട്ടികജാതി സങ്കേതങ്ങളിൽ ഇടകലർന്നു കാണപ്പെടുന്ന പരിവർത്തിത കൃസ്ത്യർ വളരെ പരാധീനതയിലാണ്. ഈ വിഭാഗക്കാർക്കുള്ള വികസന പ്രക്രിയകൾക്ക് പ്രത്യേകമായി നീക്കിവെയ്ക്കുന്ന പദ്ധതികളോ പദ്ധതി വിഹിതങ്ങളോ ഇല്ലാത്തത് ഇക്കൂട്ടരുടെ ജീവിതമേഖലകൾ അന്യാധീനവും അധഃപതനവും ആക്കുന്നു.

നിർദേശങ്ങൾ / സാദ്ധ്യതകൾ

1. പഞ്ചായത്തിന്റെ വിവിധ സ്ഥാനങ്ങളിൽ നിശ്ചിത എണ്ണത്തിൽ താഴെയും ഒറ്റപ്പെട്ടും കാണപ്പെടുന്ന പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങളെ പ്രത്യേകം പരിഗണിച്ചു കൊണ്ട് ബന്ധപ്പെട്ട ആനുകൂല്യങ്ങൾ എത്തിക്കണം.
2. ഐ. ആർ. ഡി. പി. കോളനികളിൽ പദ്ധതിപ്രവർത്തനങ്ങൾ സമയ ബന്ധിതമായി പൂർത്തിയാക്കണം.

3. സ്വന്തമായി ഭൂമിയില്ലാത്ത ആളുകൾക്ക് ഭൂരഹിത പെൻഷൻ ലഭ്യമാക്കുകയും അവർക്ക് ഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ അടിയന്തിരമായി കൈകൊള്ളുകയും വേണം.

4. അവശേഷിക്കുന്ന എല്ലാ കുടുംബങ്ങളിലും കക്കൂസ്, വൈദ്യുതി, കുടിവെള്ളം എന്നിവ എത്തിക്കണം.

5. എല്ലാ കോളനികളിലും ടി. വി. സെറ്റ് സ്ഥാപിക്കുകയും കലാകായികമത്സരങ്ങൾ (കോളനി കേന്ദ്രീകരിച്ച്) സംഘടിപ്പിക്കുകയും വേണം.

6. കോളനികളിലേക്കുള്ള സഞ്ചാരയോഗ്യമല്ലാത്ത റോഡുകൾ നന്നാക്കണം.

7. ഈ വിഭാഗത്തിൽപ്പെട്ടവർക്ക് മാത്രമായി തൊഴിൽ/തൊഴിൽ പരിശീലന യൂണിറ്റുകൾ തുടങ്ങണം.

8. ഭൂസംബന്ധമായ നടപടികൾ (പട്ടയം, വ്യവസായി എന്നിവ) സമയബന്ധിതമായി പൂർത്തിയാക്കണം.

9. ശേഷിക്കുന്ന കുടുംബങ്ങൾക്ക് വീട് ലഭ്യമാക്കണം.

10. പഞ്ചായത്തിൽ ഒരു പട്ടികജാതി പട്ടികവർഗ്ഗ റസിഡൻഷ്യൽ സ്കൂൾ തുടങ്ങണം.

11. ഈ വിഭാഗത്തിനായി പ്രവർത്തനക്ഷമമായ സഹകരണ സംഘങ്ങൾ ഇനിയും സ്ഥാപിക്കണം.

12. കലാട്രൂപ്പുകൾ രൂപീകരിയ്ക്കുവാൻ സഹായധനം നൽകണം.

13. മത്സര പരീക്ഷയ്ക്ക് ഈ വിഭാഗത്തിലെ കുട്ടികളെ തയ്യാറാക്കുന്നതിന് സൗജന്യകോച്ചിംഗ് ഏർപ്പെടുത്തണം.

14. സർക്കാർ സഹായങ്ങൾക്കുള്ള വരുമാന പരിധി 1500 രൂപയിൽ നിന്ന് 5000 രൂപയായി ഉയർത്തണം.

15. പരിവർത്തിത ക്രിസ്ത്യർക്ക് പ്രത്യേകം പദ്ധതി ഉണ്ടാക്കണം.

11 സഹകരണം

2. കാർഷിക വായ്പയുടെ കുറഞ്ഞപരിധി

3. വിതരണസംഘങ്ങളുടെ അഭാവം

4. ബാങ്കുകൾ തമ്മിലുള്ള നിസ്സഹകരണം

5 പരിമിതമായ വ്യാപാര വ്യാപ്തി

6 വായ്പാ വ്യവസ്ഥകളുടെ സങ്കീർണ്ണത്

7 സ്വകാര്യപണമിടപാടുകളുടെ പ്രവർത്തനം സഹകരണ ബാങ്കുളെ പ്രതികൂലമായി ബാധിക്കുന്നു.

8 മൂലധനത്തിന്റെ അഭാവവും നിയന്ത്രിതമായ ചെലവുകളും പ്രവർത്തനത്തെ തടസ്സപ്പെടുത്തുന്നു.

9 സഹകരണ വിദ്യാഭ്യാസത്തിന്റേയും ബോധവത്കരണത്തിന്റേയും അഭാവം പ്രകടമാണ്.

10 പുതിയ പ്രവർത്തന മേഖലകളിലേക്ക് കടന്നുകയറാനുള്ള സാദ്ധ്യതകൾ തേടുന്നില്ല

11 കാലഹരണപ്പെട്ട അഡിറ്റ് സമ്പ്രദായം പരിഷ്കരിച്ചിട്ടില്ല

12. ആർബിട്രേഷൻ നടപടികളിൽ കാലതാമസം നേരിടുന്നു.

13 സ്ഥിരനിക്ഷേപങ്ങൾക്കുള്ള പലിശ നിരക്ക് കുറവാണ്.

14 പലിശ സബ്സിഡി അനുവദിക്കുന്നതിനുള്ള കാലതാമസം തിരിച്ചടവിനെ സാരമായി ബാധിക്കുന്നു.

സാദ്ധ്യതകൾ

1. ഇന്നുള്ള ത്രീടയർ സമ്പ്രദായം നിറുത്തലാക്കി ടൂടയർ സമ്പ്രദായം നടപ്പിലാക്കുക.

2 ഭരണ സമിതികളുടെ കാലാവധി 5 വർഷമായി പുനഃസ്ഥാപിക്കുക.

3 ജില്ലാ ബാങ്ക് അംഗങ്ങൾ അല്ലാത്തവർക്ക് കൊടുക്കുന്ന വായ്പകൾ നിറുത്തലാക്കി അംഗ സംഘങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്തുക.

4 കൃഷി വായ്പയുടെ പലിശനിരക്ക് 10% ആയി കുറയ്ക്കുക.

5 സർവ്വീസ് സഹകരണ ബാങ്കുകളിലൂടെ പെൻഷനുകളും തൊഴിലില്ലായ്മ വേതനവും വിതരണം ചെയ്യുക.

6 സ്ഥിര നിക്ഷേപത്തിന് പലിശനിരക്ക് വർദ്ധിപ്പിക്കുക.

7 ഗ്രൂപ്പ് ഫാമിംഗ് മേഖല സഹകരണ മേഖലയാക്കുക

8 പൊതു യോഗങ്ങളുടെ അധികാരം വർദ്ധിപ്പിക്കുക.

9 രജിസ്റ്റാറുടെ അധികാരങ്ങൾ പരിമിതപ്പെടുത്തുക.

10 വിപണന സംഘങ്ങൾ ഹരിജൻ വനിതാ സഹകരണസംഘങ്ങൾ എന്നിവ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിക്കുക.

11 പുതിയ ഒരു ലേബർ കോൺട്രാക്റ്റ് സഹകരണ സംഘം രജിസ്റ്റർ ചെയ്ത് പ്രവർത്തനം തുടങ്ങുക.

12 പുതിയ ക്ഷീര സഹകരണ സംഘങ്ങൾ രൂപീകരിക്കുക

13 വ്യവസായ സഹകരണ സംഘം രൂപീകരിക്കുക

14 സഹകരണ മാവേലി സ്റ്റോറുകൾ സ്ഥിരമായി പ്രവർത്തിപ്പിക്കുക.

15 കുടിശ്ശിക പിരിച്ചെടുക്കുന്നതിനും, നിക്ഷേപ സമാഹരണത്തിനും പൊതു പ്രവർത്തകരുടെ സഹായം തേടുക.

16 സ്വയം തൊഴിൽ പദ്ധതികൾ വിപുലപ്പെടുത്തി അതിന്റെ വിനിയോഗവും മേലന്വേഷണവും നടത്തി വായ്പ നൽകണം.

17. ജീവനക്കാർ ഭരണസമിതി അംഗങ്ങൾ എന്നിവർക്ക് പ്രത്യേകം ബോധവത്കരണം നട്ത്തുക.

18 വ്യാപാരത്തിന്റെ വ്യാപ്തി വർദ്ധിപ്പിക്കുകയും തൻചെലവുകൾ പരമാവധി കുറക്കുകയും ചെയ്യണം.

19 സർവ്വീസ് ബാങ്കുകളുടെ നേതൃത്വത്തിൽ എല്ലാ പഞ്ചായത്തു വാർഡിലും ഓരോ വളം ഡിപ്പോകൾ സ്ഥാപിക്കണം.

പട്ടിക 1

ക്രഡിറ്റ് സംഘങ്ങൾ

ക്രമ നമ്പർ	പേര്	പ്രവർത്തനം തുടങ്ങിയ വർഷം	ജീവനക്കാരുടെ എണ്ണം	അംഗ സംഖ്യ	ഓഹരി മൂലധനം	നിക്ഷേപങ്ങൾ	അംഗങ്ങളിൽ നില്ല് വായ്പ	തൻ ചിലവും സിൽബന്ധി ചെലവും	ലാഭം/ നഷ്ടം
1	SCB 193 ഐവർകാല	12-9-1920	4	4474	5,10,341	12,06,273	25,75,273	1,80,000	നഷ്ടം
2	SCB 1904 തുരുത്തിക്കര	1105 ഇടവം 19	5	4198	4,37,925	14,39,998	35,62,171	3,18,792	നഷ്ടം
3	SCB 2006 ഐവർകാല	8-5-1934	3	1528	2,45,443	4,75,546	5,72,582	35,700	നഷ്ടം

ക്ഷീരോല്പാദക സഹകരണ സംഘങ്ങിലൂടെ സംഭരിച്ചു വിതരണം ചെയ്യുന്ന പാലിന്റെ കണ്ക്ക് (ഒരു വർഷം)

ക്രമ നമ്പർ	സംഘത്തിന്റെ പേര്	സംഭരിക്കുന്ന പാലിന്റെ അളവ്	വിതരണം ചെയ്യുന്ന പാലിന്റെ അളവ്	കയറ്റി അയക്കുന്ന പാലിന്റെ അളവ്
1	ക്ഷീരോല്പാദക സഹകരണ സംഘം, പനന്തേപ്പ്	149715.5 ലിറ്റർ	33045.4 ലിറ്റർ	116670.1 ലിറ്റർ
2	ക്ഷീരോല്പാദക സഹകരണ സംഘം, തുരുത്തിക്കര	224104.1 ലിറ്റർ	35424.1 ലിറ്റർ	188680 ലിറ്റർ
3	ക്ഷീരോല്പാദക സഹകരണ സംഘം, പുത്തനമ്പലം	91250.1 ലിറ്റർ	7300 ലിറ്റർ	83950 ലിറ്റർ
4	ക്ഷീരോല്പാദക സഹകരണ സംഘം, ഐവർകാല	201890.1 ലിറ്റർ	32248.6 ലിറ്റർ	169641.5 ലിറ്റർ

നോൺ ക്രഡിറ്റ് സംഘങ്ങൾ

1 ക്ഷീരോല്പാദക സഹകരണ സംഘം, ഐവർകാല

2 ക്ഷീരോല്പാദകസഹകരണസംഘം, പുത്തനമ്പലം

3 ക്ഷീരോല്പാദകസഹകരണ സംഘം, മാനാമ്പുഴ

4 ക്ഷീരോല്പാദകസഹകരണ സംഘം, തുരുത്തിക്കര

5 പ്രിയദർശിനി വനിതാസഹകരണ സംഘം, നെടിയവിള

6 ഹരിജൻ സഹകരണ സംഘം, തുരുത്തിക്കര

7 കൺസ്യൂമർ സഹകരണ സംഘം, ഐവർകാലനടുവിൽ

8 കൺസ്യൂമർ സഹകരണ സംഘം, പുത്തനമ്പലം

9 സ്ക്കൂൾ സഹകരണ സംഘം, നെടിയവിള H.S

10 സ്ക്കൂൾ സഹകരണ സംഘം, നെടിയവിള L.P.S

11 സ്ക്കൂൾ സഹകരണ സംഘം, ഐവർകാല D.V.N.S.S.U.P.S

12 സ്ക്കൂൾ സഹകരണ സംഘം, കരുവാമല H.S

12 വിഭവസമാഹരണം

മായ രംഗങ്ങളിൽ പ്രശ്നങ്ങൾ ഉണ്ടാകാത്ത വിധത്തിൽ നിയന്ത്രിക്കേണ്ടതുണ്ട്.

പഞ്ചായത്തിന്റെ തെക്കുകിഴക്ക്, തെക്ക് അതിർത്തിയിലാണു കല്ലടയാറൊഴുകുന്നത്. 11.4 കിലോമീറ്ററോളം നീളത്തിൽ പഞ്ചായത്തു ഭൂമിയുമായി സമ്പർക്കത്തിലാണ് കല്ലടയാർ. പ്രധാനമായും വടക്കുനിന്നു തെക്കോട്ടു ചരിഞ്ഞുകിടക്കുന്ന പഞ്ചായത്തിന്റെ ഭൂതലത്തിൽ ലഭിക്കുന്ന മഴവെള്ളം ഉപയോഗക്ഷമമായി സംഭരിക്കാനുള്ള സംവിധാനങ്ങൾ അപര്യാപ്തമായത് ശക്തമായ ജലക്ഷാമത്തിന് ഇടവരുത്തുകയാണ്. ഉറവകളും കിണറുകളും വറ്റുന്നതിന് ഇത് സാഹചര്യം സൃഷ്ടിക്കുന്നു കല്ലടയാറ്റിലെ അനിയന്ത്രിതവുമായ മണലൂറ്റ് പഞ്ചായത്തിന്റെ ഭൂഗർഭജലവിതാനം താഴ്ന്നതിനിടയാക്കിയിട്ടുണ്ട്. ജലസംരക്ഷണത്തിൽ അടിയന്തിരമായി നാം ശ്രദ്ധപതിപ്പിക്കേണ്ടതുണ്ട്.

വിഭവസമാഹരണം

കുന്നത്തൂരിന്റെ പ്രധാന വിഭവങ്ങൾ ഭൂവിഭവങ്ങൾ മനുഷ്യവിഭവങ്ങൾ, സാമ്പത്തിക വിഭവങ്ങൾ എന്നിങ്ങനെ മൂന്നു വിധത്തിലുണ്ടെന്നു പറയാം. ഈ വിഭവങ്ങളുടെ സമാഹരണവും യുക്തിയുക്തമായ വിനിയോഗവും ശാസ്ത്രീയമായി സമന്വയിപ്പിക്കുന്നതിനുള്ള ക്രിയാത്മക നടപടികളൊന്നും പഞ്ചായത്ത് തലത്തിലോ അതിനു മുകളിലോ നടന്നിട്ടില്ല. ജനസംഖ്യാ പെരുപ്പത്തിനനുസൃതമായി ഉത്പാദന സാഹചര്യങ്ങളുടെ ക്ഷമതയോ വികാസമോ നടന്നില്ല എന്നത് ഒരു പൊതു പ്രസ്താവം എന്ന നിലയിൽ കുന്നത്തൂരിനും ബാധകമാണ്. എന്നാൽ പ്രാദേശികമായി ഇതിനൊരു പരിഹാരം കണ്ടെത്താനുള്ള സങ്കേതങ്ങൾ നമുക്ക് ലഭ്യമായില്ല. ഈ വഴിക്കുള്ള ഒരു ശ്രമം നടത്താതിരിക്കുന്നത് നിലവിലുള്ള നമ്മുടെ സാഹചര്യങ്ങൾ വിലയിരുത്തുമ്പോൾ വിവേകശൂന്യതയായിരിക്കും.

ഭൂവിഭവങ്ങളിൽ നമുക്ക് ലഭ്യമായത് മണ്ണും ജലവും ആണ്. പഞ്ചായത്തിൽ വനങ്ങളില്ല. എന്നാൽ വിവിധ ഭാഗങ്ങളിലായി 10 കാവുകൾ കാണാം. നമ്മുടെ മണ്ണ് പ്രധാനമായും ചെങ്കൽമണ്ണ് എക്കൽ മണ്ണ് എന്നിവയാണ്. 77 ശതമാനത്തിലധികം ചെങ്കൽ മണ്ണും 22 ശതമാനത്തോളം എക്കൽ മണ്ണുമാണ്. കുന്നിൻമുകൾ, ചരിവ്, തീരസമതലത്തിന്റെ ഉയർന്ന അതിരുകളിലെ ചിലയിടങ്ങൾ എന്നിങ്ങനെയുള്ള ഭാഗങ്ങളിൽ ചെങ്കൽ മണ്ണ് കാണാം. സമതലങ്ങളിലും തീരസമതലങ്ങളിലും എക്കൽ മണ്ണാണ്. മണ്ണൊലിപ്പു മൂലം കുന്നിൻ ചരിവുകളിൽ മേൽമണ്ണ് നഷ്ടമായിട്ടുണ്ട്. മണ്ണ് സംരക്ഷിക്കുന്നത് അടിയന്തിര നടപടിയാവണം. മണ്ണിന്റെ പുഷ്ടി വർദ്ധിപ്പിക്കുകയും വേണം. മണ്ണെടുപ്പ് ചെളിയെടുപ്പ്, മണൽ വാരൽ എന്നീ പ്രവർത്തനങ്ങൾ ഈ വിഭവങ്ങളുടെ ഗവേഷണത്തിന് വഴിതെളിക്കുന്നുണ്ട്. ഈ പ്രവർത്തനങ്ങളെ പാരിസ്ഥിതികവും ഭൂശാസ്ത്രപരവു

യാതൊരു കുറ്റബോധവും പ്രകടിപ്പിക്കാതെ തന്നെയാണ് നാം മനുഷ്യശേഷി പാഴാക്കുന്നത്. കാർഷിക മൃഗസംരക്ഷണമേഖലകൾ മനുഷ്യശേഷിക്കുവേണ്ടി ഭാഹിക്കുമ്പോൾ ഈ ശേഷി ദുർവ്യയം ന്യായീകരിക്കാന് പഴുതുകളില്ല. സംഘടിത മാനവശേഷിയുടെ നേട്ടങ്ങൾ മാത്രമാണ് വൈവിധ്യമാർന്ന മാനസചരിത്ര രേഖകളിൽ പ്രതിപാദിച്ചിട്ടുള്ളതെന്നു മനസ്സിലാക്കിയാൽ ഒരു പക്ഷേ പൂർവ്വികരുടെ മനുഷ്യശേഷിതന്നെയാണ് ഈ തലമുറയുടെ വിഹാരമേഖലകൾ പലതും സൃഷ്ടിച്ചത്. നമ്മുടെ നിലനില്പിനെ തന്നെ ഉറപ്പുവരുത്തിയ ശേഷീവിനിയോഗത്തിന്റെ തുടർച്ച നിലനിർത്തേണ്ടത് വരും തലമുറയോട്ടു നമുക്കുള്ള ബാദ്ധ്യതയായിക്കാണേണ്ടതാണ്.

നമ്മുടെ മനുഷ്യശേഷിയെ പ്രായ- ലിംഗഭേദങ്ങൾക്കനുസൃതമായി തരംതിരിച്ച് ഉത്പാദനക്ഷമമായി വിനിയോഗിക്കേണ്ടിയിരിക്കുന്നു. പഞ്ചായത്തിന്റെ ഓരോ വാർഡും കേന്ദ്രീകരിച്ച് പതിനഞ്ചോ ഇരുപത്തിയൊന്നോ ആളുകൾ വീതമുള്ള അഞ്ചു സംഘങ്ങളെ കണ്ടെത്തണം. രണ്ടു സംഘങ്ങളിൽ 18 മുതൽ 25 വരെ പ്രായമുള്ള യുവാക്കളും രണ്ടു സംഘങ്ങളിൽ ഇതേ പ്രായത്തിലുള്ള യുവതികളും ആയിരിക്കണം. അഭ്യസ്ഥവിദ്യരായ യുവതീയുവാക്കളായിരിക്കണം ഓരോ സംഘത്തിന്റെയും മൂന്നിൽ ഒരു ഭാഗം. സംഘത്തിലുള്ളവർ അരോഗദൃഢരായിരിക്കുന്നതാണുത്തമം. അഞ്ചാമത്തെ സംഘത്തിൽ രാഷ്ട്രീയ സാമൂഹ്യരംഗത്തെ മുതിർന്ന പ്രവർത്തകരും സേവനതൽപരരായ സാധാരണക്കാരും 10:11 എന്ന സ്ത്രീ പുരുഷാനുപാതത്തിൽ ഉണ്ടാവുന്നത് നല്ലതാണ്. അഞ്ചു സംഘങ്ങളുടെയും കൺവീനർ എന്ന നിലയിൽ വാർഡുമെമ്പർ അഞ്ചാമത്തെ സംഘത്തിലെ അംഗമാകണം. ഈ ഘടനയിലുള്ള അഞ്ചു സംഘങ്ങളിൽ നിന്നും പ്രദേശത്തിന് മാനവശേഷിപ്രതിസന്ധികളിൽ ആശ്വാസകരമായ സഹായങ്ങൾ ലഭ്യമാക്കാനുള്ള സംവിധാനങ്ങൾ രൂപകൽപ്പന ചെയ്യണം. ശ്രീദാനസമിതികളായി ഈ സംഘങ്ങൾ

പ്രവർത്തിക്കണം. ഈ വിധത്തിൽ പഞ്ചായത്തിന്റെ 10 വാർഡുകളിൽ രൂപീകരിക്കപ്പെടുന്ന 50 സംഘങ്ങളിലൂടെ 1050 അംഗങ്ങളടങ്ങിയ ഒരു മനുഷ്യവിഭവ സങ്കേതം സ്വരൂപിക്കുകയും ഈ സങ്കേതം അടിയന്തിര സ്വഭാവത്തിന്റെ മുൻഗണനാക്രമത്തിൽ ശേഷിവിനിയോഗം പ്രാവർത്തികമാക്കാൻ ശ്രമിക്കണം. വിവിധതരം പൊതു സ്വഭാവങ്ങളുള്ള പ്രവൃത്തികൾ ചെലവ് ഇല്ലാതെ നിർവ്വഹിക്കുവാൻ കഴിയുകയും ചെയ്യും. വിവിധ വികസന രംഗങ്ങൾക്കു പ്രത്യേകം പ്രത്യേകമായും ഇത്തരം സെക്കന്ററി സമിതികൾ രൂപീകരിക്കുവാനും ശ്രമിക്കണം. എന്തു വില കൊടുത്തും മാനവ ശേഷി പാഴാകാതിരിക്കാനുള്ള ഇത്തരം സംവിധാനങ്ങൾ രൂപപ്പെടുത്തേണ്ടതുണ്ട്. അലസതയും അലംഭാവവും രാജ്യദ്രോഹപരമായ പ്രവർത്തനങ്ങളാണെന്ന് കുട്ടികളെയും യുവാക്കളെയും ബാധ്യപ്പെടുത്താൻ ബോധവൽക്കരണ പ്രചാരണപ്രവർത്തനങ്ങൾ നടത്തുകയും വേണം. പഞ്ചായത്തിലെ പ്രത്യേകമായി ചുമതലപ്പെടുത്തേണ്ട സ്ഥിതിവിവര പ്രവർത്തനങ്ങളിലും മറ്റും മേൽ പറഞ്ഞ സംഘങ്ങൾക്ക് മുൻഗണന നൽകണം.

സാമ്പത്തിക രംഗത്ത് ലളിതമായ ഉപാധിനിർദ്ദേശങ്ങൾ കഴിയാതെയാണിരിക്കുന്നത്. പരഞ്ചായത്തിലെ 1995-96 ലെ കണക്കനുസരിച്ച് ആകെ വരവ് 10.31 ലക്ഷമായിരുന്നു. ഇതിൽ സംസ്ഥാന നികുതി വിഹിതം അൺടൈസ് ഫണ്ട് ഗ്രാന്റുകൾ എന്നിവയും ഉൾപ്പെട്ടിട്ടുണ്ട്. നികുതി വരുമാനങ്ങളാണ് ആകെ വരവിന്റെ ഏതാണ്ട് 30 ശതമാനം. നികുതിയേതര തനതു വരുമാനം 15 ശതമാനം നികുതികളിൽ കെട്ടിടനികുതി 60 ശതമാനത്തോളം വരുന്നു. തൊഴിൽ നികുതി, നികുതി വരവിന്റെ 34 ശതമാനത്തിൻ താഴെമാത്രമാണ്. വിനോദനികുതി, നികുതി വരവിന്റെ 10 ശതമാനത്തിനടുത്താണ്.

ഈ വരവു മാർഗ്ഗങ്ങളുടെ അസന്തുലനം ശാസ്ത്രീയമായി പുനപരിശോധിക്കേണ്ടതായികാണാം. മണൽ വ്യവസായം, ഇഷ്ടികവ്യവസായം, പാറവ്യവസായം, കെട്ടിട നിർമ്മാണം, തടിപ്പണി എന്നീ മേഖലകളിലെ തൊഴിലാളികളുടെ അംഗസംഖ്യ സത്യസന്ധമായി തിട്ടപ്പെടുത്തുകയും അവരുടെ സേവനവ്യവസ്ഥകൾ നിയമങ്ങൾക്കനുരോധമായി വ്യവസ്ഥാപിതമാകുകയും പ്രത്യക്ഷമുതൽമുടക്കിയാതെ കിട്ടുന്ന ഇത്തരം വരുമാനം കണക്കാക്കി നിശ്ചിതതൊഴിൽ നികുതി ഈടാക്കുകയും വേണം. മണൽ തൊഴിലാളികൾക്കും കെട്ടിട നിർമ്മാണ തൊഴിലാളികൾക്കും മരപ്പണി തൊഴിലാളികൾക്കും ലോഡിംഗ് പാറ തൊഴിലാളികൾക്കും (കുടിൽ വ്യവസായമല്ല) 125 കരൂപ മുതൽ 150 വരെയും 250 വരെയും ഉള്ള പ്രതിദിനവേതനമാണ് ഈടാക്കിവരുന്നത്. ഇത് ഒരു മാസത്തിൽ 20 ദിവസങ്ങളിലെങ്കിലും ലഭിക്കുന്നുണ്ട്. രഈ വിധത്തിൽ ഒരു തൊഴിലാളിക്ക് പ്രതിമാസം 2500 മുതൽ 3000 വരെയും 5000 വരെയും രൂപയാണ് ലഭിക്കുന്നത്. ഇത് ക്ലാസ് രണ്ട് വിഭാഗത്തിൽപെട്ട സർക്കാർ ജീവനക്കാരുടെ പ്രതിമാസ ശമ്പളത്തോതിലും കൂടുതലാണെന്ന് കാണാം. പ്രത്യേക നിബന്ധനകൾക്കോ, നിയമങ്ങൾക്കോ വിധേയമാകാതെ തൊഴിലാളികൾ സ്വയം നിർണ്ണയിച്ചു നിശ്ചയിക്കുന്ന ഈ വരുമാനത്തിൽ നിന്നും പഞ്ചായത്തിന് നികുതി ലഭിക്കേണ്ടതുണ്ട്. ഇത്ര വരുമാനം നേടുന്ന പഞ്ചായത്തിലെ പൗരന്മാരെന്ന നിലയിൽ നികുതിയടക്കാൻ പ്രസ്തുത തൊഴിലാളികൾ സന്നദ്ധത കാട്ടണം. ഇത്തരത്തിൽ 2 ലക്ഷത്തോളം രൂപ പഞ്ചായത്തിന് പ്രതിവർഷം സമാഹരിക്കാൻ കഴിയും. ഇതിന് സ്നേഹപൂർവ്വമായ ചർച്ചകളും നീക്കുപോക്കുകളും പ്രാദേശികമായെങ്കിലും നടക്കണം.

പഞ്ചായത്തിലെ കെട്ടിട നികുതി സ്വഭാവം സംതുലിതമല്ല. സമ്പന്നരുള്ള കെട്ടിടങ്ങൾക്കു നികുതി അത്തരം പാടില്ല. ഇന്ന് ഉയർന്ന ഘടന വിഭാവനം ചെയ്യുന്ന പൗര സമത്വ തത്വങ്ങൾക്കെതിരാണ്. കുറഞ്ഞനികുതി നിശ്ചയിച്ച കെട്ടിടങ്ങൾക്ക് നേരിയ തോതിൽ വർദ്ധനയും കൂടിയ നികുതി നിശ്ചയിച്ച കെട്ടിടങ്ങൾക്ക് നേരിയ തോതിൽ കുറവും വരുത്തി മൊത്തത്തിൽ ശരാശരി നേരിയ വർദ്ധന കെട്ടിട നികുതിയിനത്തിൽ വരുത്തണം. ഈ വിധത്തിൽ ഇപ്പോഴുള്ള കെട്ടിട നികുതി വരവിന്റെ 20% വരെ വർദ്ധിപ്പിക്കാൻ കഴിയും. കെട്ടിട നികുതി വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കുന്ന് പ്രവണതയാണ് ഈ അസന്തുലനത്തിന്റെ അടിസ്ഥാനം. പരസ്യരേഖരായി പരിഗണിക്കപ്പെടുന്ന നികുതിവിവരം പരസ്യമാക്കാൻ എല്ലാ ഭാഗത്തുനിന്നും താത്പര്യങ്ങളുണ്ടാകണം.

പഞ്ചായത്തിൽ ആഘോഷ/ഉത്സവവേളകളിൽ രൂപം കൊള്ളുന്ന സംഘടനകളും അല്ലാത്ത സംഘനകളും പൊതു ജനങ്ങളിൽ നിന്ന് പണം പിരിച്ച് വിവിധ പരിപാടികൾ സംഘടിപ്പിക്കുകയും സമ്പത്ത് സമാഹരിക്കുകയും ചെയ്യുന്നുണ്ട്. നേരിയ വിനോദ നികുതി ചില സംഘടനകളിൽ നിന്ന് പേരിനുമാത്രം പിരിച്ചെടുക്കുന്നുമുണ്ട്. ഈ പരിപാടികൾ പഞ്ചായത്തിന്റെ നേരിട്ടുള്ള ചുമതലയിൽ ശ്രമദാനസമിതികളെക്കൊണ്ടു നടത്തിക്കുകയോ ഇത്തരം സംഘടനകൾ പ്രസ്തുത സമിതികൾ രൂപീകരിക്കുകയും പഞ്ചായത്ത് അത്തരം സംഘടനകൾക്ക് അംഗീകാരം കൊടുക്കുകയും വേണം. ഈ വിധത്തിൽ നിലവാരമുള്ള പരിപാടികളുടെ നടത്തിപ്പിലൂടെ തന്നെ വിനോദനികുതിയിൽ 200 ശതമാനം വരെ വർദ്ധന ഉണ്ടാക്കുവാൻ കഴിയും.

പഞ്ചായത്തിന്റെ പൊതു സ്ഥലങ്ങളിലും സ്വകാര്യ സ്ഥലങ്ങളിലും പരസ്യങ്ങൾ പതിക്കുന്നതിന് നേരിയ നികുതി ഏർപ്പെടുത്താം. ഇത് പഞ്ചായത്തിന് അധിക വരുമാനത്തിനുള്ള മാർഗ്ഗമാണ്.

പഞ്ചായത്തിന്റെ കടവുകളിൽ നിന്നും മണലൂറ്റു നടത്തുന്നത് യഥാവിധിയുള്ള നികുതിദാനത്തിനു വിധേയമല്ല ഈ പ്രവൃത്തി നിയമാനുസൃതമായാൽ പ്രതിവർഷം ഒരു ലക്ഷത്തിലധികം രൂപ നികുതിയിനത്തിൽ സമ്പാദിക്കാൻ കഴിയും. എന്നാൽ ഈ വരുമാനത്തിൽ

പഞ്ചായത്ത് വെറും കാഴ്ചക്കാരനാവുകയാണ്. ഇതിൽ വ്യതിയാനങ്ങൾ വന്നേ പറ്റൂ. രചനാത്മകമായ വിട്ടുവീഴ്ചകൾ എല്ലാ ഭാഗത്തു നിന്നും ഉണ്ടാകണം.

നികുതി വെട്ടിപ്പ് രാജ്യദ്രോഹമാണ്. ഈ തത്വം എല്ലാ വിഭാഗീയതകളും മറന്ന് അംഗീകരിക്കേണ്ട സമയമാണിത്. പ്രാദേശിക വികസനത്തിന് സമ്പത്തു കണ്ടെത്തുന്നതിൽ വിട്ടുവീഴ്ചയും സഹകരണവും പ്രകടിപ്പിക്കുന്നതാണ് പൗര ധർമ്മം.

നികുതിവരുമാനം ആരെയും പ്രത്യേകമായി വേദനിപ്പിക്കാതെ വർദ്ധിപ്പിക്കുവാൻ ഇനിയും എത്രയോ മേഖലകളുണ്ട്. പുറം നാടുകളിൽ നിന്ന് സാധനങ്ങളും ഉത്പന്നങ്ങളും (മത്സ്യം, മാംസം, വീട്ടുപകരണങ്ങൾ, ഇത്യാദി) വിറ്റഴിക്കാൻ പഞ്ചായത്തിലെത്തുന്ന കച്ചവടക്കാർ, പഞ്ചായത്തു റോഡുകളിലൂടെ കടന്നുപോകുന്ന ചരക്കുകടത്തു വാഹനങ്ങൾ വികസിത മാർക്കറ്റിംഗ് എന്നിവ പുതിയ നികുതി സ്രോതസ്സുകളായി പരിഗണിക്കേണ്ടവയാണ്.

ധനകാര്യ ബാങ്കിംഗ് സ്ഥാപനങ്ങളുടെ വായ്പാക്രമങ്ങളും പലിശ നിരക്കുകളും ലഘൂകരിച്ചുകൊണ്ട് തിരിച്ചടവ് ഊർജ്ജിതമാക്കാനുള്ള നടപടികൾ കൈക്കൊള്ളുന്നതിലൂടെ വികസനമേഖലക്ക് കൂടുതൽ സമ്പത്ത് വിനിയോഗിക്കുവാൻ നമുക്കു കഴിയും. ഈ രംഗത്ത് ഒട്ടനവധി തടസ്സങ്ങൾ നിലവിലുണ്ട്.

വിദേശത്തു ജോലിചെയ്യുന്ന 300 ൽ പരം വരുന്ന ആളുകൾ പഞ്ചായത്തിലുണ്ട്. വിദേശത്തൊഴിലവസാനിപ്പിച്ച് മടങ്ങിവന്ന 150 ൽ പരം ആളുകളും നമ്മുടെ സമൂഹത്തിലുണ്ട്. ഇതിൽ സാമ്പത്തിക ശേഷിയുള്ള ആളുകളെ കാർഷിക മൃഗസംരക്ഷണ ചെറുകിട വ്യവസായ രംഗത്തേക്ക് ആകർഷിക്കുവാൻ കഴിഞ്ഞാൽ നമ്മുടെ പഞ്ചായത്തിന് ഒട്ടനവധി വരുമാനമേഖലകൾ കണ്ടെത്താൻ കഴിയും.

മേൽപറഞ്ഞ വിധങ്ങളിലുള്ള നികുതി, നികുതിയേതര പുനർഘടനാവൽക്കരണത്തിലൂടെ പഞ്ചായത്തിന്റെ വരുമാനം 200 ശതമാനം വരെ വർദ്ധിപ്പിക്കുവാൻ കഴിയും. ഇപ്പോൾ വരവിനൊപ്പമോ അധികമോ ആയി ചെലവുണ്ട്. ഈ പൊരുത്തക്കേട് പരിഹരിക്കാൻ സൗഹാർദ്ദപരമായ ചർച്ചകളും നീക്കുപോക്കുകളുപം ഉണ്ടാവുന്നത് നമ്മുടെ പഞ്ചായത്തിന്റെ പരിതാപകരമായ ഇപ്പോഴത്തെ അവസ്ഥയിൽ ആശാവഹമാണ്.

പ്രശ്നങ്ങൾ

1. നികുതി വരുമാനം താരതമ്യേന കുറവാണ്.
2. മണ്ണൊലിപ്പ് ഭൂവിഭവശേഷി കുറക്കുന്നു.
3. ചെളിയെടുപ്പ്, മണലൂറ്റൽ എന്നീ പ്രവണതകൾ ഭൂവിസ്തൃതി കുറയ്ക്കുന്നു. പ്രകൃതി – ഭൂഘടനാ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.
4. മനുഷ്യശേഷി പാഴാക്കുന്ന പ്രവണത തടയുന്നതിന് പര്യാപ്തമായ സംവിധാനങ്ങളില്ല.

നിർദ്ദേശങ്ങൾ

1. നികുതി ക്രമം പുനഃസംഘടിപ്പിക്കുക
2. ഭൂവിഭവങ്ങൾ സംരക്ഷിക്കാൻ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തണം.
3. ചെളിയെടുപ്പ്, മണലൂറ്റൽ എന്നീ പ്രവണതകൾ ജീവിതത്തിലും പരിസ്ഥിതിയിലും പ്രശ്നങ്ങളുണ്ടാകാത്ത വിധം നിയന്ത്രിക്കുക.
4. മനുഷ്യശേഷി ഉത്പാദന പരമായി വിനിയോഗിക്കുവാൻ സംഘടിതമായ ശ്രമങ്ങൾ ഉണ്ടാകണം. (റിപ്പോർട്ട് കാണുക)

ഗ്രാമസഭാറിപ്പോർട്ടുകൾ

ഗ്രാമസഭാ നിർദ്ദേശങ്ങൾ

കൃഷി

വാർഡ് 1

1. ചേലൂർ പാടം ചേലൂർ കായലിൽ പണി തുടങ്ങിയ ബണ്ടിന്റെ പണി പൂർത്തിയാക്കണം.

   വെള്ളക്കെട്ടുള്ള ചേലൂർ പോള നിലവും ചേർന്ന കരനിലങ്ങളും വെള്ളം വറ്റിച്ച് കൃഷി യോഗ്യമാക്കണം.

2. വലിയ ചിറയിൽ നിന്ന് ആറ്റിലേക്കുള്ള തോട് വീതി കൂട്ടി സൈഡ് ഭിത്തികെട്ടി സംരക്ഷിക്കുക.

3. കരിക്കാ മുകളിൽ ഏലായിൽ 1 മീറ്റർ വീതിയിൽ വലിയ ചിറയിലേക്ക് കൈത്തോട് നിർമ്മിക്കണം.

4. കുന്നിന്മേൽ ചാല് - അപ്പൂപ്പൻകുഴി പാടത്തിന്റെ വടക്ക് ഭാഗത്തുകൂടി അമ്പികുന്ന് ഏലാവരെ കൈത്തോടും അനുബന്ധ റോഡും നിർമ്മിക്കുക.

5. വലിയ ചിറ സൈഡ് ഭിത്തി കെട്ടി സംരക്ഷിക്കുക. പമ്പ് ഹൗസ് സ്ഥാപിക്കുക.

6. കോണത്തുകുളം വിസ്തൃതമാക്കി പുനഃനിർമ്മിക്കുക, ആറ്റിലേക്കുള്ള തോട് വീതികൂട്ടുക, കലുങ്കിൽ ഷട്ടറിടുക.

7. ചേറുവയലിൽ തലച്ചിറയിൽ നിന്നുള്ള തോട് പുനഃനിർമ്മിക്കുക. കെ. ഐ. പി. ജലം കൃഷിക്ക് അസൗകര്യമാകാതെ തിരിച്ചുവിടുക. തൊളിക്കൽ ചേറുവേലിൽ ഏലായിൽ നെൽകൃഷി ഗ്രൂപ്പ് ഫാമിംഗ് ഏർപ്പെടുത്തുക.

8. കോട്ടൂർ ചിറ സൈഡ് ബിത്തി കെട്ടി കൈത്തോട് നിർമ്മിച്ച് നിലവിലുള്ള തോടുമായി ബന്ധിപ്പിക്കുക.

9. കുമ്പളത്തുംവിള വടക്ക് നിലവിലുള്ള ചുഴലിക്കുളം നന്നാക്കുക.

10. നെൽപ്പാടം കുഴിക്കുന്നത് നിർത്തുക

11. തൂരുത്തിക്കര എൽ. പി. എസ്. മുതൽ മുകുളുവിള ഭാഗം വരെ കെ. ഐ. പി. കനാൽ ആഴം കൂട്ടുക.

12. കുറുവേലിൽ കുന്നിമേൽ ചാല് ആറാടുമുളി എന്നിവിടങ്ങളിൽ പമ്പ്ഹൗസ് സ്ഥാപിക്കുക.

13. കാട്ടുവിള മുക്കിൽ നിന്നും കിണറുവിള മുക്ക് വഴി വടക്കോട്ട് ഏലായിൽ കൂടി മുതുപിലാക്കാട് എത്തുന്ന റോഡ് നന്നാക്കി കാർഷിക വിഭവ ശേഖരണത്തിനും മാർക്കറ്റിംഗിനും സൗകര്യമുണ്ടാക്കുക.

14. മണ്ണുപരിശോധന, പച്ചക്കറി (പുറംപോക്കിൽ) ഗ്രൂപ്പ് ഫാമിംഗ്, തെങ്ങുരോഗ നിയന്ത്രണം, യന്ത്രവൽക്കരണം, ചെളിയെടുപ്പ്.

വാർഡ് II

1. കല്ലടയാറിന്റെ കരയിടിഞ്ഞ് നാശനഷ്ടം, സൈഡ്‌വാൾ, ബണ്ട് നിർമ്മിക്കുക.

2. കൊക്കാം കാവ് - നൂമ്പിൽ പുറം വരെ നദിയിൽ സൈഡ്‌വാൾ കെട്ടുക.

3 കാമ്പികോണം തോടയിൽ ഏലാ മുതൽ മഠത്തിൽ കാവ് വരെ തോട് കുഴിച്ച് സൈഡ്‌വാൾ കെട്ടുക.

4. പോളച്ചിറ ആഴം കൂട്ടി മീൻ വളർത്തൽ, ജലസേചനം, പമ്പ് ഹൗസ് നിർമ്മിക്കുക.

5. കണ്ണാന്നി ഏല്ലായിൽ ശാസ്താംചിറ മുതൽ തൂമ്പിൻ പുറം വരെ തോട് സംരക്ഷിക്കുക.

6. കണ്ണാന്നി കുളം നവീകരിക്കുക.

7 ചെളിയെടുപ്പ് നിയന്ത്രിക്കുക

8. കുളപ്പള്ളി ഏലായുടെ മകൾഭാഗം തലച്ചിറ കുഴിച്ച് പമ്പ് ഹൗസ് സ്ഥാപിക്കുക.

9. കരുന്നല ഏലായിൽ വെള്ളപ്പൊക്കം നിയന്ത്രിക്കാൻ ചീപ്പ് - കരത്തോട് കുഴിക്കുക

10. യന്ത്രവൽക്കരണം. കംപോസ്റ്റ് രോഗപ്രതിരോധശേഷിയുള്ള അത്യുൽപ്പാദന തെങ്ങിൻ തൈകൾ, പയർ പച്ചക്കറി ഗ്രൂപ്പ് ഫാമിംഗ്, വിള ഇൻഷുറൻസ്‌ലും എലിനശീകരണം.

11. മങ്കുഴി ഏലായിലെ വെള്ളക്കെട്ട് ഒഴിവാക്കുക. കെ. ഐ. പി. ജലം വാർഡിൽ എല്ലാഭാഗത്തും എത്തിക്കുക, കല്ലിക്കോണത്ത് കുളം നവീകരിക്കുക

12. പൊളച്ചിറ, തോട് കാമ്പീക്കോണം ഏലിയിലേക്ക് പോകാൻ, കലുങ്കു മുതൽ കോളനിഭാഗം വരെ വഴി.

13. കാർഷികവൃത്തിയിൽ ഏർപ്പെട്ട അവശരായ കർഷകരെ സംരക്ഷിക്കുവാൻ പദ്ധതി.

വാർഡ് III

1. തൊളിക്കൽ ഏലായിൽ ചാങ്ങേക്കാവിന് കിഴക്കു വശമുള്ള മുന്ന് മുക്കിൽ നിന്ന് താഴോട്ട് ചേലൂർ പോള കായൽ വരെ നടുത്തോട് വീതികൂട്ടിക്കൂഴിച്ച് സൈഡ് വാൾ കെട്ടുക.

2. കൊപ്പാറ മുക്കിൽ നിന്ന് ഈഴിരേത്ത് മുക്കുവരെയുള്ള വഴി ഗതാഗത യോഗ്യമാക്കുക. ശാസ്താം ചിറതൊട് സൈഡ് ഭിത്തി കെട്ടി ബലപ്പെടുത്തുക.

3. കണ്ണാനി ഏലായിൽ കനാൽ ജലം എത്തിക്കണം.

4. കരിമ്പിൻപുഴ ഏലായിൽ തോട് (ജനപങ്കാളിത്തത്തോടെ) നിർമ്മിക്കുക.

5. മരച്ചീനിക്ക് ഗ്രൂപ്പ് ഫാമിംഗ് 50 വീടുകൾക്ക് ഒരു പച്ചക്കറി കൃഷിയൂണിറ്റ് - തരിശുഭൂമിയിൽ പുൽകൃഷി

6. കാർഷിക പ്രദർശനം, കർഷകരെ ആദരിക്കൽ നടീൽ വസ്തു നേഴ്സറി വാർഡുകളിൽ ഫാർമേഴ്സ് ക്ലബ്

7. പട്ടക്കശാല ജംഗ്ഷനിൽ നിന്നും തൊളിക്കൽ ഏലാവരെയുള്ള ഗർത്തം നികത്തണം.

വാർഡ് IV

1. വെളിച്ചെണ്ണ ആവശ്യവ്യാപാരം, നാളികേര അനുബന്ധ വ്യവസായങ്ങൾ

   a) ഡെഡിക്കേറ്റഡ് കോക്കനട്ട് b) നാളികേര ക്രീം c) തേങ്ങാ പാൽപ്പൊടി d) തേങ്ങാ പീരാച്ചമ്മന്തി e) നാളികേരവെള്ളം - വിനാഗിരി. F) ചിരട്ടക്കരി വ്യവസായങ്ങൾ

2. നെല്ല് നവീന സംഘ കൃഷി - മറ്റ് കൃഷികൾക്ക് ഇൻഷുറൻസ് - കുറ്റിമുല്ല മൾബറി കൃഷി,ക്കാർക്ക് നഷ്ടം നികത്തൽ

3. മാണിക്യമംഗലം കൊടിയിൽകുളം മണ്ണാന്റെ മേലതിൽ കുളം വിപുലപ്പെടുത്തി ജലസേചന യോഗ്യമാക്കുക.

4. ക്രെഡിറ്റ് ബാങ്ക് വായ്പ വർദ്ധിപ്പിക്കുക. പലിശ കുറക്കുക.

5. ഭൂതക്കുഴിതോട് - കരിമ്പിൻപുഴ ഏലായിലേക്കുള്ള ഒഴുക്കു ചാൽ സംരക്ഷണം.

വാർഡ് V

1. പെരുകുളത്തി കുറ്റിക്കാട് ഏലായിലെ നിലവിലുള്ള അണകൾ ശരിപ്പെടുത്തുക. രണ്ടു മുട്ടണകൾ കൂടി സ്ഥാപിക്കുക.

2. പെരുംകുളത്തി പാടത്തിന്റെ നടുവിലൂടെയുള്ള റോഡ് ശരിപ്പെടുത്തുക.

3. കണ്ടൻചിറ പെരുമനഭാഗത്ത് കർഷകർക്ക് വൈദ്യുതി എത്തിക്കുക.

4. റബ്ബർ അധിഷ്ഠിത വ്യവസായം. കാർഷിക യന്ത്രോപകരണങ്ങൾ നൽകുക.

5. പുത്തനമ്പലം കേന്ദ്രീകരിച്ച് പബ്ലിക്ക് മാർക്കറ്റ്

6. ഇടപ്പോച്ചക്കുളം, വട്ടപ്പറമ്പിൽകുളം കൃഷിക്ക് ഉപോയഗപ്രദം ആക്കുക.

7. രോഗം വന്ന തെങ്ങ് വെട്ടി മാറ്റുക.

8. കൈവശപ്പെടുത്തിയ തോടുകൾ ഉഴുവിപ്പിച്ച് പ്രയോജനപ്രദം ആക്കുക.

9. മണ്ണുപരിശോധന, വിത്ത്, വളം സൗജന്യനിരക്കിൽ ആക്കുക.

10 ചേലൂർപോളകായലിൽ ജലവിതരണപദ്ധതി.

11. വെറ്റില, പച്ചക്കറി യൂണിറ്റുകൾ ആരംഭിക്കുക - വ്യാജവാറ്റ് തടയുക

വാർഡ് VI

1. പുതുചിറ - കാവനാൻ തോട് സൈഡ് കെട്ടി സംരക്ഷിക്കുക

2. തമിഴംകുളം ഏലായിൽ കെട്ടിയിട്ടുള്ള ചെറിയ തോട് ബാക്കി ഭാഗം (200 M) കൂടികെട്ടുക

3. ഏലായുടെ മധ്യഭാഗത്തുള്ള പ്രധാന വരമ്പിൽ നിന്ന് ഇരുകരകളിലേക്കും നടവരമ്പ് കെട്ടികറ്റയും വളവും കൊണ്ടുപോകുന്നതിന് സൗകര്യം ഉണ്ടാക്കുക.

4. ഏലായിൽ എത്തുന്ന എല്ലാ പഞ്ചായത്ത് റോഡുകളും ഉപയുക്തമാക്കുക

5. തമിഴംകുളം ഏലായിലെ തോടുകൾ കെട്ടി മടാവീഴ്ച ഒഴിവാക്കുക

6. വിത്ത്, മെത്രിയന്ത്രം എന്നിവയ്ക്ക് സബ്സിഡിയോടുകൂടി കാർഷികവായ്പകൾ നൽകുക.

7. പഞ്ചായത്തിലെ നിലവിലുള്ള ശുദ്ധജല വിതരണ പദ്ധതി പൂർത്തീകരിക്കുക.

8. കീടനാശിനി, അത്യുൽപാദനശേഷിയുള്ള തെങ്ങിൻ തൈകൾ ഇവ നൽകുക.

വാർഡ് VII

1. മുണ്ടപ്പള്ളി ഏലായിലെ തോടുമുതൽ നാട്ടിശ്ശേരി ഭാഗം വരെ തോട് സൈഡ് കെട്ടി കൃഷിക്ക് ഉപയുക്തമാക്കുക.
2. കുളങ്ങൾ സംരക്ഷിക്കുക
3. പെരുംകുളത്തി ഏലായിൽ ഗ്രൂപ്പ് ഫാമിംഗ്
4. ഏലായുടെ പടിഞ്ഞാറു വശമുള്ള വലിയ തോടിന്റെ വീതികൂട്ടി സൈഡ് കെട്ടുക.
5. തേക്കുംമൂട്, ഇലവും മൂട് റോഡിന്റെ ബാക്കി നിർമ്മാണം.
6. തറയിൻകുളം കൊല്ലന്റെ കുളം പുനരുദ്ധരിക്കുക
7. [illegible] പൂർത്തിയാക്കുക.

വാർഡ് VIII

1. വിത്ത്, കീടനാശിനികൾ, വളം എന്നിവ സൗജന്യ നിരക്കിൽ നൽകുക.
2. എല്ലാ ഏലായിലും വാഹനങ്ങൾ എത്താൻ സൗകര്യം ഉണ്ടാക്കുക
3. മെത്രിയന്ത്രങ്ങൾ
4. വള്ളിക്കുളം ചിറയും, കല്ലടയാർ വരെയുള്ള തോടും ആഴത്തിലും വീതിയിലും വെട്ടി ശരിപ്പെടുത്തുക.
5. വള്ളിക്കുളം ഏലാസൈഡ് തോട് വെട്ടുക
6. ഭരണിക്കാവ് ക്കുളവും അതിൽ നിന്നുള്ള കര ത്തോടും നന്നാക്കുക
7. ഐപ്പാടം ഗണപതിയാം മുകൾ നടവരമ്പും, കീപ്പേരിൽ തെക്കേക്കര നടവരമ്പും കെട്ടി ഗതാഗത യോഗ്യമാക്കുക
8. കെ. ഐ. പി. കനാൽ ശാസ്ത്രീയമായി പരിഷ്ക്കരിക്കുക.
9. വെറ്റില, ഏത്തവാഴ ഇവക്ക് ലോൺ, വിള ഇൻഷുറൻസ് ഏർപ്പെടുത്തുക.
10. അമ്പലമുകൾ കുളം സംരക്ഷിക്കുക
11. നെൽകൃഷിക്കാരെ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കുക

വാർഡ് IX

1. കെ. ഐ. പി. കനാൽ ജലം വയലിലേക്ക് തുറന്ന് വിട്ട് ഒഴുക്കി നഷ്ടപ്പെടുന്നത് തടയുക.
2. തമിഴംകുളം നടത്തോടും കരത്തോടുകളും ആഴം കൂട്ടി വെട്ടി ബലപ്പെടുത്തുക.
3. കനാൽ ജലം കരകൃഷിക്ക് പ്രയോജനപ്പെടുത്തൽ വിധത്തിൽ വിതരണ നിയന്ത്രണ സംവിധാനം ഏർപ്പെടുത്തുക.
4. ഗണപതിയാം ചിറ ഏലായിൽ കരത്തോടിലേയും നിലത്തിലേയും ജലം ഒഴുക്കി വിടാൻ പ്രത്യേകം ക്രമീകരണം ചെയ്യുക.
5. തമിഴംകുഴം ഏലായിൽ കോണത്തു കിഴക്കുവശം പാടത്തിന്റെ പടിഞ്ഞാറുവശത്തെ കരത്തോട് വെട്ടി പൂർത്തീകരിക്കുക.
6. തമിഴംകുളം ഏലായിൽ, ഏലായുടെ മദ്ധ്യഭാഗത്തു കൂടി ആലുംമൂട് വരെ റോഡ് നിർമ്മിക്കുന്നത് പരിഗണിക്കുക.
7. കാർഷിക വിപണനത്തിന് കിഴക്കൻ മേഖല കേന്ദ്രീകരിച്ച് ഒരു വിൽപന കേന്ദ്രം.
8. ഗണപതിയം ഏലായിലെ കരത്തോട് കല്ലേലിഭാഗം വരെ കെട്ടി ബലപ്പിക്കുക.
9 കാർഷിക തൊഴിലാളി വേതനം നിർണ്ണയിക്കുകയും വർദ്ധനാ നിരക്ക് ക്രമപ്പെടുത്തുകയും ചെയ്യുക.
10. തമിഴംകുളം ഏലായിലെ തട്ടുകളായി തിരിക്കുകയും ഓരോ തട്ടിനും വാഹനസൗകര്യം ഏർപ്പെടുത്തുകയും ചെയ്യുക.
11. ഓരോ തട്ടിലും ഗ്രൂപ്പ് ഫാമിംഗ് ഏർപ്പെടുത്തുകയും ഓരോ ഓരോ കൃഷിക്കാരുടെ സംഘങ്ങൾ രൂപീകരിച്ച് യന്ത്രവൽക്കരണ സൗകര്യങ്ങൾ ഏർപ്പെടുത്തുക.
12 കീടനിയന്ത്രണത്തിന് കൃഷിഭവനുകൾ മുൻകൈ എടുക്കുക.
13 ഗണപതിയാം ചിറ ഏലായിൽ മേൽഭാഗത്ത് ഒരു തലക്കുളം നിർമ്മിക്കുക.

വാർഡ് X

1. ഐപ്പാടം, ഇടക്കെട്ടിനാൽ കല്ലേലി ഏലകളിൽ ഗ്രൂപ്പ് ഫാമിംഗ്.
2. ഭരണിക്കാവ് കുളം, തേവകുളം എന്നിവ ആഴം കൂട്ടി പമ്പു സെറ്റ് സ്ഥാപിക്കുക.
3 ഏലാകളുടെ കരത്തോടുകൾ കെട്ടി ബലപ്പിക്കുക.
4 പാലമുറ്റം നടപ്പാത കെട്ടി ബലപ്പിക്കുക.
5. ഏലായിൽ എത്തുന്ന വഴികൾ വെട്ടി ശരിപ്പെടുത്തുക
6 വിത്ത്, വളം എന്നിവ നൽകുക, ചന്ത സ്ഥാപിക്കുക, ഞാങ്കടവ് പാലത്തിന്റെ പണി ത്വരിതപ്പെടുത്തുക.
7. മണ്ണെടുപ്പ് തടയുക
8 കേടായ തെങ്ങുകൾ വെട്ടി മാറ്റി പുതിയ തെങ്ങിൻ തൈകൾ നൽകുക.

9 ചെറുകിയ ഇടത്തരം പമ്പ് സെറ്റുകൾ സ്ഥാപിക്കുക

10 പച്ചക്കറി, വെറ്റില, ഇഞ്ചി കൃഷി യൂണിറ്റുകൾ സംഘടിപ്പിക്കുക

11 റബ്ബർ കൃഷിക്കും ജലസേചനം നടപ്പിലാക്കുക.

12 കർഷകത്തൊഴിലാളി കൂലി വർദ്ധിപ്പിക്കുക

13 മണലൂറ്റ്-കുടിവെള്ള പ്രശ്നങ്ങൾ പരിഹരിക്കുക.

ഗതാഗതം

വാർഡ് 1

മാർത്തോമ്മാപള്ളിമുക്ക് - വലിയചിറ, കാട്ടുവിള-കുറ്റിയിൽ മുക്ക്, മുക്കിൽ അമ്പലം- താമരശ്ശേരി, മാർത്തോമാപ്പള്ളി - ചേലൂർകായൽ മാർത്തോമാപള്ളി-പഞ്ചായത്ത് കിണർ, കിണറ്റുമുക്ക് - മണ്ടോട്ട്താമരശ്ശേരി-കായൽവാരം, MTUPS കന്നിമേൽചാൽ, കാട്ടുവിള ജംഗ്ഷൻ - ഈഴിരേത്ത് കുളം എന്നീ റോഡുകൾ ടാർ ചെയ്യുക. NSS കരയോഗമന്ദിരം,, വലിയചിറ, കാപ്പികുഴി-കുറുവേലിൽകടവ്, കല്ലുംമൂട്ടിൽ- കൊല്ലാറ കോളനി, MTUPS അപ്പൂപ്പൻകുഴി കല്ലുംമൂട് - കാട്ടുവിള, MTUPS ശാസ്താംകോട്ട കായൽ, മുക്കിൽ ക്ഷേത്രം - കണ്ണാണി ഏല, പൈനുംമൂട് മുതൽ- കോടുചിറ, കുറ്റിയിൽ മുക്ക്-പഞ്ചായത്ത് കിണർ, തൂമ്പിൻപുറം - തലാവിൽ ക്ഷേത്രം, കുറ്റിയിൽ മുക്ക് - കായൽ വാരം, എന്നീ റോഡുകൾ വീതികൂട്ടി വെട്ടി സഞ്ചാരയോഗ്യമാക്കുക.

വാർഡ് 2

കോട്ടത്തട്ടം- കോഴവിള, ഗുരുമന്ദിരം- മൂടപ്പിലാപ്പള്ളി മഠം അടകപ്പുറത്ത് ജംഗ്ഷൻ - ചെമ്പകശ്ശേരി, ഐവിള കോളനി- കാഞ്ഞിരംവിളയിൽ ജംഗ്ഷൻ, പടിഞ്ഞാറേ ജംഗ്ഷൻ എന്നീ റോഡുകൾ ടാർ ചെയ്യുക.

വേളച്ചിറകുരിശടി - ഐവിളകുരിശടി- തൈകൂട്ടം-നെടിയവിള ഒട, മുന്നാം കിഴക്കതിൽ പഞ്ചായത്ത് കടവ്, കാണിയിൽ മുക്ക് - ആറ്റുകടലവ്, വാണിയകാലമുക്ക് - പട്ടണത്തുമുക്ക് പോളച്ചിറ - കുളത്തൂർ മുക്ക്, എന്നീ റോഡുകൾ വീതികൂട്ടി ഓടകൾ നിർമ്മിച്ച് സഞ്ചാരയോഗ്യമാക്കുക.

വാർഡ് 3

അരയിലുംതറ - പാണമ്പുറം - ഈഴിരേത്ത് - കൊപ്പാറ, നെടിയവിള പടിഞ്ഞാറെ ജംഗ്ഷൻ - ഈഴിരേത്ത് കുളം, പാണംപുറം - മുതുവിലാക്കാട്, നെടിയവിള - ചീക്കൽക്കടവ്, കളിലിൽ ജംഗ്ഷൻ - കുറ്റിയിൽ ജംഗ്ഷൻ, ശാസ്താംനട - പാണംപുറം, നെടിയവിള ക്ഷേത്രം - കണ്ണാണി ഏല, കല്ലുപുറം - കണ്ണാണി ഏല, കരമേൽ ജംഗ്ഷൻ - കണ്ണാണി ഏല, വളപ്പിൽ ജംഗ്ഷൻ - ഈഴിരേത്ത് മുക്ക് എന്നീ റോഡുകൾ വീതികൂട്ടി ഓടകൾ നിർമ്മിച്ച് സഞ്ചാരയോഗ്യമാക്കുക.

വാർഡ് 4

കൊച്ചുപ്ലാംമൂട് - കൊച്ചുവാർക്കം, തച്ചിരേത്ത് മുക്ക് - മാടൻ നട- കൊച്ചുപ്ലാംമൂട്, കുന്നത്തുകടമുക്ക് - മുല്ലശർക്കര ഏല, ശിവഗിരി - കോളനി - കനാൽ, പങ്കുവിളമുക്ക് - മാണിക്കമംഗലം, വില്ലേജാഫീസ്, തൊടുവേൽ, ഭൂതക്കുഴിചന്ത - കുഴിയിൽ ഭാഗം - കൊറ്റങ്കര - ഓണമ്പള്ളി ലക്ഷം വീട്, ശിവഗിരി കോളനി എന്നീ റോഡുകൾ ടാർ ചെയ്യുക. തെക്കേ പനംതോപ്പ് കുഴിയിൽ ഭാഗം ഐ. എച്ച്. ഡി. പി. ഏഴാം മൈൻ, ഭൂതക്കുഴി, തെക്കേ പനംതോപ്പ് - മാണിക്കമംഗലം, മണപ്പള്ളി ഏലാ - കുഴിമേലേ മുക്ക്, വള്ളിതുണ്ട് മുതൽ - തൊളിക്കൻ ഏലാ, പട്ടകശാല - കുഴിവിളമുക്ക് കൊറ്റംകര ഏല - ശാസ്താംനട കുന്നത്തൂർ കട - തൊളിക്കൽ പാലം, വായനശാല - കുഴിയിൽ കോളനി, കണ്ണാന്ത് മുക്ക് ഓണമ്പള്ളി കെ. ഐ. പി. സൈഡ് റോഡ്, തുണ്ടിൻ മുക്ക് - പനംതോപ്പ് എന്നീ റോഡുകൾ ആവശ്യമായ സ്ഥലങ്ങളിൽ ഓടനിർമ്മിച്ച്, വീതി വർദ്ധിപ്പിച്ച് സൈഡ് കൈവരികൾ നിർമ്മിച്ച് സഞ്ചാരയോഗ്യമാക്കുക

വാർഡ് 5

പങ്കുവിള ജംഗ്ഷൻ - കോയിക്കൽ മുക്ക്, പനംതോപ്പ് - മങ്ങാട് മുക്ക്. മാനാമ്പുഴ - പനംതോപ്പ് - നാട്ടിശ്ശേരി എന്നീ റോഡുകൾ ടാർ ചെയ്യുക.

പനംതോപ്പ് എള്ളുംവിള ജംഗ്ഷൻ, ഇലവിൻമൂട് - ഉടയിൽകാവ്. മുളമ്പള്ളി വിള - തെപ്പോട്ട്, വാളത്താട് ജംഗ്ഷൻ - വാറയ്ക്കൽ ഏല, വാഴവിള ജംഗ്ഷൻ - പെരുവന ഏല, പെരും തോട്ടത്തിൻ മുക്ക് - തുണ്ടിൽ ഏല, വയലിറക്കം - പറമല- ഇടപ്പോച്ച, മാനാമ്പുഴ കനാൽ റോഡ്, തേക്കിൻ മൂട് നാട്ടിലുരി, തൃക്കണ്ണാപുരം ക്ഷേത്രം - പെരുവനക്കാവ് എന്നീ റോഡുകൾ ഓടകൾ നിർമ്മിച്ച് ആവശ്യമായ സ്ഥലങ്ങളിൽ വീതി വർദ്ധിപ്പിച്ച് സഞ്ചാരയോഗ്യമാക്കുക.

വാർഡ് 6

കൊയന്റെ മുക്ക് - കൊയ്പ്പിള്ളിൽ മുക്ക്, മങ്ങാട്ട് മുക്ക് - വാര്യോട്ട് ഏല, ഉദനം പറമ്പ് - ഓണവിള ജംഗ്ഷൻ, പുതുച്ചിറ - കാവനാൽ, എട്ടുതുണ്ടിൽ-പുത്തുച്ചിറ എടുത്തുണ്ടിൽ മുക്ക് - മരോടി മുക്ക് , ഉദനം പറമ്പ് - കൊച്ചുവിള ജംഗ്ഷൻ, നില്ക്കൽ വാട്ടർ ടാങ്ക് - കനാൽ റോഡ് പടിപ്പുരമുക്ക് - പുത്തുച്ചിറ, ബദാം മുക്ക് - ആറാട്ടുക്കുഴി, ഉദിനംപറമ്പ് - കൊയൻന്റെ മുക്ക്, പുത്തനമ്പലം, പരിപ്പിള്ളി ഏല, വാഴവിള ജംഗ്ഷൻ - തമിഴം കുളം ഏല, വാഴവിള - കാഞ്ഞിരംവിള എന്നീ റോഡുകൾ വീതി വർദ്ധിപ്പിച്ച് ആവശ്യമായ സ്ഥലങ്ങളിൽ ഓടകൾ നിർമ്മിച്ച് കെട്ടി സഞ്ചാരയോഗ്യമാക്കുക.

കോന്തപ്പിള്ളി മുക്കിൽ നിന്നും ഉള്ള ടാർ റോഡിൽ കനാൽ ജലം പതിയുന്നത് ഓടനിർമ്മിച്ചോ, പൈപ്പ ലൈൻ ഇട്ടോ ഏലായിലേക്ക് ഒഴുക്കണം. ബദാം മുക്കിൽ നിന്നും കിഴക്കോട്ടുള്ള റോഡിൽ പതിയുന്ന കനാൽ ജലം പാർശ്വോട്ട് ഏലായിലേക്ക് ഒഴുക്കുന്നതി നുള്ള സംവിധാനം ഉണ്ടാക്കണം.

കോന്തപ്പള്ളിമുക്ക് – കളിക്കലഴികത്ത് ജംഗ്ഷൻ റോഡ് പി. ഡബ്ലിയു. ഡി. ഏറ്റെടുക്കുക. കാവനാൽ ജംഗ്ഷൻ – പടിപ്പുര എം റോഡിൽ പാലം നിർമ്മിക്കുക.

വാർഡ് 7

മഠത്തിനാമ്പുഴ ഏഴരമൈൽ റോഡ് ടാർ ചെയ്യുക യും, കൊയ്യൂരഴികത്ത് ജംഗ്ഷൻ – പുത്തുച്ചിറ റോഡ് വീതികൂട്ടി റി – ടാർ ചെയ്യുകയും വേണം.

തെക്കുമുക്ക് – കടമ്പനാട്, കൊല്ലന്റെ മുക്ക് – കൊക്കരമുക്ക്, ഒറ്റപ്ലാവിള – മുണ്ടപ്പള്ളി, ആശാന്റെ ഴികത്ത് – മങ്ങാട്ട് മുക്ക്, ഉടയംകാവ് – ഇളംപള്ളൂർ, നാട്ടിശ്ശേരി – പള്ളിലഴികം, കണ്ണങ്കരമുക്ക് – അയണിപ്പ റമ്പ്, പാറക്കാട്ട് വിള ഇളമ്പള്ളൂർപ്പാട്ട് ഏല, പൂഴിക്കാട്ട് മുക്ക് – അരിയോട്, കൊക്കരംക്കുന്ന് – ഭരണിക്കാവ്, ലക്ഷംവീട് – തറയിൽ കുളം ലക്ഷംവീട് – പരയന്നൂർ, എന്നീ റോഡുകൾ വീതികൂട്ടി ഓടകൾ നിർമ്മിച്ച് സഞ്ചാ രയോഗ്യമാക്കുക.

കടമ്പനാട് – ഭരണിക്കാവ് റോഡിൽ കല്ലൂരഴികത്ത് ജംഗ്ഷനുതാഴ്ശം, തോട്ടിൻ കുറുകെ പാലം നിർമ്മി ക്കുക. മങ്ങാട് മുക്ക് – നാട്ടിശ്ശേരി കോളനി റോഡ് വീതി കൂട്ടി ടാർ ചെയ്യുകയും കനാൽ ജലം റോഡിൽ പതി യുന്നത് തടയുകയും ചെയ്യുക.

വാർഡ് 8

മാമ്പുഴേത്ത് മുക്ക് – വള്ളിക്കുളം ഏല, പുത്തൻവീ ട്ടിൽ മുക്ക് – വള്ളിക്കുളം ഏല, കോയിക്കലഴികത്ത് ജംഗ്ഷൻ – പല്ലേക്കാട്ട് കടവ്, മണപ്പള്ളഴികത്ത് – തല യാറ്റ് ഏല, വട്ടവിള ജംഗ്ഷൻ – ചിറയിൻ ഏല, മേച്ചേ രിൽ മുക്ക് – ഐപ്പാടം ഏല, കിപ്പേരിമുക്ക് – ഐപ്പാടം ഏല, കോയിക്കലഴികത്ത് മുക്ക് – നാവളത്തിൻ മുക്ക് എന്നീ റോഡുകൾ വീതി കൂട്ടി, ഓടകൾ നിർമ്മിച്ച് സഞ്ചാരയോഗ്യമാക്കുക. ഇതിന്റെ 50 % പണികൾ ശ്രമ ദാനമായി ചെയ്യുന്നതാണ്. പുത്തുച്ചിറ – പാകിസ്ഥാൻ മുക്ക്, മഠത്തിലഴികത്ത് ജംഗ്ഷൻ – കോടംവിള – തെറ്റി മുറി, കളിക്കഴികത്ത് ജംഗ്ഷൻ – പുടംപള്ളിമുക്ക് എന്നീ കനാൽ റോഡുകൾ സഞ്ചാരയോഗ്യമാക്കണം.

വാർഡ് 9

കല്ലേലി ഏല– വേലംമുഴികടവ്, വനംകുഴി – പനം കുഴിചരിവ്, അമ്പുവിള – കല്ലേലി ഏല, മുകുളുവിള ജംഗ്ഷൻ – മുരുക്കിനാൽ ഏല, വലിയവിള ജംഗ്ഷൻ – വേലംമുഴി, പറമല കോളനി – ആലയ്ക്കോട് ഏല, പിച്ചിനാട്ട് മുക്ക് – കണ്ണമ്പള്ളി ഏല, സി. എം. എസ്സ് പള്ളി– ചിറയിൻ വടക്കേക്കര, പള്ളിമുക്ക് – പനംകുഴി, പടിഞ്ഞാറ്റിടത്ത് മുക്ക് – ആലുംമൂട് തെക്കടത്ത് മുക്ക് എച്ച്. എസ്. ജംഗ്ഷൻ പള്ളിമുക്ക് – കരൂർവഴി കല്ലേ ലിഭാഗം, പള്ളിമുക്ക് – മങ്ങാട്ടുതുണ്ടിൽ മുക്ക്, എന്നി റോഡുകൾ വീതി വർദ്ധിപ്പിച്ചും ബണ്ടുകൾ നിർമ്മിച്ചും ഓടകൾ നിർമ്മിച്ചും സഞ്ചാരയോഗ്യമാക്കണം.

കളിക്കലഴികത്ത് ജംഗ്ഷൻ– കോന്തപ്പള്ളിമുക്ക് റോഡ് ഓടകൾ നിർമ്മിച്ച് ഇരുവശങ്ങളും കെട്ടി അപ കടങ്ങൾ ഒഴിവാക്കുക.

വാർഡ് 10

ഞാങ്കടവ് – പൂമല കോളനി, റോഡുകൾ ടാർ ചെയ്യുക കിച്ചപ്പിള്ളിൽ ക്ഷേത്രം – അമ്പുവിള, കണ്ഠപ ടിക്കൻ ജംഗ്ഷൻ – കണ്ണമ്പള്ളി ഏല, തൃക്കോദേശ്വരം ക്ഷേത്രം – കല്ലേലിഏല, തറമേൽ മുക്ക് – കളീക്കൽ കടവ്, കുറ്റിയിൽ മുക്ക് – ഐപ്പാടം ഏല, ചക്കാലമുക്ക് – കുരുമ്പേലിമുക്ക്, കുരുമ്പേലിമുക്ക് – ഇടവഴികടവ്, കിച്ചപ്പള്ളിൽ – കല്ലുംകടവ്, മഠത്തിനാപ്പുഴ – മരതൂർ മുക്ക്, ഞാങ്കടവ് – അമ്പുവിള, എന്നീ റോഡുകൾ വീതി വർദ്ധിപ്പിച്ച് സൈഡ് വാൾ നിർമ്മിച്ച് ഓടകൾ നിർമ്മിച്ച് സഞ്ചാരയോഗ്യമാക്കുക.

തുണ്ടിൽ മുക്ക് – തെക്കേതുണ്ടിൽ കടവ്, ആ ദിശ മത്തുശ്ശേരി – കല്ലേലി ഏല എന്നി നടപ്പാതകൾ നിർമ്മി ക്കുക.

ഊർജ്ജം

വാർഡ് 1

1. കുന്നത്തൂർ പഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരു ഇല ക്ട്രിക്കൽ സെക്ഷൻ ഓഫീസ് ഒന്നാം വാർഡോ ഡിൽ സൗകര്യപ്രദമായ സ്ഥലത്ത് അത്യാവശ്യ മായി ഇനുവദിക്കുക.
2. സെക്ഷൻ ഓഫീസ് അനുവദിക്കുന്നത് വരെ കുന്ന ത്തൂർ ഇലക്ട്രിക്കൽ ഓവർസിയർ ഓഫീസിൽ എല്ലാ വിഭാഗം ഉപഭോക്താക്കർക്കും സൗകര്യം ഏർപ്പെടുത്തുകയും 3 p.m. ന് പണം സ്വീകരിക്കു ന്നതിന് നടപടി സ്വീകരിക്കുകയും ചെയ്യുക.
3. ഒന്നാം വാർഡിൽ ഇലക്ട്രിക് ലൈൻ ഇല്ലാത്ത എല്ലാ സ്ഥലങ്ങളിലും ലൈൻ പിടിച്ച് സ്ട്രീറ്റ് ലൈറ്റ ഇടുക.
4. പഞ്ചായത്ത് കിണർ ജംഗ്ഷൻ മുതൽ കുറ്റിമുക്ക് വരെയും, കായൽവാരം വരെയും വോൾട്ടേജ് ക്ഷാമം പരിഹരിക്കുക.
5. സ്ലാബ് സമ്പ്രദായം നിർത്തലാക്കാൻ ഗ്രാമസഭ ഒന്നടങ്കം ആവശ്യപ്പെടുന്നു.

6 സ്വയം റീഡിംങ്ങ് എടുത്ത് പണം അടയ്ക്കുവാനുള്ള ഏർപ്പാടു ചെയ്യുക

7 പമ്പ് ഹൗസിലേക്കുള്ള 11 കെ. വി. ലൈനിന്റെ പണിയിലുള്ള അപാകതകൾ തീർക്കുക.

വാർഡ് 2

1. തോട്ടത്തുംമുറി കേന്ദ്രീകരിച്ചുള്ള പ്രദേശങ്ങളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുകയും സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുകയും ചെയ്യണം.

2 ഗതാഗതയോഗ്യമായ എല്ലാ റോഡുകളിലും വൈദ്യുതീകരണം എത്തിക്കുകയും സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുകയും ചെയ്യണം.

3 തെക്കുട്ടത്തിൽ മുക്ക്, ഗുരുമന്ദിരം ജംഗ്ഷൻ, ട്രാൻസ്ഫോമർ (ഐവിള) പള്ളിക്ക് പടിഞ്ഞാറു വശം, ഐവിള ജംഗ്ഷൻ മുതലായ സ്ഥലങ്ങളിൽ ട്യൂബ്ലൈറ്റ് സ്ഥാപിക്കുക.

വാർഡ് 3

1. അരായാലുംതറയിൽ നിന്നും പഞ്ചായത്ത് അതിർത്തിവരെയുള്ള പി. ഡബ്ലിയു. ഡി. റോഡിൽ വൈദ്യുതി എത്തിക്കുക.

2 ആരയാലും തറവാണപുരം റോഡിൽ പറങ്കിമാംവിള ജംഗ്ഷനിൽ നിന്നും പാട്ടത്തിൽ ഭാഗത്തേക്കും കൊച്ചുവീട്ടിൽ ജംഗ്ഷനിൽ നിന്നും കുമ്പുമ്പുഴ ഭാഗത്തേക്കും കുന്നുവിള ഭാഗത്തു നിന്നും കുമ്പുമ്പുഴ ഭാഗത്തേക്കും കൊപ്പാറ ജംഗ്ഷനിലേക്കും വൈദ്യുതി എത്തിക്കുക.

3 കളീലിൽ ജംഗ്ഷനിൽ നിന്നും പാണംപുറം റോഡിൽ കൊപ്പാറ ജംഗ്ഷനിൽ നിന്നും പ്രമാഠത്ത് ദേവിക്ഷേത്രത്തിന്റെ മുൻവശത്തുകൂടി പാണംപുറം ജംഗ്ഷൻ വരെ വൈദ്യുതി എത്തിക്കുക.

4 കളീലിൽ ജംഗ്ഷനിൽ നിന്നും വളവിൽ ജംഗ്ഷനിലേക്കും അവിടെ നിന്നും മുക്കിൽ ഭാഗത്തേക്കും വൈദ്യുതി എത്തിക്കുക. ഈഴിരേത്ത് കുളക്കരയിൽനിന്നും തെക്കോട്ടും വളവിൽ ജംഗ്ഷനിലേക്കും വൈദ്യുതി എത്തിക്കുക.

5 നെടിയവിള ചിറവിളുമ്പത്ത് 10 വീടുകൾക്ക് വൈദ്യുതി എത്തിക്കുക.

6 ശബരിക്കലഴികത്ത് ഭാഗത്തേക്ക് വൈദ്യുതി എത്തിക്കുക.

7 പടിഞ്ഞാറേനിരണത്ത് ഭാഗത്തുള്ള 15 വീടുകൾക്ക് വൈദ്യുതി എത്തിക്കുക.

8 നെടിയവിള കിഴക്കും പടിഞ്ഞാറും ജംഗ്ഷനുകളിൽ മെർക്കുറിലാമ്പുകൾ സ്ഥാപിക്കുക.

വാർഡ് 4

1 വാർഡിൽ പൊതുവേ വോൾട്ടേജ് ക്ഷാമം രൂക്ഷമാണ്.

2 സ്ട്രീറ്റ് ലൈറ്റുകൾ വളരെ കുറവാണ്. ഉള്ളത് ഉപയോഗശൂന്യമായി കിടക്കുന്നു.

വൈദ്യുതി എത്താത്ത റോഡുകൾ സ്ട്രീറ്റ് ലൈറ്റ സ്ഥാപിക്കുക.

1 മാടൻ നട മുതൽ പാപ്പനാട്ട് മുക്ക് വഴി പങ്കുവിള ജംഗ്ഷൻ

2 ഭൂതക്കുഴിമുക്ക് കുഴിയിൽ കോളനി കൊറ്റംകര

3 തുണ്ടിൽ മുക്ക് മാണിക്യമംഗലം ഏലാവരെ

4 കുഴിമേലേമുക്ക് മുതൽ മണ്ണാന്റെ മേലേകുളം വരെ

5 തേക്കുചേരിമുക്ക് സൊസൈറ്റി മുക്ക് വരെ

6 തച്ചിരേത്ത് മുക്ക് മുതൽ പട്ടകശാലവരെ

7 കുഴിവിഴമുക്ക് കൊറ്റാംകര ഏലാ വരെ

8 തെക്കേ പനന്തോപ്പ് മുതൽ കരിത്തല ഏലാവരെ

വാർഡ് 5

മാനാമ്പുഴയിൽ ഒരു ട്രാൻസ്ഫോമർ ഫിറ്റു ചെയ്തു കറന്റ് ഇമ്പ്രൂ ചെയ്യുക. അത് അസാധ്യമാണെങ്കിൽ പുതിയ ട്രാൻസ്ഫോമർ ഫിറ്റ് ചെയ്യുക.

രാജാ ബ്രിക്സ് ഫാക്ടറിയിൽ നിന്ന് ലൈൻ എടുത്ത് വോൾട്ടേജ് ഇമ്പ്രൂ ചെയ്യാൻ സാധ്യത നിലവിലുണ്ടായിട്ടും അത് ചെയ്യാൻ കെ. എസ്. ഇ ബി യ്ക്ക് കഴിയാത്തതാണ്. ഈ പ്രദേശത്ത് പുസ്തകം വായിക്കാൻ പോലും കഴിയുന്ന വിധത്തിൽ ബൾബുകൾ കത്താത്തത്. ഇക്കാര്യം അടിയന്തിര പരിഹാരം ഉണ്ടാകണം.

1 പനന്തോപ്പ് എള്ളുവിള മുക്ക് റോഡിൽ വഴിവിളക്കുകൾ സ്ഥാപിക്കണം.

2 മാനാമ്പുഴ നാലുമുക്ക് റോഡുമുതൽ കിഴക്കോട്ട് കല്ലുപാലം വരെയും, ചക്കാലേത്ത് ജംഗ്ഷൻ വരെയും (വാർഡിന്റെ അതിർത്തി) വഴി വിളക്ക് സ്ഥാപിക്കുക.

3 തെവ്വോടു ജംഗ്ഷൻ മുതൽ ഇടപ്പോച്ച വരെ ഉദ്ദേശം 4 പോസ്റ്റു നീളത്തിൽ ലൈൻ വലിച്ച് തെവ്വോട് മുളമ്പള്ളി വിളമുക്ക് റോഡ് (2 കി.മീ നീളത്തിൽ) ഇലക്ട്രിക് ലൈൻ പൂർത്തീകരിക്കുക.

4 കൈതറഴികത്തു (മാനാമ്പുഴ) മുക്കു മുതൽ പ്ലാവിനുവിള മുക്ക് വരെ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക

5 പനന്തോപ്പ് വടക്കേ ജംഗ്ഷൻ മുതൽ കിഴക്കോട്ട് പെരുവനക്കാവ് ഏലാവരെ വൈദ്യുതീകരിക്കുക.

വാർഡ് 6

1 പുള്ളച്ചിറ മുതൽ മങ്ങാട്ടു ജംഗ്ഷൻ വരെയുള്ള പി. ഡബ്ലിയു. ഡി. റോഡിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക. ടി. റോഡിൽ നടക്കുന്നതിന് (രാത്രി) യാത്രക്കാർക്ക് വളരെയേറെ പ്രയോജനം ചെയ്യും.

2 ഉടയാംകാവ് ജംഗ്ഷൻ മുതൽ, മാമൂട് ഏലാവരെ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.

3 ബദാം മുക്ക് മുതൽ ആറാട്ടുകുഴിവരെ ലൈറ്റ് സ്ഥാപിക്കുക.

4 ആറുതുണ്ടിൽ ആലുംമൂട്ടിൽ വരെ ബൈദ്യുതി എത്തിയിട്ടില്ല. ടി പ്രദേശത്ത് 75 ഓളം കുടുംബങ്ങൾക്ക് പ്രയോജനം ചെയ്യും. ടി. റോഡിന്റെ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.

5 പള്ളീലഴികത്ത് ജംഗ്ഷനിൽ നിന്നും പാര്യോട്ട് ഏലാവരെ വഴിവിളക്കുകൾ സ്ഥാപിക്കുക.

6 വാഴവിള ജംഗ്ഷനിൽ നിന്നും കിഴക്കോട്ട് അയണിവിളമുക്ക് വഴി കാഞ്ഞിരംവിള ജംഗ്ഷൻ വരെ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.

7 ഉദനംപറമ്പ് മുതൽ കൊല്ലന്റെ മുക്ക് വരെ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.

8 ഓണവിള മുക്കു മുതൽ പുത്തുച്ചിറവരെ സ്ട്രീറ്റ് ലേറ്റ് സ്ഥാപിക്കുക

9 ഉടയാംകാവ് ജംഗ്ഷനിൽ ഒരു ട്രാൻസ്ഫോർമർ സ്ഥാപിച്ച് വോൾട്ടേജ് ക്ഷാമം പരിഹരിക്കുക.

10 കുന്നത്തൂർ പഞ്ചായത്തിലെ 6-ാം വാർഡിൽ ഉടയാകാവ് ജംഗ്ഷൻ ട്യൂബ്ലൈറ്റ് സ്ഥാപിക്കുക.

വാർഡ് 7

1 വാർഡിൽ നിലനിൽക്കുന്ന വോൾട്ടേജ് ക്ഷാംപരിഹരിക്കുക.

2 കത്താത്ത വഴിവിളക്കുകൾ മാറ്റി സ്ഥാപിക്കുക.

3 വാർഡിലെ എല്ലാ ജംഗ്ഷനുകളിലും ട്യൂബ്ലൈറ്റുകൾ സ്ഥാപിക്കുക.

4 വൈദ്യുതി എത്താത്ത എല്ലാ ഹരിജൻ കോളനികളും വൈദ്യുതീകരിക്കുക.

വാർഡ് 8

1 മണപ്പള്ളഴികത്ത് താവളത്തിൽ റോഡിന് തെക്കു ഭാഗം,പ്ലാമുക്ക് വിളയിൽ മുക്ക് വരെ, വടക്കേക്കര ജംഗ്ഷൻ മുതൽ അമ്പലം മുകൾ ഭാഗം വരെ, കോയിക്കലെഴികത്ത് മുതൽ പല്ലേക്കാട്ട് കടവ് വരെ, മുണ്ടയ്ക്കൽ മുക്കു മുതൽ ചരുവുതുണ്ടിൽ ഭാഗം വരെ, പള്ളത്തുമുക്കു മുതൽ താണ്ടാംപറമ്പിൽ ഭാഗം വരെ ഇവിടങ്ങളിൽ വൈദ്യുതീകരിക്കുക.

2 വോൾട്ടേഡ് ക്ഷാമം പരിഹരിക്കുന്നതിന് അടിയന്തിരമായി വിളയിൽ ജംഗ്ഷനിൽ ഒരു ട്രാൻസ്ഫോമർ പുതുതായി സ്ഥാപിക്കുക.

3 വിളയിൽ ജംഗ്ഷൻ, പല്ലേക്കാട്ട് കുളിക്കടവ്, കോയിക്കലെഴികത്ത് ജംഗ്ഷൻ, പുത്തൻവീട്ടിൽ മുക്ക്, മാംമ്പുഴേത്ത മുക്ക്, ഭരണിക്കാവ് കുളം, മേച്ചേരിൻ മുക്ക്, മലയിൽ മുക്ക്, പന്തപ്ലാവ് മുക്ക്, തലയാറ്റ് കോളനി എന്നിവിടിങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.

4 ഇപ്പോൾ ഈ വാർഡിൽ വൈദ്യുതി ലഭിക്കുന്നത് കടമ്പനാട് പുത്തൂർ സെക്ഷനുകളിൽ നിന്നാണ്. ഇവ സംയോജിപ്പിച്ച് ഒരു സെക്ഷൻ പരിധിയിൽ വരുത്തണം.

5 ഈ വാർഡിൽ സ്ഥിതി ചെയ്യുന്ന പല പോസ്റ്റുകളും അപകടനിലയിൽ നിൽക്കുന്നവയാണ്. അടിയന്തിരമായി ഇവ മാറ്റി സ്ഥാപിക്കാൻ നടപടി ഉണ്ടാകണം.

വാർഡ് 9

1 മുകളുവിള ജംഗ്ഷൻ മുതൽ വടക്കോട്ട് മുരുക്കിനാൽഭാഗം വരെ വൈദ്യുതി ലൈൻ സ്ഥാപിക്കുക.

2 പിച്ചനാട്ടുഭാഗം മുതൽ കണ്ണമ്പള്ളി ചിറഭാഗം വരെ വൈദ്യുതി ലൈൻ സ്ഥാപിക്കുക

3 ശൂരനാട്ടുവിള മുക്കു മുതൽ പരപ്പിള്ളികുളം വരെ വൈദ്യുതി ലൈൻ സ്ഥാപിക്കുക.

4 കോയിപ്പുറത്തുവിള ജംഗ്ഷൻ മുതൽ പടിഞ്ഞാറോട്ടുള്ള മേഖലയിൽ വൈദ്യുതി എത്തിക്കുക.

5 അമ്പുവിള ജംഗ്ഷൻ മുതൽ ചിറയിൽ വടക്കേക്കര ജംഗ്ഷൻ വൈദ്യുതി എത്തിക്കുക.

6 മുള്ളിക്കാലമുക്കു മുതൽ കല്ലേലി ഏല വരെ വൈദ്യുതികരിക്കുക.

7 വോൾട്ടേജം ക്ഷാമം പരിഹരിക്കുക

8 സ്ട്രീറ്റ് ലൈറ്റുകൾ സ്ഥിരമായി കത്തുന്നില്ല. ഇത് പരിഹരിക്കുക.

9 വലിയവിള ജംഗ്ഷൻ, ലക്ഷംവീട് കോളനി, സി. എം. എസ്. പള്ളിമുക്ക് വായനശാലജംഗ്ഷൻ നെല്ലിതുണ്ടിൽ മുക്ക്, പരപ്പിള്ളിൽ പഞ്ചായത്ത് കുളത്തിനുസമീപം ആലപ്പുറത്ത് ബണ്ടിന്റെ ഭാഗം പോർക്കുളത്ത് കടവ്, ചേലക്കോട്ടു ജംഗ്ഷൻ, കാരയ്ക്കാട്ടുവിള ജംഗ്ഷൻ, വേലംമുഴികടവ്, പറമല കോളനി ജംഗ്ഷൻ എന്നിവിടങ്ങളിൽ ട്യൂബ്ലൈറ്റുകൾ സ്ഥാപിക്കുക.

10 പഞ്ചായത്തിൽ നിന്നും വയറിങ്ങ് നടത്തിയിട്ട് സപ്ലൈ ലഭിച്ചിട്ടില്ലാത്ത വീടുകൾക്ക് ഉടൻ വൈദ്യുതി എത്തിക്കുക.

വാർഡ് 10

1 തറമേൽജംഗ്ഷൻ – പൂമലകോളനി റോഡ്, തുണ്ടത്തിൽമുക്ക് – തെക്കേതുണ്ടിൽ റോഡ്, മഠത്തിനാപ്പുഴ – കിച്ചപ്പള്ളിൽ, തെറ്റുമൂറി – കോളനി, കിച്ചപ്പിള്ളിൽ തുണ്ടിൽ കോളനി, കരമേൽ ജംഗ്ഷൻ – ഇടവഴികടവ്, തെറ്റുവുറിതേവരുടെ കുളം, പൂമലക്കുന്ന്, കോയിക്കൽകുഴി ജംഗ്ഷൻ എന്നിവിടങ്ങളിൽ വൈദ്യുതി എത്തിച്ച് ആവശ്യമായ സ്ഥലത്ത് സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുക.

2 വോൾട്ടേജ് ക്ഷാമം പരിഹരിക്കണം

3 കല്ലുംകടവ്, ആയുർവ്വേദാശുപത്രി, കോയിക്കകുഴിമുക്ക്, മണ്ണൂർമുക്ക്, തലമേൽ ജംഗ്ഷൻ, തൃക്കേദേശ്വരം ജംഗ്ഷൻ, കൊട്ടാരപ്പാട്ട് ജംഗ്ഷൻ, പൂമലകുന്ന്, തേവരുകുളം, തുണ്ടിൽ കോളനി, ഞാങ്കടവ് ജംഗ്ഷൻ കണ്ടപടിക്കൽ ജംഗ്ഷൻ, പുമലകോളനി എന്നിവിടങ്ങളിൽ സ്ട്രീറ്റലൈറ്റുകൾ സ്ഥാപിക്കണം.